www.malankaralibrary.com

Kerala Catholic Bishops' Council's
Commission for Social Harmony and Vigilance

വിശുദ്ധ ഗ്രന്ഥങ്ങളും വ്യാഖ്യാനങ്ങളിലെ (അ)സഹിഷ്ണുതയും

ഹരമായ് ലഹരി, ഇരയായ് കേരളം!

യുവജനങ്ങൾ നിതാന്ത ജാഗ്രത പുലർത്തണം

കാലത്തിന്റെ ചുവരെഴുത്തുകൾ കാണാതെപോകരുത്

# സാമുദായിക മൈത്രിയും സാമൂഹിക ജാഗ്രതയും

മാധ്യമങ്ങളും സുവിശേഷവത്കരണവും ക്രൈസ്തവ സമീപനങ്ങൾ

ചർച്ചയാകാതെ പോകുന്ന പുസ്തകങ്ങളും വെളിപ്പെടുത്തലുകളും

# KCBC JAGRATHA

## കെസിബിസി ജാഗ്രതന്യൂസ്

Issue 281
2021 October

FOR PRIVATE CIRCULATION

www.malankaralibrary.com

ബഹുമാന്യരേ,

കെസിബിസി ഐക്യജാഗ്രതാ കമ്മീഷന്റെ ബുള്ളറ്റിനായി ലളിതമായി പ്രസിദ്ധീകരിക്കപ്പെട്ടുകൊണ്ടിരുന്ന 'ജാഗ്രത ന്യൂസ്' കേരളത്തിലെ പൊതുസമൂഹത്തിന് ലഭ്യമാകുന്ന ഒരു മാസികയായി പ്രസിദ്ധീകരണം ആരംഭിക്കുകയാണ്. കേരളത്തിന്റെ സാമൂഹിക സാംസ്കാരിക വിഷയങ്ങളിൽ സജീവമായ ഇടപെടലുകൾ എക്കാലവും നടത്തിക്കൊണ്ടിരുന്ന കത്തോലിക്കാസഭ അത്തരം ഇടപെടലുകൾ പൂർവ്വാധികം ശക്തമായി തുടരുന്നതിന്റെ ഭാഗം കൂടിയാണ് ഈ തീരുമാനം. സഭയുടെ നിലപാടുകളും അഭിപ്രായങ്ങളും പതിവായി വളച്ചൊടിക്കപ്പെടുകയും തമസ്കരിക്കപ്പെടുകയും, ക്രൈസ്തവസമൂഹത്തിന് എതിരായ വ്യാജവാർത്തകൾ സൃഷ്ടിക്കപ്പെടുകയും, സർവ്വോപരി, കത്തോലിക്കാസഭയെയും ക്രൈസ്തവസമൂഹത്തെയും ശത്രുപക്ഷത്ത് നിർത്തി അവഹേളിക്കാൻ പരിശ്രമിക്കുന്നവർ വർദ്ധിച്ചുവരികയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ സഭയുടെ നിലപാടുകൾ കലർപ്പില്ലാതെ സമൂഹത്തിലേക്ക് എത്തിക്കാൻ ഇത്തരമൊരു ഉദ്യമം അനിവാര്യമായിരിക്കുന്നു. സഭാതനയരുടെ മാത്രമല്ല സത്യത്തിന്റെയും നീതിയുടെയും സാഹോദര്യത്തിന്റെയും പക്ഷം ചേരുകയും പൊതുനന്മ കാംക്ഷിക്കുകയും ചെയ്യുന്ന സകലരുടെയും പിന്തുണ ഇതിന്റെ പൂർണ്ണമായ ഫലപ്രാപ്തിക്ക് ആവശ്യമാണ്. അനീതിക്കും അതിക്രമങ്ങൾക്കും അസത്യത്തിനും എതിരായുള്ള ഈ പോരാട്ടത്തിൽ ഏവരുടെയും അകമഴിഞ്ഞ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**സെക്രട്ടറി, കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ**




Kerala Catholic Bishops' Council's
Commission for Social Harmony and Vigilance

KCBC
# JAGRATHA
## കെസിബിസി ജാഗ്രതന്യൂസ്


**അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കാനും,**
**കെസിബിസി ജാഗ്രത ന്യൂസ് കോപ്പികൾ ലഭിക്കാനും:**

Secretary, KCBC Commission for Social Harmony and Vigilance
POC, Palarivattom, Kochi - 25
Whatsapp: +917594900555, E-mail: kcbcshvc@gmail.com

www.malankaralibrary.com

# ഉള്ളടക്കം







06 വിശുദ്ധ ഗ്രന്ഥങ്ങളും വ്യാഖ്യാനങ്ങളിലെ (അ)സഹിഷ്ണുതയും

12 യുവജനങ്ങൾ നിതാന്ത ജാഗ്രത പുലർത്തണം

17 മയക്കുമരുന്നും തീവ്രവാദവും തമ്മിലുള്ള ബന്ധമെന്ത്?

22 കാലത്തിന്റെ ചുവരെഴുത്തുകൾ കാണാതെപോകരുത്!

24 ഇനിയും വളർന്നുവരേണ്ട ഒരു സംസ്കാരം

26 ‘മാധ്യമങ്ങളും സുവിശേഷവൽക്കരണവും’ ക്രൈസ്തവ സമീപനങ്ങൾ

33 സിനിമകളിലെ ജീവൻ: ‘സാറാസ്’ മുതൽ ‘മിമി’ വരെ

36 ഫാ. സ്റ്റാൻ സ്വാമി: നീതിയ്ക്കുവേണ്ടിയുള്ള പോരാട്ട ചരിത്രത്തിലെ നാഴികക്കല്ല്

54 ചർച്ചയാകാതെപോകുന്ന പുസ്തകങ്ങളും വെളിപ്പെടുത്തലുകളും

KCBC
JAGRATHA
കെസിബിസി ജാഗ്രതന്യൂസ്

**October 2021 | Issue 281**

Pastoral Orientation Centre
Palarivattom, Kochi - 25
Phone: 0484 280 6262

**Patron**
Rt. Rev. Dr. Joseph Kariyil

**Chief Editor**
Rev. Fr. Michael Pulickal CMI

**Consultant Editor**
Rev. Dr. Joshy Mayyattil

**Executive Editor**
Vinod Nellackal

**Sub Editor**
Rintu John

**Design & Layout**
Lithin Mathew

**Office & DTP**
Vimala Shaji

www.malankaralibrary.com

എഡിറ്റോറിയൽ


# സാമുദായിക മൈത്രിയും സാമൂഹിക ജാഗ്രതയും

**പൊ**തുസമൂഹത്തെ ഗ്രസിക്കുന്ന വിവിധങ്ങളായ തിന്മകളെകുറിച്ചുള്ള ആശങ്കകൾ പങ്കുവയ്ക്കുന്നത് സാമൂഹിക ഐക്യത്തിനും മതസൗഹാർദ്ദത്തിനും വിഘാതമാകുമോ എന്ന ചോദ്യം ഈ നാളുകളിലെ വിവിധ സംഭവങ്ങളുടെ അടിസ്ഥാനത്തിൽ ചോദിക്കപ്പെടേണ്ടതാണ്. സമൂഹത്തെ തളർത്തുകയും തകർക്കുകയും വിഘടിപ്പിക്കുകയും ചെയ്യുന്ന ചെയ്തികൾ, നന്മയും സമാധാനവും കാംക്ഷിക്കുന്നവർ എന്ന നിലയിൽ മതങ്ങളിൽനിന്നും ഉത്ഭവിക്കേണ്ടതല്ല എന്നാണ് സാമാന്യയുക്തിയനുസരിച്ച് ചിന്തിക്കേണ്ടത്. എന്നാൽ, മതവിശ്വാസത്തിന്റെയോ അതിലെ ആശയങ്ങളുടെയോ മറപിടിച്ച് സംഘടിതമായും അല്ലാതെയും കുറ്റകൃത്യങ്ങളിലേർപ്പെടുന്നവർ എക്കാലവും ഉണ്ടായിട്ടുണ്ട്. ഇത്തരം വിധ്വംസക പ്രവർത്തനങ്ങൾ കൂടുതലും ചിലരുടെ സ്വാർത്ഥ നേട്ടങ്ങൾക്കുവേണ്ടിയാണ്. എങ്കിലും, ഒരു സമൂഹത്തെയോ വംശത്തെയോ ലക്ഷ്യമിട്ട്, അവരുടെ വളർച്ചയെ തടയാനും ആരാജകത്വത്തിലേക്ക് നയിക്കാനുമായി വ്യക്തമായ ലക്ഷ്യത്തോടെ സംഘടിതമായി നടത്തപ്പെട്ട കുറ്റകൃത്യങ്ങൾക്ക് ചരിത്രം സാക്ഷിയാണ്. മതപരമായ ചില ലക്ഷ്യങ്ങളും ഇതിൽ ഉൾപ്പെട്ടിരിക്കുന്നു.

കൃത്രിമ ക്ഷാമം സൃഷ്ടിച്ച് പട്ടിണിമരണത്തെ ക്ഷണിച്ചുവരുത്തിയും, വംശീയതയുടെ ഗ്യാസ് ചേംബറുകൾ ജ്വലിപ്പിച്ചും, പ്രവാസത്തിന്റെ നിരന്തരമായ അലച്ചിലുകൾ നിർമ്മിച്ചെടുത്തും അനേകം ജനതകളും സമൂഹങ്ങളും സമാനതകളില്ലാത്ത ക്രൂരതകൾക്ക് ഇരകളാക്കപ്പെട്ടിട്ടുണ്ട്. അത്തരം സംഭവങ്ങൾ ചരിത്രത്താളുകളിൽനിന്ന് മറച്ചുപിടിക്കാനും അവയെ ന്യായീകരിക്കാനും ശ്രമങ്ങൾ നടത്തുന്നവരിലൂടെ ഇന്നും അത്തരം സാധ്യതകൾ അസ്തമിച്ചിട്ടില്ല എന്ന് തെളിയിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഈ ആധുനിക കാലത്തിൽ, പരിഷ്കൃതമെന്ന് നാം വാഴ്ത്തിപ്പാടുന്ന നമ്മുടെ സമൂഹത്തിൽ വിഭാഗീയ വിധ്വംസക പ്രവർത്തനങ്ങൾ സംഭവ്യമല്ല എന്ന വാദഗതികൾ കണ്ണടച്ച് ഇരുട്ടാക്കലാണ്. കാരണം, വാഴ്ത്തിപ്പാട്ടുകളുടെ ഈ ദിനങ്ങളിൽ തന്നെയാണ് അടിച്ചമർത്തലുകളുടെ താലിബാനുകൾ സൃഷ്ടിക്കപ്പെടുകയും, ചിലർ അതിനെ സ്വാതന്ത്ര്യമായി ആഘോഷിക്കുകയും ചെയ്യുന്നത്.

ജീവനും ധാർമികതയ്ക്കും വേണ്ടിയുള്ള സന്ധിയില്ലാത്ത നിലപാടുകൾ മൂലം കത്തോലിക്കാസഭ, നിരന്തരമെന്നോണം അനിയന്ത്രിതവും സ്വാർത്ഥപൂരിതവുമായ സുഖലാഭസ്വാതന്ത്ര്യ ആശയസംഹിതകൾ അടിസ്ഥാനപ്രമാണമായ പ്രസ്ഥാനങ്ങളാൽ, ആഗോള തലത്തിൽ തന്നെ, നിഷ്ഠൂരമായി വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുന്നു. വിദ്യാഭ്യാസ ആതുരസേവന സാമൂഹികസൗഹാർദ്ദ മേഖലകളിൽ ജാതിമത ചിന്തകൾക്ക് അതീതമായി കത്തോലിക്കാസമൂഹം സേവന നിരതരായിരുന്ന ഈ നാട്ടിലാകട്ടെ, രാഷ്ട്രീയവും മതപരവുമായ കാരണങ്ങളാൽ സഭയ്ക്കെതിരായി ഈയടുത്ത നാളുകളിൽ പൊതുവേ തമസ്കരണത്തിന്റെയും തിരസ്കരണത്തിന്റെയും നിലപാടാണ് ചിലർ സ്വീകരിച്ചിരിക്കുന്നത്. ഈ നിലപാടുകൾ ചില ഗൂഢകേന്ദ്രങ്ങളിൽനിന്നും കാലാകാലങ്ങളായി നിർമിച്ചെടുക്കപ്പെടുന്നവയാണ് എന്നത് വ്യക്തമാണ്.

വ്യാജവാർത്തകളുടെ നിരന്തരമായ പ്രചാരണത്തിലൂടെയും, ചിലരുടെ വീഴ്ചകളെ സഭയുടെ അപചയമായി ചിത്രീകരിച്ചും, സഭയുടെ മതേതരത്വ ദർശനത്തെ ചൂഷണം ചെയ്തും, ഇടയന്മാരെയും സമർപ്പിതരെയും വിശ്വാസത്തെയും അവഹേളിച്ചും തങ്ങളുടെ അജണ്ടകൾ ഇവിടെ നിർമ്മിച്ചെടുക്കാം എന്ന് കരുതുന്നവർ ഭാരതത്തെ വിശിഷ്യാ, കേരളസമൂഹത്തെ പൂർണ്ണമായും അരാജകത്വത്തിലേക്ക് തള്ളിവിടുമെന്ന ഒരു ഘട്ടത്തിലാണ് സഭ ശക്തമായി പ്രതികരിച്ചു തുടങ്ങുന്നത്. ആഭ്യന്തരമായ പ്രബോധനങ്ങൾ പോലും ആഴ്ചകളോളം മുഖ്യധാരാ മാധ്യമങ്ങൾ ഉൾപ്പെടെ ചർച്ച ചെയ്ത്



www.malankaralibrary.com





യഥാർത്ഥ വിഷയങ്ങളിൽനിന്നും വഴിതിരിച്ചു വിടുന്നത് കാണുമ്പോൾ, മുൻപ് സൂചിപ്പിച്ച വിധ്വംസക പ്രസ്ഥാനങ്ങളുടെ അപകടകരമായ സ്വാധീനം കൂടുതൽ കൂടുതൽ വ്യക്തമാകുകയാണ്.

സംസ്ഥാന - ദേശീയ - അന്തർദേശിയ ഏജൻസികൾ തീവ്രവാദ ഗ്രൂപ്പുകളെക്കുറിച്ച് തന്ന മുന്നറിയിപ്പുകൾ നമ്മുടെ അറിവിലുണ്ടായിരിക്കെ, ഈ നാട്ടിലെ തീവ്രസംഘടനകളുടെ വിവിധങ്ങളായ വിധ്വംസകപ്രവർത്തന രീതികളെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ, മതസൗഹാർദ്ദം ചർച്ച ചെയ്യപ്പെടേണ്ട അവസ്ഥയിലേക്ക് കേരളം മാറിയിരിക്കുന്നെങ്കിൽ അത് അപകടകരമായ സാഹചര്യം തന്നെയാണ്. അത് മനസ്സിലാക്കിത്തന്നെയാണ് കേരള സഭ ഒറ്റക്കെട്ടായി സാമൂഹിക തിന്മകൾക്കെതിരായി പ്രതികരിക്കാനും, വർഗീയ ധ്രൂവീകരണത്തെ എതിർക്കാനും തീരുമാനിച്ചിരിക്കുന്നത്. ജാഗ്രതയുടെ അടിയന്തരമായ അനിവാര്യതയെക്കുറിച്ച് ബോധ്യപ്പെടുത്തുന്ന ഈ നാളുകളിലാണ് ഭാരത ക്രൈസ്തവർ, വിശിഷ്യാ കേരള കത്തോലിക്കാ സഭ അകത്തുനിന്നും പുറത്തുനിന്നും ഒരുപോലെ ആക്രമിക്കപ്പെടുന്നതും തെറ്റിദ്ധരിപ്പിക്കത്തക്ക തരത്തിലുള്ള പുകമറ സഭാസമൂഹങ്ങൾക്കും സംവിധാനങ്ങൾക്കും ചുറ്റും സൃഷ്ടിക്കപ്പെടുന്ന പ്രവണത ശക്തമാകുന്നതും. ആത്യന്തികമായ സാമൂഹിക നന്മയുടെ കാലിക പ്രസക്തിയുള്ള വിഷയങ്ങൾ തമസ്കരിക്കുകയും, സഭാപരമായ വാർത്തകൾ നിരന്തരം മാധ്യമങ്ങളിലൂടെ വക്രീകരിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന പ്രവണത, അത് ഏത് പ്രത്യയശാസ്ത്രങ്ങളുടേതായാലും തുറന്ന് കാട്ടപ്പെടേണ്ടതാണ്.

രാഷ്ട്രീയ പ്രസ്ഥാനങ്ങളെപ്പോലെതന്നെ, ഒരു പക്ഷേ, അവയെക്കാളധികമായി, സാമൂഹിക ഐക്യത്തിന്റെയും മാനുഷിക അവകാശങ്ങളുടെയും കാവൽക്കാരെന്നനിലയിലും തിരുത്തൽശക്തിയെന്ന നിലയിലും സാമൂഹിക തിന്മകൾക്കെതിരേ പ്രതികരിക്കാനും സാമൂഹിക പ്രതിബദ്ധത കാത്തുസൂക്ഷിക്കാനുമുള്ള ഉത്തരവാദിത്വം മാധ്യമങ്ങൾക്കുണ്ട്. മുൻകാലങ്ങളിൽ കലുഷിതമായ നിരവധി രാഷ്ട്രീയസാമൂഹിക സാഹചര്യങ്ങളിൽ നിർണ്ണായകമായ ഇടപെടലുകളിലൂടെ നിരവധി മാധ്യമങ്ങൾ ഈ ഉത്തരവാദിത്വം സമ്യക്കായി നിർവഹിച്ചിട്ടുണ്ട്. എന്നാൽ, ഇന്നത്തെ കേരളത്തിന്റെ പശ്ചാത്തലത്തിൽ മാധ്യമങ്ങൾ ആരുടെയെങ്കിലും ആജ്ഞാനുവർത്തികളായി മാറിക്കഴിഞ്ഞിരിക്കുന്നുണ്ടോ എന്നുള്ളത് ആശങ്കാജനകമായ ഒരു ചോദ്യമാണ്. പൊതുജനത്തെ ഭീതിപ്പെടുത്തുകയും ആകുലപ്പെടുത്തുകയും ചെയ്യുന്ന വിഷയങ്ങൾ എന്തുകൊണ്ടാണ് പൊതുമാധ്യമങ്ങൾക്ക് അപ്രധാനമായി മാറുന്നത്? അത്തരത്തിലുള്ള ആശങ്കകൾ ഉന്നയിക്കുന്നവരെ മറുചോദ്യങ്ങൾ ചോദിച്ച് നിശ്ശബ്ദരാക്കാനും ദുർവ്യാഖ്യാനങ്ങൾ നൽകി പ്രതിക്കൂട്ടിൽ നിർത്താനും മാധ്യമങ്ങൾ ഒറ്റക്കെട്ടായി പരിശ്രമിക്കുന്നെങ്കിൽ നാം കൂടുതൽ ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു.

എല്ലാ സമുദായങ്ങളും തങ്ങൾക്കുള്ളിൽ സംഭവിക്കുന്ന അപചയങ്ങളെയും സാമൂഹിക മൈത്രിക്ക് വിരുദ്ധമായ തീവ്ര ആശയ സംഹിതകളെയും പ്രസ്ഥാനങ്ങളെയും തിരിച്ചറിഞ്ഞ് പരിഹാരം കണ്ടെത്താൻ ശ്രമിക്കാത്ത പക്ഷം ഇന്ന് നാം അഭിമുഖീകരിക്കുന്ന ആശയക്കുഴപ്പങ്ങൾക്കും അരക്ഷിതാവസ്ഥയ്ക്കും പരിഹാരം ഇനിയുമേറെ വൈകും. വിധ്വംസക പ്രവർത്തനങ്ങളുമായി നമുക്കിടയിൽ കരുക്കൾ നീക്കുകയും, ആധാർമിക സമ്പത്തിനാൽ മാധ്യമങ്ങളെയും രാഷ്ട്രീയസാംസ്കാരിക നേതാക്കളെയും വിലയ്ക്കെടുക്കുകയും, സാമൂഹിക ധ്രുവീകരണത്തിനായി കലകളെ പോലും ദുരുപയോഗിക്കുകയും ചെയ്യുന്നവരെ തിരിച്ചറിയാനും വെളിച്ചത്തുകൊണ്ടുവരാനും പൊതുസമൂഹം ജാഗ്രതയോടെ വർത്തിക്കേണ്ടതുണ്ട്. തീവ്രവാദപരമായ എല്ലാ സ്വാധീനശക്തികൾക്കും അതീതരായി മാധ്യമങ്ങളും, രാഷ്ട്രീയ നേതാക്കളും, വിശിഷ്യാ, ഇവിടത്തെ സർക്കാരും നിലപാടുകൾ സ്വീകരിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്.

**ഫാ. മൈക്കിൾ പുളിക്കൽ സിഎംഐ**

www.malankaralibrary.com

# വിശുദ്ധ ഗ്രന്ഥങ്ങളും വ്യാഖ്യാനങ്ങളിലെ (അ)സഹിഷ്ണുതയും

**മാർ ടോണി നീലങ്കാവിൽ**
**ചെയർമാൻ, കെസിബിസി ഡോക്ട്രിനൽ കമ്മീഷൻ**



**ആമുഖം**

**പ**തിറ്റാണ്ടുകളായി മതസമന്വയത്തിന്റെയും സാമൂഹിക സൗഹൃദത്തിന്റെയും നാടായി അറിയപ്പെട്ടിരുന്ന കേരളത്തിൽ വീണ്ടും അസഹിഷ്ണുതയുടെ അന്തരീക്ഷം തഴച്ചുവളരാൻ തുടങ്ങിയിരിക്കുന്നു എന്നത് സമൂഹത്തെ നിഷ്പക്ഷമായി വിലയിരുത്തുന്ന ഏതൊരു മലയാളിയുടെയും ആശങ്കയാണ്. പ്രേക്ഷകരെയും അനുവാചകരെയും വിശ്വാസികളെയും പാർട്ടിക്കാരെയും ആകർഷിക്കുന്ന സെൻസേഷനുകൾക്കും മുഖ്യവിഷയങ്ങളിൽ നിന്ന് ശ്രദ്ധതിരിച്ചുവിടുന്ന അടവുകൾക്കും വേണ്ടി, പ്രസ്താവനകളെയും പ്രസംഗങ്ങളെയും സാഹചര്യങ്ങളിൽ നിന്ന് അടർത്തിയെടുത്ത് രാഷ്ട്രീയയിടങ്ങളിലും മുഖ്യധാരാ നവ മാധ്യമങ്ങളിലും നിരന്തരചർച്ചയായി നിലനിറുത്തുക എന്നത് ആരുടെ അജണ്ടയാണ് എന്ന് ചോദിച്ചുപോകുക സ്വാഭാവികം. അടുത്തകാലത്ത് വളർച്ചപ്രാപിച്ച ഈ പ്രവണത കേരളത്തിലെ മതങ്ങൾ തമ്മിലുള്ള പരസ്പരവിശ്വാസക്കുറവിനും മൗലിക നിലപാടുകളുടെ കലുഷിതഭൂമികയായി കേരളത്തെ മാറ്റുന്നതിനും കാരണമാകുന്നുണ്ട്. ഇതരമതങ്ങൾ തങ്ങളുടെ ഇടം കവർന്നെടുക്കുവാൻ ശ്രമിക്കുന്നു എന്ന ഭയം വിശ്വാസികളിൽ ഉളവാകുന്നത് പലപ്പോഴും വസ്തുതാപരമായ വിശകലനങ്ങളെക്കാൾ, ഏതാനും അനുഭവങ്ങളിൽ നിന്നുളവായിട്ടുള്ള ഇതരമതഭീതിയിൽ നിന്നാണ്. ഇത്തരത്തിലുള്ള മതസാമുദായിക അരക്ഷിതത്വത്തിലേക്ക് വഴിതുറക്കുന്ന വ്യാഖ്യാനതലത്തിലെ ഏതാനും വെല്ലുവിളികളാണ് ഇവിടെ വിശകലനം ചെയ്യാൻ ശ്രമിക്കുന്നത്. മതഗ്രന്ഥങ്ങളുടെ വ്യാഖ്യാനരീതികളിൽ വർദ്ധിച്ചുവന്നിട്ടുള്ള അസഹിഷ്ണുത ഒരു സ്ഫോടനാത്മകമായ സാഹചര്യത്തിൽ എത്തിച്ചേരുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

**അസഹിഷ്ണുതയുടെ വിത്തുകൾ പാകുന്ന പദാനുപദ വ്യാഖ്യാനം**

പ്രാദേശിക ഭാഷകളിൽ മതഗ്രന്ഥങ്ങൾ ഇന്ന് ലഭ്യമാണ്. ആർക്കും അവയൊക്കെ വായിക്കാം. എന്നാൽ, അത്തരം വായനകളിൽ സംഭവിക്കാവുന്ന ഗുരുതരമായ ഒരു പ്രശ്നം, വാച്യാർത്ഥത്തിൽ അവയെല്ലാം വ്യാഖ്യാനിക്കപ്പെടാനുള്ള അപകടകരമായ പ്രവണതയാണ്. വ്യാഖ്യാനശാസ്ത്രത്തിൽ വളരെയേറെ പുരോഗതി പ്രാപിച്ചിരിക്കുന്ന മുഖ്യധാരാ ക്രൈസ്തവ സഭകളുടെ സമീപനങ്ങളെക്കാൾ, പദാനുപദ വ്യാഖ്യാനങ്ങളിൽ അടിസ്ഥാനമിട്ട പെന്തക്കൊസ്താ വിഭാഗങ്ങൾ ഉൾപ്പടെയുള്ള നവയാഥാസ്ഥിക മുന്നേറ്റങ്ങളുടെ സമീപനങ്ങളിലേക്ക് ക്രൈസ്തവരിൽ പലരും ആകൃഷ്ടരായിട്ടുണ്ട്. അതുകൊണ്ടല്ലേ, കത്തോലിക്കരുടെ പ്രധാന അപ്പോളജിസ്റ്റ് (വിശ്വാസസമർത്ഥകൻ) ആരാണെന്ന ചോദ്യത്തിന് സാധാരണകത്തോലിക്കൻ നൽകുന്ന ഉത്തരം ചില പെന്തക്കൊസ്താ തീവ്രനിലപാടുകാരുടേതായി മാറുന്നത്? പ്രൊട്ടസ്റ്റന്റ് വ്യാഖ്യാനശാസ്ത്രത്തിലെ പല സമീപനങ്ങളും കത്തോലിക്കാസഭയുടെ വി. ഗ്രന്ഥ വ്യാഖ്യാനത്തെ ശാക്തീകരിക്കുന്നതിന് സഹായകമായിട്ടുണ്ടെന്നത് മറക്കാനാകില്ല. എന്നാൽ, ആധുനിക ക്രൈസ്തവ വ്യാഖ്യാതാക്കൾ വിശകലനം ചെയ്ത് ശാസ്ത്രീയമായ വി. ഗ്രന്ഥവ്യാഖ്യാനങ്ങൾക്കുതകുന്നതല്ല എന്ന നിഗമനത്തിലെത്തിച്ചേർന്നവയാണ് പലപ്പോഴും ഉപയോഗിക്കപ്പെടുന്നത് എന്നതാണ് പ്രശ്നം.

തീവ്രമതനിലപാടുകളെ ന്യായീകരിക്കുന്നതിന് – അവ ഭൂരിപക്ഷമൗലികതയാകട്ടെ, ന്യൂനപക്ഷമൗലികതയാകട്ടെ – ചിലർ തിരഞ്ഞെടുത്തിരിക്കുന്നത് യാഥാസ്ഥികമായ പദാനുപദ വ്യാഖ്യാന ശൈലിയാണ്.

www.malankaralibrary.com

മതാന്തര പശ്ചാത്തലത്തിൽ വ്യാഖ്യാനങ്ങളെ വിവേചിച്ചറിയാൻ ശ്രമിക്കുമ്പോൾ, ചില പെന്തക്കൊസ്താവിഭാഗങ്ങളോടൊപ്പം ഹിന്ദു ഐക്യവേദിയുടെയും മുസ്ലീം തീവ്രനിലപാടുകളുള്ള നിച്ച് ഓഫ് ട്രൂത്തിന്റെയുമൊക്കെ സമീപനങ്ങളെ ഇത്തരത്തിൽ നോക്കിക്കാണാവുന്നതാണ്. ഉൾച്ചേർക്കലിന് പകരം ധ്രുവീകരണത്തിലേക്കാണ് ഇത്തരം ചിന്താധാരകൾ വ്യക്തികളെയും സമൂഹത്തെയും നയിക്കുന്നത്. തങ്ങളുടെ വിശ്വാസം മാത്രം ശ്രേഷ്ഠമെന്ന് സ്ഥാപിച്ചെടുക്കാൻ ഇതരമതവിശ്വാസങ്ങളെ അവമതിക്കുന്നത് ക്രൈസ്തവചൈതന്യമല്ല. വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും തർക്കങ്ങളല്ല, പരസ്പരമുള്ള ആദരവോടെയുള്ള സംഭാഷണങ്ങൾക്കാണ് നമ്മുടെ വ്യാഖ്യാനങ്ങൾ വേദിയൊരുക്കേണ്ടത്.

ഇതരമതങ്ങളിലെ തീവ്രനിലപാടുകളോട് അതേ നാണയത്തിൽ പ്രതികരിക്കാനുള്ള വ്യഗ്രതയിലാണ് ചില കത്തോലിക്കാ മതാന്തരസംവാദങ്ങളും സഭയിലെ ദൈവശാസ്ത്രജ്ഞരും വി. ഗ്രന്ഥങ്ങളുടെ പദാനുപദ വ്യാഖ്യാനത്തിലേക്ക് വഴുതിവീഴുന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇതരമതങ്ങളുടെ വി. ഗ്രന്ഥങ്ങളെ അവയുടെ ചരിത്ര, ആഖ്യാന പശ്ചാത്തലങ്ങളിൽ വ്യാഖ്യാനിക്കുന്നതിൽ വേണ്ടത്ര അവഗാഹം സിദ്ധിക്കാത്തതുകൊണ്ടുമാകാം ചില മതാന്തരസംവാദങ്ങളിൽ ഈ പ്രവണത കടന്നുവന്നിരിക്കുന്നത്. സാന്ദർഭികമായി പറയട്ടെ, കത്തോലിക്കാസഭയിൽ അറബി, സംസ്കൃത, പാലി, തമിഴ് ഭാഷകളിൽ അവഗാഹമുള്ള വ്യാഖ്യാനവിദഗ്ദ്ധരുടെ കുറവ് ഈ ഭാഷകളിലുള്ള മതഗ്രന്ഥങ്ങളെ വിശകലനം ചെയ്യുന്നതിൽ പ്രതിഫലിക്കുന്നില്ലേ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

### കത്തോലിക്കാസഭയുടെ വ്യാഖ്യാന പാരമ്പര്യം

നൂറ്റാണ്ടുകളായി ഉപയോഗിച്ചിരുന്നതും, ഇന്നും വികസിച്ചുകൊണ്ടിരിക്കുന്നതുമായ വ്യാഖ്യാന രീതികളും തത്ത്വങ്ങളും ഉപയോഗിച്ച്, ബൈബിളിൽ എഴുതപ്പെട്ടിരിക്കുന്നവയുടെ യഥാർത്ഥമായ അർത്ഥം (ആന്തരികത) മനസ്സിലാക്കാനുള്ള ശ്രമങ്ങൾ ഇന്നും അനുസ്യൂതം തുടരണം. എഴുതപ്പെട്ടത് അതുപോലെ മനസ്സിലാക്കുകയും, പിന്തുടരുകയും ചെയ്യുന്ന ശൈലിയല്ല കത്തോലിക്കാസഭയുടേത്. പ്രത്യുത, ദൈവത്തിന്റെ രക്ഷാകര സ്നേഹം മൂർത്തരൂപം പ്രാപിച്ച യേശുക്രിസ്തുവാണ് വ്യാഖ്യാനത്തിന്റെ അളവുകോലും ലക്ഷ്യവും.

ബൈബിളിന്റെ സാഹിത്യരൂപങ്ങളായ ചരിത്രം, പ്രവചനം, കവിത, എഴുതപ്പെട്ട കാലത്തെ സാംസ്കാരിക പശ്ചാത്തലം, വർണനാസമ്പ്രദായം മുതലായവയെല്ലാം ഉൾക്കൊണ്ടുകൊണ്ടാണ് വി. ഗ്രന്ഥങ്ങൾ വ്യാഖ്യാനിക്കപ്പെടേണ്ടത് എന്ന് സഭ പഠിപ്പിക്കുന്നുണ്ട്. മാത്രവുമല്ല "പരിശുദ്ധാത്മാവിനാൽ എഴുതപ്പെട്ട വി. ലിഖിതങ്ങൾ, അതേ ആത്മാവിൽ തന്നെ വായിക്കുകയും വ്യാഖ്യാനിക്കപ്പെടുകയും' ചെയ്യാൻ വി. ഗ്രന്ഥത്തിന്റെ മുഴുവൻ ഉള്ളടക്കവും വിവിധ ഭാഗങ്ങൾ തമ്മിലുള്ള ബന്ധവും കണക്കിലെടുക്കേണ്ടതുണ്ട്. പഴയനിയമത്തിലാരംഭിച്ച്, പുതിയ നിയമത്തിൽ പൂർണ്ണമാക്കപ്പെടുന്ന രക്ഷാകരസംഭവങ്ങളും സന്ദേശങ്ങളും ഗ്രഹിക്കാനാവുന്നത് ഇത്തരമൊരു സമീപനത്തിന്റെ ഫലമായാണ്. ഉദാഹരണമായി, പഴയനിയമത്തിലെ 'കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല്' എന്ന നീതി പ്രമാണത്തിൽ നിന്നും, ക്രിസ്തു പഠിപ്പിച്ച സ്നേഹത്തിന്റെ കൽപനയിലേക്കുള്ള വളർച്ച ഉൾക്കൊള്ളാനും ഗ്രഹിക്കാനും നമുക്കിന്ന് കഴിയുന്നത്, അവയുടെ ആഖ്യാനത്തെ സ്പഷ്ടമായും വ്യക്തതയോടും വ്യാഖ്യാനിക്കാൻ സഭയ്ക്ക് കഴിഞ്ഞു എന്നതിനാലാണ്.

ബൈബിളിലെ പുസ്തകങ്ങളെ ചരിത്രപരമായ അവയുടെ പശ്ചാത്തലത്തിൽ നിന്ന് അടർത്തിയെടുത്ത് ഒരു പ്രബന്ധത്തെപ്പോലെ സമീപിക്കുന്ന ഒരു വായനക്കാരന് പലതും പരസ്പരവിരുദ്ധമായ പ്രസ്താവനകളാണെന്ന നിഗമനത്തിലെത്തിച്ചേരുവാനേ സാധിക്കൂ. പഴയനിയമത്തിലെ യുദ്ധാഹ്വാനങ്ങളും, വംശീയ വർഗീയ സമീപനങ്ങളും അവയുടെയൊക്കെ സാഹചര്യവും, അന്നത്തെ സംസ്കാരവുമൊക്കെ അവഗണിച്ചുകൊണ്ട് വ്യാഖ്യാനിക്കുന്നത് ബൈബിൾ പണ്ഡിതന്മാരോ സഭയോ അംഗീകരിക്കുന്നില്ല എന്നതുതന്നെ ആധുനിക ബൈബിൾവിജ്ഞാനീയത്തിന്റെ വളർച്ചയാണ് വെളിപ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ ആരെങ്കിലും ഒരാൾ – അത് ക്രൈസ്തവസഭാ വിഭാഗങ്ങളിൽ നിന്നാകട്ടെ, മറ്റ് മതങ്ങളിൽ നിന്നുള്ളവരാകട്ടെ, – ബൈബിൾ വാക്യങ്ങളെ പരസ്പരവിരുദ്ധമായി ചിത്രീകരിക്കുമ്പോൾ, വ്യാഖ്യാനത്തിൽ അവർ അവലംബിക്കുന്ന രീതിയിൽ തന്നെ പ്രതികരിക്കുവാൻ പോകുന്നത് ക്രൈസ്തവരുടെ വി. ഗ്രന്ഥപാരമ്പര്യത്തെ ചിലരുടെ ആലയിൽ കൊണ്ടുചെന്ന് കെട്ടുന്നതിന് തുല്യമാണ്.

### കത്തോലിക്കാസഭയ്ക്ക് മുൻകൈയെടുക്കാവുന്നത്

പുറംതൊലിയ്ക്ക് മാത്രം അഴകുവർദ്ധിപ്പിക്കുന്ന (cosmetic) ചില ഉപരിപ്ലവമായ ഇടപെടലുകളിൽ നമ്മുടെ മതാന്തരസംവാദങ്ങൾ അനുദിനം തരംതാണുകൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ, കാലങ്ങൾകൊണ്ട് സഭ എത്തിച്ചേർന്ന മേൽവിവരിച്ച ശാസ്ത്രീയമായ വ്യാഖ്യാനപാരമ്പര്യത്തിന് ആധുനിക സമൂഹങ്ങൾക്കും, പ്രത്യേകിച്ച് വിവിധ മതസമൂഹങ്ങൾക്കും, ഇനിയും നൽകാവുന്ന സംഭാവനകളെക്കുറിച്ച് നാം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ശാസ്ത്രവിഷയങ്ങളിൽ പുതിയ പുതിയ കണ്ടെത്തലുകളും സമീപനങ്ങളും അവതരിപ്പിക്കുന്നവരുടെ മതമേതെന്ന് അന്വേഷിക്കാതെ സർവരും ഉൾക്കൊള്ളുന്നതുപോലെ, വ്യാഖ്യാനശാസ്ത്രത്തിലെ നവീന മുന്നേറ്റങ്ങളെ മത-വർഗ്ഗ-രാഷ്ട്രീയ പാഠഭേദങ്ങളുടെ വ്യത്യാസങ്ങൾക്കപ്പുറത്ത് സംഭാഷണത്തിലേർപ്പെടുത്താവുന്നതേയുള്ളൂ. ശാസ്ത്രീയമായി വ്യാഖ്യാനരീതികളെ സമീപിക്കാനുള്ള തുറവിയുണ്ടാകണം എന്നു മാത്രം. വ്യാഖ്യാനത്തിന്റെ വികസിത രീതിശാസ്ത്രങ്ങളുടെ പങ്കുവയ്ക്കൽ വഴിയും വിവിധ മതങ്ങളിൽ അവരവരുടെ മതഗ്രന്ഥങ്ങളെ വ്യാഖ്യാനിക്കുന്നതിന് അവ ഉപയോഗിക്കുന്നതു വഴിയും, തനതുമതത്തിന്റെ ആത്മീയശോഭ കൂടുതൽ അനാവരണം ചെയ്യപ്പെടുന്നതിനും ഇതരമതങ്ങളുടെ ആത്മാവിനെ കണ്ടെത്തുന്നതിനും ഒരേസമയം കാരണമാകും.

തങ്ങളുടെ മതവിശ്വാസമനുസരിച്ച് വ്യാഖ്യാനത്തിനുതന്നെ ഇടമില്ല എന്ന് ഏതെങ്കിലും യാഥാസ്ഥിക അനുയായികൾ ഒരു മതത്തിൽ വാദിക്കുന്നെങ്കിൽ, തീവ്രനിലപാടുകളിലേക്ക് നയിക്കുന്ന ഈ വാദഗതിയെ മതവിശ്വാസികളൊന്നടങ്കം ചെറുത്ത് തോൽപിക്കേണ്ടതുണ്ട്. ചരിത്രപരമായ പരിപ്രേക്ഷ്യത്തിൽ വ്യാഖ്യാനിക്കുവാനുള്ള ആർജ്ജവം കാണിക്കാത്ത നിലപാടുകളെയും അത്തരത്തിൽതന്നെ തള്ളിക്കളയേണ്ടത് സാമുദായിക സൗഹൃദത്തിനുമാത്രമല്ല, അതതുമതങ്ങളുടെ ശാക്തീകരണത്തിനും വളർച്ചയ്ക്കും അത്യാവശ്യമാണ്.

■

www.malankaralibrary.com

# ഓൺലൈൻ മാധ്യമങ്ങളുടെ പോക്ക് എങ്ങോട്ട്?



**ഫാ. ജേക്കബ് പാലക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി, കെസിബിസി

'ഇന്ന് ആർക്കും വെബ് പോർട്ടലുകളും യൂട്യൂബ് ചാനലുകളും ആരംഭിക്കാമെന്നും, അവയിൽ പലതും ആരോടും ഉത്തരവാദിത്തമില്ലാതെയാണ് പ്രവർത്തിക്കുന്നതെന്നും, അത്തരക്കാർ വർഗ്ഗീയത പ്രചരിപ്പിക്കുകയും രാജ്യത്തിന് തന്നെ നാണക്കേടുണ്ടാക്കുകയും ചെയ്യുന്നുവെന്നും' കഴിഞ്ഞ ദിവസം പരസ്യമായി പറഞ്ഞത് മറ്റാരുമല്ല, ഇന്ത്യയുടെ പരമോന്നത നീതിപീഠത്തിന്റെ മുഖ്യ ന്യായാധിപൻ ചീഫ് ജസ്റ്റിസ് എൻ വി രമണയാണ്. രാജ്യമെങ്ങും ഇന്ന് സമൂഹമാധ്യമങ്ങളിൽ നിലനിൽക്കുന്ന അരാജകത്വവും അതിന്റെ ഭാഗമായ അപകടങ്ങളും ചീഫ് ജസ്റ്റിസിന്റെ പരാമർശത്തിൽ പ്രകടമാണ്. അത്തരം വെബ്പോർട്ടലുകളും യൂട്യൂബ് ചാനലുകളും വ്യാപകമായി വ്യാജവാർത്തകൾ പ്രചരിപ്പിക്കുന്നതായും വ്യക്തിഹത്യകൾ നടത്തുന്നതായുമുള്ള തന്റെ നിരീക്ഷണവും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി.

ആർക്കെതിരെയും ആർക്കും എന്തും പറയാം എന്ന സാഹചര്യം ഈ കാലഘട്ടത്തിന്റെ പുതുമയാണ്. ശക്തമായ നിയമങ്ങളും കീഴ്‌വഴക്കങ്ങളും ധാർമ്മിക ചട്ടക്കൂടുകളുമുള്ള സ്വതന്ത്ര ഭാരതത്തിൽ, ഒരിക്കലും നടക്കാൻ പാടില്ലാത്തതാണ് കഴിഞ്ഞ കുറച്ചുകാലങ്ങളായി കണ്ടുവരുന്നത്. സുപ്രീം കോടതി ചീഫ് ജസ്റ്റിസിനെ പോലൊരാൾ ഇപ്പോഴെങ്കിലും ഈ വിഷയത്തിൽ ശക്തമായ ഒരു അഭിപ്രായ പ്രകടനം നടത്തിയത് ആശ്വാസപ്രദമായ കാര്യമാണ്. എങ്കിലും, അത്തരം പ്രവർത്തനങ്ങളെ വേണ്ടവിധം നിയന്ത്രിക്കാനുള്ള സർക്കാർ ഇടപെടലുകൾ ഇനിയുമുണ്ടാകാത്തത് ദൗർഭാഗ്യകരമാണ്.




**സംഭവിക്കുന്നത് ഗുരുതരമായ വർഗ്ഗീയ ധ്രുവീകരണം**

ഇന്ന് നമുക്കിടയിൽ തിരിച്ചറിയാൻ കഴിയുന്ന വർഗ്ഗീയ വിഷത്തിന്റെ വ്യാപനവും ഐക്യമില്ലായ്മയും ശത്രുതാമനോഭാവവും ആക്രമണ ചിന്തകളും തീവ്രവാദ ചിന്തകളുടെ അതിപ്രസരവുമെല്ലാം ദുഷ്ടലാക്കോടെയും സ്ഥാപിത താൽപ്പര്യങ്ങളോടെയും ചിലർ നടത്തുന്ന ആശയപ്രചരണങ്ങളുടെ തുടർച്ചയാണെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്. നേരം പോക്കിനോ, തെറ്റിദ്ധാരണകൾക്കൊണ്ടോ സൃഷ്ടിക്കപ്പെടുന്നവയല്ല പ്രതിദിനം അനേകരെ പ്രതിസന്ധിയിലാഴ്ത്തുംവിധം നമുക്കിടയിൽ പ്രചരിക്കുന്ന വ്യാജവാർത്തകൾ. ഊതിപ്പെരിപ്പിച്ചവയും അവാസ്തവങ്ങളുമായ ഒട്ടേറെ സന്ദേശങ്ങളിൽ പലതും ചില നിഗൂഢ ലക്ഷ്യങ്ങളുടെ ഭാഗമായി സൃഷ്ടിക്കപ്പെടുന്നവയാണ്.

പ്രധാനമായും വർഗ്ഗീയ ചേരിതിരിവുകളും തീവ്രവാദ ചിന്തകളുടെ വ്യാപനവുമാണ് ഇത്തരം വ്യാജപ്രചാരണങ്ങളിലൂടെ നമുക്കിടയിൽ രൂപപ്പെട്ടിരിക്കുന്നത് എന്നതിനാൽ തന്നെ, ഇത്തരം നിരവധി ഓൺലൈൻ പോർട്ടലുകൾക്കും യൂട്യൂബ് ചാനലുകൾക്കും ഫേസ്ബുക്ക് അക്കൗണ്ടുകൾക്കും പിന്നിൽ ചില വർഗ്ഗീയ ശക്തികളുടെ ഇടപെടലുകളുണ്ടെന്ന് ന്യായമായും സം

www.malankaralibrary.com

ശയിക്കാം. ഈ സമൂഹത്തിൽ ഗുരുതരമായ വർഗ്ഗീയ ധ്രുവീകരണം ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ചിലർ നമുക്കിടയിലുണ്ട്. ആകെ കലങ്ങിയ സാമൂഹിക അന്തരീക്ഷത്തിൽനിന്ന് ഇനിയും നമുക്ക് തിരിച്ചറിയാൻ കഴിയാത്ത എന്തൊക്കെയോ മുതലെടുപ്പുകൾ അത്തരക്കാർ നടത്തുന്നുണ്ടാകണം.

പ്രത്യക്ഷവും പരോക്ഷവുമായി സാമൂഹികമായ നിരവധി വെല്ലുവിളികൾക്ക് ഇത്തരം വ്യാജപ്രചാരണങ്ങൾ കാരണമാകുന്നുണ്ട് എന്നുള്ളത് ഒരു യാഥാർഥ്യം തന്നെയാണ്. ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് കാരണമാകുകയും ചെയ്യും. അത്തരമൊരു വലിയ അപകടാവസ്ഥയിലൂടെ നാം കടന്നുപോകുന്നു എന്ന തിരിച്ചറിവും ജാഗ്രതാ മനോഭാവവും ഭരണ, സമുദായ നേതൃത്വങ്ങൾക്ക് ഇല്ലാതെ പോകുന്നത് കൂടുതൽ ആശങ്കാജനകമാണ്. താൽക്കാലികമായ മുതലെടുപ്പുകൾക്കായി നവ മാധ്യമ സംവിധാനങ്ങളെ തങ്ങളിൽ ചിലർ ദുരുപയോഗിക്കുന്നതായി മനസ്സിലാക്കുന്നെങ്കിൽ പോലും അതിനെക്കുറിച്ച് നേതൃസ്ഥാനങ്ങളിലുള്ളവർ നിശ്ശബ്ദരാവുകയോ അത്തരക്കാർക്ക് അനുകൂലമായ നിലപാടുകൾ സ്വീകരിക്കുകയോ ആണ് ചെയ്തുവരുന്നത്.

## പാതിവഴിയിലാകുന്ന നിയമ നിർമ്മാണങ്ങൾ

ഓൺലൈൻ കുറ്റകൃത്യങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ 2000 ഐടി ആക്ടിൽ ഉൾപ്പെടുത്തിയിരുന്ന 66 എ വകുപ്പും, 2011ലെ കേരള പോലീസ് ആക്ടിലെ 118 ഡി വകുപ്പും അഭിപ്രായസ്വാതന്ത്ര്യത്തെ ഹനിക്കുന്നു എന്ന കാരണത്താൽ സുപ്രീംകോടതി റദ്ദാക്കുകയുണ്ടായിരുന്നു. പിന്നീട് സോഷ്യൽമീഡിയയിൽ വ്യാജ വാർത്തകളും വ്യക്തിഹത്യകളും പെരുകിവന്നിരുന്നതിനെ തുടർന്നുണ്ടായ സമ്മർദ്ദങ്ങളാൽ കഴിഞ്ഞ വർഷം കേരളാ പോലീസ് ആക്ടിൽ 118 എ എന്ന വകുപ്പ് കൂട്ടിച്ചേർക്കാൻ സർക്കാർ പദ്ധതിയിടുകയും പിന്നീട് പ്രതിഷേധങ്ങളെ തുടർന്ന് അത് വേണ്ടെന്നു വയ്ക്കുകയും ചെയ്തു.

സോഷ്യൽമീഡിയയിലും ഓൺലൈൻ മാധ്യമങ്ങളിലും മറ്റും ആരെയെങ്കിലും അധിക്ഷേപിക്കുന്ന രീതിയിൽ പ്രത്യക്ഷപ്പെടുന്ന ഉള്ളടക്കത്തെ പ്രതി, അതിന് ഉത്തരവാദിയെന്ന് പരാതി ലഭിക്കുന്ന വ്യക്തിക്കെതിരെ കർശനമായ നിയമ നടപടി ഉറപ്പുവരുത്തുകയാണ് 118 എ എന്ന വകുപ്പ് കൂട്ടിച്ചേർത്തതിലൂടെ സർക്കാർ ലക്ഷ്യമാക്കിയത്. വാറന്റില്ലാതെ ആരെയും അറസ്റ്റ് ചെയ്യാൻ ഈ നിയമം ദുരുപയോഗിക്കപ്പെട്ടേക്കാം എന്നുള്ളതായിരുന്നു അതിനെതിരെയുള്ള പ്രധാന ആക്ഷേപം. ഈ വകുപ്പ് ഉപയോഗിച്ച് കള്ള ക്കേസുകൾ കൊടുത്ത് ആരെയും കുടുക്കിലാക്കാൻ കഴിയുമെന്നും, മാധ്യമ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുമെന്നും മറ്റും പരാതികൾ ഉയർന്നിരുന്നു. ഇത്തരം വിമർശനങ്ങൾ ഉയർന്നതോടെ നിയമനിർമ്മാണത്തിൽനിന്നും സർക്കാർ പിന്മാറുകയായിരുന്നു. എന്നാൽ, അക്കാരണത്താൽ വളരെ വ്യാപകമായി നടക്കുന്ന സൈബർ ആക്രമണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാൻ മാർഗ്ഗങ്ങൾ ഇല്ലാതെവരുന്നത് ന്യായീകരണമർഹിക്കുന്ന കാര്യമല്ല.




കഴിഞ്ഞ ഫെബ്രുവരിയിൽ കേന്ദ്ര സർക്കാർ അവതരിപ്പിച്ച ഇൻഫർമേഷൻ ടെക്നോളജി റൂൾസ് 2021 സൈബർ ലോകത്തെ അരാജകത്വത്തിന് പരിഹാരമാകുമെന്ന് കരുതിയിരുന്നുവെങ്കിലും വേണ്ടവിധത്തിൽ നടപ്പാക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. പുതിയ ചട്ടങ്ങൾ അനുസരിച്ച് പ്രസിദ്ധീകരിക്കപ്പെടുന്ന വ്യാജ വാർത്തകൾ, വ്യക്തിഹത്യയ്ക്ക് കാരണമാകുന്ന പോസ്റ്റുകൾ, അവഹേളനപരമായ മറ്റു സൃഷ്ടികൾ തുടങ്ങിയവയിലുള്ള പ്രധാന ഉത്തരവാദിത്തം ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾക്കാണ്. സോഷ്യൽമീഡിയയിൽ പ്രത്യക്ഷപ്പെടുന്ന പോസ്റ്റുകളുടെ ഉത്ഭവം എവിടെനിന്നാണെന്നത് ഉൾപ്പെടെയുള്ള വിവരങ്ങൾ ആവശ്യമെങ്കിൽ സർക്കാരിന് കൈമാറുകയും, പരാതികൾ ലഭിച്ചാൽ കണ്ടന്റ് നീക്കം ചെയ്യുകയും നിയമ നടപടികൾ സ്വീകരിക്കാൻ ഇന്ത്യയിലെ നിയമ വ്യവസ്ഥിതിയോട് സഹകരിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്തം ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾക്ക് ഉണ്ടായിരിക്കണം. ഓൺലൈൻ പോർട്ടലുകൾ, ഒടിടി പ്ലാറ്റ്ഫോമുകൾ, ഫേസ്ബുക്ക്, വാട്ട്സാപ്പ്, ടെലിഗ്രാം, യൂട്യൂബ് തുടങ്ങിയ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ തുടങ്ങിയവയെല്ലാം ഈ നിയമത്തിന് കീഴിൽ വരും.

എന്നാൽ, സർക്കാർ മുന്നോട്ടുവച്ചിരിക്കുന്ന നിർദ്ദേശങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാൻ പല പ്ലാറ്റ്ഫോമുകളും തയ്യാറായിട്ടില്ല എന്നാണ് റിപ്പോർട്ടുകൾ. നെറ്റ്ഫ്ലിക്സ്, ആമസോൺ പ്രൈം വീഡിയോ തുടങ്ങി ഒടിടി പ്ലാറ്റ്ഫോമുകളിൽ പ്രധാനപ്പെട്ട ചില നിർദ്ദിഷ്ട മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും പല ഒടിടി പ്ലാറ്റ്ഫോമുകളുടെയും കാര്യത്തിൽ നടപടികൾ പൂർത്തിയായിട്ടില്ല. യൂട്യൂബ്, ഫേസ്ബുക്ക്, നിരവധി ഓൺലൈൻ പോർട്ടലുകൾ തുടങ്ങിയവയിലൂടെ വ്യാജവാർത്തകളും വ്യക്തിഹത്യയും അവഹേളനവും ലക്ഷ്യംവച്ചുള്ള പോസ്റ്റുകളും പ്രചരിക്കുന്നതിൽ ഇനിയും കുറവുവന്നിട്ടില്ല. ഈ പശ്ചാത്തലത്തിലാണ് സുപ്രീംകോടതി ചീഫ് ജസ്റ്റിസിന്റെ കഴിഞ്ഞ ദിവസത്തെ പ്രതികരണത്തെ കാണേണ്ടത്.

## ആവശ്യം ഉത്തരവാദിത്വപൂർണ്ണമായ സമീപനം

താൽക്കാലിക കാര്യലാഭത്തിനുവേണ്ടി സോഷ്യൽമീഡിയയിലെ അധർമ്മികളുടെ തേർവാഴ്ചയെ കണ്ടില്ലെന്ന് നടിക്കുന്നവരാണ് രാഷ്ട്രീയ സാമുദായിക നേതൃരംഗങ്ങളിലുള്ള പലരും. പൊതുസമൂഹത്തെ സ്വാധീനിക്കാൻ കഴിയുന്ന ശക്തമായ ഒരു ഉപകരണമായി മാത്രം കുറെപ്പേർ അതിനെ കാണുന്നു. തങ്ങളുടെ ശത്രുക്കളെ തകർക്കാനും ശത്രുതയോടെ കാണുന്ന സമൂഹങ്ങളെ അവഹേളിക്കാനും ഒപ്പം, തങ്ങളുടെ മനോനിലയ്ക്കനുസരിച്ച് അവാസ്തവങ്ങളും അശ്ലീലവും പ്രചരിപ്പിക്കാനും കുറേപ്പേർ ഓൺലൈൻ മീഡിയയെയും സമൂഹമാധ്യമങ്ങളെയും ഉപയോഗിക്കുമ്പോൾ ഈ സമൂഹത്തിൽ സംഭവിക്കുന്ന അപചയങ്ങൾ കാണാതെ പോകരുത്. ഈ പ്രതിസന്ധിക്ക് ഒരു പരിഹാരം ആവശ്യമാണ്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ ആർക്കും എന്തുമാകാം എന്ന ഇപ്പോഴത്തെ സ്ഥിതിക്ക് മാറ്റം അനിവാര്യമാണ്. കേന്ദ്ര സർക്കാർ കൊണ്ടുവന്നിരിക്കുന്ന ഇൻഫർമേഷൻ ടെക്നോളജി റൂൾസ് 2021 ശരിയായ രീതിയിൽ നടപ്പാക്കപ്പെടുന്നതിനൊപ്പം, സംസ്ഥാന സർക്കാരിന്റെ നിയമപാലക സംവിധാനങ്ങളും ഉണർന്ന് പ്രവർത്തിച്ച് കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരികയും മാതൃകാപരമായ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും വേണം. ■

www.malankaralibrary.com

# കെസിബിസി പ്രത്യേക സമ്മേളനം പിഒസിയിൽ നടന്നു

കെസിബിസിയുടെ പ്രത്യേക സമ്മേളനം സെപ്റ്റംബർ 29ന് പിഒസിയിൽ വച്ച് നടന്നു. മുൻ നിശ്ചയപ്രകാരം നടന്ന പ്രത്യേക സമ്മേളനത്തിൽ, ദളിത് ക്രൈസ്തവർ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ, തീരദേശവാസികളും മൽസ്യ തൊഴിലാളികളും നേരിടുന്ന വെല്ലുവിളികൾ, കേരളത്തിന്റെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ തുടങ്ങിയവയ്ക്കൊപ്പം ഈ കാലഘട്ടത്തിലെ ചില പ്രത്യേക പ്രതിസന്ധികളും അനാവശ്യ വിവാദങ്ങളും ചർച്ച ചെയ്യപ്പെട്ടു. സാമൂഹിക തിന്മകൾക്കെതിരെ ശക്തമായ നിലപാട് തുടർന്നും സ്വീകരിക്കുമെന്നും, സാമുദായിക സൗഹാർദ്ദത്തിനായി മുമ്പെന്നതുപോലെ നിലകൊള്ളുമെന്നും അഭിവന്ദ്യ പിതാക്കന്മാർ ഒറ്റക്കെട്ടായി പ്രഖ്യാപിച്ചു. കൊവിഡ് പശ്ചാത്തലത്തിൽ കടുത്ത ദുരിതത്തിൽ അകപ്പെട്ടിരിക്കുന്ന സാധാരണക്കാരിൽ സാധാരണക്കാരായ മലയോര കർഷകർ, തീരദേശവാസികൾ തുടങ്ങിയവർക്ക് നീതിനടത്തിക്കൊടുക്കണമെന്നും, ദളിത് ക്രൈസ്തവർ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളിൽ ഇടപെടണമെന്നും കെസിബിസി സമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു.



**പ്രസ്താവനകൾ**

## മതസൗഹാർദത്തിനുവേണ്ടിയും സാമൂഹിക തിന്മകൾക്കെതിരായും പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിക്കും: കെസിബിസി

കൊച്ചി: കേരളത്തിന്റെ മതസൗഹാർദത്തിനും സാംസ്കാരികോന്നമനത്തിനും വേണ്ടി വിദ്യാഭ്യാസ കാരുണ്യശുശ്രൂഷകളിലൂടെയും സാമൂഹിക സമത്വത്തിനുവേണ്ടിയുള്ള ഉദ്യമങ്ങളിലൂടെയും വിലയേറിയ സംഭാവനകൾ നൽകികൊണ്ടിരിക്കുന്ന സമൂഹമാണ് കേരള കത്തോലിക്കാ സഭ. ''ഞാൻ വന്നിരിക്കുന്നത് ജീവനുണ്ടാകാനും അത് അവർക്കു സമൃദ്ധമായി ഉണ്ടാകാനുമാണ്'' (യോഹ 10:10) എന്ന ക്രിസ്തുവിന്റെ തിരുവചനം ഉൾക്കൊണ്ട് സമൂഹത്തിന്റെ സമൃദ്ധമായ ജീവനെ ലക്ഷ്യം വച്ച് അജപാലകർ നൽകുന്ന മുന്നറിയിപ്പുകളെ ദുരുദ്ദേശ്യപരമായി വ്യാഖ്യാനിച്ചും പർവതീകരിച്ചും മതമൈത്രിയേയും ആരോഗ്യകരമായ സഹവർത്തിത്വത്തെയും ദുർബലപ്പെടുത്തുന്ന ശൈലികളെ കേരള കത്തോലിക്കാ മെത്രാൻ സമിതി ഒറ്റക്കെട്ടായി നിരാകരിക്കുന്നു. സാമൂഹിക തിന്മകളെ ചൂണ്ടിക്കാണിക്കുമ്പോൾ അതിനു മറ്റു നിറങ്ങൾ ചാർത്തി യഥാർത്ഥ വിഷയങ്ങളിൽനിന്നു വ്യതിചലിക്കാതെ വിശദമായ പഠനങ്ങളും ഗൗരവമായ അന്വേഷണങ്ങളും നടത്തി ശക്തമായ നടപടികൾ സ്വീകരിക്ക

www.malankaralibrary.com



ണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ സഭകൾ തമ്മിൽ ഭിന്നതയുണ്ടെന്നുവരുത്തി തീർക്കാനുള്ള ഗൂഢശ്രമങ്ങളെ കേരള കത്തോലിക്കാ മെത്രാൻസമിതി തള്ളിക്കളയുന്നു.

മതാന്തര സംഭാഷണങ്ങളും മതസൗഹാർദ്ദവും കത്തോലിക്കാസഭയുടെ അടിസ്ഥാന ദർശനങ്ങളായ സത്യം, സ്നേഹം, നീതി എന്നിവയിൽ അധിഷ്ഠിതമാണ്. ഈ കാര്യത്തിൽ കത്തോലിക്കാസഭയുടെ പരമാധ്യക്ഷനായ ഫ്രാൻസിസ് മാർപാപ്പയുടെ നിലപാടു തന്നെയാണ് കേരള കത്തോലിക്കാസഭയുടേത്. എക്കാലവും മതേതരത്വവും മത സൗഹാർദ്ദവും ഇവിടെ പുലരണമെന്ന് കേരളകത്തോലിക്കാ മെത്രാൻ സമിതി ആത്മാർത്ഥമായി ആഗ്രഹിക്കുകയും അതിനായി എക്കാലവും ശക്തമായി പ്രവർത്തിക്കുകയും ചെയ്യും. സാമൂഹിക തിന്മകൾക്കെതിരായ പോരാട്ടത്തിൽ ഇതര സമൂഹങ്ങളോടൊപ്പം തുടർന്നു പ്രവർത്തിക്കാനുള്ള സന്നദ്ധതയും അറിയിക്കുന്നു.

ക്രിസ്തുവിന്റെ മനോഭാവത്തോടെ സർവ്വരേയും ആദരവോടെ കരുതുവാൻ എല്ലാവരും ശ്രമിക്കണമെന്ന് സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു. (29/9/2021)

---

# കേരളത്തിലെ കർഷകർക്കും തീരദേശവാസികൾക്കും ദളിതർക്കും നീതി ഉറപ്പുവരുത്തണം: കെസിബിസി

സെപ്റ്റംബർ 29ന് പിഒസിയിൽ ചേർന്ന കെസിബിസിയുടെ പ്രത്യേക സമ്മേളനം കേരളത്തിലെ ദളിത് വിഭാഗത്തിൽപ്പെട്ടവരും കർഷകരും തീരദേശനിവാസികളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ശക്തമായ ഇടപെടലുകൾ നടത്തണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു. കോവിഡിന്റെ പ്രത്യേക പശ്ചാത്തലത്തിൽ വലയുന്ന കേരള സമൂഹത്തിൽ അർഹമായ പരിഗണന ലഭിക്കാത്തതിനാൽ കൂടുതൽ ദുരിതത്തിൽ അകപ്പെട്ടിരിക്കുന്ന സാധാരണക്കാർക്കൊപ്പമാണ് സഭ.

കേരളത്തിന്റെ ഭക്ഷ്യസുരക്ഷയും സാമ്പത്തികസ്ഥിതിയും മെച്ചപ്പെടുത്താൻ നിർണ്ണായക പങ്ക് വഹിച്ചിട്ടുള്ള കുടിയേറ്റ കർഷകരുടെയും മലയോര ഗ്രാമങ്ങളിൽ ജീവിക്കുന്നവരുടെയും ഭാവി ഇരുളടഞ്ഞിരിക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. വന്യജീവി ആക്രമണങ്ങൾ വർദ്ധിച്ചുകൊണ്ടിരി ക്കുന്നതും, പരിസ്ഥിതി നിയമങ്ങളുടെ പേരിൽ കുടിയിറക്ക് ഭീഷണി നേരിടുന്നതും, കാർഷിക വൃത്തി ദുഷ്കരമായി മാറിയിരിക്കുന്നതും, കടബാധ്യത വർദ്ധിക്കുന്നതും വലിയ ഒരു സമൂഹത്തെ ആശങ്കയിലാഴ്ത്തിയിരിക്കുന്നു. അവരുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാനും, മലയോര കർഷകരുടെ സാഹചര്യങ്ങൾ മനസ്സിലാക്കി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ബഫർ സോൺ പുനർനിർണ്ണയം നടത്താൻ ആവശ്യപ്പെടാനും സംസ്ഥാന സർക്കാർ തയ്യാറാകണം. വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്ന് സമീപവാസികളെയും അവരുടെ കൃഷിയിടങ്ങളെയും സംരക്ഷിക്കാൻ ആവശ്യമായ പദ്ധതികളും, കാർഷിക മേഖലയുടെ പുനഃരുദ്ധാരണത്തിന് ആവശ്യമായ നടപടികളും ഉണ്ടാകേണ്ടതുണ്ട്.

വലിയ അരക്ഷിതാവസ്ഥയിലും ഭീഷണികളിലും കഴിയുന്ന തീരദേശവാസികളുടെ പ്രശ്നങ്ങളിൽ അനുഭാവപൂർണമായ ഇടപെടലുകൾ ഉണ്ടാവേണ്ടതുണ്ട്. വർദ്ധിച്ചുവരുന്ന കടലാക്രമണങ്ങൾ, തീരശോഷണം എന്നിവമൂലം അപകടാവസ്ഥയിൽ കഴിയുന്ന കുടുംബങ്ങൾക്ക് സുരക്ഷിത വാസസ്ഥലമൊരുക്കാൻ സത്വര നടപടികൾ ഉണ്ടാകണം. ചെല്ലാനം വലിയതുറ പോലുള്ള വിവിധ മേഖലകളിൽ കടലാക്രമണം മൂലം ദുരിതമനുഭവിക്കുന്ന ജനതയ്ക്ക് ശാശ്വത പരിഹാരം താമസംവിനാ ഒരുക്കപ്പെടണം. സർക്കാർ തുടങ്ങിവച്ച ചെല്ലാനം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണം. ബ്ലൂ ഇക്കോണമിയുടെ ഭാഗമായ പദ്ധതികൾ മൽസ്യ തൊഴിലാളികളുടെയും തീരദേശവാസികളുടെയും ജീവിതത്തിൽ പ്രതിബന്ധമാകില്ല എന്ന് സർക്കാർ ഉറപ്പുവരുത്തണം. ഇത്തരത്തിലുള്ള വിവിധ ആശങ്കകൾ പരിഹരിക്കാൻ സർക്കാർ മുൻകൈ എടുക്കുകയും, കാലങ്ങളായി ഒരു വലിയ സമൂഹം അനുഭവിക്കുന്ന പ്രതിസന്ധികൾക്ക് പരിഹാരം ഉണ്ടാവുകയും വേണം.

ദളിത് ക്രൈസ്തവർ നേരിടുന്ന കടുത്ത വിവേചനം അവസാനിപ്പിക്കാൻ കേരളസർക്കാർ പ്രത്യേകം ഇടപെടലുകൾ നടത്തണമെന്നും കേരളകത്തോലിക്ക മെത്രാൻ സമിതി ആവശ്യപ്പെട്ടു. മറ്റുള്ള പട്ടികജാതി വിഭാഗങ്ങളിൽ പെട്ടവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ദളിത് ക്രൈസ്തവർക്കും ലഭിക്കാൻ നടപടികൾ സ്വീകരിക്കണം. ദളിത് ക്രൈസ്തവ സംവരണത്തിനായി കേന്ദ്ര സർക്കാരിലേക്ക് സംസ്ഥാന സർക്കാർ ശുപാർശ നൽകണം. ജനസംഖ്യാനുപാതികമായി അവർക്ക് ആനുകൂല്യങ്ങളും പരിഗണനകളും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും കെസിബിസി സർക്കാരിനോട് ആവശ്യപ്പെട്ടു. (02/10/2021)

www.malankaralibrary.com

# യുവജനങ്ങൾ നിതാന്ത ജാഗ്രത പുലർത്തണം



**എട്ടുനോമ്പ് തിരുനാളിന്റെ സമാപന ത്തോടനുബന്ധിച്ചു കുറവിലങ്ങാട്ട് പള്ളിയിൽ പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് നടത്തിയ പ്രസംഗത്തിൽനിന്ന്:**

**കേ**രളത്തിൽ മറ്റൊരു കാലത്തുമില്ലാത്ത രീതിയിൽ യുവജനങ്ങൾക്കിടയിൽ പ്രശ്നങ്ങളും പ്രതിസന്ധികളും കൂടിവരുന്നു. അവയിൽ പ്രധാനപ്പെട്ട രണ്ട് കാര്യങ്ങളാണ് ലൗജിഹാദും നാർക്കോട്ടിക് ജിഹാദും അറബി ഭാഷയിൽ ജുഹദ് എന്ന മൂലധാതുവിൽ നിന്നാണ് ജിഹാദ് എന്ന് വാക്കിന്റെ ഉത്ഭവം. പരിശ്രമിക്കുക, കഷ്ടപ്പെടുക എന്ന അർഥങ്ങളാണ് ഈ വാക്കിനുള്ളത്. ജിഹാദിനാകട്ടെ കഠിനമായി പരിശ്രമിക്കുക, കഷ്ടപ്പെടുക എന്ന അർഥങ്ങളുമാണ്. ലക്ഷ്യം സാധിക്കുന്നതിനു വേണ്ടി ഒരു വ്യക്തി നടത്തുന്ന തീവ്രപരിശ്രമത്തെയാണ് ജിഹാദ് എന്നുപറയുന്നത്. കേരളത്തിന്റെ മുൻ ഡിജിപി ലോക്നാഥ് ബഹ്റ ഒരിക്കൽ പറഞ്ഞു കേരളം തീവ്രവാദികളുടെ റിക്രൂട്ടിംഗ് സെന്ററാകുന്നുവെന്നും തീവ്രവാദികളുടെ സ്ലീപ്പിംഗ് സെല്ലുകൾ ഇവിടെയുണ്ടെന്നും, വേറെയാരുമല്ല, ഇതിന്റെയെല്ലാം ചുമതല നോക്കേണ്ട തലപ്പത്തുള്ളയാൾ പറഞ്ഞതാണിത്.

ലോകത്ത് നീതിയും സമാധാനവും ഇസ്ലാം മതവും സ്ഥാപിക്കാൻ യുദ്ധവും സമരവുമൊക്കെ ചെയ്യണമെന്ന തീവ്രവാദമാണു ചുരുക്കം ചില മുസ്ലിം ഗ്രൂപ്പുകൾ ഉയർത്തുന്നത്. നമുക്കത് അറിവുള്ളതാണ്. വർഗീയതയും വിദ്വേഷവും വെറുപ്പും മതസ്പർദ്ധയും അസഹിഷ്ണുതയും വളർത്താൻ ശ്രമിക്കുന്ന ജിഹാദി തീവ്രവാദികൾ ലോകമെമ്പാടുമുണ്ട്. ഈ കൊച്ചുകേരളത്തിലുമുണ്ട്.

### ലൗ ജിഹാദ്

നമ്മുടെ ജനാധിപത്യ രാജ്യത്ത് ആയുധമെടുത്ത് മറ്റ് മതസ്ഥരെ നശിപ്പിക്കുക എളുപ്പമല്ലായെന്നു തിരിച്ചറിഞ്ഞ ജിഹാദികൾ ആരും എളുപ്പത്തിൽ തിരിച്ചറിയാൻ പറ്റാത്ത മറ്റു മാർഗങ്ങളാണ് ഉപയോഗിക്കുന്നത്. ജിഹാദികളുടെ കാഴ്ചപ്പാടിൽ അമുസ്ലീങ്ങൾ നശിപ്പിക്കപ്പെടേണ്ടവരാണ്. ലക്ഷ്യം മതവ്യാപനവും അമുസ്ലീങ്ങളുടെ നാശമാകുമ്പോൾ അതിന് സ്വീകരിക്കുന്ന മാർഗങ്ങൾക്ക് പലരൂപങ്ങളും ഉണ്ടാകുന്നുണ്ട്.അത്തരം രണ്ട് മാർഗങ്ങളാണ് ഇന്ന് വ്യാപകമായി ചർച്ചചെയ്യപ്പെടുന്ന ലൗ ജിഹാദും നാർക്കോട്ടിക് ജിഹാദും. ദുരുപയോഗിക്കുക, മതംമാറ്റുക, താവ്രവാദപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക, വിശ്വാസത്യാഗം ചെയ്യിക്കുക, സാമ്പത്തിക നേട്ടം ഉണ്ടാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ നേടാനാണ് മറ്റുമതത്തിൽപെട്ട പെൺകുട്ടികളെ പ്രണയിച്ചോ മറ്റു മാർഗങ്ങളിൽ കൂടിയോ ജിഹാദികൾ വശത്താക്കുന്നത്.

മാതാപിതാക്കളുടെയോ മറ്റു കുടുംബാഗങ്ങളുടെയോ അറിവോ സമ്മതമോ ഇല്ലാതെ പതിനെട്ട് വയസ് പൂർത്തിയാകുമ്പോൾതന്നെ നടത്തപ്പെടുന്ന പ്രണയ വിവാഹങ്ങളുടെ എണ്ണവും തട്ടിക്കൊണ്ട്പോകലും വിവാഹംകഴിച്ച് കുറേ കഴിയുമ്പോൾ ഉപേക്ഷിക്കപ്പെടുന്ന സംഭവങ്ങളും കൂടുതലായി അടുത്തനാളുകളിൽ റിപ്പോർട്ട് ചെയ്യപ്പടുന്നുണ്ട്.

കേരളത്തിൽനിന്നു മതപരിവർത്തനം നടത്തപ്പെട്ട അഫ്ഗാനിസ്ഥാനിലെ തീവ്രവാദ ക്യാമ്പുകകളിൽപെട്ട ഫാത്തിമ, ഹിന്ദുവിശ്വാസിയായിരുന്ന നിമിഷയായിരുന്നു. ആയിഷ ക്രിസ്ത്യാനിയായിരുന്ന സോണിയ സെബാസ്റ്റ്യനായിരുന്നു. തുടങ്ങിയവർ ഏതാനും ചില ഉദാഹരണങ്ങൾ മാത്രമാണ് ഹിന്ദു, ക്രിസ്ത്യൻ വിശ്വാസികളായിരുന്ന ഇവർ എങ്ങനെ തീവ്രവാദ ക്യാമ്പുകളിൽ എത്തിയെന്ന് ഗൗരവകരമായി പഠിക്കേണ്ട വിഷയമാണ്. എങ്ങനെയാണ് ഒരു പെൺകുട്ടിയെ വശത്താക്കാൻ സാധിക്കുന്നതെന്നു വിദഗ്ധ പരിശീലനം നേരിയവരാണ് ജിഹാദികളെന്നാണ് പറയപ്പെടുന്നത്.

മാതാപിതാക്കളെയും കുടുംബങ്ങളെയും മതത്തെയും വിശ്വാസത്തെയും തള്ളിപ്പറയാൻ തക്കവിധം മസ്തിഷ്ക പ്രക്ഷാളനം നടത്തപ്പെട്ട പെൺകുട്ടികളുടെ പെരുമാറ്റത്തിൽ വിങ്ങിപ്പൊട്ടുന്ന മാതാപിതാക്കളുടെ നിലവിളികൾ കോടതി പരിസരത്ത് അനേകതവണ കണ്ട് ബോധ്യപ്പെട്ടതാണ്. തുടക്കത്തിൽ കുടുംബാഗങ്ങൾ ഒന്നും അറിയുന്നില്ല. അറിയുമ്പോഴേക്കും എല്ലാം കൈവിട്ടു പോയിരിക്കും, ആരെയും അറിയിക്കാതെ നോക്കാൻ അറിയാവുന്നവരുടെ നിയന്ത്രണത്തിലായിപ്പോകുകയാണ് ഇവർ, ഇളം പ്രായത്തിൽതന്നെ പെൺകുട്ടികളെ വശത്താക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളുകൾ, കോളജുകൾ, ഹോസ്റ്റലുകൾ കച്ചവട സ്ഥാപനങ്ങൾ, ട്രെയിനിംഗ് സെന്റുകൾ എന്നു വേണ്ട ഒരുവിധം ആളുകൾ കൂടുന്നിടത്തെല്ലാം തീവ്രവാദ ചിന്താഗതിക്കാരായ ജിഹാദികൾ വലവിരിച്ചിട്ടുണ്ട്.

കേരളത്തിൽ ലൗജിഹാദില്ലായെന്ന് സ്ഥാപിച്ചെ

www.malankaralibrary.com

ടുക്കാൻ ശ്രമിക്കുന്നവർ വെറുതെ കണ്ണടച്ച് ഇരുട്ടാക്കുകയാണ്. അങ്ങനെ ശ്രമിക്കുന്ന രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക മാധ്യമ പ്രവർത്തകർക്ക് അവരുടേതായ നിക്ഷിപ്തതാൽപര്യമുണ്ടാകാം ഒരു കാര്യം പകൽപോലെ വ്യക്തമാണ്. നമ്മുടെ പെൺകുട്ടികളെ നമുക്ക് നഷ്ടപ്പെടുന്നുണ്ട്. അവ കേവലം പ്രണയ വിവാഹങ്ങ ളല്ല, മറിച്ച് നശിപ്പിക്കലുകളാണ്.

**വിവാഹശേഷം സംഭവിക്കുന്നത്**

ഇത് ഒരു യുദ്ധതന്ത്രമാണ്. ഒരു യുവാവും യുവതിയും തമ്മിൽ സ്നേഹിച്ചാൽ അത് രണ്ട് മതത്തിൽ നിന്നായാൽ എന്താണ് തെറ്റെന്നത് ഒരു സിംപിൾ ചോദ്യമാണ്. പക്ഷേ, അവർ ഏതുവിധേനയാണു വിവാഹത്തിലേക്ക് വന്നതെന്നും തുടർന്ന് അവർക്ക് എന്ത് സംഭവിക്കുന്നുവെന്നതും ഒരു വലിയ ചോദ്യമായി നിൽക്കുകയാണ്. പെൺകുട്ടികളെ വിശ്വാസ ത്യാഗത്തിലേക്കും തുടർന്ന് ഭീകര ക്യാമ്പുകളിലേക്കും നയിക്കുന്നതായിട്ടാണ് കാണാൻ സാധിക്കുന്നത്. ഈ ലൗ ജിഹാദിനെയാണ് എതിർക്കുന്നത്. നമ്മുടെ കുട്ടികൾ നഷ്ടപ്പെട്ട മാതാപിതാക്കളുടെ എണ്ണം കൂടിവരുന്നു.

**നാർക്കോട്ടിക് ജിഹാദ്**

രണ്ടാമത് നാർക്കോട്ടിക് അഥവാ ഡ്രഗ് ജിഹാദാണ് അമുസ്ലീങ്ങളായവരെ, പ്രത്യേകിച്ച് യുവജനങ്ങളെ മയക്കുമരുന്നിന് അടിമകളാക്കി അവരുടെ ജീവിതം നശിപ്പിച്ചുകളയുന്ന രീതിയേയാണ് നാർക്കോട്ടിക് ഡ്രഗ് ജിഹാദ് എന്ന് നമ്മൾ സാധാരണ പറയുന്നത്. വർധിച്ചു വരുന്ന കഞ്ചാവ്, മയക്കുമരുന്ന് കച്ചവടങ്ങൾ ഇതിലേക്ക് വിരൽചൂണ്ടുന്നതാണ്. തീവ്രനിലപാട് പുലർത്തുന്ന ജിഹാദികൾ നടത്തുന്ന ഐസ്ക്രീം പാർലറുകൾ മധുരപാനീയ കടകൾ, ഹോട്ടലുകൾ മുതലായവ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഇവർ മുസ്ലീങ്ങളെ നശിപ്പിക്കാനുള്ള ആയുധമായി വിവിധ മയക്കുമരുന്നുകൾ ഉപയോഗിക്കുന്നുവെന്നത് നമ്മുടെ സമൂഹത്തിൽ ചർച്ചയാകുന്നുണ്ട്.

മയക്കുമരുന്നിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്ന റേവ് പാർട്ടികളും അവയിൽനിന്നു പിടിക്കപ്പെടുന്നവരുടെ വിവരണങ്ങളും ഈ വസ്തുത വീണ്ടും നമ്മുടെ മുമ്പിൽ എത്തിക്കുന്നു. മയക്കുമരുന്നിൽ പെട്ട് രോഗികളായി പഠനവും ജോലിയും ഉപേക്ഷിച്ച് ജീവിതം തകർക്കുന്നവരുടെ എത്രയോ ഉദാഹരണങ്ങളാണ് കണ്ടുകൊണ്ടിരിക്കുന്നത്. കലാസാംസ്കാരിക രംഗത്തെ അന്യമതവിദ്വേഷങ്ങൾ മറ്റ് മതങ്ങളുടെ ആചാരങ്ങളെ പരിഹസിക്കുകയും ഇകഴ്ത്തികാണിക്കുകയും ചെയ്യുന്ന രീതിയിലുള്ള പ്രോഗ്രാമുകൾ, പ്രത്യേക ഭക്ഷണം, ഹലാൽ ഫുഡ് തുടങ്ങിയ ബിസിനസ് തന്ത്രങ്ങൾ, മാർക്കറ്റിലുള്ള വിലയേക്കാൾ പതിൻമടങ്ങ് വില നൽകിയുള്ള വൻകിട ഭൂമിയിടപാടുകൾ, സമാന്തര ടെലിഫോൺ എക്സ്ചേഞ്ചുകൾ, ആയുധ കടകൾ തുടങ്ങിയവയെല്ലാം ഇതിന്റെ ഉദാഹരണങ്ങളാണ്. ഇത്തരം വാർത്തകളൊക്കെ തമസ്കരിക്കുകയോ നിസാരവത്കരിക്കുകയോ ചെയ്യുന്ന മാധ്യമ നിലപാടുകൾ പല തരത്തിൽ പൊതു സമൂഹത്തെ അസ്വസ്ഥത പെടുത്തുന്നുണ്ട്.

**വിവേകമുള്ളവരാകുക**

ഇത്തരം പ്രതിസന്ധികളെ നേരിടാൻ യുവജനങ്ങൾ നിതാന്തജാഗ്രത പുലർത്തണം. പലതരത്തിലുള്ള ചതിക്കുഴികൾ നമുക്ക് ചുറ്റുമുണ്ടെന്ന ബോധ്യം വേണം. അവയെപ്പറ്റി പഠിക്കുകയും പ്രതിവിധികൾ തേടുകയും ചെയ്യണം. സുഹൃത്തുക്കളെ തെരഞ്ഞെടുക്കുമ്പോൾ സർപ്പത്തെപ്പോലെ വിവേകമുള്ളവരായിരിക്കണം. ക്രൈസ്തവ വിശ്വാസത്തെക്കുറിച്ചു കൂടുതലായി അറിയണം. പഠിക്കണം. പ്രാവർത്തികമാക്കണം. ക്ലബ് ഹൗസ്, ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക് മുതലായ സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള സൗഹൃദങ്ങളിൽ അപകടസാധ്യത കൂടുതലുണ്ടെന്ന് തിരിച്ചറിയണം. തീവ്രനിലപാടുകളുള്ള അന്യമതവിശ്വാസികളുമായി വിരുന്നു പാർട്ടികൾക്ക് പോകണോയെന്നും വിവേകത്തോടെ ആലോചിക്കേണ്ടതാണ്.

റേവ് പാർട്ടികളിൽ പങ്കെടുക്കുന്നവർ ചതിക്കപ്പെടുന്നതായും ദുരുപയോഗിക്കപ്പെടുന്നതായും യുവജനങ്ങൾതന്നെ പല വേദികളിലും പറയാറുണ്ട്. എതെങ്കിലും മറ്റുമതത്തോടുള്ള വിരോധംകൊണ്ടോ എതിർപ്പുകൊണ്ടോ ഒന്നുമല്ല, നമ്മുടെ കുഞ്ഞുങ്ങൾ നമുക്ക് നഷ്ടപ്പെടെരുതെന്ന ചിന്ത മാത്രമാണ് ഈ തിരുനാൾ ദിനത്തിൽ നിങ്ങളോട് ഇതു പറയാനായിട്ട് എന്നെ പ്രേരിപ്പിച്ചത്.

■



www.malankaralibrary.com



## പാലാ ബിഷപ്പിന്റെ പ്രസംഗം ഒരു സമുദായത്തിനും എതിരായല്ലെന്ന് മാർ ജേക്കബ് മുരിക്കൻ

പാലാ: സമൂഹത്തിൽ പ്രകടമായിക്കൊണ്ടിരിക്കുന്ന അപകടകരമായ പ്രവണതകളെക്കുറിച്ചുള്ള മുന്നറിയിപ്പാണ് ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് പങ്കുവച്ചതെന്ന് പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ. ഇത് എതെങ്കിലും ഒരു സമുദായത്തിന് എതിരല്ല. എല്ലാ മനുഷ്യർക്കും ബാധകമായ പൊതുസാഹചര്യമാണ്. സമുദായങ്ങളിലെ മഹാഭൂരിപക്ഷം വരുന്ന നല്ല വിശ്വാസികളെയും മതാചാര്യന്മാരെയും നിഷ്പ്രഭരാക്കി മതങ്ങളുടെ പേരും ചിഹ്നങ്ങളും സംജ്ഞകളും ഉപയോഗിച്ച് തീവ്ര മൗലികവാദങ്ങളും സാമൂഹ്യവിരുദ്ധ പ്രവർത്തനവും നടത്തുന്ന വളരെ ചെറിയ ഒരു വിഭാഗത്തിന്റെ നടപടികളെ എല്ലാ സമുദായങ്ങളും ഗൗരവമായി കാണണമെന്നാണ് അദ്ദേഹം ഉദ്ബോധിപ്പിച്ചത്.

എല്ലാം മതങ്ങളെയും തന്റെ ഹൃദയത്തിൽ സ്വന്തമായി സൂക്ഷിച്ച് സ്നേഹിക്കുന്ന മാനവികതയുടെ വലിയ മനുഷ്യ വ്യക്തിത്വമാണ് മാർ ജോസഫ് കല്ലറങ്ങാട്ട്. ആരെയും വേദനിപ്പിക്കരുതെന്ന ഹൃദയാഭിലാഷമാണ് അദ്ദേഹം നൽകിയത്. തിന്മയുടെ വേരുകൾ പിഴുതെറിയാനുള്ള സമൂഹത്തിന്റെ കടമ അദ്ദേഹം നമ്മെ ഓർമിപ്പിച്ചു. തെറ്റിദ്ധാരണാജനകമായ പ്രചരണങ്ങൾ അവസാനിപ്പിക്കുകയും പരസ്പരം തിരുത്തി ഏകോദര സഹോദരങ്ങളെ പോലെ നമുക്ക് ജീവിക്കുകയും ചെയ്യണമെന്നും മാർ ജേക്കബ് മുരിക്കൻ പറഞ്ഞു. (ദീപിക,12/9/2021)

## ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിന് ശക്തമായ പിന്തുണ: എസ്എംവൈഎം

കൊച്ചി: ലൗ ജിഹാദ്, നാർക്കോട്ടിക് ജിഹാദ് തുടങ്ങിയ പച്ചയായ സത്യങ്ങൾ വിളിച്ചു പറഞ്ഞ പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിന് എസ്എവൈഎം സംസ്ഥാന സമിതി ഐക്യദാർഢ്യം അറിയിച്ചു, അജഗണങ്ങളെ വിശ്വാസത്തിൽ അടിയുറപ്പിക്കുന്നതിനും സാമൂഹിക വിപത്തുകളിൽ നിന്നു സംരക്ഷിക്കുനാമുള്ള ഒരു മേലധ്യക്ഷന്റെ ഉത്തരവാദിത്തമാണ് അദ്ദേഹം ചെയ്തതെന്ന് എസ്എംവൈഎം വിലയിരുത്തി. സംസ്ഥാന പ്രസിഡന്റ് ജൂബിൻ കൊടിയംകുന്നേൽ, ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി, ജനറൽ സെക്രട്ടറി മെൽബിൻ പുളിയംതോട്ടിയിൽ, വൈസ് പ്രസിഡന്റ് അഞ്ചുമോൾ ജോണി പൊന്നാമ്പേൽ, ഡെപ്യൂട്ടി പ്രസിഡന്റ് ജിതിൻ മുടപ്പാലയിൽ സെക്രട്ടറി ആൽബിൻ വറപ്പോളയ്ക്കൽ, ജിബിൻ താന്നിക്കാമറ്റത്തിൽ, കൗൺസിലർമാരായ ആൽവിൻ ഞായർകുളം, ദിവ്യ വിജയൻ കൊടിത്തറ എന്നിവർ പ്രസംഗിച്ചു. (ദീപിക, 12/9/2021)

## പാലാ ബിഷപ്പിന് ഐക്യദാർഢ്യവുമായി സംഘടനകളും രാഷ്ട്രീയ പാർട്ടികളും

പാലാ: പാലാ ബിഷപ്പിന്റെ പ്രസ്താവനക്കെതിരെ മുസ്ലിം സംഘടനകൾ നടത്തിയ പ്രകടനത്തിനു പിന്നാലെ വിവിധ സംഘടനകളും രാഷ്ടീയ പാർട്ടികളും ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ടിന് ഐക്യദാർഢ്യവുമായി രംഗത്തുവന്നു.

വൈകുന്നേരം ബിഷപ്പ് ഹൗസിനു മുന്നിൽ എകെസിസി, കേരളാ കോൺഗ്രസ്, കോൺഗ്രസ്, ബിജെപി പ്രവർത്തകൾ യോഗം ചേർന്ന് ബിഷപ്പിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു, ബിജെപി യോഗം ജില്ലാ പ്രസിഡന്റ് നോബിൾ മാത്യു ഉദ്ഘാടനം ചെയ്തു. പാലാ നിയോജകമണ്ഡലം പ്രസിഡന്റ് രഞ്ജിത് മീനാഭവൻ നേതൃത്വം നൽകി. കേരളാ കോൺഗ്രസ് യോഗം ജില്ലാ പ്രസിഡന്റ് സജി മഞ്ഞക്കടമ്പിൽ ഉദ്ഘാടനം ചെയ്തു. (ദീപിക, 11/9/2021)

## മയക്കുമരുന്ന് ജിഹാദ് ഉണ്ട്! പഞ്ചാബിൽ പിടിയിലായ പാക്കിസ്ഥാനിയുടെ കുറ്റസമ്മതം

ചണ്ഡിഗഢ്: മയക്കുമരുന്നു ജിഹാദിന്റെ ഭാഗമായി പാക്കിസ്ഥാനിൽനിന്ന് ഇന്ത്യയിലേക്കു ധാരാളമായി മയക്കുമരുന്നു കടത്തിയിട്ടുണ്ടെന്നു പാക്കിസ്ഥാനി കള്ളക്കടത്തുകാരന്റെ കുറ്റസമ്മതം ചർച്ചയാകുന്നു. 2016 ജൂണിലാണ് റംസാൻ (32) എന്ന പാക്കിസ്ഥാനിയായ മയക്കുമരുന്നു കള്ളക്കടത്തുകാരനെ പഞ്ചാബ് പൊലീസും അതിർത്തി രക്ഷാസേനയും ചേർന്ന് അറസ്റ്റ് ചെയ്തത്.

ഇയാളെ ചോദ്യം ചെയ്തപ്പോഴാണ് ഞെട്ടിക്കുന്ന വെളിപ്പെടുത്തൽ റംസാൻ നടത്തിയത്. ദ ട്രിബ്യൂൺ എന്ന ഇംഗ്ലീഷ് പത്രം ചിത്രംസഹിതം ഇതിന്റെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിരുന്നു. 2016 ജൂൺ 13-നാണ് റംസാനെ മയക്കുമരുന്നുമായി ഫസിൽക ജില്ലയിലെ സോവാന അതിർത്തി ഔട്ട്പോസ്റ്റിൽനിന്നു പിടിച്ചത്. ഇന്ത്യയിലെ യുവതലമുറയെ നശിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് വൻ തോതിൽ മയക്കുമരുന്ന് ഇവിടേക്ക് ഇറക്കുന്നതെന്ന് ഇയാളെ ചോദ്യം ചെയ്യലിൽ പഞ്ചാബ് പൊലീസിനോടു വെളിപ്പെടുത്തിയെന്നും റിപ്പോർട്ടിൽ പറയുന്നു.

ഇങ്ങനെ മയക്കുമരുന്നു കടത്തുന്ന റംസാനെപ്പോലെയുള്ളവർക്ക് അഞ്ചുലക്ഷം രൂപയാണ് ഒരു ഓപ്പറേഷനു പ്രതിഫലമായി ലഭിക്കുന്നതെന്ന് ഫസിൽക ജില്ലാ പൊലീസ് എസ്എസ്പി നരേന്ദ്ര ഭാർഗവ പറഞ്ഞു. ഇങ്ങനെ ചെയ്യുന്നതു ജിഹാദിന്റെ ഭാഗമാണെന്നുപറഞ്ഞു പഠിപ്പിച്ചാണ് തന്നെ ഇതിന്റെ ഭാഗമാക്കിയതെന്നു റംസാൻ വെളിപ്പെടുത്തിയെന്നും നരേന്ദ്ര ഭാർഗവ പറഞ്ഞു.

പാക് ചാരംസംഘടനയായ ഐഎസ്ഐ അടക്കമുള്ള സംഘടനകളുടെ പിന്തുണയോടെയാണ് നാർക്കോട്ടിക് ജിഹാദ് നടക്കുന്നതെന്നും കടത്തുകാർക്ക് ആണ് നൽകുന്നതെന്നും പൊലീസ് വെളിപ്പെടുത്തിയതായി ദ ട്രിബ്യൂൺ റിപ്പോർട്ട് ചെയ്യുന്നു. കേന്ദ്ര ഇന്റലിജൻസ് ഏജൻസി ഇതിനെതിരേ ജാഗ്രത പാലിക്കുന്നുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. (ദീപിക, 12/9/2021)

www.malankaralibrary.com



# പ്രതിലോമശക്തികൾക്കെതിരേ നിശബ്ദത പാലിക്കാനാവില്ല

**മാർ ജോസഫ് പെരുന്തോട്ടം**
**ആർച്ച് ബിഷപ്പ്, ചങ്ങനാശ്ശേരി അതിരൂപത**



**ഈ** നാട് എന്റെയോ നിന്റെയോ മാത്രമല്ല നമ്മുടേതാണ്. നമ്മൾ ഒരുമിച്ചായിരിക്കുമ്പോഴാണ് നമ്മുടേതെന്ന് പറയുവാൻ സാധിക്കുന്നത്. മത, സമുദായ നേതാക്കളും രാഷട്രീയക്കാരും സാംസ്കാരിക നായകന്മാരും മാധ്യമപ്രവർത്തകരും ഒക്കെ ഇക്കാര്യത്തിൽ സഹകരിച്ച് നീങ്ങണം.

ഒരു സമൂഹത്തിന്റെയോ സമുദായത്തിന്റേയോ മാത്രമല്ല, ലോകത്തിന്റെതന്നെ നിലനിൽപ്പിനും ക്ഷേമത്തിനും കുടുംബഭദ്രത അഭംഗം സംരക്ഷിക്കപ്പെടണം. അതിനെതിരായ ശക്തികൾ പിടിമുറുക്കുമ്പോൾ നിശബ്ദത പാലിക്കാനാവില്ല. അതുകൊണ്ടാമണു പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉപദേശരൂപേണ ചില വിപത്തുകൾക്കേതിരേ മുന്നറിയിപ്പു നൽകിയതും ജാഗ്രത പാലിക്കാൻ തന്റെ വിശ്വാസിസമൂഹത്തെ ആഹ്വാനം ചെയ്തതും.

ഹത്തിന്റെയും ലോകത്തിന്റെതന്നെയും സുസ്ഥിതിക്കും വളർച്ചയ്ക്കും നിദാനം.

ഉദാത്തമായ കുടുംബസംസ്കാരത്തെ തകർക്കുന്ന വിധത്തിൽ പല വെല്ലുവിളികളും ഉയരുന്നു. കേരളത്തിലെ കുടുംബങ്ങൾ മുമ്പില്ലാത്ത വിധം ഗുരുതരവും



**കുടുംബഭദ്രത സംരക്ഷിക്കപ്പെടണം**

കുടുംബജീവിതത്തിന്റെ സൗന്ദര്യവും സമാധാനവും പരിശുദ്ധിയും നഷ്ടപ്പെടുത്തി കുടുംബങ്ങളെ തകർക്കുന്ന ചില ഘടകങ്ങൾ കുറച്ചുകാലമായി നമ്മുടെ സമൂഹത്തിൽ ശക്തിയാർജ്ജിക്കുകയാണ്. അനേകരുടെ മനോഭാവങ്ങളെയും മൂല്യബോധത്തെത്തന്നെയും മാറ്റിമറിച്ചുകൊണ്ട് കുടുംബങ്ങളിലും പൊതുസമൂഹത്തിലും അസ്വസ്ഥതകൾ വളർത്തി, കുടുംബങ്ങളുടെ അടിത്തറ ഇളക്കുകയും സാമൂഹ്യജീവിതം കലുഷിതമാക്കുകയും ചെയ്യുന്ന അവസ്ഥ ആശങ്കയുളവാക്കുന്നു. മൂല്യങ്ങളിൽ അധിഷ്ഠിതമായ കുടുംബജീവിതമാണ് ഏതൊരു സമൂ

വ്യത്യസ്തവുമായ ഭിഷണികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. സ്ത്രീപീഡനങ്ങളും ആത്മഹത്യകളും വലിയ തോതിൽ വർധിച്ചുവരുന്നു. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളും യുവതികളും വിവാഹിതരായ വീട്ടമ്മമാർപോലും ഇതിന് ഇരയാകുന്നു. ബലപ്രയോഗങ്ങളെക്കാൾ പ്രണയക്കെണികളിൽപെടുത്തി വഞ്ചിച്ചു ഭീഷണിപ്പെടുത്തിയുമാണ് പല പീഡനങ്ങളും നടക്കുന്നതെന്നാണ് വാർത്താമാധ്യമങ്ങളിൽനിന്ന് നമുക്ക് അറിയാൻ സാധിക്കുന്നത്. ഇത്തരം കെണികൾ ഒരുക്കുന്നതിനുവേണ്ടി മയക്കുമരുന്നുകളും ലഹരിവസ്തുക്കളും ധാരാളമായി ഉപയോഗിക്കപ്പെടുന്നുണ്ട്. ഇതു പെൺകുട്ടികളെ മാത്രമല്ല ആൺകുട്ടികളെയും കെണിയിൽപ്പെടുത്തുകയും ലൈംഗിക ചൂഷണത്തിനും

www.malankaralibrary.com


സാമ്പത്തിക ചൂഷണത്തിനും ഇരയാക്കുകയും ചെയ്യുന്നു.

എത്രയോ കുടുംബങ്ങൾ ഇങ്ങനെ തകർന്നടിഞ്ഞുകൊണ്ടിരിക്കുന്നു! നിഗൂഢലക്ഷ്യത്തോടെ പ്രണയം നടിച്ച് വിവാഹജീവിതത്തിന്റെ പരിവേഷം നൽകി വഞ്ചിച്ച്, ഒരാളെ ജീവിതപങ്കാളി എന്നു പറഞ്ഞ് സ്വന്തമാക്കുകയും, പിന്നീട് മറ്റുകാര്യങ്ങൾക്കായി ദുരുപയോഗിക്കുകയും ചെയ്യുക! അതു ലഹരിമാഫിയ ആകാം. കള്ളക്കടത്താകാം, ഭീകരപ്രവർത്തനമാകാം, മതമൗലികഭീകരതയാകാം, ഗുണ്ടായിസമാകാം, വേശ്യാവൃത്തിയാകാം. ലൗ ജിഹാദോ നാർകോട്ടിക്ക് ജിഹാദോ എന്തുമാകട്ടെ, ഇവയ്ക്ക് സ്വയം അടിമകളാകുന്നതും സമ്മർദംകൊണ്ടോ വഞ്ചിക്കപ്പെട്ടോ അടിമകളാക്കപ്പെടുന്നതും ഏതു കുടുംബത്തിനും സമുദായത്തിനും അപകടകരമാണ്. അതിന്റെ അടിവേരറക്കുന്നതാണ്. സുസ്ഥിതിയും ശരിയായ പുരോഗതിയും ആഗ്രഹിക്കുന്ന ഒരു സമുദായത്തിനോ രാജ്യത്തിനോ ഇതൊന്നും അംഗീകരിക്കാനോ നീതികരിക്കാനോ സാധിക്കുകയില്ല.

**നാർകോട്ടിക് ടെററിസം**

നാർകോട്ടിക് ടെററിസം കേരളത്തിന്റെ പശ്ചാത്തലത്തിൽ അധികം ശ്രദ്ധിക്കപ്പെട്ടില്ലെങ്കിലും അന്താരാഷ്ട്ര വേദികളിൽ വ്യാപകമായ ചർച്ചയ്ക്ക് വഴിതെളിച്ചിട്ടുള്ളതാണ്. 2017-ൽ ഐക്യരാഷ്ട്രസഭയും, യൂറോപ്യൻ ഫൗണ്ടേഷൻ ഫോർ സൗത്ത് ഏഷ്യൻ സ്റ്റഡീസും (EFSAS)ഇതു സംബന്ധി ച്ച് ഗൗരവതരമായ വിവരങ്ങൾ പുറത്തുവിട്ടിട്ടുണ്ട്. താലിബാൻ 400 മില്യൺ യുഎസ് ഡോളറാണ് 2011ൽ സമ്പാദിച്ചതെന്നും ഇതിന്റെ പകുതി മയക്കുമരുന്നു ബിസിനസിലൂടെയാണ് ലഭിച്ചതെന്നും ഐക്യരാഷ്ട്രസഭയുടെ UNODC World Drug Report 2017 പ്രസ്താവിക്കുന്നു. ഇപ്പോൾ താലിബാൻ അഫ്ഗാനിസ്ഥാനിൽ ഭരണം പിടിച്ചെടുത്തതോടുകൂടി മയക്കുമരുന്നു കടത്ത് വ്യാപകമാകാനും കേരളം അതിന്റെ മുഖ്യ വിപണികളിലൊന്നായി തീരാനും സാധ്യതയേറെയാണ്. കേരളത്തിൽ മയക്കുമരുന്ന് കടത്തുകാർ പിടിക്കപ്പെടുന്ന സംഭവങ്ങൾ തുടർച്ചയായി ഉണ്ടാകുന്നത് ഈ സാധ്യതയിലേക്കാണ് വിരൽചൂണ്ടുന്നത്. മയക്കുമരുന്ന് ലൈംഗിക ചൂഷണത്തിനും സാമ്പത്തിക ചൂഷണത്തിനും തീവ്രവാദ പ്രവർത്തകർ ഉപയോഗിക്കുന്നു. പ്രണയതീവ്രവാദവും ലഹരി തീവ്രവാദവും ഒരുമിച്ചു പോകുന്നവയാണ്. മനുഷ്യദ്രോഹപരമായ ഇത്തരം ഭീഷണികളെ ഉന്മൂലനം ചെയ്യാനാണ് എല്ലാവരും ശ്രദ്ധിക്കേണ്ടത്. അധികാരികൾ നിസ്സംഗത പാലിക്കയോ പരോക്ഷമായെങ്കിലും പിന്തുണയ്ക്കുകയോ ചെയ്യുന്നത് ജനങ്ങളുടെയും രാജ്യത്തിന്റെയും ഭാവി അപകടത്തിലാക്കുകതന്നെ ചെയ്യും.

അധോലോക ഭീകരപ്രവർത്തനങ്ങളെക്കുറിച്ച് ഏറക്കാലമായി കേൾക്കുന്നു. അവയുടെ നായകന്മാർ യഥേഷ്ടം വിലസുന്നു, രാജ്യസുരക്ഷയ്ക്കു ശക്തമായ സംവിധാനങ്ങളുണ്ടെന്ന് ആവർത്തിച്ചവകാശപ്പെടുന്ന ജനാധിപത്യരാജ്യത്തിലെ ഭരണാധികാരത്തിന് എന്തുകൊണ്ട് ഇപ്രകാരമുള്ള ശിഥിലീകരണ ശക്തികളെ വരുതിയിലാക്കാൻ സാധിക്കുന്നില്ല? ഓരോ ദിവസവും സ്വർണക്കടത്തിന്റെയും കള്ളപ്പണത്തിന്റെയും മയക്കുമരുന്ന് ഇറക്കുമതി ചെയ്യുന്നതിന്റെയും വാർത്തകൾ കാണാം! എന്തുകൊണ്ടവയെ നിയന്ത്രിക്കാനാവുന്നില്ല! പലപ്പോഴും ഉന്നത അധികാരികളും ഗവൺമെന്റ് ഉദ്യോഗസ്ഥരുമൊക്കെ അവയിൽ പങ്കാളികളോ തലതൊട്ടപ്പന്മാരോ ആണെന്ന് ആരോപിക്കപ്പെടുന്നു: അങ്ങനെയെങ്കിൽ അവ അതീവ ഗുരുതരം തന്നെ.



ഈ സാഹചര്യത്തെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തികഞ്ഞ ഗൗരവത്തോടെ കാണണം കേരളത്തിലെ യുവതലമുറയെ നശിപ്പിക്കുന്ന തീവ്രവാദ പ്രവർത്തനങ്ങളോട് നമ്മൾ നിസ്സംഗരായിരിക്കാൻ പാടില്ല. രാഷ്ട്രീയ പ്രവർത്തകരും സാംസ്കാരിക നായകരും മാധ്യമപ്രവർത്തകരും ഇവിടത്തെ ഭാവിതലമുറയുടെ ഉന്നമനത്തിനും ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കുവാൻ കടപ്പെട്ടവരാണ്. സ്ഥാപിത താല്പര്യങ്ങളും താൽക്കാലിക ലാഭങ്ങളും മാറ്റിവച്ച് ഈ നാടിന്റെ സുസ്ഥിതിക്കും നന്മയ്ക്കുംവേണ്ടി നിലകൊള്ളുവാൻ എല്ലാവരും തയ്യാറാകണം. ഭയപ്പാടില്ലാതെ ഈ സമൂഹത്തിൽ ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കാനും ജനാധിപത്യമൂല്യങ്ങൾ സംരക്ഷിക്കാനും മാതാധിപത്യപ്രവണതയെയും തീവ്രപ്രവർത്തനങ്ങളെയും ചെറുത്തുതോൽപ്പിക്കാനും കേരള സമൂഹം ഒരുമിക്കണം. സ്ത്രീ സുരക്ഷയ്ക്കായും കേരളസമൂഹം ഒരുമിക്കണം. സ്ത്രീസുരക്ഷയും കുടുംബബന്ധങ്ങളുടെ ദൃഢതയും വരുംതലമുറയുടെ ജീവിതഭദ്രതയും നമ്മൾ മറ്റെന്തിനെക്കാളും വിലമതിക്കണം.

**മത-സമുദായ സൗഹാർദത്തിന് കോട്ടം വരരുത്**

ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ ഉയർത്തുന്ന ആശങ്കകൾ ഉൾക്കൊള്ളുന്നതിനും തുറന്ന മനസ്സോടെ ചർച്ച ചെയ്യുന്നതിനും പൊതുരംഗത്തുള്ളവർ തയാറാകണം. ഇക്കാര്യത്തിൽ രാഷട്രീയ പാർട്ടികളും പത്രമാധ്യമങ്ങളും പുലർത്തുന്ന വേർതിരിവുനയങ്ങൾ തിരുത്തപ്പെടേണ്ടവയാണ്. സത്യം തുറന്നുപറയുകയെന്നത് പൊതുധർമബോധത്തിന്റെ ഭാഗമാണ്. ലോകത്തിൽ ധാർമികതയുടെ ശബ്ദമായ സഭയ്ക്ക് സാമൂഹിക തിന്മകളുടെ നേരെ മൗനം പാലിക്കാൻ സാധിക്കുകയില്ല.

മതങ്ങളും സമുദായങ്ങളും നമ്മുടെ രാജ്യത്തു നിലനിൽക്കണം. അവ ഈ രാജ്യത്തിന്റെ സമ്പത്താണ്. അവ ഒരിക്കലും വർഗശത്രുക്കളെപ്പോലെ തമ്മിലടിച്ച് തകരരുത്, ആർക്കും ഭീഷണിയാവുകയും ചെയ്യരുത്. ആരും അവയെ സ്വാർഥതാൽപര്യങ്ങൾക്കുവേണ്ടി ചൂഷണം ചെയ്യരുത്. രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി ആരെയെങ്കിലും തള്ളിപ്പറയുന്നതും പ്രീണിപ്പിക്കുന്നതും ഒരുപോലെ നിഷിദ്ധമാണ്. നീതിയും നിഷ്പക്ഷതയും വെടിഞ്ഞുള്ള മാധ്യമ വിശകലനങ്ങളും ഇടപെടലുകളും നാടിന്റെ നിർമിതിയെ സഹായിക്കുകയില്ല. സാമ്പത്തിക നേട്ടത്തിനുവേണ്ടി സത്യവും ധർമവും കൈവെടിയരുത്.

ഈ നാട് എന്റെയോ നിന്റെയോ മാത്രമല്ല, നമ്മുടേതാണ്. നമ്മൾ ഒരുമിച്ചായിരിക്കുമ്പോഴാണ് നമ്മുടേതെന്നു പറയുവാൻ സാധിക്കുന്നത്. മത,സമുദായ നേതാക്കളും രാഷ്ട്രീയക്കാരും സാംസ്കാരിക നായകന്മാരും മാധ്യമപ്രവർത്തകരും ഒക്കെ ഇക്കാര്യത്തിൽ സഹകരിച്ച് നീങ്ങണം. അപരനെ ഇല്ലാതാക്കി ഒരുവന് നിലനിൽക്കാനാവില്ല. സൗഹാർദത്തിന്റെയും സഹകരണത്തിന്റെയും സംസ്കാരം വളർത്താം. നന്മകൾ പങ്കുവയ്ക്കാം. ആർക്കെങ്കിലും ദോഷം വരുത്തുന്നതിനെ ഉപേക്ഷിക്കാം. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ ഭരണഘടനാമൂല്യങ്ങൾ മുറുകെപ്പിടിക്കാം. അതാകട്ടെ നമ്മുടെ ക്ഷേമരാഷ്ട്രം. ■

www.malankaralibrary.com

# മയക്കുമരുന്നും തീവ്രവാദവും തമ്മിലുള്ള ബന്ധമെന്ത്?



ഫാ. ജസ്റ്റിൻ കാഞ്ഞൂത്തറ MCBS

*നാർക്കോ തീവ്രവാദം, നാർക്കോ ജിഹാദ് എന്നീ വാക്കുകൾ വളരെ വർഷങ്ങൾക്ക് മുൻപ് മുതൽ ദേശീയ അന്തർദേശീയ മാധ്യമങ്ങൾ ഉപയോഗിക്കുന്നതും വിവിധ ഔദ്യോഗിക റിപ്പോർട്ടുകളും പ്രബന്ധങ്ങളും ഈ വിഷയങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളതുമാണ്. ഈ വാക്കുകൾ ഉപയോഗിക്കപ്പെടുന്നതിന്റെ സാംഗത്യം വിവരിക്കുകയാണ് ലേഖകൻ.*

ഇന്ന് ആഗോള വിപണിയിൽ ലഭ്യമായ 80 ശതമാനം മയക്കുമരുന്നുകളുടെയും ഉത്ഭവം അഫ്ഗാനിസ്ഥാൻ ആണ്. ഈ തിരിച്ചറിവില്ലായ്മയാണ് നാർക്കോട്ടിക്ക് ജിഹാദിനെക്കുറിച്ചുള്ള അനാവശ്യ വിവാദങ്ങൾക്ക് വഴിവയ്ക്കുന്നത്. ഇവിടെ ഓരോ ദിവസവും വിപണനം ചെയ്യുന്ന മയക്കുമരുന്നുകൾ കോടികളുടെ ലാഭമുള്ളതാണെന്നു മാത്രമല്ല ഈ ലാഭത്തിന്റെ മോശമല്ലാത്ത വിഹിതം തീവ്രവാദ പ്രവർത്തനങ്ങൾക്കുള്ള പ്രധാന സാമ്പത്തിക സ്രോതസായി മാറുന്നു എന്നുള്ളതും കൂട്ടിവായിക്കുമ്പോഴാണ് മയക്കുമരുന്ന് വിപണനവും തീവ്രവാദവും ബന്ധപ്പെട്ടിരിക്കുന്നത് എങ്ങനെയെന്ന് മനസ്സിലാക്കാൻ കഴിയുന്നത്. അതിനു പുറമെ, ഇസ്‌ലാമിക തീവ്രവാദികൾ ജിഹാദ് എന്ന ലക്ഷ്യത്തിനുവേണ്ടി ഇതുപയോഗിക്കുന്നതിനാലും, ഇതേ മയക്കുമരുന്ന് നൽകി പെൺകുട്ടികളെ പീഡിപ്പിക്കുകയോ, ബ്ലാക്ക്മെയിൽ ചെയ്യുകയോ, മനുഷ്യക്കടത്ത് നടത്തുകയോ ചെയ്യുന്നതിനാലുമാണ് നാർക്കോട്ടിക് ജിഹാദ് എന്ന വിശേഷണം ഉപയോഗിക്കപ്പെടുന്നത്. ഒരു ദശാബ്ദത്തിലേറെയായി വിവിധ ഭാഷകളിലുള്ള നിരവധി ലേഖനങ്ങളിലും റിപ്പോർട്ടുകളിലും ഈ വാക്ക് ഉപയോഗിക്കപ്പെട്ടിരിക്കുന്നതായി കാണാം. ഈ പഠനം ഇന്ത്യയുടെ ഭൂമിശാസ്ത്രത്തെ വിശകലനം ചെയ്തും സമീപകാല കേരളത്തിൽ തീവ്രവാദികളുടെ സാന്നിദ്ധ്യം കണ്ടുവരുന്നതായുള്ള റിപ്പോർട്ടുകളെ അടിസ്ഥാനമാക്കിയും നടത്തിയതും, ഇന്ത്യയുടെ പശ്ചാത്തലത്തിലുള്ളതുമാണ്.

### ഇന്ത്യയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

ഇന്ത്യൻ ആർമിയിൽനിന്ന് ലഭ്യമാകുന്ന വിവരങ്ങൾ അനുസരിച്ച് ബംഗ്ലാദേശ്, ഭൂട്ടാൻ, ഇന്ത്യ, മാലിദ്വീപുകൾ, നേപ്പാൾ, പാക്കിസ്ഥാൻ, ശ്രീലങ്ക മുതലായ തെക്കേ ഏഷ്യൻ രാജ്യങ്ങൾ അനധികൃത മയക്കുമരുന്ന് ഉത്പാദനവിപണന കേന്ദ്രങ്ങളായ Golden crescent, Golden Triangle മേഖലകളുമായി ഇഴപിരിഞ്ഞ് കിടക്കുന്നവയാണ്.

### Golden Triangle (സുവർണ്ണത്രികോണം)

ഈ മേഖല തായ്‌ലന്റ് അതിർത്തി, ലാവോസ്, മ്യാൻമാർ എന്നിവയോട് ചേർന്ന് റുമാക്ക്, മെക്കോങ്ങ് നദിയുമായി കൂടിച്ചേർന്ന് സ്ഥിതിചെയ്യുന്നു. മ്യാൻമാറുമായുള്ള 1643 കിലോമീറ്റർ നീളുന്ന അതിർത്തി ഇന്ത്യക്ക് വലിയൊരു തലവേദന സൃഷ്ടിച്ചിരുന്നു. വടക്കുകിഴക്കൻ ഇന്ത്യയിലെ പല വിമത സംഘടനകൾക്കും പണവും ആയുധവും ലഭിച്ചിരുന്നത് ഇവിടെ നിന്നാണ്. പ്രതികൂല കാലാവസ്ഥാ സാഹചര്യങ്ങളും കൃത്യമായ ഗവൺമെൻറ് ഇടപെടലുകളും ഈ പ്രദേശത്തെ മയക്കുമരുന്നുൽപാദനം ഗണ്യമായതോതിൽ കുറയാനിടയാക്കി. എന്നാൽ ഈ സാഹചര്യത്തിൽ Golden crescent മേഖലയിലെ മയക്കുമരുന്ന് വളർച്ച അനിയന്ത്രിതമായിരുന്നു.

### Golden crescent (സുവർണ്ണചന്ദ്രക്കല)

ഈ പ്രദേശം അഫ്ഗാനിസ്ഥാൻ, ഇറാൻ, പാക്കിസ്ഥാൻ എന്നിവ ഉൾപ്പെടുന്നു. UNITED NATIONS OFFICE ON DRUGS AND NARCOTICS REPORT അനുസരിച്ച് 40 വർഷങ്ങളായി മയക്കുമരുന്ന് മേഖലയിൽ സമ്പൂർണ്ണ ആധിപത്യം അഫ്ഗാനിസ്ഥാൻ സ്വന്തമാക്കിയിട്ട്. മുപ്പത് വർഷം മുമ്പ് 1991 ൽ യു.എസ് ഡിപ്പാർട്ട്മെന്റ് നൽകിയ കണക്കനുസരിച്ച് 1782 മെട്രിക് ടൺ കറുപ്പ് ഇവർ കയറ്റുമതി ചെയ്തു. 2007ൽ ആഗോളതലത്തിൽ ഉൽപ്പാദിപ്പിക്കപ്പെട്ട 9000 ടൺ കറുപ്പിൽ 8000 ടണ്ണും അഫ്ഗാനിൽ നിന്നായിരുന്നു.

### ഭാരതസുരക്ഷയും മയക്കുമരുന്ന് സംഘങ്ങളുയർത്തുന്ന വെല്ലുവിളികളും

മനോഹർ പരീക്കർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിഫൻസ് സ്റ്റഡീസിലെ Internal securtiy centre coordinator ആയ പുഷ്പിത ദാസിന്റെ അഭിപ്രായത്തിൽ ഗോൾഡൻ ട്രയാങ്കിളിനും, ഗോൾഡൻ ക്രസന്റിനും ഇടയിലുള്ള ഇന്ത്യയുടെ ഭൗമ പശ്ചാത്തലം ഗുരുതരപ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. മൂന്ന് വിധത്തിൽ ആണ് ഇത് വെല്ലുവിളിയാകുക.

#### 1. ആയുധം കടത്തൽ

മയക്കുമരുന്ന് കള്ളക്കടത്ത് സംഘങ്ങളുടെ അന്താരാഷ്ട്ര അതിർത്തി ലംഘനങ്ങൾ ആയുധങ്ങൾ കടത്തുന്നതിനും തീവ്രവാദികൾ ഉപയോഗപ്പെടുത്തുന്നു. 2015 ഡിസംബർ 31 ൽ നടന്ന പത്താൻകോട്ട് ആക്രമണത്തെത്തുടർന്ന് നടത്തിയ അന്വേഷണത്തിൽ മയക്കുമരുന്ന് സംഘങ്ങൾ കടന്നുപോയി സുരക്ഷിതമെന്ന്

www.malankaralibrary.com

ഉറപ്പുവരുത്തിയ പാതകളിലൂടെയാണ് പാക്കിസ്ഥാനിൽ നിന്ന് ആയുധങ്ങൾ ഇന്ത്യയിലേക്കെത്തിയതെന്ന് വ്യക്തമായിരുന്നു.

**2. തീവ്രവാദികൾ**

മയക്കുമരുന്ന് സംഘങ്ങളും ക്രിമിനൽ ശൃംഖലകളും, തീവ്രവാദികളും തമ്മിലുള്ള അവിശുദ്ധബന്ധം അനേകം വിപത്തുകളുടെ സൂചനയാണ്. ക്രിമിനൽ സംഘങ്ങളുടെ സഹായത്താൽ രൂപപ്പെടുന്ന സഞ്ചാര പാതകൾ തീവ്രവാദികൾക്ക് ആയുധങ്ങളും സ്ഫോടക വസ്തുക്കളുമായി നുഴഞ്ഞുകയറാൻ സഹായിക്കുമെന്ന് തെളിഞ്ഞിട്ടുണ്ട്.

**3. മയക്കുമരുന്ന് വിപണനം**

മയക്കുമരുന്നിന്റെ ലഭ്യത സൃഷ്ടിക്കുന്ന ലഹരിയുടെ അടിമത്തം യുവതലമുറകളിൽ മാന്ദ്യവും സമൂഹത്തിൽ നിയമലംഘന പ്രതിസന്ധികളും സൃഷ്ടിക്കും. മാത്രമല്ല രാഷ്ട്രസമ്പത്തിന്റെ വലിയൊരു ഭാഗം ഈ നാടിനെ നശിപ്പിക്കാനൊരുങ്ങുന്ന തീവ്രവാദി സംഘങ്ങളുടെ കൈയിൽ നേരിട്ടേൽപ്പിക്കുന്നതിന് തുല്യമാണത്. പ്രാദേശിക മയക്കുമരുന്ന് ഇടനിലക്കാർക്ക് രാഷ്ട്രീയ നേതൃത്വവുമായി അടുത്തബന്ധം സ്ഥാപിക്കാനാകുന്നതിനാൽ രാജ്യതാൽപ്പര്യങ്ങളെ ഭീഷണിയിലാക്കാനും ജനാധിപത്യ പ്രക്രിയയിൽ നുഴഞ്ഞുകയറി അഴിമതി പ്രോത്സാഹിപ്പിക്കാനും ഇടയാക്കും.

ന് സുരക്ഷാഭീഷണി സൃഷ്ടിക്കുന്നുണ്ട്. 2003 ഡിസംബർ 30ന് യുഎസ് നേവി അറേബ്യൻ സമുദ്രത്തിൽവച്ച് തടഞ്ഞു നിർത്തിയ മത്സ്യബന്ധന ബോട്ടിൽ നിന്ന് മയക്കുമരുന്നും പിടികിട്ടാപ്പുള്ളികളായി കഴിഞ്ഞിരുന്ന അൽഖയ്ദാ തീവ്രവാദികളെയും പിടികൂടിയിരുന്നു. 2004ൽ കാബൂളിൽ മയക്കുമരുന്ന് ഇടപാടുകാരന്റെ വീട്ടിൽ നടത്തിയ തിരച്ചിലിൽ സാറ്റലൈറ്റ് ഫോണുകൾ പിടിച്ചെടുത്തു. തുടർന്ന് നടത്തിയ അന്വേഷണത്തിൽ തുർക്കിയിലും, ബാൾക്കൻ മേഖലയിലുമുള്ള തീവ്രവാദികളുമായി ഇവർ ബന്ധപ്പെട്ടിരുന്നതായി മനസ്സിലാക്കി. 2020ൽ അറേബ്യൻ സമുദ്രത്തിൽ ശ്രീലങ്കൻസേനയും അന്താരാഷ്ട്രസേനയും, സംയുക്തമായി നടത്തിയ പരിശോധനയിൽ 100 കിലോയോളം MDMA ആണ് ഒരു ചരക്കുകപ്പലിന്റെ ഉള്ളറയിൽ സൂക്ഷിച്ചിരുന്നതായി കണ്ടെത്തിയത്. ഇതെല്ലാം കേരളത്തിലേക്കുള്ള മയക്കുമരുന്നിന്റെ കടന്നുവരവും തീവ്രവാദിബന്ധവും വ്യക്തമാക്കുന്നതാണ്.

**കേരളം തീവ്രവാദികളുടെ താവളമാകുമ്പോൾ**

യുഎൻ റിപ്പോർട്ട് നൽകുന്ന മുന്നറിയിപ്പ് പ്രകാരം കേരളത്തിലും കർണ്ണാടകത്തിലുമായി അനവധി ഇസ്‌ലാമിക സ്റ്റേറ്റ് തീവ്രവാദികൾ ഒളിവിൽ കഴിയുന്നുണ്ട്. Al-Quaeda in Indian Sub-continent (AQUIS)എന്ന അൽഖയ്ദാ ജിഹാദി തീവ്രവാദികളുടെ ശാഖാപ്രവർത്തനം ഈ മേഖലയിൽ ആക്രമണം സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നതായും മുന്നറിയിപ്പുനൽകുന്നുണ്ട്.



**കേരളം നേരിടുന്ന വെല്ലുവിളി**

യു. എസ്. സേനയുടെ അഫ്ഗാനിസ്ഥാനിൽ നിന്നുള്ള പിന്മാറ്റം തീവ്രവാദികളുടെ ഭീകരവാഴ്ചയ്ക്കും അനിയന്ത്രിത മയക്കുമരുന്നുൽപ്പാദനത്തിനും സഹായകരമായതായി കണ്ടെത്തലുണ്ട്. കാശ്മീർ മേഖല കേന്ദ്രസൈന്യത്തിന്റെ കർശനമായ പിടിയിലമർന്നതോടെ തീവ്രവാദത്തിന്റെ പുതുമേച്ചിൽപ്പുറമായി കേരളം മാറി. ദിനേനയെന്നോണം പിടിയിലാകുന്ന MDMA എന്ന മയക്കുമരുന്നിന്റെ സൂചനകൾ നമ്മെ കൊണ്ടു ചെന്നെത്തിക്കുന്നത് ഇവിടെയാണ്.

അടുത്തകാലത്ത് കാക്കനാട് നടന്ന പരിശോധനയിൽ പിടിയിലായത് 1 കോടി വിലവരുന്ന 100ഗ്രാം MDMA ആണ്. ഇവയുടെ ലാബുകൾ കൂടുതലായി പ്രവർത്തിക്കുന്നതും അസംസ്കൃതവസ്തുക്കൾ ലഭ്യമാകുന്നതും അഫ്ഗാനിസ്ഥാനിലാണ്. മുമ്പ് സാധാരണയായി യുഎസ് സേന ഈ ലാബുകൾ കണ്ടെത്തി തകർക്കുകയായിരുന്നു ചെയ്തിരുന്നത്. 2019 മെയ്മാസം ഒറ്റ ദിവസത്തെ ആക്രമണത്തിൽ അവർ തകർത്തത് ഇത്തരത്തിലുള്ള 68 ലാബുകളാണ്. രസകരമായ വസ്തുത നമ്മുടെ മിക്ക പത്രങ്ങളും അത് ശാസ്ത്രഗവേഷണ ശാലകൾ തകർക്കപ്പെട്ടു എന്ന രീതിയിലായിരിക്കും റിപ്പോർട്ട് ചെയ്യുക എന്നുള്ളതാണ്.

സമുദ്രതീരങ്ങളുമായുള്ള സാമീപ്യം കേരളത്തി

AQUISഎന്ന തീവ്രവാദി പ്രസ്ഥാനം താലിബാന്റെ നിമ്റുസ്, ഹെൽമന്ദ്, കാണ്ഡഹാർ പ്രവിശ്യകളുടെ കീഴിൽ വരുന്നതാണ്. ഇസ്‌ലാമിക്സ്റ്റേറ്റിന്റെ ഇന്ത്യൻ വിഭാഗമായ Hind Wilayah, മെയ് 10, 2019ൽ പ്രഖ്യാപിച്ചതനുസരിച്ച് 180 നും 200 നും ഇടയിലുള്ള തീവ്രവാദികളിൽ ഗണ്യമായ ഒരു സംഖ്യ കേരളത്തിലും കർണ്ണാടകത്തിലുമായി കഴിയുന്നുണ്ടെന്ന് വ്യക്തമാക്കിയിരുന്നു.

കാസർഗോഡ് ഭാഗത്ത് നിന്ന് ഐഎസിൽ ചേർന്ന 21 പേരിൽ ഒരാളായ ഹഫീസുദ്ദീൻ ടി.കെ. കൊല്ലപ്പെട്ടത് 2016ൽ ആണ്. 12 പുരുഷന്മാരും, 6 സ്ത്രീകളും 3 കുട്ടികളും ഇവരിൽപ്പെടും. ഈ സൂചനകളെല്ലാം വിരൽ ചൂണ്ടുന്നത് കേരളം അതീവസുരക്ഷാ ഭീഷണിയിലാണെന്നുള്ളതാണ്. രാഷ്ട്രീയാധികാരികൾ അലസത വെടിയുകയും മാധ്യമങ്ങൾ വ്യാജവാർത്തകൾ നൽകി തീവ്രവാദത്തിന്റെ വളർച്ചയെ സഹായിക്കുന്നത് നിർത്തുകയും ചെയ്തില്ലെങ്കിൽ നമ്മുടെ ജീവനുതന്നെ ആപത്താകുന്ന രീതിയിലേക്ക് കാര്യങ്ങൾ മാറിയേക്കാം. കേരളസമൂഹം ജാഗ്രതയോടെ മുൻകരുതലെടുക്കേണ്ട കാലവും അതിക്രമിച്ചിരിക്കുന്നു എന്ന് പറയാതെ വയ്യ. വിവിധ സമുദായങ്ങളുടെ സംയോജിതമായ ഇടപെടലില്ലെങ്കിൽ തീവ്രവാദമെന്ന ഭീഷണിയെ നാട്ടിൽനിന്ന് പറിച്ച് ദൂരെയെറിയാനാകില്ലെന്നത് വ്യക്തം. ■

www.malankaralibrary.com



# ഹരമായ് ലഹരി, ഇരയായ് കേരളം!

**ല**ഹരി മരുന്ന് ഉപഭോഗം കേരളത്തിൽ ഭയാനകമായി വ്യാപകമാകുകയാണ്. ഈ നാട്ടിൽ ലഹരി മാഫിയ ആസൂത്രിതമായി പിടിമുറുക്കി കഴിഞ്ഞിരിക്കുന്നു. നഗരങ്ങളിൽ മാത്രമല്ല, ഉൾനാടൻ ഗ്രാമപ്രദേശങ്ങളിൽ പോലും കഞ്ചാവും അനുബന്ധ ലഹരി വസ്തുക്കളും ഇന്ന് സുലഭമായി ലഭ്യമാണ്. സ്കൂൾ വിദ്യാർത്ഥികളുൾപ്പെടെ ലഹരിക്കടിമപ്പെടുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു. നിയമസംവിധാനങ്ങളെ നോക്കുകുത്തിയാക്കി, ഇവിടത്തെ സ്വസ്ഥമായ സാമൂഹികാന്തരീക്ഷത്തെ തകർത്ത്, സമൂഹത്തിന്റെ അടിത്തറയായ കുടുംബങ്ങളെയും, ഊർജ്ജമായ യുവത്വത്തെയും നശിപ്പിക്കുന്ന ഈ സാമൂഹിക വിപത്തിനെതിരേ ജാഗ്രതയോടെ നാം കൈ കോർക്കേണ്ടതുണ്ട്. കെസിബിസി ജാഗ്രത കമ്മീഷനും കെസിബിസി ലഹരി വിരുദ്ധ കമ്മീഷനും കേരള കത്തോലിക്കാ യുവജന സംഘടനയും സംയുക്തമായി സംഘടിപ്പിച്ച വെബിനാറിൽ ലഹരിയുടെ ഇരയാകുന്ന കേരളത്തെക്കുറിച്ചും ലഹരി വ്യാപനത്തിന്റെ പിന്നാമ്പുറങ്ങളെക്കുറിച്ചും മുൻ എക്സൈസ് കമ്മീഷണർ **ഋഷിരാജ് സിംഗ് ഐപിഎസ്** നടത്തിയ മുഖ്യപ്രഭാഷണം

### ജാഗ്രത വേണം, വല വിരിക്കുന്ന ലഹരി മാഫിയയ്ക്കെതിരേ

എക്സൈസ് കമ്മീഷണറായി ജോലി ചെയ്യുമ്പോൾ ഏകദേശം 1050 ഓളം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നേരിട്ടുപോയി ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരായി ബോധവത്ക്കരണം നടത്താൻ എനിക്ക് സാധിച്ചിട്ടുണ്ട്. ആ അനുഭവങ്ങളുടെ വെളിച്ചത്തിലാണ് ഞാൻ സംസാരിക്കുന്നത്. സ്കൂളുകളും കോളജുകളും സന്ദർശിച്ചപ്പോഴാണ് മനസ്സിലായത് നമ്മൾ കരുതുന്നതിലും ഭീകരമാണ് സ്കൂളുകളിലെ ലഹരി ഉപയോഗത്തിന്റെ




തീവ്രത. അതിനെ സാധൂകരിക്കുന്ന ചില വസ്തുതകൾ പറഞ്ഞ് തുടങ്ങാം:

1. എല്ലാ സ്കൂളുകളിലും അത് എയ്ഡഡ് ആകട്ടെ, അൺ എയിഡഡ് ആകട്ടെ, സർക്കാർ സ്കൂൾ ആകട്ടെ, ലഹരി ഉപയോഗം വിദ്യാർത്ഥികൾക്കിടയിൽ ഒളിഞ്ഞും തെളിഞ്ഞും നടക്കുന്നുണ്ട്.
2. ഈ മൂന്ന് വിഭാഗത്തിലുമുള്ള സ്കൂളുകളെയും കോളേജുകളെയും താരതമ്യം ചെയ്യുമ്പോൾ ഏറ്റവും കൂടുതൽ ലഹരിയുടെ ഉപയോഗം നടക്കുന്നത് സർക്കാർ സ്കൂളുകളിലും ഗവൺമെന്റ് കോളജുകളിലുമാണ്.
3. എട്ടു വയസ്സിനും 18 വയസ്സിനുമിടയിലുള്ള കുട്ടികളിൽ 70 ശതമാനം ആൺകുട്ടികളും 20 ശതമാനം പെൺകുട്ടികളും ഒരു തവണയെങ്കിലും ലഹരി ഉപയോഗിച്ചിട്ടുള്ളവരാണ്.
4. മെഡിക്കൽ, ഡെന്റൽ, എൻജിനിയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോളേജുകളിലും ലഹരി വസ്തുക്കളുടെ ഉപയോഗം വ്യാപകമായി നടക്കുന്നുണ്ട്.
5. ലഹരി മാഫിയ പ്രധാനമായും പെൺകുട്ടികളെയാണ് കാരിയറായി ഉപയോഗിക്കുന്നത്. ഇതിന് കാരണം സ്ത്രീകളുടെ ബാഗ് പരിശോധിക്കുന്നത് നമ്മുടെ നാട്ടിൽ പതിവില്ല. വളരെ അപൂർവ സാഹചര്യങ്ങളിൽ മാത്രമേ ഇത് ചെയ്യാറുള്ളൂ. ഇതിനെ ദുരുപയോഗം ചെയ്ത് ലഹരിവസ്തുക്കൾ കടത്താൻ പെൺകുട്ടികളെ ഉപയോഗിക്കുന്നു.
6. കുട്ടികൾ കൂടുതൽ ലഹരി ഉപയോഗിക്കുന്നതായി കണ്ടുവരുന്നത് ക്ലാസ്സ് മുറികളിൽ ക്ലാസ്സുകൾ നടക്കുമ്പോഴാണ്.
7. കൊവിഡ് കാലത്ത് ലഹരി വസ്തുക്കളുടെ ഉപയോഗം കൂടി. ഓൺലൈനായി ഡ്രഗ്സുകൾ കിട്ടുന്ന അവസ്ഥയിലേക്ക് ഇപ്പോൾ കാര്യങ്ങൾ മാറി. മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് ഓവർഡോസ് മരുന്നുകൾ ഡോക്ടർമാരുടെ പ്രിസ്ക്രിപ്ഷനില്ലാതെ വാങ്ങി ഉപയോഗിക്കുന്ന അവസ്ഥയും സാധാരണമാണ്.

### നിർവചനം മാറിയ ലഹരി

ഇന്ന് ലഹരി വസ്തുക്കളുടെ ഡെഫിനിഷൻ മാറിയിട്ടുണ്ട്. പണ്ട് കഞ്ചാവ്, ബ്രൗൺ ഷുഗർ, ഒപിയം, ഹെറോയിൻ തുടങ്ങിയവയൊക്കെയായിരുന്നു ലഹരി വസ്തുക്കളുടെ ഗണത്തിൽ പെട്ടിരുന്നത്. പക്ഷെ ഇന്ന്

www.malankaralibrary.com

അത് മാറിയിരിക്കുന്നു. അത് മനസ്സിലായത് സ്കൂളുകളിൽ സന്ദർനം നടത്തിയതിന് ശേഷമാണ്. കാരണം സാധാരണയായി നമ്മൾ ഡ്രഗ്സായി കണക്കാക്കാറുള്ള ബ്രൗൺ ഷുഗർ അടക്കമുള്ളവയ്ക്ക് വലിയ വിലയാണ്. ഇത് ഒരിക്കലും കുട്ടികൾക്ക് താങ്ങാനാകില്ല. കുട്ടികളുടെ ലഹരി വസ്തുക്കളുടെ ആശ്രയ കേന്ദ്രം സ്കൂളുകൾക്ക് സമീപമുള്ള കടകളാണ്. സ്കൂളുകളുടെ 100 മീറ്റർ ചുറ്റളവിലുള്ള എല്ലാ കടകളെയും നമ്മൾ ശ്രദ്ധിക്കണം. ഇത്തരം ചില കടകളിൽ കുട്ടികൾക്ക് വാങ്ങിക്കാനായി വച്ചിരിക്കുന്ന മിഠായികൾ, ചെറിയ പലഹാരങ്ങൾ, പഴങ്ങൾ, കൂൾഡ്രിങ്ക്സ്, സിപ്പ് അപ്പുകൾ ഇവയിലൊക്കെ ബ്രൗൺ ഷുഗറിന്റെ അംശം നേരിയ തോതിൽ ചേർത്തിട്ടുണ്ടാകും. ഇത് കൂടെക്കൂടെ വാങ്ങിക്കഴിക്കുമ്പോൾ കുട്ടികൾ അറിയാതെ തന്നെ അതിന് അഡിക്റ്റായി മാറുകയും പിന്നീട് ഇത് കിട്ടാതെ വരുന്നതോടെ ലഹരി തേടി ചെല്ലുന്ന അവസ്ഥയിലേക്ക് എത്തുകയും ചെയ്യും.

ഈ ഭീകരാവസ്ഥ മനസ്സിലാക്കി സ്കൂളുകളിലെ പ്രിൻസിപ്പാൾമാർക്ക്, സ്കൂളിന് നൂറുമീറ്റർ ചുറ്റളവിലുള്ള എല്ലാ കടകളും സൂക്ഷ്മമായി നിരീക്ഷിക്കുകയും കുട്ടികൾ കൂടുതലായി കയറുന്ന കടകൾ മനസ്സിലാക്കി അവിടെ പരിശോധന നടത്തുകയും വേണമെന്ന് കർശന നിർദ്ദേശം നൽകിയിരുന്നു. ഇനി കടകളിൽ പരിശോധ നടത്താൻ സാധിക്കുന്നില്ലെങ്കിൽ ആ വിവരം കൃത്യമായും തൊട്ടടുത്ത പൊലീസ് സ്റ്റേഷനിൽ അറിയിക്കണം. പക്ഷേ ദുഃഖകരമായ വസ്തുത പ്രിൻസിപ്പൾമാർ ഇതിൽ തീരെ താൽപ്പര്യം കാണിക്കുന്നില്ല എന്നതാണ്. ഞാൻ മൂന്ന് വർഷക്കാലം എക്സൈസ് കമ്മീഷണറായി ഇരുന്നിട്ടും എന്നെ ആരും ഇത്തരത്തിലൊരു പ്രശ്നമുണ്ടെന്ന് പറഞ്ഞ് വിളിച്ചിട്ടില്ല.



**അതിഥി തൊഴിലാളികളുടെ പങ്ക്**

ഇതരസംസ്ഥാന തൊഴിലാളികൾ കേരളത്തിലേക്ക് വന്നതോടെയാണ് പാൻപരാഗ്, പാൻമസാല, മുറുക്കാൻ തുടങ്ങിയവയുടെ ഉപയോഗം കേരളത്തിൽ വർദ്ധിച്ചത്. ആദ്യമൊക്കെ അന്യസംസ്ഥാനത്തു നിന്നു വരുന്ന തൊഴിലാളികൾ ഇവയൊക്കെ സ്വന്തമായി ഉപയോഗിക്കുക മാത്രമാണ് ചെയ്തിരുന്നത്. എന്നാൽ കേരളത്തിലെ ഇതിന്റെ ഡിമാന്റ് മനസ്സിലാക്കിയ അതിഥി തൊഴിലാളികൾ വ്യാപകമായ തോതിൽ ഇവ നമ്മുടെ നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും വിൽപ്പന നടത്തുന്നുണ്ട്. അതുകൊണ്ട് തന്നെ ഇവ കുട്ടികൾക്ക് ലഭിക്കാൻ ഒരു ബുദ്ധിമുട്ടുമില്ല. അവരും വാങ്ങി ഉപയോഗിക്കുന്നു. ഒരു തവണ വാങ്ങി ഉപയോഗിച്ചാൽ വീണ്ടും വീണ്ടും വാങ്ങി ഉപയോഗിക്കും. കാരണം, ഇവയുടെയൊക്കെ രുചി അങ്ങനെയാണ്. പാൻപരാഗിന്റെ ഉപയോഗം മൂലം ഇന്ത്യയിൽ ഓരോ വർഷവും രണ്ടരലക്ഷത്തോളം മൗത്ത് കാൻസറുകളാണ് റിപ്പോർട്ട് ചെയ്യുന്നത്. കേരളത്തിൽ ഇന്ന് 50 ലക്ഷം ഇതരസംസ്ഥാന തൊഴിലാളികളുണ്ട്. മൂന്ന് ലക്ഷം തൊഴിലാളികളാണ് ഓരോ വർഷവും കേരളത്തിലേക്ക് വരുന്നത്. നമ്മുടെ എല്ലാ ചുറ്റുപാടിലും ഇന്ന് അവർ ഉണ്ട്. അവരുപയോഗിക്കുന്ന എല്ലാ വസ്തുക്കളും ഇന്ന് നമ്മുടെ നഗരങ്ങളിലും സുലഭമാണ്. ഇത് കേരളത്തെ ലഹരിയുടെ കേന്ദ്രമാക്കിമാറ്റുന്ന ഒരു സ്രോതസ്സാണ്.

**പല നിറത്തിൽ, രൂപത്തിൽ, ഗന്ധത്തിൽ**

തീർന്നില്ല, കുട്ടികളെ മയക്കാൻ ലഹരിവസ്തുക്കൾ ചേർത്ത് നിർമ്മിച്ച പലതരം ഫ്ളേവറുകളിലുള്ള ചോക്ലേറ്റുകളും മിഠായികളും ഇന്ന് ലഭ്യമാണ്. പെൺകുട്ടികൾ ഉപയോഗിക്കുന്ന ലിപ്സ്റ്റിക്ക്, നെയിൽ പോളിഷ് ഇവയിലെല്ലാം ലഹരി വസ്തുക്കളുടെ അംശങ്ങൾ ചേർത്ത് ലഭ്യമാണ്. ഇവയൊക്കെ കുട്ടികൾ ആദ്യം ഉപയോഗിക്കുന്നത് അറിയാതെ ആയിരിക്കും. പക്ഷെ പിന്നീട് സത്യം തിരിച്ചറിഞ്ഞു കഴിഞ്ഞാലും കുട്ടികൾക്ക് ഇവ ഉപയോഗിക്കാതിരിക്കാൻ സാധിക്കില്ല. കാരണം അപ്പോഴേക്കും അവർ അതിന് അടിമകളായി കഴിഞ്ഞിട്ടുണ്ടാകും.

നമുക്ക് പെട്ടെന്ന് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ സാധിച്ചില്ലെങ്കിലും അധ്യാപകർക്കും രക്ഷിതാക്കൾക്കും അടിയന്തിരമായി ചെയ്യാൻ പറ്റുന്ന ഒരു കാര്യം, ഇത്തരം കടകൾ ഉണ്ടെങ്കിൽ അവ കണ്ടെത്തുക എന്നതാണ്. മറ്റൊന്ന്, ലഹരി വസ്തുക്കൾ ഇന്ന് മിഠായിക്കടകളിൽ നിന്ന് മാത്രമല്ല കിട്ടുന്നത്; തുണിക്കടയിലും പലചരക്ക് കടയിലും കമ്പ്യൂട്ടർ സെന്ററുകളിൽ പോലും ഇവ ലഭ്യമാണ്. അതുകൊണ്ട് നമ്മൾ ജാഗ്രത പാലിച്ചേ മതിയാകൂ. അത്ര വലിയ വലവിരിച്ചാണ് ലഹരി മാഫിയകൾ നിലയുറപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് കുട്ടികൾ കൂടുതലായി കയറുന്ന കടകൾ, കാണുന്ന ആളുകൾ, വാങ്ങിക്കുന്ന സാധനങ്ങൾ തുടങ്ങിയവയൊക്കെ കണ്ടെത്താനും പരിശോധനകൾ നടത്താനും അധ്യാപകരും മാതാപിതാക്കളും തയ്യാറാകണം.

**എന്തുകൊണ്ട് കുട്ടികൾ കഴിക്കുന്നു?**

എന്തുകൊണ്ട് കുട്ടികൾ ഇവ കഴിക്കുന്നു എന്നു ചോദിച്ചാൽ, ഒന്ന് ആകാംക്ഷയാണ്. എല്ലാവരും കഴിക്കുന്നു അതുകൊണ്ട് ഞാനും ഒന്ന് കഴിച്ചുനോക്കാം എന്നുള്ള കൗതുകത്തിൽ കഴിക്കുന്നവരുണ്ട്. രണ്ടാമതായി, നോ പറയാനുള്ള മടികൊണ്ട് കഴിക്കുന്നവരുണ്ട്. ഇത് ചിലപ്പോൾ സീനിയർ വിദ്യാർത്ഥികളെ ഭയന്നാകാം; അല്ലെങ്കിൽ സുഹൃത്തുക്കളുടെ നിർബന്ധത്തിന് വഴങ്ങിയാകാം. മൂന്നാമതായി മാനസിക പിരിമുറുക്കം, ഭയം, സ്ട്രെസ്സ് ഇവയൊക്കെ കൊണ്ടാകാം.

ആദ്യം പറഞ്ഞ രണ്ടു കാരണങ്ങളല്ലാതെ മൂന്നാമത്തെ കാര്യത്തിലേക്ക് വരുമ്പോൾ, ഇത്തരം പിരിമുറുക്കത്തിലേക്ക് കുട്ടികളെ നയിക്കുന്നതിൽ വലിയൊരു പങ്ക് അധ്യാപകർക്കും മാതാപിതാക്കൾക്കുമുണ്ട്. ഉയർന്ന ഗ്രേഡിനായി അല്ലെങ്കിൽ മാർക്കിനായി കുട്ടികളെ നിർബന്ധിച്ച് അവരെ ഭയത്തിലേക്കും മാനസിക പിരിമുറുക്കത്തിലേക്കും തള്ളിവിടുമ്പോൾ അവർ ആശ്വാസം

www.malankaralibrary.com


കണ്ടെത്തുന്നത് ലഹരിയിലായിരിക്കും. നല്ലപോലെ പഠിക്കണമെന്ന് കുട്ടികളോട് പറയാൻ മാതാപിതാക്കൾക്കും അധ്യാപകർക്കും അവകാശമുണ്ട്. പക്ഷെ നൂറിൽ നൂറും കിട്ടണമെന്ന് വാശിപിടിക്കരുത്. കുട്ടികളുടെ കഴിവനുസരിച്ച് അവരെ പഠിക്കാൻ അനുവദിക്കണം.

കഴിഞ്ഞ ഒരു തലമുറയ്ക്ക് ഈ പ്രശ്നമില്ലായിരുന്നു. അത് കഞ്ചാവ് ഇവിടെ ഇല്ലാത്തതുകൊണ്ടല്ല. കഞ്ചാവ് കഴിഞ്ഞ അമ്പതു വർഷമായി നമ്മുടെ നാട്ടിൽ സുലഭമാണ്. പക്ഷെ അതുപയോഗിക്കേണ്ട അത്ര മാനസിക പിരിമുറുക്കത്തിലേക്ക് ആരും ആരെയും തള്ളിവിട്ടിരുന്നില്ല. വീടുകളിൽ അന്ന് മാർക്കിനുവേണ്ടിയുള്ള കോലാഹലങ്ങൾ ഇല്ലായിരുന്നു.

ഇന്ന് സംഭവിക്കുന്നത് എന്താണ്? അധ്യാപകരുടെയും മാതാപിതാക്കളുടെയും മാർക്കിനുവേണ്ടിയുള്ള സമ്മർദ്ദം മൂന്ന് കാര്യങ്ങൾക്ക് വഴിയൊരുക്കുന്നു. ഒന്ന്, വീട്ടിൽ നിന്നുള്ള കുട്ടികളുടെ ഒളിച്ചോട്ടം. രണ്ട്, കുട്ടികളുടെ ആത്മഹത്യ. മൂന്ന്, കുട്ടികൾ ലഹരിക്ക് അടിമകളാകുന്നു. അതുകൊണ്ട് ദയവു ചെയ്ത് കുട്ടികളെ അവരായി ജീവിക്കാൻ അനുവദിക്കുക.

**വേണ്ടത് കൂട്ടുത്തരവാദിത്വം**

പൊലീസും എക്സൈസും മാത്രം വിചാരിച്ചാൽ ലഹരിയെ നമ്മുടെ സമൂഹത്തിൽ നിന്ന് ഇല്ലാതാക്കാൻ കഴിയില്ല. മൂന്ന് കൂട്ടർ ഒന്നിച്ച് പരിശ്രമിക്കണം, മാതാപിതാക്കൾ, അധ്യാപകർ, കുട്ടികൾ. ഈ മൂന്ന് വിഭാഗങ്ങളും ഒന്നിച്ചു പരിശ്രമിച്ചുകൊണ്ടേയിരിക്കണം. ജയിലിൽ ജയിൽപുള്ളികൾക്ക് മതിലിന്റെ പുറത്തു നിന്ന് ആളുകൾ സാധനങ്ങൾ എറിഞ്ഞുകൊടുക്കാറുണ്ട്. അതു തന്നെയാണ് സ്കൂളുകളിലും നടക്കുന്നത്. പുറത്ത് നിന്ന് ആളുകൾ മതിലിനകത്തേക്ക് ലഹരി വസ്തുക്കൾ എറിഞ്ഞുകൊടുക്കും. അത് അധ്യാപകർ തിരിച്ചറിയണം, അതിനെ പ്രതിരോധിക്കണം. ഇത് കണ്ടെത്തി തടയാൻ എസ്പിസി കേഡറ്റുകളെയും സ്കൗട്ട് ആന്റ് ഗൈഡ് വിദ്യാർത്ഥികളെയുമൊക്കെ ഉപയോഗിക്കണം. ആക്ടീവ് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കണം. നമ്മുടെ ചില സർക്കാർ സ്കൂളുകളിൽ മതിലുകളേയില്ല. ആർക്കും എപ്പോൾ വേണമെങ്കിലും അവിടെ വരാം, പോകാം. ഇത് മാറണം, എല്ലാ സ്കൂളുകളിലും സുരക്ഷിതമായ മതിലുകൾ വേണം. സ്കൂൾ കോംപൗണ്ടിൽ ശക്തമായ സെക്യൂരിറ്റി സംവിധാനങ്ങൾ വേണം. എല്ലാ സ്കൂളുകളുടെയും മെയിൻ ഗേറ്റിൽ ഒരു സെക്യൂരിറ്റിയെ നിയമിക്കേണ്ട കാലം കഴിഞ്ഞു.



**ഈ ലക്ഷണങ്ങൾ ശ്രദ്ധിക്കുക**

കുട്ടികൾ ലഹരി വസ്തുക്കളെ കൂട്ടുപിടിച്ച് തുടങ്ങിയിട്ടുണ്ടെങ്കിൽ അധ്യാപകർക്കും മാതാപിതാക്കൾക്കും അത് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതേയുള്ളൂ. ലഹരി ഉപയോഗിച്ചു തുടങ്ങുന്നതോടെ കുട്ടികളുടെ സ്വഭാവത്തിൽ പ്രകടമായ മാറ്റങ്ങൾ വന്നുതുടങ്ങും. സാധാരണയായി കാണാറുള്ളത് ഇവയൊക്കെയാണ്:

* സ്വഭാവത്തിൽ പെട്ടെന്നുള്ള മാറ്റം
* ശാരീരിക ക്ഷീണം
* അധ്യാപകരോട് മോശമായി പെരുമാറുക
* ഇടയ്ക്കിടയ്ക്ക് ടോയ്‌ലറ്റിൽ പോയി ഇരിക്കുക
* ഒറ്റയ്ക്കിരിക്കുക
* മാതാപിതാക്കളിൽ നിന്ന് ഒഴിഞ്ഞുമാറി നടക്കുക
* മുറിയിൽ അടച്ചിരിക്കുക
* സഹോദരങ്ങളോട് അടുത്ത് ഇടപഴകാതിരിക്കുക
* എപ്പോഴും എന്തെങ്കിലും വായിലിട്ട് നടക്കുക

ഇവയിലേതെങ്കിലുമൊക്കെ ലക്ഷണങ്ങൾ നിങ്ങളുടെ കുട്ടികളിൽ കണ്ടാൽ കണ്ണടയ്ക്കരുത്. Something went wrong somewhere എന്ന കാര്യത്തിൽ പിന്നെ സംശയം വേണ്ട. അതുകൊണ്ട് ഇങ്ങനെ കണ്ടാൽ അവരെ കൂടുതൽ നിരീക്ഷിക്കണം, അവരുടെ കാവൽക്കാരാകണം. കൃത്യമായ സമയത്ത് ഇടപെട്ടാൽ അവരെ നമുക്ക് രക്ഷിച്ചെടുക്കാവുന്നതേയുള്ളൂ.

**മാതാപിതാക്കൾ മടി കാണിക്കരുത്**

എപ്പോഴെങ്കിലും നിങ്ങളുടെ കുട്ടികൾ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽ പെട്ടാൽ നിർബന്ധമായും അവരെ ചോദ്യംചെയ്യണം, തിരുത്തണം. അതിനു പകരം മൗനം പാലിച്ചിട്ട് പിന്നീട് മാറിയിരുന്ന് കരഞ്ഞതുകൊണ്ട് കാര്യമില്ല. ആദ്യം അവർക്ക് താക്കീത് നൽകുക. മാറുന്നില്ലെങ്കിൽ കൗൺസിലിങ്ങിന് കൊണ്ടുപോകുക. എന്നിട്ടും മാറ്റമില്ലെങ്കിൽ ചികിത്സിക്കുക. ഭയപ്പെട്ട് മിണ്ടാതിരിക്കരുത്. അങ്ങനെ ചെയ്താൽ അത് അവർക്ക് വീണ്ടും വീണ്ടും ഉപയോഗിക്കാനുള്ള താത്പര്യം വർദ്ധിപ്പിക്കും.അമ്മമാർ പലരും കുട്ടികളോടുള്ള വാത്സല്യത്തിന്റെ പുറത്ത് ഇത് കണ്ടില്ലന്നു നടിക്കും. അത് വലിയ ആപത്തിലേക്കാണ് വഴിതെളിക്കുക.എല്ലാ ദിവസവും മാതാപിതാക്കൾ നിർബന്ധമായും 10 മിനിട്ടെങ്കിലും കുട്ടികളോട് സംസാരിക്കണം. അവരുടെ ഡ്രസ്സ്, സ്കൂൾ ബാഗ്, ലഞ്ച് ബോക്സ് ഇവ നിർബന്ധമായും പരിശോധിക്കണം. കാരണം, അങ്ങനെയൊരു അടിമത്തത്തിലേക്ക് നിങ്ങളുടെ കുട്ടി വഴിമാറിയിട്ടുണ്ടെങ്കിൽ അതിന്റെ ലക്ഷണങ്ങൾ അവരിൽ നിന്ന് ലഭിക്കും

വീണ്ടും പറയട്ടെ, ഇവിടെ വേണ്ടത് ഒരു കൂട്ടായ പരിശ്രമമാണ്. തങ്ങളുടെ സഹോദരന്റെ കാവൽക്കാരനായി മാറാനുള്ള ഉത്തരവാദിത്വം എല്ലാവർക്കുമുണ്ട്.

■

www.malankaralibrary.com

# കാലത്തിന്റെ ചുവരെഴുത്തുകൾ കാണാതെപോകരുത്!

ഫാ. വർഗീസ് വള്ളിക്കാട്ട്



കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലം, കേരള സമൂഹത്തിൽ വ്യത്യസ്ത സമുദായങ്ങൾ തമ്മിൽ സൗഹാർദ്ദപരമായ ബന്ധങ്ങൾ വളരുകയും ശക്തിപ്പെടുകയും നിലനിൽക്കുകയും ചെയ്തിട്ടുണ്ട് എന്നത് കേരളത്തിനും ഇന്ത്യയ്ക്കുതന്നെയും അഭിമാനകരമായ നേട്ടം തന്നെയാണ്. അത് ഇവിടെ നിലനിൽക്കണം എന്നു തന്നെയാണ് എല്ലാ വിഭാഗം ജനങ്ങളുടെയും ആഗ്രഹം. സമുദായ നേതാക്കളും രാഷ്ട്രീയ നേതാക്കളും ഭരണാധികാരികളും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

'ജാഗ്രത പുലർത്തേണ്ടതുണ്ട്' എന്നത് ഒരു മോശം വാക്കായിട്ടാണ് ഇപ്പോൾ 'മാധ്യമലോകം' പരിഗണിക്കുന്നത് എന്നു തോന്നുന്നു. കേരളത്തിലെ മുസ്ളീം സമുദായത്തെ തീവ്രവാദത്തിലേക്കു നയിക്കുന്നതിനു 'കഠിനമായി പരിശ്രമം ചെയ്യുന്ന' 'പൊളിറ്റിക്കൽ ഇസ്ലാമിസ്റ്റു' പ്രസ്ഥാനങ്ങളെയും അവയുടെ ചില സംഘടിത പ്രവർത്തനങ്ങളെയുംപറ്റി ജാഗ്രതവേണം എന്ന് പാലാ ബിഷപ്പ് സാന്ദർഭികമായി പറഞ്ഞത്, മുസ്ളീം സമുദായത്തെ മുഴുവനായി അധിക്ഷേപിക്കുകയാണ് എന്നു വ്യാഖ്യാനിച്ചത് മാധ്യമങ്ങളാണ്. പിന്നാലെ, ചില തീവ്ര ഇസ്ലാമിക സംഘടനകളും, രാഷ്ട്രീയ നേതാക്കളും അതിനെ ഏറ്റെടുത്തു രംഗം വല്ലാതെ കൊഴുപ്പിച്ചെടുത്തു. ഇക്കാര്യത്തിൽ ഇപ്പോൾ എല്ലാവരും അവരവരുടെ ഉദ്ദേശ്യശുദ്ധി തെളിയിക്കേണ്ട ബാധ്യതയിലാണ്!




### ചരിത്രം എന്ത് പഠിപ്പിക്കുന്നു?

ഒരു നൂറ്റാണ്ടു മുൻപ്, സ്വാതന്ത്ര്യ സമരത്തിന്റെയും ഖിലാഫത്തു പ്രസ്ഥാനത്തിന്റെയും കാലത്തിനും മുൻപ്, 'തീവ്ര മതബോധമുള്ള ചില ഹലാർമാർ തങ്ങളുടെ ഹാലിളക്കത്തിൽ, കൈയിൽ ആയുധങ്ങളുമായി ചെറുകൂട്ടങ്ങളായി ചുറ്റിനടന്ന്, അവിശ്വാസികളായ കാഫിറുകളെയും ചില ജന്മിമാരെയുമൊക്കെ ആക്രമിക്കുകയും കൊല്ലുകയും ചെയ്തു' എന്നു വില്യം ലോഗൻ തന്റെ മലബാർ മാമ്വലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒറ്റപ്പെട്ട സംഭവങ്ങളിൽകൂടി വളർന്ന അക്രമം, ഒടുവിൽ 1920 കളിൽ, സ്വാതന്ത്ര്യ സമരത്തിന്റെയും ഖിലാഫത്തു സമരത്തിന്റെയും പശ്ചാത്തലത്തിൽ, നിയന്ത്രിക്കാൻ എളുപ്പമല്ലാത്ത കലാപ രൂപം പൂണ്ട്, ഒരു വംശഹത്യക്കു തുനിഞ്ഞിറങ്ങുന്നതിൽ കലാശിച്ചു എന്നത് ഇന്ന് അംഗീകരിക്കപ്പെട്ട ചരിത്ര വസ്തുതയാണ്.

### സമീപകാല സംഭവങ്ങൾ എന്ത് പറയുന്നു?

പല ഇസ്ലാമിസ്റ്റ് പ്രസ്ഥാനങ്ങളുടെയും പിന്നിൽ ഇത്തരം ഹാലിളക്കമുള്ള ആളുകൾ മറഞ്ഞിരിക്കുന്നുണ്ടാവാം എന്ന ആശങ്ക സമൂഹത്തിലുണ്ട്. അടിസ്ഥാനമില്ലാത്ത ആശങ്ക എന്ന് അതിനെ തള്ളിക്കളയാൻ സമകാലിക സംഭവങ്ങൾ അനുവദിക്കുന്നുമില്ല. '21 ൽ ഊരിയ വാളുകൾ അറബിക്കടലിൽ എറിഞ്ഞിട്ടില്ല' എന്നു കേരളത്തിന്റെ തെരുവീഥികളിൽ 'തക്ബീർ' മുഴക്കിയവർ അപകടകാരികളാണ് എന്നുപറയുന്നതിൽ എന്ത് അപാകതയാണ് ഉള്ളത്? ഇതു പറയുന്നത് സാമുദായിക പ്രശ്നമോ മതത്തെ അവഹേളിക്കലോ ആണോ? നേരെ മറിച്ച്, വിവേകത്തിന്റെ സ്വരമല്ലേ? കേരളത്തിൽ ഇസ്ലാമിസ്റ്റ് റാഡിക്കലിസം നിരീക്ഷിക്കുന്ന ദേശീയ, അന്തർ ദേശീയ ഏജൻസികളുടെ കണക്കുകളും റിപ്പോർട്ടുകളും കേരളം പുലർത്തേണ്ട ജാഗ്രതയിലേക്കു വിരൽചൂണ്ടുന്നതാണ്. കേരളത്തിൽനിന്നും നൂറു യുവാക്കൾ ഐഎസിൽ ചേർന്നുവെന്നും 550 പേരെ അതിൽനിന്നും തടഞ്ഞുവെന്നും 1,60,000 യുവാക്കളെ ഡീറാഡിക്കലൈസ് ചെയ്തുവെന്നും അവകാശപ്പെടുന്ന സർക്കാർ ഒരുകാര്യം സമ്മതിക്കുന്നു, കേരളം ജാഗ്രത പുലർത്തേണ്ടതാണ്!

www.malankaralibrary.com

**വസ്തുതകൾ പരിശോധിക്കണം..**

വസ്തുതകൾ ഇങ്ങനെയായിരിക്കെ, ഇവയെല്ലാം പാടെ നിഷേധിക്കുകയും, സാമൂഹ്യ ജാഗ്രത ആവശ്യമുണ്ട് എന്നു പറയുന്നവരെ അധിക്ഷേപിക്കുകയും ചെയ്യുന്നവർ, ചില കാര്യങ്ങൾ വ്യക്തമാക്കണം: അബു ആലാ മൗദൂദിയുടെ 'ജമാഅത്തെ ഇസ്‌ലാമി ഹിന്ദ്' ഇസ്‌ലാമിസ്റ്റ് സംഘടനയാണോ? ഈ സംഘടന കേരളത്തിലുണ്ടോ? ജോസഫ് മാഷിന്റെ കൈയും കാലും ഇരു ദിശകളിൽ വെട്ടിയ പോപ്പുലർ ഫ്രണ്ടിന്റേത് പൊളിറ്റിക്കൽ ഇസ്‌ലാമിന്റെ ഐഡിയോളജിയാണോ? ഇവർക്ക് കേരള സമൂഹത്തിൽ സ്വാധീനമുണ്ടോ? അഭിമന്യുവിനെ ക്യാമ്പസിൽ കയറി കുത്തിക്കൊന്ന എസ്. ഡി. പി. ഐ, റാഡിക്കൽ ഇസ്‌ലാമിസ്റ്റ് സംഘടനയാണോ? മദനിയുടെ പി. ഡി. പിയും ജലീലിന്റെ സിമിയും മൗദൂദിസ്റ്റുകളുടെ വെൽഫെയർ പാർട്ടിയും, സോളിഡാരിറ്റിയും, സ്റ്റുഡന്റ്സ് ഇസ്‌ലാമിക് ഓർഗനൈസേഷനും (എസ്. ഐ. ഓ.) ജിഹാദിസ്റ്റ് പ്രസ്ഥാനങ്ങളാണോ? അവർ കേരളത്തിന്റെ പൊതുസമൂഹത്തിൽ വഹിക്കുന്ന പങ്കെന്താണ്? കേരളത്തിന്റെ ക്യാമ്പസുകളിൽ, 'ദാവാ' പ്രവർത്തനം നടത്തുന്ന തിനായി ഉദ്ദേശിച്ചുകൊണ്ടുള്ള ഇസ്‌ലാമിസ്റ്റ് സംഘടനകളുടെ പ്രവർത്തനങ്ങളുടെ ഭാഗമാണോ തീവ്രവാദത്തിലേക്ക് വഴി തുറക്കുന്ന പ്രണയ ചതികളും, മയക്കുമരുന്ന് പീഡനങ്ങളും, മതം മാറ്റങ്ങളും? ക്യാമ്പസുകളിൽ തീവ്രവാദം പ്രചരിപ്പിക്കുന്നതിനെ, വിമർശിച്ചുകൊണ്ട് പാർട്ടി രേഖയുണ്ടാക്കിയ പാർട്ടിയുടെ മുഖ്യമന്ത്രിതന്നെ, അതിനെ തള്ളിപ്പറഞ്ഞുകൊണ്ട്, ജാഗ്രത വേണം എന്നു പറഞ്ഞ വ്യക്തിയെ അധിക്ഷേപിക്കുന്ന നടപടിയെ എന്താണ് പറയേണ്ടത്?



**മതത്തിനു പങ്കുണ്ടോ...?**

കേരളത്തിലെ സലഫി പ്രചാരകരായി അറിയപ്പെടുന്ന കേരള നദ്വത്തുൽ മുജാഹിദ്ദീൻ മുന്നോട്ടുവയ്ക്കുന്ന (കെ.എൻ.എം.) 'ശുദ്ധ ഇസ്‌ലാം' വാദം, മുസ്‌ലിം സമുദായത്തിനും കേരളത്തിനും ഇന്ത്യയ്ക്കും ഗുണകരമാണോ? ദശകങ്ങളായി ഇതരമതസ്ഥരെയും അവരുടെ വിശ്വാസബോധ്യങ്ങളെയും അധിക്ഷേപിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്ന അതിതീവ്ര സലഫിവഹാബി, മുജാഹിദ് മതപ്രബോധകരെ, ഏതെങ്കിലും വിധത്തിൽ കേരളത്തിലെ ഭരണാധികാരികളോ, നിയമപാലകരോ ഇന്നുവരെ നിയന്ത്രിച്ചിട്ടുണ്ടോ? മുസ്ളീംസമൂഹവും, സമുദായ സംഘടനകളും, രാഷ്ട്രീയ നേതൃത്വവും, ഇത്തരം പ്രസ്ഥാനങ്ങളെ എങ്ങനെയാണ് കാണുന്നത്?

**സമകാലിക രാഷ്ട്രീയം നേർവഴിക്കു നയിക്കുമോ..?**

തീവ്ര ഇസ്‌ലാമിസ്സ്റ്റുകളെ പരസ്യമായി തള്ളിപ്പറയുകയും രഹസ്യമായി അവരുമായി രാഷ്ട്രീയ ധാരണകളും ബന്ധങ്ങളും സ്ഥാപിക്കുകയും ചെയ്യുന്ന കേരളത്തിലെ ഇടതു വലതു രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നിലപാട്, കേരള സമൂഹത്തിനു ഗുണകരമാണോ? ഇസ്‌ലാമിസ്റ്റു തീവ്രവാദ പ്രസ്ഥാനങ്ങളുടെ നുഴഞ്ഞുകയറ്റം കേരളത്തിലെ മുസ്ളീം ലീഗിന്റെതന്നെ മുഖഛായ മാറ്റുകയാണോ? ഇസ്‌ലാമിസ്റ്റുകളുടെ രാഷ്ട്രീയമെന്താണ്? അവരുടെ രാഷ്ട്രീയ ലക്ഷ്യമെന്താണ്? ഇന്ത്യൻ രാഷ്ട്രീയത്തിൽ അവർ ഭരണഘടനാധിഷ്ഠിതമായ, ജനങ്ങളുടെ പരമാധികാരത്തിൽ (ജനാധിപത്യത്തിൽ) വിശ്വസിക്കുന്നുണ്ടോ? ഓരോ പൗരന്റെയും തുല്യതയിൽ വിശ്വസിക്കുന്നുണ്ടോ? സ്ത്രീ പുരുഷ സമത്വത്തിൽ വിശ്വസിക്കുന്നുണ്ടോ? പൗരവകാശങ്ങളിൽ വിശ്വസിക്കുന്നുണ്ടോ? മനുഷ്യാവകാശങ്ങളിൽ വിശ്വസിക്കുന്നുണ്ടോ? സമാധാനപരമായ സാമൂഹ്യ ജീവിതത്തിൽ വിശ്വസിക്കുന്നുണ്ടോ? അധികാരം കൈപ്പിടിയിലായാൽ, ഇതര ജനവിഭാഗങ്ങളുടെ സ്വാതന്ത്ര്യത്തിലും ജീവിക്കാനുള്ള അവകാശത്തിലും വിശ്വസിക്കുന്നുണ്ടോ? അഫ്ഘാനിസ്ഥാനിലേക്കുനോക്കി, താലിബാൻ കൊണ്ടുവരുന്ന സ്വാതന്ത്യത്തിൽ 'വിസ്മയം' കൊള്ളുന്നവരുടെ നിലപാടുകളിൽ മുസ്‌ലിം സമുദായം വിശ്വസിക്കുന്നുണ്ടോ?

ഇത്തരം റാഡിക്കൽ ഇസ്‌ലാമിസ്റ്റു സംഘടനകൾ കേരളത്തിൽ ഇല്ലെന്നാണല്ലോ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഇപ്പോൾ ജനങ്ങളെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നത്? നിഗൂഢ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളെ മുന്നണികൾക്ക് പിന്നിൽ മറച്ചുപിടിച്ചു രാഷ്ട്രീയ ലാഭവും സാമ്പത്തിക നേട്ടവും കൊയ്യാൻ ശ്രമിക്കുന്നവർ, തീവ്രവാദ രാഷ്ട്രീയം കൊണ്ടുനടക്കുന്നവരെക്കാൾ അപകടകാരികളാണ് എന്നു പറയാതെ വയ്യാ. ഇത്തരം രാഷ്ട്രീയ ഇരട്ടത്താപ്പുകൾ ചൂണ്ടിക്കാട്ടുന്നവരെ അവർ വർഗീയവാദികളായി ചിത്രീകരിക്കുകയാണ്! പരിഹസിച്ചു നിശ്ശബ്ദരാക്കാൻ പരിശ്രമിക്കുകയാണ്! ജയിലിലടച്ചുകളയും എന്നു ഭീഷണിപ്പെടുത്തുകയാണ്! എന്തിന്? ജാഗ്രതവേണം എന്നു പറഞ്ഞതിന്!

**സഭയുടെ നിലപാടെന്ത്...?**

സഭയുടേത് ഒറ്റയ്ക്കുള്ള ഒരു പോരാട്ടമല്ല, എല്ലാ സമുദായങ്ങളെയും, മതങ്ങളെയും ചേർത്തു നിർത്താനും, സമൂഹത്തിലെ തെറ്റായ പ്രവണതകൾക്കെതിരെ ഒന്നിച്ചു നിൽക്കണമെന്ന് സമൂഹത്തിനു സന്ദേശം നൽകാനുമുള്ള ഒരു പരിശ്രമമാണ്. ഒപ്പം, ക്രൈസ്തവ കുടുംബങ്ങൾ പുലർത്തേണ്ട ജാഗ്രതയെക്കുറിച്ചു അവരെ ഓർമ്മപ്പെടുത്തുക എന്ന ദൗത്യവുമുണ്ട്. ഇതിനെ ആരും തെറ്റായി വ്യാഖ്യാനിക്കേണ്ടതില്ല, രാഷ്ട്രീയ മുതലെടുപ്പിന് ശ്രമിക്കുകയുമരുത്. ഒരു കാര്യം തീർത്തു പറയട്ടെ, രാഷ്ട്രീയക്കാരുടെ പിന്തുണ കിട്ടുമോ എന്നുനോക്കിയല്ല ക്രൈസ്തവ സഭകൾ സാമൂഹികതിന്മകൾക്കെതിരേ നിലപാടെടുക്കുന്നത്. കേൾക്കുന്നവരുടെ രാഷ്ട്രീയം നോക്കിയല്ല സഭ സാമൂഹ്യ തിന്മകൾക്കെതിരേ വിശ്വാസികൾക്കും സമൂഹത്തിനും ജാഗ്രതാ നിർദേശം നൽകുന്നത്. സഭയുടേത് ധാർമ്മിക നിലപാടാണ്. എന്തു വിലകൊടുത്തും അത്തരം നിലപാടുകളിൽ ഉറച്ചുനിന്നിട്ടുള്ള പാരമ്പര്യമാണ് ക്രൈസ്തവ സഭകൾക്കും സമുദായത്തിനുമുള്ളത്.

പിൻ കുറിപ്പ്: സമാധാനത്തിനു തുരങ്കം വയ്ക്കുകയും സാന്നിധ്യംകൊണ്ടുതന്നെ ഭീതി വിതക്കുകയും ചെയ്യുന്ന ഇസ്‌ലാമിസ്റ്റ് ഭീകരതയെ കേരളത്തിന്റെ മണ്ണിൽ പാലൂട്ടി വളർത്തുന്ന ഏതൊരു സമീപനവും എതിർക്കപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ സന്ധിചെയ്യുന്ന കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾ, കാലത്തോട് കണക്കു ബോധിപ്പിക്കേണ്ടിവരും. തീർച്ച! ■

www.malankaralibrary.com

# നസീറുദ്ദീൻ ഷായും എം.കെ. മുനീറും: ഇനിയും വളർന്നുവരേണ്ട ഒരു സംസ്കാരം

ഫാ. ജോഷി മയ്യാറ്റിൽ



പത്മശ്രീ, പത്മഭൂഷൺ, നാഷണൽ ഫിലിം അവാർഡുകൾ, വെനീസ് ഫിലിം ഫെസ്റ്റിവൽ അവാർഡ് എന്നിവയുടെ ജേതാവായ ഇന്ത്യൻ സിനിമയിലെ അതികായൻ നസീറുദ്ദീൻ ഷായെപ്പോലുള്ളവരാണ് സംസ്കാരമുള്ള സാംസ്കാരികപ്രവർത്തകർ. ഇവരെപ്പോലുള്ള മുസ്ലീം സഹോദരങ്ങളിലാണ് ആ സമുദായത്തിന്റെയും ഇന്ത്യൻ പൗരസമൂഹത്തിന്റെയും കാലികപ്രതീക്ഷ.



'ഗോത്രസംസ്കാരത്തിൽനിന്നു നമുക്ക് മോചനം വേണ്ടേ? നാം പുരോഗമിക്കണ്ടേ?' താലിബാനെ പിന്തുണയ്ക്കുന്ന ഇന്ത്യയിലെ മുസ്ലീം തീവ്രവാദികൾക്കു മുന്നിൽ നസീറുദ്ദീൻ ഷാ ഉയർത്തുന്ന മുഖ്യമായ ചോദ്യം ഇതാണ്. ഇസ്ലാം മത വിശ്വാസികളെ 14 നൂറ്റാണ്ടുകൾ പിമ്പിലേക്ക് കൊണ്ടുപോകരുതേ എന്നാണ് അഫ്ഗാനിസ്ഥാനിലെ താലിബാൻ ഭീകരരുടെ ആധിപത്യത്തിൽ സന്തോഷിക്കുന്ന അബ്ദുള്ളമാരോട് അദ്ദേഹത്തിന് അഭ്യർത്ഥിക്കാനുള്ളത്. ഭാരതത്തിലെ മുസ്ലീം സമുദായത്തിന് എന്നും ഇന്ത്യയുടേതായ ഒരു തനിമ ഉണ്ടായിരുന്നെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ആ തനിമ കാത്തുസൂക്ഷിച്ചാൽ ലോകമാസകലമുള്ള ഇസ്ലാമിൽ ഇന്ന് നിലവിലുള്ള ഗുരുതരമായ പ്രശ്നങ്ങൾക്ക് ഇന്ത്യൻ മുസ്ലീമുകൾക്ക് പരിഹാരം നല്കാൻ കഴിയുമെന്നും അദ്ദേഹം വിശ്വസിക്കുന്നു.


**ആൾക്കൂട്ടത്തിൽ തനിയേ ഒരാൾ ഇവിടെ**

ഉത്തരേന്ത്യയിൽ നസീറുദ്ദീൻ ഷാ സംസാരിക്കും മുമ്പ് സോഷ്യൽമീഡിയയിലൂടെ സമാനമായ ആശയം പങ്കുവച്ചയാളാണ് ഡോ. എം.കെ. മുനീർ. അതിന്റെ പേരിൽ വധഭീഷണിയുടെ നിഴലിലാണ് അദ്ദേഹം ഇപ്പോൾ. തീവ്രവാദപ്രസ്ഥാനങ്ങളുടെ കുത്തൊഴുക്കിൽ സ്വന്തം കാൽച്ചുവട്ടിൽനിന്ന് മണ്ണ് ഒലിച്ചുപോകുന്നു എന്ന തിരിച്ചറിവിൽ, മുസ്ലീംലീഗിലെ തങ്ങൾമാരും 'ചന്ദ്രിക'യിലെ സിൽബന്ധികളും എങ്ങനെയെങ്കിലും പിടിച്ചുനിൽക്കാനുള്ള തത്രപ്പാടിൽ തുർക്കിഖിലാഫത്തിന്റെ ആധുനിക ഭാഷ്യമായ എർദോഗഭ്രാന്തിനു സ്തുതിഗീതം ചമച്ചപ്പോഴും, അത്തരം താലിബാനിസത്തിന് കുഴലൂത്തുമായി ജീർണിച്ച കോൺഗ്രസ്സിന്റെ ചാണ്ടിക്കുഞ്ഞുങ്ങൾ കളത്തിലിറങ്ങിയപ്പോഴും, 'മേയ കുൾപാ' പറയാൻ സന്നദ്ധനായതും മുറിവുണക്കാൻ ആത്മാർത്ഥമായി ശ്രമിച്ചതും അദ്ദേഹം മാത്രമായിരുന്നു. സംസ്കാരമുള്ള ഇത്തരം രാഷ്ട്രീയ പ്രവർത്തനം ആദരിക്കപ്പെടേണ്ടതും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമാണ്. ഖേദകരം എന്നു പറയട്ടെ, യുഡിഎഫിലും എൽഡിഎഫിലും കൂടി നട്ടെല്ലുള്ള ഒരു മുനീറേ ഉള്ളൂ എന്നതാണ് കേരളത്തിന്റെ ഇന്നത്തെ ദുരവസ്ഥ!

**കേരള സംസ്കാരത്തിലെ കരിവേഷങ്ങൾ...**

സംസ്കാരമുള്ളവർ സാംസ്കാരിക പ്രവർത്തകരാകുമ്പോൾ അതു നാടിന് വലിയ പുണ്യമായിത്തീരും; സാത്വികത പൗരന്റെയും നാടിന്റെയും മുഖമുദ്രയായി മാറും. എന്നാൽ, തീരെ സംസ്കാരമില്ലാത്തവർ സാംസ്കാരിക പ്രവർത്തകരുടെ കോലം കെട്ടിയാടുമ്പോൾ നാടുമുഴുവൻ ഒരു ചുടലക്കളമാകും; മനുഷ്യമനസ്സുകളിൽ തമോരസത്തിന്റെ തേർവാഴ്ച തുടങ്ങും. മലയാള സിനിമകളിലും സാഹിത്യത്തിലും മാധ്യമ പ്രവർത്തനത്തിലും രാഷ്ട്രീയത്തിലും ഇത്തരം കരിവേഷങ്ങൾ ഇപ്പോൾ കളം നിറഞ്ഞ് ആടുകയാണ്

'അധിനിവേശം ഒഴിഞ്ഞു; സ്വതന്ത്ര അഫ്ഗാൻ' എന്ന ശീർഷകം കുറിച്ചവർക്ക് സ്ത്രീവിരുദ്ധരായ താലിബാൻകാരുടെ വെടിയേറ്റ മലാലയെക്കുറിച്ചോ, ലൈംഗിക അടിമകളായിത്തീർന്ന എണ്ണമറ്റ ബാലികമാരെക്കുറിച്ചോ, സംസ്കാര വിരുദ്ധരായ താലിബാൻകാർ തകർത്ത ബുദ്ധ പ്രതിമയെക്കുറിച്ചോ, ക്രൂരരായ താലിബാൻകാരിൽനിന്നു രക്ഷപ്പെടാനായി ഫ്ളൈറ്റിൽ സ്വയം കെട്ടിവച്ച് യാത്രചെയ്യാൻ ശ്രമിച്ച് താഴെ വീണവരെക്കുറിച്ചോ, കൊലപാതകികളായ ഭീകരവാദികളുടെ ചാവേറാക്രമണത്തിൽ വിമാനത്താവളത്തിനടുത്തു വച്ച് ചിതറിത്തെറിച്ച 180 ഓളം മനുഷ്യരെക്കുറിച്ചോ, അൽപ്പം പോലും വിഷമമുണ്ടായില്ല. അത്രയ്ക്കു വിഷലിപ്തമാണ് സാംസ്കാരിക മണ്ഡലത്തിലെ ആ അബ്ദുള്ളമനസ്സുകൾ! പക്ഷേ, 'മാധ്യമം'പത്രത്തിനും വാരികയ്ക്കും കേരളസമൂഹത്തിലെ സാംസ്കാരികമണ്ഡലത്തിൽ നിഷേധിക്കാനാവാത്ത ഒരു സ്ഥാനം അവർ



www.malankaralibrary.com

ഇതിനകം ഉണ്ടാക്കിയെടുത്തിട്ടുണ്ടെന്നതു മറക്കരുത്. പക്ഷേ, ഇതുവരെ ഒരു ശാരദക്കുട്ടി മാത്രമേ 'മാധ്യമ'താലിബാനിസത്തിന്റെ നിജസ്ഥിതി തിരിച്ചറിഞ്ഞ്, ഇനി താൻ മാധ്യമത്തിനുവേണ്ടി എഴുതാനില്ല എന്നു പ്രഖ്യാപിച്ചിട്ടുള്ളൂ. മറ്റുള്ളവർക്ക് ഇപ്പോഴും സാംസ്കാരികോദയം ഉണ്ടായിട്ടില്ല (നാടൻഭാഷയിൽ പറഞ്ഞാൽ, നേരം വെളുത്തിട്ടില്ല!)

**സാംസ്കാരികനായകർ കോമഡിയാകുമ്പോൾ...**

സാഹിത്യമണ്ഡലത്തിൽ നിരന്തരം വ്യാപരിക്കുന്ന ഒരാൾ മാധ്യമത്തിന്റെ ആ വിധ്വംസകശീർഷകം കണ്ട് ഞെട്ടിത്തരിച്ച് ഫെയ്സ് ബുക്കിൽ കുറിച്ചു, 'ഇപ്പോഴാണ് പൂച്ചു പുറത്തുചാടിയത്' എന്ന്. ജമാ അത്തെ ഇസ്ലാമിയുടെ മുഖപത്രമാണ് മാധ്യമം എന്നും ജമാ അത്തെ ഇസ്ലാമിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെന്നും ഇത്രയേറെ വർഷങ്ങൾ സാംസ്കാരിക മേഖലയിൽ സജീവരായിരുന്നവർക്കുപോലും ഇതുവരെയും മനസ്സിലായിട്ടില്ല എന്നു തിരിച്ചറിയുമ്പോൾ ഇതെല്ലാം പട്ടാപ്പകൽ പോലെ വ്യക്തമായി കണ്ടു കൊണ്ടിരിക്കുന്ന സാദാപൗരന്റെ ഞെട്ടലും ദുഃഖവും ഈർഷ്യയും എത്രയധികമായിരിക്കും!

**സംസ്കാരമില്ലായ്മയുടെ നുഴഞ്ഞുകയറ്റം**

ഭീകരതയാൽ മസ്തിഷ്കപ്രക്ഷാളനം നടന്നുകഴിഞ്ഞവരും അവരുടെ ആശയങ്ങളും മുഖ്യധാരാമാധ്യമങ്ങളിൽ മാത്രമല്ല, രാഷ്ട്രീയപ്രസ്ഥാനങ്ങളിലും ന്യായാസനങ്ങളിലും ഔദ്യോഗിക പദവികളിലും ബിസിനസ് മേഖലയിലും സാംസ്കാരിക മണ്ഡലങ്ങളിലും കയറിപ്പറ്റിയിരിക്കുന്നു എന്ന യാഥാർത്ഥ്യം കൈരളിയെ വല്ലാതെ ആശങ്കപ്പെടുത്തേണ്ടതല്ലേ? മദ്രസകളിൽപോലും മൗദൂദിസത്തിന്റെ കരാളഹസ്തങ്ങൾ പിടിമുറുക്കിയിരിക്കുന്നെന്ന യാഥാർത്ഥ്യത്തിലേക്ക് ഇനിയും നാം എപ്പോഴാണ് ഉണരാൻ പോകുന്നത്?!

കേരളത്തിലെ മുഖ്യ സാംസ്കാരിക-രാഷ്ട്രീയ-മത-മാധ്യമ നേതാക്കളുടെ തലയിൽ ഇപ്പോഴും സംസ്കാരവെളിച്ചം വേണ്ടത്ര എത്തിയിട്ടില്ലെന്നത് അങ്ങേയറ്റം ഖേദകരമാണ്. 'ഇനി വരുന്നൊരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ' എന്നു ചോദിക്കാവുന്ന തരത്തിൽ ഇവിടത്തെ സാമൂഹികാന്തരീക്ഷം ഇവരുടെ ഇടപെടലുകളാൽ വല്ലാതെ ജീർണിച്ചു കൊണ്ടിരിക്കുകയാണ്. ഭഗത് സിങ്ങുമാർക്ക് നിയമസഭാ സ്പീക്കറിലൂടെതന്നെ പുത്തൻ നിർവചനങ്ങൾ ഉണ്ടാകുന്നത് കെട്ടകാലത്തിന്റെ കാളീയക്കാഴ്ചകളായി കരുതിയാൽ മതിയാകും. കേരളസംസ്കാരത്തിന്റെ ഉദകക്രിയ നടത്താൻ ഗുപ്തനിയോഗം സിദ്ധിച്ചിട്ടുള്ളവരാണ് തങ്ങൾ എന്ന് ആർക്കൊക്കെയോ ഉൾവിളിയുള്ളതുപോലെ തോന്നുന്നു.

**'ശ്രദ്ധയിൽ പെട്ടിട്ടില്ല'**

ഡിജിപി പറഞ്ഞ സ്ലീപ്പിങ് സെല്ലുകൾ ശ്രദ്ധയിൽ പെട്ടിട്ടില്ലെന്നു മുഖ്യമന്ത്രി പറഞ്ഞതിൽ അർധസത്യമെങ്കിലും ഉണ്ടാകാതിരിക്കില്ലല്ലോ. ഭീകരവാദത്തിന്റെ സ്ലീപ്പിങ് സെല്ലുകളല്ല, അംഗീകൃതമായ ആക്ടീവ് സെല്ലുകൾ മാത്രമേ കേരളത്തിലുള്ളൂ എന്നു നാം മനസ്സിലാക്കണം. കമ്മ്യൂണിസ്റ്റുകളുടെ വിപ്ലവവും ഇസ്ലാമിസ്റ്റുകളുടെ ജിഹാദും അവരെത്തമ്മിൽ ഉറ്റ ചങ്ങാതിമാരാക്കാറുണ്ട് എന്ന യാഥാർത്ഥ്യം മനസ്സിലാക്കാൻ താലിബാനു ലഭിക്കുന്ന ചൈനയുടെ പിന്തുണയും കേരളത്തിലെ കമ്യൂണിസ്റ്റ് പാർട്ടികൾ സംയുക്തമായി ഇറക്കിയ അഫ്ഗാൻപ്രസ്താവനയും 'മാധ്യമ'ശീർഷകത്തിനു ബദലായി വന്ന 'ദേശാഭിമാനി'ശീർഷകവും നിരീക്ഷിച്ചാൽ മാത്രം മതിയല്ലോ.


മുനീറിന്റെ മുനവച്ച ചോദ്യത്തിനാണ് ആഭ്യന്തരവകുപ്പു മന്ത്രി കൂടിയായ മുഖ്യമന്ത്രി നിയമസഭയിൽ അത്തരം ഒരു പരപ്പൻ മറുപടി നല്കിയത് എന്നോർക്കണം. ആഭ്യന്തരവകുപ്പിന് ശ്രദ്ധയുണ്ടെങ്കിലല്ലേ വിധ്വംസക പ്രവർത്തനങ്ങൾ ശ്രദ്ധയിൽ പെടുകയുള്ളൂ. ഭീകരവാദികൾ കേരളത്തിൽ ഉണ്ടോ എന്ന കാര്യത്തിൽ കേരളത്തിലെ ആഭ്യന്തരവകുപ്പിന് തീരെ ശ്രദ്ധയില്ലെന്ന് ഇതിനകം തെളിഞ്ഞു കഴിഞ്ഞിട്ടുള്ള കാര്യമാണ്. കേരള പോലീസിന്റെ മൂക്കിനു കീഴിൽനിന്ന് കർണാടക പോലീസും എൻഐഎയും ഭീകരരെ പൊക്കിയിട്ടും ആഭ്യന്തരം മാത്രം ഒന്നും അറിഞ്ഞിട്ടില്ല. സമാന്തര ടെലിഫോൺ എക്സ്ചേഞ്ചിനെക്കുറിച്ചും ഈയിടെ ആരോ എന്തോ ഒക്കെ പറയുന്നതേ ആഭ്യന്തരം അറിഞ്ഞിട്ടുള്ളൂ.

പ്രിയ ആഭ്യന്തരമേ, വർഷങ്ങൾക്കുമുമ്പ് സാക്ഷാൽ വി.എസ്. അച്യുതാനന്ദൻ സഖാവു മുഖ്യമന്ത്രിയായിരിക്കേ, സ്വയം മനസ്സിലാക്കി പരസ്യമായി പറഞ്ഞ കാര്യങ്ങളെങ്കിലും ഒന്നു റീ അടിച്ചു കാണുന്നതു നന്നായിരിക്കും. പണ്ടേ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങളൊക്കെ കണ്ടില്ലെന്നു നടിക്കാൻമാത്രം കേരള പൊലീസ് എന്നു മുതൽക്കാണ് ഇങ്ങനെ ഷണ്ഡീകരിക്കപ്പെട്ടത് എന്ന് അദ്ഭുതപ്പെട്ടു പോവുകയാണ് സാദാ പൗരന്മാർ.

**സൗജന്യങ്ങൾ സമ്മാനിക്കുന്ന അന്ധതയും ബധിരതയും**

ഫ്ളൈറ്റ് ടിക്കറ്റുകളും വില കൂടിയ ഈന്തപ്പഴങ്ങളും ചിലരിൽ ഉളവാക്കുന്ന അന്ധതയെക്കുറിച്ച് സ്വന്തം മക്കൾപോലും പുറംലോകത്തോടു വിളിച്ചുപറഞ്ഞ സത്യങ്ങളും ഇവരാരും കേട്ടിട്ടില്ലത്രേ. ഇവരൊക്കെ ഹമീദ് ചേന്ദമംഗലൂരിനെയും കാരശ്ശേരി മാഷിനെയും വല്ലപ്പോഴുമൊന്നു വായിക്കുകയോ കേൾക്കുകയോ ചെയ്തിരുന്നെങ്കിൽ. 'ദൈവത്തിന്റെ രാഷ്ട്രീയം' എന്ന പേരിൽ ഒരു പുസ്തകമുണ്ടെന്ന് അറിയുകയെങ്കിലും ചെയ്തിരുന്നെങ്കിൽ.

ഇതാണ് ഇന്നത്തെ കേരളം, അന്ധർ നയിക്കുന്ന, ബധിരർ നയിക്കുന്ന കേരളം. ഈ പശ്ചാത്തലത്തിലാണ് മുനീറിനെയും നസീറുദ്ദീൻ ഷായെയും പോലുള്ളവരുടെ ആർജവം ഊഷരഭൂവിലെ വേനൽമഴയായി പൗരമനസ്സുകളിൽ പെയ്തിറങ്ങുന്നത്. ■



www.malankaralibrary.com

# ‘മാധ്യമങ്ങളും സുവിശേഷവത്ക്കരണവും’ ക്രൈസ്തവ സമീപനങ്ങൾ

**ഡോ. പോൾ മണലിൽ**
**മാധ്യമ പ്രവർത്തകൻ**



**മാ**ധ്യമങ്ങൾ സഭയെ എങ്ങനെ നോക്കിക്കാണുന്നുവെന്നും സഭ എങ്ങനെയാണ് മാധ്യമങ്ങളെ സമീപിക്കേണ്ടതെന്നും ഉള്ള കാര്യങ്ങൾ ആഴത്തിൽ മനസ്സിലാക്കേണ്ട കാലത്താണ് നമ്മൾ ഇപ്പോൾ ജീവിക്കുന്നത്. അങ്ങനെ മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ടും അതിനു തുനിയാത്തതുകൊണ്ടും സഭ ഇക്കാലത്തു പല വെല്ലുവിളികളെയും നേരിടുന്നുണ്ട്. സഭയുടെ സുവിശേഷ പ്രവർത്തനം സമകാലിക സമൂഹവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ മാധ്യമങ്ങളെ ഒഴിച്ചു നിറുത്തിയുള്ള സുവിശേഷീകരണം അസാധ്യമാണ്.



യേശു ക്രിസ്തുവിന്റെ ജീവിതവും സാക്ഷ്യവും അവതരിപ്പിക്കുന്ന സദ്വാർത്തയുടെ സന്ദേശമാണ് സഭ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കേണ്ടതെന്നും അതാണ് യഥാർത്ഥമായ സുവിശേഷപ്രവർത്തനമെന്നും നമ്മൾ കരുതുന്നുണ്ട്. അത്തരമൊരു ആശയത്തിൽ ഊന്നിനിന്നുകൊണ്ട് പ്രവർത്തിക്കുമ്പോൾ പൊതുസമൂഹത്തിന്റെ മുൻഗണനകളും സങ്കീർണതകളും മറ്റു വിഷയങ്ങളും കൂടി അഭിസംബോധന ചെയ്യേണ്ടതും ഒരു സുവിശേഷ പ്രവർത്തനം തന്നെയാണ്. അത്തരം ചില മുൻഗണനകൾ സഭ ഇപ്പോൾ തന്നെ ഏറ്റെടുത്തിട്ടുണ്ടെങ്കിലും മാധ്യമങ്ങളുടെ ദൃഷ്ടിയിൽ ഒട്ടേറെ പാളിച്ചകൾ ആരോപിക്കപ്പെടുന്നുണ്ട്.

മാധ്യമങ്ങളും സഭയും സമൂഹത്തിൽ പൊതുനന്മയെ ലക്ഷ്യമാക്കുന്നുണ്ടെങ്കിലും സഭയുടെ പ്രവർത്തനങ്ങളും നിലപാടുകളും ചോദ്യം ചെയ്യുക മാത്രമല്ല, സഭയുടെ സംവിധാനത്തെ ശിഥിലമാക്കുന്ന തരത്തിൽ സത്യവിരുദ്ധമായ നിലപാടുകൾ മാധ്യമങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. സഭയുടെ വ്യവസ്ഥാപിതമായ സംവിധാനത്തെ തകർക്കുന്നതിനു പോലും വൈമനസ്യം ഇല്ലാത്ത നയം അടുത്തകാലത്തായി മാധ്യമങ്ങൾ വച്ചുപുലർത്തുകയും ചെയ്യുന്നുണ്ട്. അതൊന്നും തിരിച്ചറിയാതെ സഭ സമൂഹത്തിൽ തുടർന്നും പ്രവർത്തിക്കുന്നു. സഭയെ ‘ഡീക്ലാസ്സ്’ ചെയ്യാനാണ് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഉൾപ്പെടെയുള്ള ശക്തികൾ ശ്രമിക്കുന്നത്. ഇത്തരം സാഹചര്യത്തിൽ സഭയുടെ സുവിശേഷ പ്രവർത്തനങ്ങൾക്കു സ്വീകാര്യത ലഭിക്കാതെ പോകുന്നു. ‘ഡീക്ലാസ്സ്’ ചെയ്യപ്പെടുന്നതിലൂടെ കുറ്റവും കുറവും ഉള്ള ‘ക്രെഡിബിലിറ്റി’ ഇല്ലാത്ത സഭയുടെ ഒരു ചിത്രം മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നു. സഭയെ ‘ഡീക്ലാസ്സ്’ ചെയ്തു കഴിഞ്ഞാൽ അതിന്റെ വ്യവസ്ഥിതികളെ തച്ചുടച്ച് തങ്ങൾക്കു അനുകൂലമായ തരത്തിൽ ഒരു മതസംവിധാനത്തെ ‘റീകൺസ്ട്രക്ട്’ചെയ്യാനാണ് മാധ്യമങ്ങൾ ഉൾപ്പെടെയുള്ള ശക്തികൾ ശ്രമിക്കുന്നത്. സഭയ്ക്കു പങ്കാളിത്തം കുറഞ്ഞ പുതിയ വ്യവസ്ഥിതിയിൽ മാധ്യമങ്ങൾക്കും മറ്റും അനുകൂലമായ ഒരു ‘കമ്പോളം’ മനുഷ്യരുടെവികാരത്തെ ചൂഷണം ചെയ്യുന്ന ഒരു മാർക്കറ്റ് സൃഷ്ടിക്കാനാണ് മാധ്യമങ്ങളെ നിയന്ത്രിക്കുന്നവർ ശ്രമിക്കുന്നത്.

കാലഘട്ടത്തിന്റെ ഇത്തരം വെല്ലുവിളികളെ സഭ എങ്ങനെ നേരിടും? വിദ്യാഭ്യാസം, ആരോഗ്യം,

www.malankaralibrary.com

പത്രപ്രവർത്തനം, അച്ചടി, സാഹിത്യം, കൃഷി, വ്യവസായം, ഭാഷ എന്നിങ്ങനെയുള്ള മേഖലകളിൽ പ്രവർത്തിച്ചുകൊണ്ടും അടിമത്വം, ജാതിവിവേചനം, അനാചാരങ്ങൾ എന്നിങ്ങനെയുള്ള അനീതികൾക്കെതിരെ ശബ്ദിച്ചുകൊണ്ടും ആയിരുന്നു കേരളത്തിൽ മിഷനറിമാർ സുവിശേഷ പ്രവർത്തനങ്ങൾ തുടങ്ങിയത്. കേരളത്തിന്റെ സാമൂഹ്യ നവോത്ഥാനത്തിനു അടിത്തറയിട്ടുകൊണ്ടായിരുന്നു മിഷനറിമാരുടെ അത്തരത്തിലുള്ള സുവിശേഷപ്രവർത്തനം. അതിന്റെ പിന്തുടർച്ച കേരളത്തിലെ ക്രൈസ്തവ സഭകളുടെ ഇക്കാലത്തെ പ്രവർത്തനങ്ങളിലും നിഴലിച്ചുനിലക്കുന്നുണ്ടെങ്കിലും ഒരു നവോത്ഥാന ശക്തിയായി സഭയെ കാണാൻ ഇന്നു മാധ്യമങ്ങൾ അടക്കമുള്ള ശക്തികേന്ദ്രങ്ങൾക്കു താൽപ്പര്യമില്ല. സഭയുടെ സാമ്പത്തിക വളർച്ചയിൽ അസ്വസ്ഥതപ്പെടുന്നവരുടെയും സഭയുടെ പൊതുമണ്ഡലത്തിലെ സ്വാധീനത്തിൽ പതറുന്നവരുടെയും നിലപാടുകൾ തീർച്ചയായും മാധ്യമങ്ങളിലൂടെയും മറ്റും പ്രതികൂലമായി പ്രതിഫലിക്കുന്നുണ്ട്. അതിനാൽ സഭയ്ക്കു പ്രവചനാത്മകമായ ആശയ സംവേദനം ആവശ്യമാണ്. സഭ തന്നെ മാധ്യമമാകേണ്ടതുണ്ട്. മീഡിയം തന്നെ മെസേജ് ആകാമെന്ന് മാർഷൽ മക്ലൂഹൻ എന്ന മാധ്യമ ചിന്തകൻ പറഞ്ഞത് ഈ സാഹചര്യത്തിൽ തെറ്റാണെന്നു പറയാൻ കഴിയില്ല.

സമൂഹത്തിൽ ശബ്ദമില്ലാത്തവരുടെ ശബ്ദമാകാൻ കഴിയുന്നതാണ് പ്രവർത്തനാത്മകമായ മാധ്യമ ശബ്ദം. അത്തരമൊരു പ്രവാചകസമീപനം 'സഭ എന്ന മാധ്യമം'ഏറ്റെടുക്കണം. ഇന്നത്തെ മാധ്യമങ്ങൾ വരച്ചുകാട്ടുന്ന കപടയാഥാർത്ഥ്യത്തെ വിമർശനാത്മകമായി മനസ്സിലാക്കാൻ പ്രചോദനം നൽകുന്ന പ്രവാചക സമീപനം സഭ എങ്ങനെ ഏറ്റെടുക്കും? സത്യത്തെ തിരിച്ചറിയാൻ സഹായിക്കുന്ന പ്രവാചകതുല്യമായ സന്ദേശം സഭയ്ക്കു എങ്ങനെ അവതരിപ്പിക്കാൻ കഴിയും? ബൈബിളിൽ അതിന്റെ മാതൃകയുണ്ട്. രാജാക്കന്മാർ ഒന്നാം പുസ്തകം, 21ാം അധ്യായത്തിൽ നാബോത്തിന്റെ മുന്തിരിത്തോട്ടത്തിന്റെ കഥ അക്കാര്യം വിവരിക്കുന്നുണ്ട്. അഹാബ് രാജാവിനു ഒരു ചീരത്തോട്ടം ഉണ്ടാക്കാൻ നാബോത്തിന്റെ മുന്തിരിത്തോട്ടം കയ്യേറുന്ന കഥയാണിത്. പൈതൃകമായി ലഭിച്ച മുന്തിരിത്തോട്ടം വിട്ടുകൊടുക്കാൻ നാബോത്ത് തയ്യാറായില്ല. ഇതേത്തുടർന്ന് അഹാബ് രാജാവിന്റെ ഭാര്യ ഇസബെൽ നാബോത്തിനെതിരേ ഗൂഢാലോചന നടത്തി. രാജ്യദ്രോഹക്കുറ്റം ചുമത്തി നാബോത്തിനെ കല്ലെറിഞ്ഞു കൊന്നു. അങ്ങനെയാണ് അഹാബ് മുന്തിരിത്തോട്ടം സ്വന്തമാക്കിയത്. നാബോത്ത് ഒരു 'വിഐപി' അല്ലെങ്കിലും ഏലിയാ, അഹാബ് രാജാവിന്റെ മുഖത്തു നോക്കി ഇങ്ങനെ പ്രവചിച്ചു. "നീ കൊല നടത്തുകയും പിടിച്ചെടുക്കുകയും ചെയ്യുന്നോ? തിന്മ ചെയ്യാൻ നീ നിന്നെത്തന്നെ വിറ്റിരിക്കുന്നതുകൊണ്ട് ഞാൻ നിന്നെ കണ്ടെത്തി. ഞാൻ നിന്നെ തുടച്ചു നീക്കും".

ഏലിയായുടെ പ്രവചനാത്മകമായ ശബ്ദം ഒരു വലിയ സാമൂഹ്യശക്തിയുടെ സ്വരം ഉയർത്തുന്നു. ഇന്നത്തെ മാധ്യമപ്രവർത്തകർക്കു ഏലിയായുടെ ധീരതയില്ല. അതിനാൽ സഭ തന്നെ ഏലിയായുടെ 'റോൾ' ഏറ്റെടുക്കുന്നു. അഹാബ് രാജാവിന്റെ കൊട്ടാരത്തിലെ ഗൂഢാലോചന പുറത്തുകൊണ്ടുവരാൻ കഴിയുന്ന മാധ്യമപ്രവർത്തകർ അന്നും ഇല്ല ഇന്നും ഇല്ല. അന്ന് മാധ്യമങ്ങൾ ഉണ്ടായിരുന്നെങ്കിൽ അക്കൂട്ടർ അഹാബ് രാജാവിന്റെ പക്ഷത്തു നിലകൊള്ളുമായിരുന്നു.




അക്കൂട്ടർ ഇസബെൽ രാജ്ഞിക്ക് ആജ്ഞാനുവർത്തികളായ central prophet ആകുമായിരുന്നു. എന്നാൽ ഏലിയാ ആകട്ടെ, 'വിഐപി' അല്ലാത്ത നാബോത്തിന്റെ പക്ഷത്തായിരുന്നു. ഏലിയാ അങ്ങനെ Peripheral Prophet ആയി. മാധ്യമങ്ങൾ ആകട്ടെ, ഇന്നും പാർശ്വവത്കരിക്കപ്പെട്ടവരെ അവഗണിക്കുന്നു. അതിനാൽ സഭ ഇക്കാലത്തു പാർശ്വവൽകരിക്കപ്പെട്ടവരുടെകൂടെ നില്ക്കുന്നു. Peripheral Prophet ആകണം, സുവിശേഷവത്കരണം സാക്ഷാത്ക്കരിക്കപ്പെടുന്നത് അപ്പോഴാണ്. ഇപ്രകാരമുള്ള വിമോചന പ്രകിയകളിൽ സഭ ഏർപ്പെടുമ്പോഴാണ് സുവിശേഷവത്ക്കരണം പൂർണമാകുന്നത്. മാധ്യമങ്ങളിലൂടെ ഇത്തരത്തിലുള്ള സുവിശേഷ പ്രക്രിയകൾ നടത്താൻ സഭയ്ക്കു കഴിയണം.

മാധ്യമങ്ങൾ ദൈവശാസ്ത്രത്തിന്റെ ഒരു ഉപകരണമല്ല. എന്നാൽ ദൈവശാസ്ത്രത്തെ പുതുക്കുന്നതിനും ദൈവശാസ്ത്രത്തെ ആഴത്തിൽ കണ്ടെത്തുന്നതിനും ഉള്ള അവസരം മാധ്യമങ്ങൾ ഒരുക്കുന്നുണ്ട്. അതിനാൽ മാധ്യമങ്ങൾ ദൈവശാസ്ത്രത്തിനു ഒരു ഭീഷ

www.malankaralibrary.com

ണിയല്ല ഒരു വെല്ലുവിളിയാണ്. ആ വെല്ലുവിളി തിരിച്ചറിയാനുള്ള ബോധ്യമാണ് സഭ വളർത്തിയെടുക്കേണ്ടത്. വിശുദ്ധമായതിനെയും ഉദാത്തമായതിനെയും മാധ്യമങ്ങൾ നിസ്സാരവത്ക്കരിക്കുന്നുണ്ട്. യഥാർത്ഥസന്ദേശം വിളംബരം ചെയ്യാൻ സഭയ്ക്കു കഴിയാത്തതുകൊണ്ട് സംഭവിക്കുന്ന പ്രശ്നമാണിത്. എന്തുകൊണ്ട് കഴിയുന്നില്ല എന്ന ചോദ്യത്തിനു ഉത്തരം സഭ ഇപ്പോൾ ഒരു media emergency ക്ക് അടിമപ്പെട്ടിരിക്കുന്നു എന്നാണ്. media emergency എന്നാൽ, സത്യം മറച്ചുവയ്ക്കപ്പെടുന്നു. മാധ്യമങ്ങളുടെ ഈ നിലപാടിനെ ഫലപ്രദമായി നേരിടാൻ സഭയ്ക്കു കഴിയുന്നില്ല. ദൈവസ്നേഹം പങ്കുവയ്ക്കാൻ പല പദ്ധതികളിലൂടെ സഭ ശ്രമിക്കുമ്പോൾ അതിനെ മാധ്യമങ്ങൾ വിലയിരുത്തുന്നതുവെറും സഹായപദ്ധതികളായിട്ടാണ്. അങ്ങനെ വിശേഷിപ്പിക്കുന്നതിൽ സഭയ്ക്കു എതിർപ്പുമില്ല.

സഭയെ മുൻനിറുത്തി മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകളും വിശേഷങ്ങളും പൊതുസമൂഹം "new normal" ആയി കാണുന്നു. മൂല്യബോധമുള്ള തലമുറയെ വാർത്തെടുക്കാനുള്ള ക്ഷണത്തിൽ ക്രൈസ്തവ സമൂഹം ഇപ്പോൾ പരാജയപ്പെട്ടുവരുന്നതിന്റെ സൂചനകൾ മാധ്യമങ്ങൾ വഴി പ്രചരിക്കുമ്പോൾ അത്തരം സാഹചര്യത്തെയും new normal ആയി സഭ കാണുന്ന സ്ഥിതിവിശേഷം ഇപ്പോഴുണ്ട്. സുവിശേഷ പ്രവർത്തനത്തിനിടയിൽ ക്രൈസ്തവസമൂഹം നേരിടുന്ന ഇത്തരം വെല്ലുവിളികളെ സഭ എങ്ങനെ ഇനി അഭിസംബോധന ചെയ്യുമെന്നു വിലയിരുത്തേണ്ടതുണ്ട്. കക്ഷി രാഷ്ട്രീയം സഭാഗാത്രത്തെ ശിഥിലമാക്കാൻ ആരും അനുവദിച്ചിട്ടില്ലെങ്കിലും സഭ നേരിടാൻ പോകുന്ന ഒരു വലിയ വിപത്താണിത്. മാധ്യമങ്ങളിൽ സഭയുടെ നിലപാടുകളുടെപ്പറ്റി രാഷ്ട്രീയക്കാരും മറ്റും ചർച്ച ചെയ്യുന്ന ഒരു പ്രവണത വർധിച്ചുവരുന്നുണ്ട്. ദൈവരാജ്യം കക്ഷി രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിലോ ഏതെങ്കിലും ഇനത്തിന്റെ അടിസ്ഥാനത്തിലോ സൃഷ്ടിക്കാൻ കഴിയില്ലെങ്കിലും സഭയെ ഇത്തരം പ്രവണതകൾ കയ്യേറി ത്തുടങ്ങിയോ എന്ന് വിലയിരുത്താൻ മാധ്യമങ്ങളുടെ വിമർശനങ്ങൾ കൊണ്ട് കഴിയേണ്ടതാണ്.

സഭയുടെ സുവിശേഷവത്ക്കരണത്തിലും മാധ്യമ സമീപനത്തിലും കോവിഡ് അനന്തരകാലത്ത് ഒരു 'പാരഡൈം ഷിഫ്റ്റ്' ആവശ്യമായി വന്നിരിക്കുന്നു. മതത്തെപ്പറ്റിയുള്ള കാഴ്ചപ്പാടിൽ കാതലായ മാറ്റം ഉണ്ടായിട്ടുണ്ട്. ആരാധനയും തിരുശരീരരക്തങ്ങളുടെ സ്വീകരണവും സഭാവിശ്വാസത്തിൽ ഒഴിച്ചുകൂടാനാവാത്ത ഘടകമായിരുന്നെങ്കിൽ ഇപ്പോൾ അതിൽ വന്ന മാറ്റത്തെപ്പറ്റി പഠിക്കേണ്ടതുണ്ട്. വിശ്വാസികൾ ഇല്ലാത്ത സഭയുടെ പ്രതിസന്ധിയെപ്പറ്റി മാധ്യമങ്ങളിൽ ചർച്ച നടക്കുന്നുണ്ട്. ആരാധന ദൈവശാസ്ത്രപരമായി ദൈവത്തോടും ദൈവജനത്തോടും ഉള്ള ആശയവിനിമയമാണ്. ദൈവം നമ്മുടെ പരിമിതികളിൽ ബന്ധിതനല്ലാത്തതിനാൽ 'zoom worship' പോലെയുള്ള പുതിയ സാധ്യതകൾ സഭ കണ്ടെത്തണം. ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന ഉപാധിയായി ഓൺലൈൻ പള്ളികൾ രൂപപ്പെടുത്തണം. കൂട്ടായ്മയുടെ അനുഭവത്തിലേക്കു വെർച്വൽ ആരാധനയെ പരുവപ്പെടുത്തണം. വിശ്വാസത്തെ ശക്തിപ്പെടുത്താൻ മാധ്യമങ്ങളുടെ ഉപാധിയും അതിന്റെ സാധ്യതകളും വിനിയോഗിക്കണം.




സോഷ്യൽ മീഡിയായുടെ സാധ്യതകൾ സുവിശേഷവത്ക്കരണത്തിനു പൂർണമായ തോതിൽ സഭ ഉപയോഗപ്പെടുത്തണം. സഭയെ പ്രതിരോധിക്കാനല്ല സംവാദത്തിനുള്ള വേദിയായും സോഷ്യൽ മീഡിയയെ ഉപാധിയാക്കണം. മാധ്യമങ്ങളെ തിരിച്ചറിയാനും മാധ്യമ ഗൂഢാലോചനകൾ മനസ്സിലാക്കാനും സഭയുടെ മാധ്യമ ബോധനപരിശീലന പരിപാടികൾ അല്മായ തലത്തിൽ മാത്രമല്ല വൈദികതലത്തിലും സെമിനാരി തലത്തിലും തുടർച്ചയായി നടത്തണം. മാധ്യമങ്ങളുടെ ആയിരം കണ്ണുകൾ സഭയിലെ വൈദികരെയും അൽമായരെയും പിന്തുടരുന്നുണ്ടെന്നുള്ള തിരിച്ചറിവും ജാഗ്രതയും എപ്പോഴും ഉണ്ടായിരിക്കണം. മാധ്യമങ്ങൾ ലോകത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന കാര്യമാണ്. ദൈവശാസ്ത്രപരമായി നോക്കുമ്പോൾ മാധ്യമങ്ങൾ അങ്ങനെയാണെങ്കിൽ അതിന്റെ വിനിയോഗം സഭയുടെ സുവിശേഷവത്ക്കരണത്തിനും ഉപാധിയാക്കാം. മാധ്യമങ്ങളെ ജഡികമായ ഒന്നായി കേവലം ലോകത്തിന്റേതായ ഒന്നായി വീക്ഷിക്കുമ്പോഴാണ് അതിനെ ക്രിസ്തീയമല്ലാത്ത ഒന്നായി തോന്നുന്നത്. മാധ്യമങ്ങളെയും ക്രിസ്തീയമാക്കുന്നതിനുള്ള ഒരു സുവിശേഷ ദൗത്യം കൂടി സഭയ്ക്കുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ■

www.malankaralibrary.com



# സോഷ്യൽമീഡിയ കാലഘട്ടത്തിലെ കത്തോലിക്കാ അപ്പോളജെറ്റിക്സ്

**വ്യ**ത്യസ്ത കോണുകളിൽനിന്നുള്ള എതിർവാദങ്ങളെയും വ്യാജ പ്രചരണങ്ങളെയും കത്തോലിക്കാ പ്രബോധനങ്ങളുടെ പക്ഷത്തുനിന്ന് പ്രതിരോധിക്കുകയാണ് ഏറ്റവും ലളിതമായ അർത്ഥത്തിൽ കാത്തലിക്ക് അപ്പോളജെറ്റിക്സ് എന്ന് കരുതുന്നു. വിശുദ്ധ പൗലോസിൽ ആരംഭിച്ച് മഹാന്മാരും പണ്ഡിതരും സഭാപിതാക്കന്മാരുമായ നിരവധി പേരിലൂടെ തുടർന്നുവന്ന ഒരു പാരമ്പര്യമാണ് കത്തോലിക്കാ അപ്പോളജെറ്റിക്സിന് ഉള്ളത്. ക്രിയാത്മകവും കാലാനുസൃതവുമായ ഇടപെടലുകളാണ് അപ്പോളജിസ്റ്റുകളുടേതായി എക്കാലവും ഉണ്ടായിട്ടുള്ളത്. കത്തോലിക്കാ സഭയുടെ വളർച്ചയിൽ നിർണ്ണായകമായ സംഭാവന നൽകിയിട്ടുള്ളവരാണ് ഓരോ കാലഘട്ടങ്ങളിലെയും അപ്പോളജിസ്റ്റുകൾ. സഭയുടെ പ്രബോധനങ്ങളെയും, സഭയുടെ കാഴ്ചപ്പാടുകളെയും സാമൂഹികവും സാംസ്കാരികവുമായ മാറ്റങ്ങൾക്ക് ആനുപാതികമായി സാധാരണ വിശ്വാസികൾക്കും പൊതുസമൂഹത്തിനും വ്യക്തമാക്കി നൽകുന്ന ഉത്തരവാദിത്തവും അപ്പോളജിസ്റ്റുകൾ കൂടിയായ പണ്ഡിതർ എക്കാലവും ഏറ്റെടുത്തിട്ടുണ്ട്. ഇത്തരത്തിൽ പക്വമായ ബോധ്യങ്ങളിലേയ്ക്ക് സ്വയം കടന്നുവരികയും, ചുറ്റുമുള്ളവരെ ശരിയായ ബോധ്യങ്ങളിലേയ്ക്ക് ആനയിക്കുകയും ചെയ്യുക ഏതൊരു കത്തോലിക്കാ വിശ്വാസിയുടെയും കടമ തന്നെയാണ്. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി എല്ലാവരും അപ്പോളജിസ്റ്റുകളായി മാറേണ്ട സവിശേഷമായ ഒരു സാഹചര്യം ഇന്നുണ്ട്. അതിന് കാരണം സാമൂഹ്യമാധ്യമങ്ങളുടെ കടന്നുവരവും അവയുടെ അതിശക്തമായ സ്വാധീനശേഷിയുമാണ്. വിശ്വാസ പ്രഘോഷണത്തിന്റെ കാര്യത്തിൽ ഒരേസമയം വലിയ സാധ്യതകളും അതോടൊപ്പം വലിയ വെല്ലുവിളികളും സോഷ്യൽമീഡിയ പ്ലാറ്റ്ഫോമുകൾ ഉയർത്തുന്നുണ്ട്.

മുമ്പ് ഒരു പുസ്തകമോ ലേഖനങ്ങളോ പ്രസിദ്ധീകരിക്കുന്നതിലൂടെയോ, ആൾക്കൂട്ടത്തിന് മുന്നിൽ പ്രസംഗിക്കുന്നതിലൂടെയോ ആണ് ഒരാൾക്ക് തന്റെ ആശയം കുറേപ്പേരിലേക്ക് എത്തിക്കാൻ കഴിഞ്ഞിരുന്നതെങ്കിൽ, ഇന്ന് സാദ്ധ്യതകൾ അനന്തമാണ്. മുൻകാലങ്ങളിൽ വ്യക്തമായും കൃത്യമായും ഒരു വിഷയത്തെക്കുറിച്ച് ധാരണയുള്ളവർ മാത്രമാണ് അത്തരത്തിൽ സമൂഹത്തിൽ ശ്രദ്ധിക്കപ്പെട്ടിരുന്നതെങ്കിൽ ഇന്ന് സ്ഥിതിഗതികൾ മാറിയിരിക്കുന്നു. യൂട്യൂബ് ചാനലുകളും, ഫേസ്ബുക്ക് പേജുകളും, ഇൻസ്റ്റഗ്രാമും, ക്ലബ് ഹൗസും മറ്റും ഉപയോഗിച്ച് ഇന്ന് അനേകരെ തങ്ങളുടെ ആശയങ്ങളിലേയ്ക്ക് ആകർഷിച്ചിരിക്കുന്ന ഒട്ടുമിക്ക വ്യക്തികളെയും ശ്രദ്ധിച്ചാൽ ഒരു കാര്യം വ്യക്തമാണ്. സോഷ്യൽ മീഡിയ നൽകുന്ന അധിക സാധ്യതകളാണ് തങ്ങളുടെ ആശയങ്ങളുടെ ആഴത്തെക്കാൾ അവരൊക്കെ ഉപയോഗപ്പെടുത്തിയിരിക്കുന്നത്. പറഞ്ഞുവയ്ക്കുന്ന



www.malankaralibrary.com

ആശയങ്ങളിൽ പലതും അർദ്ധ സത്യങ്ങളും അവാസ്തവങ്ങളും തെറ്റായ വ്യാഖ്യാനങ്ങളുമാണെങ്കിലും സോഷ്യൽമീഡിയയിലെ കുറുക്കുവഴികളിലൂടെ തങ്ങളാണ് ശരി എന്ന് അത്തരം കുറേപ്പേർ ഈ സമൂഹത്തിലെ അനേകരെ വിശ്വസിപ്പിച്ചിരിക്കുന്നു. സമൂഹമാധ്യമങ്ങളുടെ അതിപ്രസരത്തിൽ ഈ കാലഘട്ടത്തിൽ, ഏറ്റവുമധികം തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നത് കത്തോലിക്കാ സഭാസംവിധാനങ്ങളും, ഏറ്റവുമധികം ദുർവ്യാഖ്യാനിക്കപ്പെട്ടിട്ടുള്ളത് സഭയുടെ നിലപാടുകളും, ഏറ്റവുമധികം അവഗണിക്കപ്പെട്ടിട്ടുള്ളത് കത്തോലിക്കാ സഭയുടെ പ്രബോധനങ്ങളുമാണെന്നു കാണാം.

ഇന്ന് വിശ്വാസി സമൂഹം നേരിടുന്ന പ്രത്യേകമായ നിരവധി വെല്ലുവിളികളുടെ വേരുകൾ സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള ചിലരുടെ ദുഷ്പ്രചാരണങ്ങളിലേക്കാണ് നീളുന്നത്. പ്രത്യക്ഷത്തിൽ തന്നെയുള്ള വിശ്വാസപ്രതിസന്ധികൾ, സാമുദായികവും സാമൂഹികവുമായ വിള്ളലുകൾ വർഗീയ ചിന്തകളുടെയും മതമൗലികവാദത്തിന്റെയും അതിപ്രസരം തുടങ്ങി പലതിനും പിന്നിൽ സോഷ്യൽമീഡിയയിലെ സംഘടിതവും ദുരുദ്ദേശ്യപരവുമായ ഇടപെടലുകളാണ്. പക്വവും നിർണ്ണായകവും എക്കാലത്തും ലോകം വിലമതിക്കുന്നതുമായ തിരുസഭയുടെ ഇടപെടലുകളെയും വീക്ഷണങ്ങളെയും, വിശ്വാസസമൂഹത്തിന്റെ ആത്മീയബോധ്യങ്ങളെയും കടന്നാക്രമിക്കാനും കീഴടക്കാനും തക്കംപാർത്തിരുന്ന ചിലർ സോഷ്യൽമീഡിയയുടെ സാധ്യതകളെ അതിനായി ഉപയോഗിച്ചു എന്ന് കരുതുന്നതിൽ തെറ്റില്ല. സഭയ്ക്കും സഭാ പ്രബോധനങ്ങൾക്കും എതിരായ അനന്തമായ വ്യാജ പ്രചാരണങ്ങൾ സോഷ്യൽമീഡിയയിൽ കഴിഞ്ഞ കാലങ്ങളായി സജീവമായിരിക്കുന്നത് അതിന്റെ ലക്ഷണമായി കാണാം.

കൗമാരപ്രായക്കാരെയും യുവജനങ്ങളെയും മുതൽ പൊതുസമൂഹത്തെ മുഴുവനായിത്തന്നെ ഏറ്റവുമധികം സ്വാധീനിക്കുന്ന ഒന്ന് എന്ന നിലയിൽ കൂടുതൽ പ്രാധാന്യത്തോടെ പരിഗണിച്ച് കൃത്യമായ ഇടപെടലുകൾ അപ്പോളജെറ്റിക് രംഗത്ത് നടത്തുവാൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് ഈ മേഖലയിൽ കേരള കത്തോലിക്കാസഭ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. മുഖ്യമായും ഈ രംഗത്ത് അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ പ്രധാനമായും മൂന്ന് വിധത്തിലുണ്ട്.

ഒന്ന്, അക്രൈസ്തവരായ വ്യക്തികളും സംഘടനകളും വിശ്വാസ സംബന്ധമായും, സഭയുടെ ചരിത്രവും ഇടപെടലുകളും സംബന്ധിച്ചും തെറ്റിദ്ധാരണകളും ആശയക്കുഴപ്പങ്ങളും ജനിപ്പിച്ച് കത്തോലിക്കാ വിശ്വാസികളെ സഭയിൽനിന്നും വിശ്വാസത്തിൽ നിന്നും അകറ്റാനും, പൊതുസമൂഹത്തിന് സഭയോടുള്ള മതിപ്പ് കുറയ്ക്കാനും ശ്രമിക്കുന്നു.

രണ്ട്, അകത്തോലിക്കരായവർ തങ്ങളുടെ വിശ്വാസം പ്രഘോഷിക്കുന്നതിന്റെ ഭാഗമായി കത്തോലിക്കാ പ്രബോധനങ്ങളെയും കാഴ്ചപ്പാടുകളെയും തെറ്റായി അവതരിപ്പിക്കുകയും കത്തോലിക്കാവിശ്വാസികൾക്കിടയിൽ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

മൂന്ന്, വിശ്വാസികൾക്കിടയിലെ ചില വിഭാഗങ്ങൾ കത്തോലിക്കാ വിശ്വാസത്തിനും സഭ നേതൃത്വത്തിനും വിരുദ്ധമായ ആശയങ്ങൾ പ്രചരിപ്പിക്കുന്നു. വ്യത്യസ്ത പാരമ്പര്യങ്ങളുടെയും റീത്തുകളുടെയും പേരിൽ വിഭാഗീയകൾ സൃഷ്ടിക്കുന്ന ആശയങ്ങൾ ചിലർ പ്രചരിപ്പിക്കുകയും, വിശ്വാസികളെയും പൊതുസമൂഹത്തെയും തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്നു.

ഈ മൂന്ന് മേഖലകളിൽ കേരളത്തിൽ കത്തോലിക്കാ വിശ്വാസം നേരിടുന്ന പ്രതിസന്ധികൾ വളരെ വലുതാണ്. സമൂഹമാധ്യമങ്ങളിലൂടെ തന്നെയുള്ള ശക്തമായ ഇടപെടലുകൾ വഴിയായി മാത്രമേ പരിഹാരം സാധ്യമാവുകയുള്ളൂ. അത്തരത്തിലുള്ള ഇടപെടലുകളെക്കുറിച്ച് ചിന്തിക്കുമ്പോൾ നാം മനസിലാക്കേണ്ട ചിലതുണ്ട്.

1. അക്രൈസ്തവ സമൂഹത്തിൽനിന്ന് സമൂഹമാധ്യമങ്ങൾ വഴിയായി നാം നേരിടുന്ന പ്രതിസന്ധികൾക്ക് കാരണങ്ങൾ പലതാണ്. ഇസ്ലാമിക സംഘടനകളുടെ പ്രവർത്തനങ്ങൾ, നിരീശ്വരവാദ സമൂഹങ്ങളിൽനിന്നുള്ള



www.malankaralibrary.com

ആക്രമണങ്ങൾ, ചില രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഭാഗത്തുനിന്നുള്ള ദുഷ്പ്രചാരണങ്ങൾ, തെറ്റിദ്ധാരണകൾ മൂലമുള്ള പ്രചാരണങ്ങൾ തുടങ്ങിയവയാണ് അവ. പലവിധത്തിൽ സമൂഹമാദ്ധ്യമങ്ങളിൽ പ്രചരിക്കുന്ന വിശ്വാസ വിരുദ്ധവും സഭാവിരുദ്ധവുമായ ആശയങ്ങളെ വ്യക്തമായി തിരിച്ചറിഞ്ഞു പ്രതികരിക്കേണ്ടത് ആവശ്യമാണ്.

2. ചില മേഖലകളിൽ രൂപപ്പെട്ടിരിക്കുന്ന തീവ്രമായ പ്രതികരണ ശൈലിയും അതിനോടുള്ള ഒരു വലിയ വിഭാഗത്തിന്റെ ആഭിമുഖ്യവും ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. അത്തരത്തിലുള്ള പ്രതികരണങ്ങളുടെ ആരാധകരായി മാറിക്കഴിഞ്ഞിരിക്കുന്ന ഒരു വലിയ വിഭാഗം കത്തോലിക്കാ വിശ്വാസികളുണ്ട്. തീവ്രവാദപരമായി ഇത്തരം വിഷയങ്ങളിൽ ഇടപെടുന്ന വ്യക്തികളുടെയും സംഘടനകളുടെയും അടുത്ത അനുയായികളായി തീർന്നിരിക്കുന്ന അവരുടെ മുന്നിൽ അപ്പോളജെറ്റിക്സ് എന്ന ആശയത്തിന്റെ അർത്ഥം തന്നെ വേറെയാണ്.

3. ഇത്തരം വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും സ്വാധീനം നമ്മുടെ യുവജനങ്ങളിൽ പ്രകടമാണ്. വിശ്വാസ സംരക്ഷണത്തിനുവേണ്ടി നിലകൊള്ളാൻ തയ്യാറുള്ള യുവജനങ്ങളെയും ചില ഗ്രൂപ്പുകളും പ്രത്യയ ശാസ്ത്രങ്ങളും സ്വാധീനിക്കുന്നത് വലിയ വെല്ലുവിളിയാണ്. ചില വിഷയങ്ങളിൽ സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളോട് ചേർന്നുനിൽക്കാൻ മനസ്സാകുന്നവർ പോലും മറ്റു ചില വിഷയങ്ങളിൽ സഭാ വിരുദ്ധ നിലപാടുകളും, സഭയുടെ നിലപാടുകൾക്ക് എതിരായുള്ള നിലപാടുകളും സ്വീകരിക്കുന്നു. ഇത്തരം കാരണങ്ങളാൽ പ്രതികരിക്കുന്നവരെ ഒരു സമൂഹമായി ചേർത്തുനിർത്താനുള്ള ശ്രമങ്ങൾ പലപ്പോഴും പരാജയപ്പെടുകയാണ് പതിവ്.

4. അകത്തോലിക്കാരായ അപ്പോളജിസ്റ്റുകളുടെ കയ്യിലാണ് ഇന്ന് സോഷ്യൽമീഡിയയിലെ അപ്പോളജെറ്റിക് പ്രവർത്തനങ്ങളുടെ ഏറിയപങ്കും എത്തിനിൽക്കുന്നത് എന്നുള്ളത് നാം മനസ്സിലാക്കേണ്ടതുണ്ട്. കത്തോലിക്കാ വിശ്വാസം ഈ കാലഘട്ടത്തിൽ നേരിടുന്ന വെല്ലുവിളികളിൽ ചിലതിനെ പ്രതിരോധിക്കാൻ അത്തരക്കാരുടെ ഇടപെടൽ പരോക്ഷമായെങ്കിലും സഹായിക്കുന്നുണ്ട് എങ്കിലും, അവരുടെ ഇടപെടലുകൾക്ക് ദോഷകരമായ പ്രത്യാഘാതങ്ങൾ പലതുണ്ട്. കത്തോലിക്കാസഭയുടെ പ്രബോധങ്ങളിൽനിന്ന് കത്തോലിക്കരായ അനേകർ അകലുന്നു എന്നുള്ളതാണ് പ്രധാന പ്രതിസന്ധികളിലൊന്ന്. കത്തോലിക്കാസഭയുടെ നേതൃത്വത്തെ പരിധിവിട്ട വിമർശന ബുദ്ധിയോടെ കാണാനും ഇത്തരം ചിലരുടെ ഇടപെടലുകൾ കാരണമായിട്ടുണ്ട്.

5. കത്തോലിക്കാ സഭയുടെ തന്നെ ഉള്ളിൽ നിലനിൽക്കുന്ന ചില സെക്റ്റുകൾ വളരെ തെറ്റിദ്ധാരണാജനകമായ ആശയപ്രചാരണങ്ങളിലൂടെ വിശ്വാസികൾക്കിടയിൽ വലിയ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പരിശുദ്ധ ദൈവമാതാവിനോടുള്ള ഭക്തി, വിശുദ്ധ കുർബ്ബാനയോടുള്ള ഭക്തി തുടങ്ങിയവയെ മുഖമുദ്രയായി അവതരിപ്പിച്ചുകൊണ്ടുതന്നെ സഭയുടെ പ്രബോധനങ്ങൾക്ക് വിരുദ്ധമായ ആശയങ്ങളും നേതൃത്വത്തോടുള്ള വിരുദ്ധതയും സമൂഹമാധ്യമങ്ങളിലൂടെ ഇത്തരക്കാർ പതിവായി പ്രചരിപ്പിക്കുന്നുണ്ട്. 'കാലത്തിന്റെ അടയാളങ്ങൾ'' എന്ന പേരിലറിയപ്പെടുന്ന ഒരു ഗ്രൂപ്പും സമാന സ്വഭാവമുള്ള മറ്റുചില ഗ്രൂപ്പുകളും ഇത്തരത്തിൽ നമുക്കിടയിൽ പ്രവർത്തിക്കുകയും അപ്പോളജെറ്റിക്സ് മേഖലയിൽ വലിയ വെല്ലുവിളികൾ ഉയർത്തുകയും ചെയ്യുന്നുണ്ട്.

6. മുൻകാലങ്ങളിൽ നാം കണ്ടു ശീലിച്ചിട്ടുള്ള സെക്റ്റുകൾ സംഘടനാ സംവിധാനങ്ങൾ ഉള്ളവയായിരുന്നെങ്കിൽ, ഈ കാലഘട്ടത്തിൽ ചില 'വിർചൽ സെക്റ്റുകൾ' സോഷ്യൽമീഡിയയുടെ സാദ്ധ്യതകൾ ഉപയോഗിച്ച് രൂപപ്പെടുന്നുണ്ട്. ചില ചെറിയ ഗ്രൂപ്പുകളുടെയും ചില വ്യക്തികളുടെയും ആശയ പ്രചാരണങ്ങൾ വഴിയായി അവർക്കു ചുറ്റും രൂപപ്പെടുന്ന ആൾക്കൂട്ടങ്ങൾക്ക് ചില പ്രത്യേകതകൾ കൈവരുന്നുണ്ട് എന്നുള്ളതാണ് ഇത്തരമൊരു നിരീക്ഷണത്തിന് അടിസ്ഥാനം. ഉദാഹരണത്തിന്, ചില വ്യക്തികളെ വളരെ അടുത്ത് ഫോളോ ചെയ്യുന്ന ഒരു വിഭാഗം പേർ സമാനമനസ്കരും കത്തോലിക്കാപ്രബോധനങ്ങളിൽനിന്ന് അകലം പാലിക്കുന്നവരുമായി മാറുന്നു. അവർ ചില ഘട്ടങ്ങളിൽ കത്തോലിക്കാസഭയുടെ വിശ്വാസത്തെയും കാഴ്ചപ്പാടുകളെയും പാരമ്പര്യത്തെയും തള്ളിപ്പറയുകയും അതിന് വിരുദ്ധമായ നിലപാടുകൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മറ്റു ചില വ്യക്തികളുടെയും ചില സമീപ കാല സംഘടനകളുടെയും പിൻഗാമികൾക്കും ഇത്തരം പ്രത്യേകതകൾ കാണാവുന്നതാണ്. ഇനിയുള്ള കാലത്ത് കൂടുതൽ സൂക്ഷ്മതയോടെ സോഷ്യൽമീഡിയയിൽ സംഭവിക്കുന്ന മാറ്റങ്ങളെ പഠിച്ചു നിലപാടുകൾ സ്വീകരിക്കേണ്ടതായുണ്ട് എന്നുള്ളതാണ് ഇപ്പോഴുള്ള ചില പ്രതിഭാസങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നത്.

ഈ സോഷ്യൽമീഡിയ കാലഘട്ടത്തിൽ കത്തോലിക്കസഭയുടെ അപ്പോളജെറ്റിക് പ്രവർത്തനങ്ങൾ എപ്രകാരമാണെന്ന് മനസ്സിലാക്കിയും, ശരിയായ വിശകലനങ്ങൾ നടത്തിയും, വ്യക്തമായ നടപടികൾ സ്വീകരിച്ചുമാണ് ഈ ഘട്ടത്തിൽ നാം മുന്നോട്ടു നീങ്ങേണ്ടത്. സോഷ്യൽ മീഡിയയിലെ ഇടപെടലുകൾ ഒരേസമയം കാര്യക്ഷമവും പ്രായോഗിക ബുദ്ധിയോടെയുള്ളതുമായിരിക്കണം. സാധ്യതകളെ പരമാവധി ഉപയോഗിക്കാനും, നമ്മുടെ പ്ലാറ്റ്ഫോമുകളിലേക്ക് യുവജനങ്ങളെയും പൊതുസമൂഹത്തെയും ആകർഷിക്കാനും കഴിയണം. കാര്യഗൗരവത്തോടെ വിഷയങ്ങളിൽ ഇടപെടാനും സഭ പ്രബോധനങ്ങളോട് ചേർന്ന് നിന്ന് പ്രതികരിക്കാനും അകത്തോലിക്ക പ്രബോധനങ്ങളോട് ആരോഗ്യകരമായ അകലം പാലിച്ചുകൊണ്ട് സഹകരിക്കാനും സന്നദ്ധരായ യുവനിരയെ നാം വളർത്തിയെടുക്കേണ്ടതുണ്ട്. ■



www.malankaralibrary.com



## ക്രൈസ്തവരുടെ ആഭ്യന്തര വിഷയങ്ങൾ ചാനൽചർച്ചയ്ക്ക് വിഷയമാക്കുന്ന മാധ്യമനയം പ്രതിഷേധാർഹം: കെസിബിസി ജാഗ്രതാ കമ്മീഷൻ

ഏതാനും വർഷങ്ങളായി വിവിധ മാധ്യമങ്ങൾ ക്രൈസ്തവരുടെയും കത്തോലിക്കാ സഭയുടെയും ആഭ്യന്തര വിഷയങ്ങൾ അമിത പ്രാധാന്യം കൊടുത്ത് ചാനൽ ചർച്ചകളാക്കി മാറ്റുന്ന പ്രവണതയുണ്ട്. സമീപ കാലങ്ങളിൽ ആ ശൈലി വർദ്ധിച്ചുവരുന്നതായി കാണാം. വളരെ പ്രാധാന്യമർഹിക്കുന്ന മറ്റ് പല പൊതുവിഷയങ്ങളെയും ലാഘവത്തോടെ മാറ്റിവച്ച് ഇത്തരം വിഷയങ്ങളിൽ അമിതാവേശത്തോടെ ഇടപെടുന്ന പ്രവണത പ്രതിഷേധാർഹമാണ്. പൊതുസമൂഹത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതില്ലാത്ത വിഷയങ്ങൾ പോലും അനാവശ്യമായി ചർച്ചയ്ക്ക്വയ്ക്കുകയും, സഭാവിരുദ്ധ ക്രൈസ്തവ വിരുദ്ധ നിലപാടുകൾ ഉള്ളവരെ അത്തരം ചർച്ചകളിൽ പ്രധാന പ്രഭാഷകരായി നിശ്ചയിക്കുകയും ചെയ്യുന്നതുവഴി ക്രൈസ്തവ വിരുദ്ധത പ്രചരിപ്പിക്കുകയാണ് ചില മാധ്യമങ്ങൾ ലക്ഷ്യമാക്കുന്നത്. കത്തോലിക്കാസഭയുടെ ഔദ്യോഗിക പ്രതിനിധികൾ എന്ന വ്യാജേന മറ്റു ചിലരെ ഇത്തരം ചർച്ചകളിൽ അവതരിപ്പിക്കുന്നതും പതിവാണ്. വിവിധ വിഷയങ്ങളിലുള്ള ക്രൈസ്തവ കത്തോലിക്കാ നിലപാടുകൾ തെറ്റിദ്ധരിക്കപ്പെടുന്നതിന് ഇത്തരം ദുഷ്ടലാക്കോടുകൂടിയ മാധ്യമ ഇടപെടലുകൾ കാരണമായിട്ടുണ്ട്.

പാലാ രൂപത കഴിഞ്ഞദിവസം സദുദ്ദേശ്യത്തോടെമുന്നോട്ടുവച്ച ആശയത്തെ വളച്ചൊടിക്കാനും, അതുവഴി സഭയെയും രൂപതാധ്യക്ഷനെയും അധിക്ഷേപിക്കാനും ചില മാധ്യമങ്ങൾ പ്രകടിപ്പിച്ച ആവേശം ഇത്തരം കാര്യങ്ങളിലുള്ള അവിഹിതമായ മാധ്യമ ഇടപെടലുകൾക്ക് ഉദാഹരണമാണ്. ഉത്തരവാദിത്തത്തോടെകൂടുതൽ കുട്ടികളെ വളർത്താൻ തയ്യാറുള്ള കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കുന്നത് ഒട്ടുമിക്ക ലോക രാജ്യങ്ങളുടെയും കത്തോലിക്കാസഭയുടെയും പൊതുവായ നയമാണ്. എക്കാലവും, കേരളസമൂഹത്തിനും ലോകത്തിനും അനുഗ്രഹവും, മുതൽകൂട്ടുമായി മാറിയിട്ടുള്ള കേരളത്തിലെ ക്രൈസ്തവർ ജനസംഖ്യ കുറഞ്ഞ് ദുർബല സമൂഹമായി മാറിക്കൊണ്ടിരിക്കുന്നതിന്റെ ദോഷം മനസിലാക്കുന്ന അനേകർ ഈ സമൂഹത്തിൽ ഉണ്ടായിരിക്കെ തന്നെയാണ്, ജനസംഖ്യാ വർദ്ധനവിന്റെ പേര് പറഞ്ഞ് പാലാ മെത്രാന്റെ നിർദ്ദേശത്തെ ചിലർ അപഹാസ്യമായി അവതരിപ്പിക്കുന്നത്.

ഒരു ജനസംഖ്യാ വിസ്ഫോടനത്തെയാണ് കത്തോലിക്കാ സഭ ലക്ഷ്യം വയ്ക്കുന്നതെന്ന വിധത്തിലുള്ള മാധ്യമ ദുഷ്പ്രചാരണങ്ങൾ നടത്തുന്നവരുടെ ലക്ഷ്യം ക്രൈസ്തവ സമൂഹങ്ങളുടെ തകർച്ച തന്നെയാണെന്ന് വ്യക്തം. സർക്കുലേഷൻ വർദ്ധിപ്പിക്കാനും, പ്രേക്ഷകരെ ആകർഷിക്കാനും കത്തോലിക്കാ സഭയെയും ക്രൈസ്തവ സമൂഹത്തെയും പ്രതിക്കൂട്ടിൽ നിർത്തി അനാവശ്യ വിവാദങ്ങൾ സൃഷ്ടിക്കുന്ന പ്രവണത മാധ്യമങ്ങൾ കൈവെടിയണം. ഇപ്രകാരം മറ്റ് നിരവധി വിഷയങ്ങളിലും തികച്ചും അനാവശ്യമായ വിധത്തിൽ കൈകടത്തലുകൾ നടത്തുകയും തെറ്റിദ്ധാരണകൾ പ്രചരിപ്പിക്കുകയും ചെയ്തുവരുന്ന ദൃശ്യ പത്ര മാധ്യമ പ്രവർത്തകരുടെയും നേതൃത്വങ്ങളുടെയും നിഗൂഢ ലക്ഷ്യങ്ങൾ മനസിലാക്കി അവരെ തിരുത്തുവാൻ കേരളത്തിലെ പൊതുസമൂഹവും, രാഷ്ട്രീയ പ്രസ്ഥാനങ്ങളും, വിവിധ മതേതര നേതൃത്വങ്ങളും തയ്യാറാകണം.(29/7/2021)

---

## കെ.എം. റോയിയുടെ നിര്യാണത്തിൽ കെസിബിസി അനുശോചിച്ചു

കൊച്ചി: മാധ്യമപ്രവർത്തകനും, ചിന്തകനും, സാംസ്കാരികനായകനും, ഗ്രന്ഥകർത്താവുമായിരുന്ന കെ.എം. റോയിയുടെ നിര്യാണത്തിൽ കെസിബിസിയുടെ അനുശോചനം അറിയിക്കുന്നു. അഞ്ചു നൂറ്റാണ്ടുകളോളം നീണ്ടുനിന്ന അദ്ദേഹത്തിന്റെ മാധ്യമരംഗത്തെ സുദീർഘമായ ശുശ്രൂഷ കേരള സമൂഹത്തിന് പ്രചോദനമായിരുന്നു. മംഗളം പത്രം, മംഗളം വാരിക, ഇംഗ്ലീഷ് പത്രങ്ങളായ ദി ഹിന്ദു, ഇക്കണോമിക് ടൈംസ് തുടങ്ങിയവയുടെ എഡിറ്ററായും പത്രാധിപസമിതി അംഗമായും റിപ്പോർട്ടറായും പ്രവർത്തിച്ച അദ്ദേഹം മലയാളത്തിലും ഇംഗ്ലീഷിലും തന്റെ പ്രാഗത്ഭ്യം ഒരുപോലെ തെളിയിച്ചിട്ടുണ്ട്. രണ്ടായിരാമാണ്ടിൽ മാധ്യമ അവാർഡു നല്കി കെസിബിസി അദ്ദേഹത്തെ ആദരിക്കുകയുണ്ടായി. സമൂഹത്തിലെ ഇരുളും വെളിച്ചവും നിറഞ്ഞ പാതകൾ ധീരമായ രീതിയിൽ ചൂണ്ടിക്കാണിക്കുക എന്നത് കെ.എം. റോയിയുടെ ശൈലിയായിരുന്നു. നീതിക്കായി മുറവിളി കൂട്ടിക്കൊണ്ടിരുന്ന അദ്ദേഹം സമൂഹത്തിലെ അശരണരും പീഡിതരുമായവരുടെ പക്ഷം ചേർന്ന്നിന്നുകൊണ്ടായിരുന്നു തന്റെ മാധ്യമരംഗത്തെ ശുശ്രൂഷ നടത്തിക്കൊണ്ടിരുന്നത്. തന്റെ ചിന്തോദീപകമായ രചനകളിലൂടെ കെ.എം. റോയി എന്നും അനുസ്മരിക്കപ്പെടും. അദ്ദേഹത്തിന് സർവശക്തനും കാരുണ്യവാനുമായ ദൈവം നിത്യശാന്തി നല്കട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. . (20/9/2021)


www.malankaralibrary.com

# സിനിമകളിലെ ജീവൻ
## 'സാറാസ്' മുതൽ 'മിമി' വരെ



**ഫാ. പോൾസൺ സിമേതി,**
സെക്രട്ടറി, കെസിബിസി ഫാമിലി കമ്മീഷൻ

2021 ജൂലൈയിൽ റിലീസ് ആയ രണ്ട് ചലച്ചിത്രങ്ങളാണ് സാറാസ് എന്ന മലയാളം സിനിമയും, മിമി എന്ന ഹിന്ദി സിനിമയും. ആ സിനിമകൾക്ക് ചില സാമ്യങ്ങളുണ്ട്. രണ്ടു സിനിമകളുടെയും പ്രതിപാദ്യ വിഷയം ഗർഭച്ഛിദ്രമായിരുന്നു. രണ്ടു സിനിമകളുടെയും പേര് അതിലെ നായികമാരുടേതാണ്. രണ്ടു നായികമാരും ഒരുപാട് സ്വപ്നങ്ങളുള്ളവരും, സിനിമ മേഖലയിൽ സജീവമാകാൻ ആഗ്രഹിക്കുന്നവരുമാണ്. എന്നാൽ, ഒരു മനുഷ്യജീവൻ എത്രമാത്രം വിലകൽപ്പിക്കപ്പെടണം എന്നുള്ള ചോദ്യത്തിനുള്ള വ്യത്യസ്തമായ രണ്ട് ഉത്തരങ്ങളാണ് രണ്ടു സിനിമകളും കാഴ്ചക്കാർക്ക് നൽകിയത്. ഒരു സിനിമയിലെ നായികാ കഥാപാത്രം ഉദരത്തിലെ സ്വന്തം കുഞ്ഞിന്റെ ജീവനേക്കാൾ തന്റെ തൊഴിലിനെയും സ്വപ്നങ്ങളെയും വിലമതിച്ചപ്പോൾ, രണ്ടാമത്തെ സിനിമയായ 'മിമി'യിലെ കേന്ദ്ര കഥാപാത്രം, തന്റെ ഉദരത്തിലെങ്കിലും തന്റേതല്ലാത്ത കുഞ്ഞിന്റെ ജീവനുവേണ്ടി എല്ലാ സ്വപ്നങ്ങളെയും ത്യജിക്കുകയാണ്. 2011 ൽ റിലീസ് ആയ ഒരു മറാത്തി സിനിമയുടെ റീമേയ്ക്ക് കൂടിയാണ് മിമി.



മുൻകാലങ്ങളെക്കാൾ അധികമായി ഗർഭസ്ഥ ശിശുവിന്റെ ജീവിക്കാനുള്ള അവകാശത്തെക്കുറിച്ചുള്ള തർക്കങ്ങൾ നടക്കുന്ന ഈ കാലഘട്ടത്തിൽ 'മിമി'പോലൊരു ഇന്ത്യൻ സിനിമ നിർമ്മിക്കപ്പെടുകയും ഈ സമൂഹം അതിനെ ആവേശത്തോടെ സ്വീകരിക്കുകയും ചെയ്തിരിക്കുന്നത് ആശ്വാസപ്രദമായ കാര്യമാണ്. 20 ലക്ഷം രൂപ പ്രതിഫലം പ്രതീക്ഷിച്ച് വാടക ഗർഭധാരണത്തിന് (Surrogacy) തയ്യാറാവുന്ന ഒരു പെൺകുട്ടിയാണ് മിമി. അതുപ്രകാരം സ്വന്തം കുടുംബാംഗങ്ങൾ പോലുമറിയാതെ അവൾ ഒമ്പത് മാസത്തേക്കുള്ള കരാറിൽ ഒപ്പിടുകയും ചെയ്യുന്നു. എന്നാൽ, ഗർഭസ്ഥ ശിശുവിന് ചില തകരാറുകളുണ്ടെന്ന സ്കാനിംഗിലെ കണ്ടെത്തലിൽ തകർന്നുപോകുന്ന അമേരിക്കക്കാരായ മാതാപിതാക്കൾ കരാറിൽനിന്ന് പിന്മാറുകയും, കുട്ടിയെ നശിപ്പിക്കാൻ മിമിയോട് ആവശ്യപ്പെടുകയും ചെയ്യുന്നു. കുഞ്ഞിന്റെ ഉത്തരവാദിത്തം പൂർണ്ണമായി ഏറ്റെടുക്കേണ്ടിവരികയും തന്റെ ഭാവിയും സ്വപ്നങ്ങളും തകർന്നടിയുകയും ചെയ്യും എന്ന് മനസ്സിലാക്കിയിട്ടും തന്റെ ഉദരത്തിലുള്ള കുഞ്ഞിനെ കൊല്ലാൻ അവൾ തയ്യാറാകുന്നില്ല. ആ കുഞ്ഞിനുവേണ്ടി ജീവിക്കാൻ അവൾ തീരുമാനിക്കുന്നു.

എന്നാൽ, ഗർഭസ്ഥകാലം പൂർത്തിയാക്കി കുഞ്ഞ് ജനിക്കുമ്പോൾ അവന് തകരാറുകളൊന്നും ഉണ്ടായിരുന്നില്ല എന്നുള്ളതാണ് കഥ. അതിന്റെ തുടർച്ചയായി നാടകീയമായ സംഭവ വികാസങ്ങളിലേക്കും വൈകാരിക മുഹൂർത്തങ്ങളിലേക്കും സിനിമ മുന്നേറുകയും ചെയ്യുന്നു. പക്ഷെ, ഒറ്റവാക്കിൽ പറഞ്ഞാൽ, ലോകം അവസാനിക്കുമെന്ന് വന്നാൽപ്പോലും, ഗർഭസ്ഥ ശിശുവിനെ നശിപ്പിക്കാൻ തയ്യാറാകാത്ത ഒരു 'വാടക' മാതാവിന്റെ കഥയാണ് മിമി. ഏത് കഠിന ഹൃദയനെയും അൽപ്പമൊന്നുലയ്ക്കാൻ കഴിയുന്ന ശക്തമായ ഒരു പ്രോലൈഫ് സന്ദേശമാണ് ആ സിനിമ ലോകത്തിന് നൽകുന്നത്.

കേരളത്തിൽ സമ്മിശ്ര പ്രതികരണം ലഭിക്കുകയും കുറെയേറെ വിമർശനങ്ങൾക്കും, അതേസമയം ചില പുരോഗമനവാദികളുടെ പ്രശംസയ്ക്കും പാത്രമാവുകയും ചെയ്ത സിനിമയാണ് 'സാറാസ്'. വിവാഹശേഷം അപ്രതീക്ഷിതമായി ഗർഭിണിയായ സാറ തന്റെ മനസികാവസ്ഥയേയും തൊഴിലിലെ പുരോഗതിയെയും പ്രതി വളരെ 'സ്വാഭാവികതയോടെ' കുഞ്ഞിനെ നശിപ്പിക്കാൻ തീരുമാനിക്കുന്നതാണ് സാറാസിന്റെ ഇതിവൃത്തം. അതിനുള്ള അവകാശവും സ്വാതന്ത്ര്യവും അവൾക്കുണ്ടെന്നും, അതാണ് പുരോഗമന ചിന്തയെന്നും ചലച്ചിത്രത്തിൽ സ്ഥാപിക്കപ്പെടുന്നു. ഗർഭച്ഛിദ്രത്തിനുള്ള സമയപരിധി 20 ൽ നിന്ന് 24 ആഴ്ചയായി ഉയർത്താനുള്ള വ്യവസ്ഥ കൂട്ടിച്ചേർത്തുകൊണ്ട് 1971 ലെ ഗർഭച്ഛിദ്ര നിയമം ഭേദഗതി ചെയ്യാനുള്ള 2021 മാർച്ച് മാസത്തിലെ ലോക്സഭാ തീരുമാനത്തെ തുടർന്ന് അനുകൂലവും പ്രതികൂലവുമായ ചർച്ചകൾ നമുക്കിടയിൽ നടക്കുകയുണ്ടായിരുന്നു. പിന്നീട് 'ഇനി വിട്ടുവീഴ്ച വേണ്ട' എന്ന ഹാഷ്ടാഗോടുകൂടി ഭ്രൂണഹത്യയെ പരസ്യമായി പ്രോത്സാഹിപ്പിക്കുന്ന നിലപാട് സ്വീകരിച്ചുകൊണ്ട് സംസ്ഥാന വനിതാ ശിശു ക്ഷേമ വകുപ്പിന്റെ പരസ്യം സോഷ്യൽ മീഡിയകളിലൂടെ പ്രചരിക്കുകയുമുണ്ടായി. തുടർന്നിങ്ങോട്ട്, ഗർഭഛിദ്രം സ്ത്രീയുടെ സ്വാതന്ത്ര്യമാണ് എന്ന പരസ്യ നിലപാട് പലരും പ്രകടിപ്പിക്കുകയും ഗർഭസ്ഥ ശിശുവിന്റെ ജീവന് താരതമ്യേന കുറഞ്ഞ പരിഗണനയേ നൽകേണ്ടതുള്ളൂ എന്ന് വാദിക്കുകയും ചെയ്തു പോരുന്നു. അത്തരം നിലപാടുകളുടെ കുത്തൊഴുക്കാണ് സാറാസ് എന്ന സിനിമയുടെ തുടർച്ചയായി സാമൂഹ്യ മാധ്യമങ്ങളിലടക്കം സംഭവിച്ചത്. ഏറ്റവുമൊടുവിൽ, 2021 സെപ്റ്റംബർ 24ന് എംടിപി നിയമ ഭേദഗതി പ്രാബല്യത്തിൽ വന്നതായും നാം കണ്ടു.

ഈ കാലഘട്ടത്തിന്റെ മാറിയ കാഴ്ചപ്പാടുകളും, ഉപഭോക്തൃ സംസ്കാരത്തിന്റെ കടന്നുകയറ്റവും, സ്വാർത്ഥ ചിന്തകളുടെ അതിപ്രസരവും, കുടുംബ ബന്ധങ്ങളുമായി ബന്ധപ്പെട്ട് ഈ സമൂഹത്തിന്റെ നിലപാട് മാറ്റങ്ങളും തുടങ്ങി ഒട്ടേറെസ്വാധീനങ്ങളാണ് നമുക്കിടയിൽ അനേകരെ

www.malankaralibrary.com

കുഞ്ഞുങ്ങളുടെ ജീവനും അവരുടെ ജീവിതത്തിനും എതിരായി സംസാരിക്കാനും നിലപാടുകൾ സ്വീകരിക്കാനും പ്രേരിപ്പിക്കുന്നത്. സിനിമ ഉൾപ്പെടെയുള്ള കലാരൂപങ്ങളുടെ സ്വാധീനം പ്രധാനമാണ്. 'സാറാസ്' എന്ന ചിത്രത്തിൽ, നായികയായ കഥാപാത്രം സൽഗുണ സമ്പന്നയായ ഒരു വ്യക്തിത്വമല്ല. സ്വന്തം ഇഷ്ടങ്ങൾക്കുവേണ്ടി ആരെയും വേദനിപ്പിക്കാൻ മടിയില്ലാത്തവളും, സ്വാർത്ഥമതിയുമായാണ് അവൾ അവതരിപ്പിക്കപ്പെടുന്നത്. എന്നിട്ടും, ഗർഭച്ഛിദ്രം നടത്താൻ അവളെടുക്കുന്ന തീരുമാനത്തേയും കഥാന്ത്യത്തിൽ അവൾ നേടുന്ന വിജയത്തേയും കാഴ്ചക്കാർ കയ്യടിയോടെസ്വീകരിക്കും വിധത്തിലാണ് സംവിധായകൻ അവതരിപ്പിച്ചിരിക്കുന്നത്. അവളുടെ നിലപാടുകൾ മാതൃകാപരമാണ് എന്ന രീതിയിലാണ് നിരൂപകരിലേയും പൊതുസമൂഹത്തിലേയും മോശമല്ലാത്ത ഒരു വിഭാഗം സ്വീകരിച്ചത്. അത് തുടർന്ന് വലിയ ചർച്ചകൾക്ക് കാരണമാകുകയും ചെയ്തു.

കാലം മാറിവരുമ്പോൾ മാറ്റാൻ കഴിയുന്നതാണോ ജീവന്റെ മൂല്യം എന്ന ചോദ്യം അവശേഷിക്കുന്നു. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം ഇപ്രകാരം പറയുന്നു: 'മനഃപൂർവ്വം നടത്തുന്ന ഗർഭച്ഛിദ്രം ധാർമ്മിക തിന്മയാണെന്ന് സഭ ആദ്യ നൂറ്റാണ്ടുമുതൽ ഉറപ്പിച്ചു പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഈ പ്രബോധനത്തിന് മാറ്റം വന്നിട്ടില്ല; മാറ്റമില്ലാത്തതായി നിലനിൽക്കുകയും ചെയ്യുന്നു. പ്രത്യക്ഷമായ ഗർഭച്ഛിദ്രം, അതായത് ലക്ഷ്യമായോ മാർഗ്ഗമായോ ഗർഭച്ഛിദ്രം, ഗൗരവപൂർണ്ണമാം വിധം ധാർമ്മിക നിയമത്തിനെതിരാണ്.'(CCC 2271)

ജീവിച്ചിരിക്കുന്ന ഏതൊരു വ്യക്തിയെയും പോലെ തന്നെ അവകാശങ്ങളുള്ള ഒരു പൂർണ്ണ വ്യക്തിയായാണ് ഗർഭസ്ഥ ശിശുവിനെ കത്തോലിക്കാ സഭ കാണുന്നത്. അത് കത്തോലിക്കാ സഭയുടെ വിശ്വാസ പാരമ്പര്യങ്ങളുടെ തുടർച്ചയല്ല ജാതി മത വർഗ്ഗ ഭേദമന്യേ ഈ ലോകത്തിൽ നിലനിൽക്കുന്ന അലംഘനീയമായ ധാർമ്മിക നിയമങ്ങളുടെ ഭാഗമായ നിലപാടാണ്. ഫ്രാൻസിസ് പാപ്പ ഇപ്രകാരം പറയുന്നു: 'ഗർഭച്ഛിദ്രം അതിൽത്തന്നെ ഒരു തിന്മയാണ്. അതൊരു മതപരമായ തിന്മയല്ല മനുഷ്യത്വപരമായ തിന്മയാണ്. അത്തരം തിന്മകളിൽ എല്ലാ കൊലപാതകങ്ങളെയും പോലെ തീർച്ചയായും അതും ശിക്ഷാർഹമാണ്.'

മിമി എന്ന സിനിമയിൽ, തന്നോട് ഗർഭച്ഛിദ്രം ചെയ്യാൻ ഉപദേശിക്കുന്ന ഡോക്ടറോട് മിമി ചോദിക്കുന്നു: 'എന്റെ ഉദരത്തിലുള്ള കുഞ്ഞിന് ജീവനുള്ളതായാണ് എനിക്ക് അനുഭവപ്പെടുന്നത്. അത് വളരുന്നു, ശ്വസിക്കുന്നു, ആഹാരം സ്വീകരിക്കുന്നു, ചലിക്കുന്നു. അതിന് കേൾക്കാൻ കഴിയുമെന്നും ഞാൻ കരുതുന്നു. ജനനശേഷം ഒരു കുഞ്ഞിനെ കൊല്ലുന്നത് കുറ്റമാണ്. എന്നാൽ, ഗർഭപാത്രത്തിലുള്ളപ്പോൾ അങ്ങനെയല്ല. അതെന്തുകൊണ്ടാണ്? എന്തുകൊണ്ടാണ് അമ്മയുടെ ഉദരത്തിലുള്ള കുഞ്ഞിനെ ഒരു മനുഷ്യക്കുഞ്ഞായി സ്വീകരിക്കാൻ പലർക്കും കഴിയാത്തത്? ആയിരിക്കുന്ന ഇടങ്ങൾക്കതീതമായി കുഞ്ഞ് എല്ലായ്പ്പോഴും കുഞ്ഞ് തന്നെയല്ലേ?' ഈ വാക്കുകൾ കേട്ട് നിറകണ്ണുകളോടെ ഡോക്ടർ അവളെ തലോടുന്നു. മനുഷ്യനായി പിറന്ന ഒരാൾക്കും തള്ളിക്കളയാൻ കഴിയാത്ത വാക്കുകളാണ് നായികയുടെ നാവുകളിലൂടെ പ്രേക്ഷകരുടെ ഹൃദയങ്ങളിലേക്ക് മിമിയുടെ സൃഷ്ടാക്കൾ നിക്ഷേപിക്കുന്നത്.

സുഖത്തിനും സൗകര്യങ്ങൾക്കും പ്രഥമ പരിഗണന നൽകുന്ന ഒരു ആൾക്കൂട്ടത്തിന്റെ ആർപ്പുവിളികൾ നന്മയുടെ അടയാളങ്ങൾ ആയിക്കൊള്ളണമെന്നില്ല. മാറ്റമില്ലാത്ത മൂല്യങ്ങളെ തള്ളിപ്പറഞ്ഞ് നേടുന്ന സുഖവും സൗകര്യങ്ങളും ശാശ്വത നിലനിൽപ്പുള്ളതോ, സമാധാനം നൽകുന്നവയോ ആയിരിക്കില്ല എന്നുള്ള പാഠം ഒട്ടേറെ അനുഭവങ്ങളിലൂടെ നമുക്ക് ലഭിച്ചിട്ടുണ്ട്. പരിഷ്കൃത സമൂഹത്തിൽനിന്നുള്ള നവീനമായ ആശയങ്ങൾ എന്ന ധാരണയിൽ ആൾക്കൂട്ടങ്ങൾക്കൊപ്പം ചേരുമ്പോൾ, കൈവിട്ടുപോകുന്ന മൂല്യങ്ങളും അവ സൃഷ്ടിച്ചേക്കാവുന്ന പ്രത്യാഘാതങ്ങളും നാം തിരിച്ചറിയേണ്ടതുണ്ട്.

കുഞ്ഞിനെ ഗർഭം ധരിച്ചിരുന്ന നായിക തന്റെ ഉറച്ച തീരുമാനപ്രകാരം ഗർഭച്ഛിദ്രം വേണ്ടെന്നുവയ്ക്കുകയും ഗർഭകാലം പൂർത്തിയായപ്പോൾ യാതൊരു വൈകല്യങ്ങളുമില്ലാത്ത കോമളനായ ഒരു കുഞ്ഞിന് ജന്മം നൽകുകയും ചെയ്യുന്നു. ഗർഭവസ്ഥയിലുള്ള പരിശോധനാഫലങ്ങളിൽതെറ്റുകൾകടന്നുകൂടാംഎന്നതാണ് മറ്റൊരു ഡോക്ടർ വിശദീകരിക്കുന്നത്. വാസ്തവമാണത്. ഏറ്റവുമധികം ഭ്രൂണഹത്യകൾ നമുക്കിടയിൽ നടക്കുന്നതിന് കാരണമാകുന്നത് ഗർഭവസ്ഥയിലുള്ളപ്പോൾ കുഞ്ഞിന് വൈകല്യങ്ങൾ ഉണ്ടെന്നുള്ള റിപ്പോർട്ടുകളാണ്. എന്നാൽ, വൈകല്യങ്ങൾ ഉണ്ടെങ്കിലും കുഞ്ഞിനെ സ്വീകരിക്കാൻ തയ്യാറായിട്ടുള്ള മാതാപിതാക്കളിൽ കുറെയേറെ പേർക്ക് യാതൊരു വൈകല്യങ്ങളുമില്ലാത്ത കുഞ്ഞിനെ ലഭിച്ച അനുഭവങ്ങളുണ്ട്. വൈകല്യങ്ങൾക്കുള്ള സാധ്യതകൾ നിലനിൽക്കുമ്പോഴും, ഗർഭച്ഛിദ്രത്തെ അതിനുള്ള പരിഹാരമായി കാണുന്ന രീതി എത്രമാത്രം മനുഷ്യത്വ രഹിതമാണെന്ന് നാം തിരിച്ചറിയണം.

ന്യായമെന്ന് ഈ സമൂഹം നിരുപാധികം കരുതുന്ന ചില കാരണങ്ങൾ മുതൽ, വ്യക്തി സ്വാതന്ത്ര്യത്തിന്റെയും അബദ്ധങ്ങളുടെയും പേരിൽ പോലും ഗർഭച്ഛിദ്രത്തെ അനുവദനീയമായി കരുതുന്നവരോട് കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം പറയുന്നത് ഇപ്രകാരമാണ്: 'മനുഷ്യജീവൻ ഗർഭധാരണത്തിന്റെ നിമിഷം മുതൽ ആദരിക്കപ്പെടുകയും നിരുപാധികമായി സംരക്ഷിക്കപ്പെടുകയും വേണം. അസ്തിത്വത്തിന്റെ ആദ്യ നിമിഷം മുതൽ മനുഷ്യജീവി ഒരു വ്യക്തിയുടെ അവകാശങ്ങൾ ഉള്ളവനായി അംഗീകരിക്കപ്പെടണം. നിരപരാധിയായ ഒരുവന് ജീവിക്കാനുള്ള അലംഘനീയമായ അവകാശം അവയിൽപെട്ടതാണ്.' (CCC 2270)

അമേരിക്കയിൽ വച്ച് ഒരു പ്രസംഗത്തിൽ വി. മദർതെരേസ ഇപ്രകാരം പറയുകയുണ്ടായി: 'അമ്മയുടെ ഉദരത്തിലിരിക്കുന്ന നിഷ്കളങ്കനും നിസ്സഹായനുമായ ശിശുവിനെ സംരക്ഷിക്കാൻ കഴിവില്ലാത്ത ഒരു രാജ്യത്തിന് വികസിതരാജ്യമെന്ന പേരിന് അവകാശമില്ല'. ഇന്നത്തെ ലോകത്തിൽ മദറിന്റെ വാക്കുകൾ നാം ഉറക്കെ പ്രഘോഷിക്കേണ്ടതുണ്ട്. കുഞ്ഞുങ്ങളുടെ ജീവൻ സംരക്ഷിക്കേണ്ടതില്ലെന്ന നിലപാടിലേക്കാണ് നാം കടന്നുവരുന്നതെങ്കിൽ പരിഷ്കൃത സമൂഹമെന്ന് നാം അറിയപ്പെടുകയില്ല. അങ്ങനെയെങ്കിൽ, ഒരു പ്രാകൃത സംസ്കാരത്തിലേക്ക് നാം തിരിച്ചു പൊയ്ക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ, ഇത്തരം പ്രകൃതവും മനുഷ്യത്വരഹിതവുമായ കൃത്യങ്ങളെ മഹത്വവൽക്കരിക്കുന്ന പ്രവണതകളെ തള്ളിപ്പറയാനും സമൂഹം തയ്യാറാകണം. ■

www.malankaralibrary.com



# ജീവനുവേണ്ടിയുള്ള ആഹ്വാനവും ചിലരുടെ ആശങ്കകളും

2021 ജൂലൈ മാസത്തിൽ വലിയ കോലാഹലത്തിനും അതിരുവിട്ട മാധ്യമ ചർച്ചകൾക്കും കാരണമായ ഒരു സംഭവമായിരുന്നു, കുടുംബങ്ങളിൽ കൂടുതൽ കുട്ടികളെ പ്രോത്സാഹിപ്പിക്കണമെന്ന പാലാ രൂപതാ മെത്രാന്റെ ആഹ്വാനവും സർക്കുലറും. കത്തോലിക്കാ സഭയും ഒട്ടുമിക്ക ലോകരാജ്യങ്ങളും ഔദ്യോഗികമായി സ്വീകരിച്ചിരിക്കുന്ന നിലപാടിനോട് യോജിച്ച് അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ് ചില കാര്യങ്ങൾ പറഞ്ഞപ്പോൾ അത് വലിയ വിവാദമായി. സൂക്ഷ്മമായി നിരീക്ഷിച്ചാൽ പിതാവിനെ വിമർശിക്കാനും അവഹേളിക്കാനും തുനിഞ്ഞിറങ്ങിയവരുടെ വാദഗതികളിലെ പൊള്ളത്തരം വ്യക്തമാകും. കൂടുതൽ കുഞ്ഞുങ്ങളെ ജനിപ്പിച്ച് ഒരു ജനസംഖ്യാ വിസ്ഫോടനം നടത്താനാണ് കത്തോലിക്കാ സഭ ആഹ്വാനം ചെയ്യുന്നതെന്നായിരുന്നു ചിലരുടെ ആരോപണം. കൂടുതൽ കുട്ടികളുള്ളവർക്ക് മാത്രമായല്ല സഭയുടെ ആനുകൂല്യങ്ങൾ നല്കപ്പെടേണ്ടത് എന്നതിനാൽ ഈ ആഹ്വാനം ശരിയല്ല എന്നാണ് ചിലർ നിരീക്ഷിച്ചത്. കത്തോലിക്കാസഭയുടെ നിലപാടുകളെക്കുറിച്ചുള്ള വ്യക്തതക്കുറവും മുൻധാരണകളുമാണ് അനേകരെക്കൊണ്ട് ഇത്തരത്തിൽ പറയിപ്പിച്ചത് എന്നതാണ് വാസ്തവം.




ജീവനെ അങ്ങേയറ്റം വിലമതിക്കുന്ന, ഈ ലോകത്തോട് മുഴുവൻ കരുതലുള്ള, ശാസ്ത്രീയമായി വസ്തുതകളെ വിശകലനം ചെയ്ത് യാഥാർഥ്യങ്ങളെ സമീപിക്കുന്ന നിലപാടുകളാണ് എക്കാലവും കത്തോലിക്കാ സഭയ്ക്കുള്ളത്. ഗർഭാവസ്ഥയിൽ ആരംഭഘട്ടം മുതലുള്ള ജീവനെ ഒരു പൂർണ്ണ മനുഷ്യവ്യക്തിക്ക് തുല്യമായി സഭ കാണുന്നതിനാലാണ്, പലരും പുരോഗമനപരം എന്നുകരുതുന്ന അബോർഷൻ എന്ന ആശയത്തെ സഭയ്ക്ക് ഒരിക്കലും അംഗീകരിക്കാൻ കഴിയാത്തത്. അതേ നിലപാടിന്റെ തുടർച്ചയായാണ്, ഒരു കുട്ടിയെക്കൂടി ജനിപ്പിക്കാൻ ആഗ്രഹമുണ്ടായിട്ടും സാമ്പത്തികമായ ആശങ്കകളെ തുടർന്ന് വേണ്ടെന്ന് ചിന്തിക്കുന്ന മാതാപിതാക്കൾക്ക് പിന്തുണ നൽകുന്നതും.

കത്തോലിക്കാ സഭ കേരളത്തിലും മറ്റ് ദേശങ്ങളിലും കാലങ്ങളായി ചെയ്തുവരുന്ന അജപാലനപരമായ പലവിധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വ്യക്തതക്കുറവാണ് അനാവശ്യമായ വിമർശന ചിന്തകളിലേക്ക് കുറേപ്പേരെ നയിക്കുന്നത്. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് താങ്ങും തണലുമാകാൻ വിവിധ പദ്ധതികളിലൂടെയും ഒട്ടേറെ പ്രവർത്തനമുഖങ്ങളിലൂടെയും സഭ എന്നും പരിശ്രമിക്കുകയും അതിൽ വിജയം വരിക്കുകയും ചെയ്തിട്ടുണ്ട്. കത്തോലിക്കാസഭ എന്നാൽ, മെത്രാൻ സമിതിയോ ബിഷപ്പ് ഹൗസുകളോ മാത്രമാണെന്നു കരുതരുത്. സഭയിൽ അംഗമായ വ്യക്തികൾ സഭയോട് ചേർന്ന് നിന്നുകൊണ്ട് ചെയ്യുന്ന ഒറ്റപ്പെട്ട പ്രവൃത്തികൾ മുതൽ വിവിധ കൂട്ടായ്മയുടെയും സന്യാസ സമൂഹങ്ങളുടെയും മേൽനോട്ടത്തിൽ നടക്കുന്ന എണ്ണമറ്റ സേവന ഉപവി പ്രവർത്തനങ്ങളും കത്തോലിക്കാ സഭ എന്ന വിശാലമായ കുടക്കീഴിൽ അതിന്റെ ഭാഗമായി തുടർന്നുപോരുന്നവയാണ്. അത്തരം പ്രവർത്തനങ്ങൾക്ക് പലപ്പോഴും പരസ്യങ്ങളില്ലാത്തതിനാൽ പൊതുസമൂഹത്തിന് അതേക്കുറിച്ചുള്ള വ്യക്തതകുറവുണ്ടായിരിക്കാമെന്നു മാത്രം.

ഒഴുക്കിനെതിരെ നീങ്ങുന്ന വിധത്തിൽ വേറിട്ടൊരു അഭിപ്രായം/ നിർദ്ദേശം ഒരു മെത്രാനിൽനിന്ന് പരസ്യമായി വന്നു എന്നുള്ളത് മാത്രമാണ് ഇവിടെ ഒരു വിവാദമുണ്ടാക്കാനുള്ള കാരണം. ജീവനെ ഏറ്റവും മുഖ്യമായി കാണുന്ന കത്തോലിക്കാസഭയുടെ നിലപാടുകൾക്ക് വിരുദ്ധമായ ചില ആശയങ്ങൾ സ്വാഭാവിക പുരോഗമന ചിന്തകൾ എന്ന മട്ടിൽ നമുക്കിടയിൽ വ്യാപകമായിക്കൊണ്ടിരുന്നതിനാലാണ് വലിയൊരു കോളിളക്കം തന്നെ സൃഷ്ടിക്കപ്പെട്ടത്. കേവല ധാർമ്മികതയ്ക്കുപോലും വിരുദ്ധമായ കുറെയേറെ നൂതന ആശയങ്ങൾ ഇവിടെ പ്രചരിപ്പിക്കപ്പെടുകയും ആധുനികതയുടെ പേരിൽ കുറേപ്പേർ അതേറ്റെടുക്കുകയും, വിവിധ അവകാശങ്ങളുടെ പേരിൽ അവയെ സാമാന്യവൽക്കരിക്കുകയും ചെയ്തുവന്നിരുന്നു. അത്തരം ആശയങ്ങളോടൊന്നും പൊരുത്തപ്പെടാനോ അവയുമായി ഒത്തുതീർപ്പിലെത്താനോ കത്തോലിക്കാ സഭ ഒരുക്കമല്ല എന്ന വസ്തുതയാണ് അവയുടെ വക്താക്കളെയും പ്രചാരകരെയും ചൊടിപ്പിക്കുന്നതും സഭയ്ക്കെതിരെ നിരന്തരം രംഗത്തുവരാൻ പ്രേരിപ്പിക്കുന്നതും.

കത്തോലിക്കാ സഭ മുന്നോട്ടുവയ്ക്കുന്ന പ്രൊ ലൈഫ് ആശയങ്ങൾ ഒരു ജനസംഖ്യാ വിസ്ഫോടനത്തെയാണ് ലക്ഷ്യം വയ്ക്കുന്നതെന്ന വിധത്തിലുള്ള അപക്വമായ ആശയത്തിന് അനാവശ്യമായ പ്രചാരമുണ്ട്. കുട്ടികൾ വേണ്ടെന്നും, പരമാവധി ഒരു കുട്ടി എന്നുമുള്ള കാഴ്ചപ്പാടുകൾ ലോകവ്യാപകമായി ശക്തി പ്രാപിച്ചിരിക്കുന്നതിന്റെ ഭാഗമായി മനുഷ്യന്റെ ജനസംഖ്യ പലയിടങ്ങളിലും, പല വംശങ്ങളിലും കുറഞ്ഞുവരുന്നത് അപകടകരമാണെന്ന വിലയിരുത്തലുകൾ പൊതുവേയുണ്ട്. അതിനാലാണ് സമീപകാലത്ത് ചൈന പോലും തങ്ങളുടെ പോളിസിയിൽ നിർണ്ണായകമായ മാറ്റം വരുത്തി മൂന്ന് കുട്ടികൾ ആകാമെന്ന നിലപാട് സ്വീകരിച്ചത്. മിക്കവാറും യൂറോപ്യൻ രാജ്യങ്ങളും ജനസംഖ്യാ വർദ്ധനവ് ആവശ്യമാണെന്ന തിരിച്ചറിവിൽ കൂടുതൽ കുട്ടികൾക്ക് പ്രോത്സാഹനം നൽകിവരുന്നു. ജനസംഖ്യാ വർദ്ധനവോ, ജനസംഖ്യ കുറഞ്ഞുപോകുന്ന പ്രവണതയോ ഉണ്ടാകാതെ, ആരോഗ്യകരമായ ജനന നിരക്ക് നിലനിർത്തിക്കൊണ്ടുപോകാനാണ് ഓരോ സമൂഹങ്ങളും ശ്രദ്ധിക്കേണ്ടത്. പ്രകൃതിയുടെയും മനുഷ്യവംശത്തിന്റെയും സന്തുലിതാവസ്ഥ ഒരുപോലെ പാലിക്കപ്പെടണമെന്നാണ് എക്കാലത്തും സഭയുടെ നിലപാട്. ■

www.malankaralibrary.com

## ഫാ സ്റ്റാൻ സ്വാമി:

# നീതിയ്ക്കുവേണ്ടിയുള്ള പോരാട്ട ചരിത്രത്തിലെ നാഴികക്കല്ല്

കെസിബിസി ഐക്യജാഗ്രത കമ്മീഷൻ കേരള ജെസ്യൂട്ടിന്റെയും കെ.സി.എം.എസിന്റെയും സഹകരണത്തോടെ 'ഫാ.സ്റ്റാൻ സ്വാമി: നീതിയ്ക്കുവേണ്ടിയുള്ള പോരാട്ട ചരിത്രത്തിലെ നാഴികക്കല്ല്' എന്ന വിഷയത്തിൽ നടത്തിയ വെബ്ബിനാറിൽ ജസ്റ്റിസ് കുര്യൻ ജോസഫ്, റവ. ഡോ ബിനോയ് പിച്ചളക്കാട്ട് എസ്ജെ (ഡയറക്ടർ, ലിപി), ഡോ വിനോദ് കെ ജോസ് (എക്സിക്യൂട്ടിവ് എഡിറ്റർ, കാരവൻ മാഗസിൻ) എന്നിവർ നടത്തിയ പ്രഭാഷണങ്ങൾ



www.malankaralibrary.com

# “ഫാ. സ്റ്റാൻ സ്വാമിയ്ക്കുമേൽ ചുമത്തപ്പെട്ട കേസുകളുടെ വിചാരണ തുടരണം, അദ്ദേഹം ജീവിച്ചിരുന്നാൽ എങ്ങനെയോ അതുപോലെ തന്നെ”



**- ജസ്റ്റിസ് കുര്യൻ ജോസഫ്**

**അ**റിവുള്ളവന്റെ നിശബ്ദതയാണ് അറിവില്ലാത്തവന്റെ അക്രമത്തേക്കാൾ ഭയാനകവും ഭീകരവും. ഇന്ന് ഇന്ത്യയിൽ സംഭവിച്ചു കൊണ്ടിരിക്കുന്നതും ഇതുതന്നെയാണ്. അറിവുള്ളവൻ സംസാരിച്ചാൽ ആ തുറന്നു പറച്ചിലിനെ അടിച്ചമർത്തുന്ന സംസ്കാരം. അക്രമം ഒഴിവാക്കി ക്രമം ഉണ്ടാക്കാനും ശാന്തിയും സമാധാനവും ഉണ്ടാക്കാനുമുള്ള നിയമങ്ങൾ ഉപയോഗിച്ചുകൊണ്ടുതന്നെ ഈ രാജ്യത്തെ ജനാധിപത്യത്തെയും സാമാധാനത്തെയും സ്വാതന്ത്ര്യത്തെയും അടിച്ചമർത്തുന്ന ഒരുതരം ഭീകരത. ആ ഭീകരതയിലാണ് നമ്മൾ ഇന്ന് ജീവിക്കുന്നത് എന്നുള്ളതിന്റെ അവസാനത്തെ തെളിവാണ് ഫാ. സ്റ്റാൻ സ്വാമിയുടെ രക്തസാക്ഷിത്വം. അദ്ദേഹം നിലകൊണ്ടത് എല്ലാവരുടേയും നീതിയ്ക്കു വേണ്ടിയായിരുന്നു. നീതി നിഷേധിക്കപ്പെട്ടവനുവേണ്ടി നിലകൊള്ളാനും നിലപാടെടുക്കാനും നിലപാടിൽ ഉറച്ചു നിൽക്കാനും എന്തു വിലകൊടുക്കാനും താൻ തയ്യാറാണ് എന്ന് അദ്ദേഹം ജീവിതംകൊണ്ട് കാണിച്ചു തന്നു. ഇങ്ങനെ വിലകൊടുക്കാനുള്ളവരുടെ എണ്ണമാണ് ഇന്നുകുറഞ്ഞുവരുന്നത്. ആ എണ്ണം കുറഞ്ഞുവരാൻ വേണ്ടിയാണ് അഥവാ എണ്ണത്തെ കുറയ്ക്കാനാണ് ഭരണകൂടം ശ്രമിക്കുന്നത്.

ഫാ. സ്റ്റാൻ സ്വാമിയുടെ കാര്യത്തിൽ ഏറ്റവും കൂടുതൽ പരാജയപ്പെട്ടത് ഞാൻ ഉൾപ്പെടെ സേവനം ചെയ്യുന്ന ജുഡീഷ്യറിയാണ് എന്ന് വേദനയോടെ സൂചിപ്പിക്കട്ടെ. കാരണം കോടതിയാണ് ഈ ഭരണഘടനയുടെ ഗാർഡിയൻ. സംരക്ഷിക്കേണ്ടവൻ തന്നെ ഈ രാജ്യത്തെ സംരക്ഷിച്ചിരുന്നുവെങ്കിൽ ജനങ്ങളുടെ സ്വാതന്ത്ര്യവും ജനാധിപത്യ അവകാശങ്ങളും വളരെയേറെ മാനിക്കപ്പെട്ടേനെ. സ്വാതന്ത്ര്യത്തെ ജീവൻ വിലകൊടുത്തുവാങ്ങിതന്ന ഒരു രാജ്യമാണ് നമ്മുടേത്. ആ നേട്ടത്തിന്റെ സംരക്ഷകരാകേണ്ടിയിരുന്നവർ വേണ്ടത്ര ജാഗ്രത പുലർത്തിയില്ല. പുലർത്തിയ സന്ദർഭങ്ങളിൽ പോലും പലപ്പോഴും വിവേചനം കാണിച്ചുവെന്നതും മറ്റൊരു വസ്തുത.

അന്തസ്സോടെ ജീവിക്കാനുള്ള അവകാശം മാത്രമല്ല അന്തസ്സോടെ മരിക്കാനുള്ള അവകാശവും ഫാ.സ്റ്റാൻ സ്വാമിക്കു നിഷേധിക്കപ്പെട്ടു. ചികിത്സാ സഹായം അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. ആ ചികിത്സ നേരത്തെ കൊടുത്തിരുന്നെങ്കിൽ ഒരുപക്ഷെ ജയിലിൽ വെച്ച് അദ്ദേഹത്തിന് കോവിഡ് ബാധിക്കില്ലായിരുന്നു. 84 വയസ്സുള്ള, പാർക്കിൻസെൻസ് രോഗമുള്ള, കേൾവിക്കുറവുള്ള, ആരോഗ്യം ക്ഷയിച്ച, ലെങ്സിൽ അസുഖമുള്ള ഒരു വ്യക്തിക്ക് സാധാരണ ജയിലിൽ കിട്ടേണ്ടിയിരുന്ന ഒരു മിനിമം മാനുഷിക പരിഗണന പോലും കിട്ടിയില്ല എന്നു പറയുമ്പോൾ നീതിയുടെ നിഷേധം എവിടെവരെ പോകുന്നു എന്ന് ആലോചിക്കുക. ജയിലിലാണെങ്കിൽപോലും നീതി നിഷേധിക്കാനോ മനുഷ്യവകാശം നിഷേധിക്കാനോ പാടില്ല. പക്ഷെ സ്റ്റാൻ സ്വാമി അച്ചന്റെകാര്യത്തിൽ ജയിലിൽ മനുഷ്യവകാശത്തിന്റെ സംരക്ഷണം നടന്നിട്ടില്ല.

ഇന്ത്യൻ ജനാധിപത്യത്തിൽ ഒരു പൗരനുണ്ടാ



www.malankaralibrary.com

കേണ്ട അവകാശങ്ങൾ എന്തുമാത്രം തമസ്കരിക്കപ്പെടുന്നുണ്ടെന്നും എന്തുമാത്രം അടിച്ചമർത്തപ്പെടുന്നുണ്ടെന്നും ചിന്തിക്കേണ്ട കാര്യമാണ്. എന്തുകൊണ്ട് നമ്മൾ ആരും ഇത് നമ്മെ ബാധിക്കുന്ന കാര്യമായി എടുത്തില്ല? നമ്മുടെ ഈ നിശബ്ദതയും നിർവികാരതയും വളരെ ഞെട്ടിക്കുന്നതാണ്. ഇപ്രകാരമുള്ള സംഭവങ്ങൾ ഇനി ആവർത്തിക്കാതിരിക്കണം. അതുകൊണ്ട് ഫാ. സ്റ്റാൻ സ്വാമിയെപോലുള്ളവരുടെ രക്തസാക്ഷിത്വം നമുക്ക് പ്രചോദനം മാത്രമല്ല ആവേശംകൂടിയാവണം.

ഈ കഴിഞ്ഞ ദിവസം പുറത്തു വന്ന ക്രൈംറെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് യുഎപിഎ (അൺലോഫുൾ പ്രിവൻസ് ആക്ടിവിറ്റി) പ്രകാരം 2361 കേസുകളാണ് 2019 ൽ രജിസ്റ്റർചെയ്തത്. ഈ 2361 കേസുകളിൽ 113 കേസുകൾ മാത്രമാണ് വിചാരണ ചെയ്യപ്പെട്ടിട്ടുള്ളത്. ആ 113 കേസുകളിൽ 33 കേസുകൾ മാത്രമേ ശിക്ഷിക്കപ്പെട്ടിട്ടൊള്ളു. 64 കേസുകളും വെറുതെവിടുകയായിരുന്നു. അപ്പോൾ യഥാർത്ഥത്തിൽ ഇപ്പോൾ നടക്കുന്ന ഭീകരത എത്ര ഭയാനകമാണ്.

യുഎപിഎ ചുമത്തപ്പെടുന്ന വ്യക്തിക്ക് 60 ദിവസത്തിനകം കുറ്റപത്രം കൊടുത്തിരിക്കണമെന്നുള്ള വ്യവസ്ഥകൾ ഒന്നും ബാധകമല്ല. എത്രനാൾ വേണമെങ്കിലും ഒരു വിചാരണ തടവുകാരനായി അദ്ദേഹത്തെ ജയിലിലടയ്ക്കാൻ കഴിയും. സ്റ്റാൻ സാമി അച്ചന്റെ കാര്യത്തിലും സംഭവിച്ചത് മറിച്ചല്ല. അദ്ദേഹം മരിച്ചപ്പോൾ ജയിലിൽ അടക്കപ്പെട്ട കുറ്റവാളിയായിരുന്നു. കുറ്റാരോപിതനായി മരിക്കേണ്ടി വന്ന വ്യക്തിക്ക് നിഷേധിക്കപ്പെട്ട നീതി, നിഷേധിക്കപ്പെട്ട അന്തസ്സ് ഇവ രണ്ടും മാനിക്കപ്പെടണം. അതുകൊണ്ട് തന്നെ ഇപ്പോഴത്തെ നമ്മുടെ ക്രിമിനൽ നടപടിക്രമങ്ങൾ ഒന്നും അനുവദിക്കുന്നില്ലെങ്കിൽകൂടി അദ്ദേഹത്തിന്റെ മേൽ ചുമത്തപ്പെട്ട കേസുകളുടെ വിചാരണ തുടരണം. അദ്ദേഹം ജീവിച്ചിരുന്നാൽ എങ്ങനെയോ അതുപോലതന്നെ. അദ്ദേഹം കുറ്റക്കാരനായിരുന്നോ അല്ലയോ എന്ന് തെളിയിക്കപ്പെടേണ്ടത് അദ്ദേഹത്തിന്റെ സമൂഹത്തിന്റെയും കുടുംബത്തിന്റെയും ഈ രാജ്യത്തെ ഒരോ പൗരന്റെയും ആവശ്യമാണ്. കാരണം ഒരാളുടെ ക്രമിനൽ കേസ് ആ വ്യക്തിയുടെ മരണത്തോടുകൂടി ഇല്ലാതാകുകയാണ് ചെയ്യുന്നത്. പക്ഷെ ഇപ്രകാരം നീതി നിഷേധിക്കപ്പെട്ട് ജയിലിൽ അടക്കപ്പെട്ട ഫാ. സ്റ്റാൻ സ്വാമിയെപ്പോലുള്ളവരുടെ സംഭവങ്ങൾക്ക് നീതി നിഷേധിക്കപ്പെടാൻ പാടില്ല. വിചാരണ തുടരണം. അതിന് ആവശ്യമായിട്ടുള്ള പ്രത്യേക ഉത്തരവ് തന്നെ കോടതികളിൽ നിന്നുണ്ടാകേണ്ടതാണ്.



**ആരാണ് മാവോയിസ്റ്റ്?**

അദ്ദേഹത്തിന്റെ ഇപ്രകാരം നീണ്ടുപോകുന്ന ജയിൽവാസത്തെക്കുറിച്ച് അന്വേഷിച്ച് പരാതി സമർപ്പിക്കാനായി പ്രധാനമന്ത്രിയുൾപ്പെടെയുള്ളവരോട് സംസാരിച്ചപ്പോൾ അറിയിച്ച ഒരു നിരീക്ഷണം അദ്ദേഹത്തിന് മവോയിസ്റ്റ് ബന്ധമുണ്ടെന്നാണ്. ആരാണ് മാവോയിസ്റ്റുകൾ? മാവോയിസ്റ്റുകൾ ഈ കോടതിയെ വിശ്വസിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അവർ ഒരിക്കലും മാവോയിസ്റ്റുകളാകുമായിരുന്നില്ല. കാരണം അവർക്ക് കോടതിയിലോ നിയമനിർമ്മാണത്തിലോ നിയമവ്യാഖ്യാനത്തിലോ നിയമനടത്തിപ്പിലോ വിശ്വാസമില്ല. സംവിധാനങ്ങൾ പരാജയപ്പെട്ടതിന്റെ പേരിൽ അവർ അവരുടേതായ ഒരു നീതി നിർവ്വഹണ സംവിധാനം ഏറ്റെടുത്തിരിക്കുകയാണ്. ആ സംവിധാനത്തിലാണ് അവർക്ക് വിശ്വാസം.

എന്നാൽ സ്റ്റാൻസ്വാമി അച്ചൻ എന്താണ് ചെയ്തത്? അദ്ദേഹം ജാർഖണ്ഡ് ഹൈക്കോടതിയിൽ എത്ര ആളുകൾക്ക് വേണ്ടി ജാമ്യം അപേക്ഷിച്ചു. വിചാരണ കൂടാതെ ജയിലിൽ കഴിയുന്ന ചെറുപ്പക്കാരായിട്ടുള്ള ആദിവാസികളെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവിടത്തെ സെഷൻസ് കോടതിയിലും ഹൈക്കോടതിയിലും നൂറുകണക്കിന് അപക്ഷേകൾ അദ്ദേഹംകൊടുത്തിട്ടുണ്ട്. അദ്ദേഹംഎപ്പോഴും പറയുന്നത് എനിക്ക് കോടതിയിൽ വിശ്വാസമുണ്ട് എന്നാണ്. റൂൾ ഓഫ് ലോ ഉണ്ട് എന്നുറപ്പാക്കേണ്ടത് കോടതിയാണ്. ആ റോളിൽ വിശ്വാസം അർപ്പിച്ചിട്ടാണ് അച്ചൻ ഇപ്രകാരമുള്ളവരെ മോചിപ്പിക്കാനായി കോടതിയിൽ പോയത്. അപ്പോൾ അച്ചൻ മാവോയിസ്റ്റാണോ? മാവോയിസ്റ്റാണെങ്കിൽ അച്ചൻ കോടതിയെ സമീപിക്കുമായിരുന്നോ? തനിക്ക് വിശ്വാസം പോലും ഇല്ലാത്ത ഒരു സംഗതിയിലേക്ക് പോകുമായിരുന്നില്ല.

അപ്പോൾ എന്തിനു വേണ്ടിയാണ് അദ്ദേഹത്തെ ജയിലിൽ അടച്ചത്. ഇതിനു പിന്നിലുള്ള ഗൂഢാലോചന എന്താണ് എന്ന് പുറത്തുവരേണ്ടിയിരിക്കുന്നു. എന്റെ വിനീതമായ അഭിപ്രായം പൊതുചർച്ചകളിലൂടെ ഈ ചോദ്യങ്ങൾ പാർലമെന്റിലടക്കം ഉയർന്നു വരേണ്ടിയിരിക്കുന്നു എന്നാണ്. നീതി കൊലചെയ്യപ്പെടുകയാണന്ന് ഭരണാധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ അതിനാവശ്യമായ പൊതുജന മുന്നേറ്റങ്ങൾ ഉണ്ടാകണം. എവിടെ നമ്മുടെ ശബ്ദം ഉയരുന്നുവോ അവിടെ മാത്രമേ നീതി ഒരു നിലവിളിയായി ശ്രദ്ധിക്കപ്പെടുകയുള്ളൂ. എവിടെ നിശബ്ദതയുണ്ടോ അവിടെ അനീതിപെരുകും. നീതി നിഷേധിക്കുന്നവന് നീതി ഉറപ്പാക്കാനുള്ള ഉത്തരവാദിത്വം എന്റെയും നിങ്ങളുടേതുമാണ്. ഞാനും നിങ്ങളും നിശബ്ദരായിരുന്നാൽ അനീതി ഇനിയും പെരുകും. അതുകൊണ്ട് ഒരിക്കൽ മാത്രം മരിക്കാൻ കഴിയുന്ന അന്തസ്സോടെ ജീവിക്കാനും അപരന്റെ അന്തസ്സ് ഉറപ്പക്കാനും സ്റ്റാൻസ്വാമി അച്ചനെപ്പോലുള്ളവരുടെ മരിക്കാത്ത ഓർമ്മകൾ നമുക്ക് സഹായകമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ■

www.malankaralibrary.com

# “ഇതര വിഭാഗങ്ങളെ മാനവികതയുടെ ഭാഷയിലൂടെ എങ്ങനെ ക്രിസ്തുവിലേക്കും നീതിബോധത്തിലേക്കും ആകർഷിക്കാം എന്നതിന്റെ ഉത്തമ മാതൃകയാണ് ഫാ. സ്റ്റാൻ”

**- റവ. ഡോ. ബിനോയ് പിച്ചളക്കാട്ട് SJ**




രണ്ട് ചിന്തകളിലൂടെ ഫാ. സ്റ്റാൻ സ്വാമിയുടെ ജീവിതത്തിനൊപ്പം സഞ്ചരിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഒന്ന്, ആദിവാസികൾക്കും ദളിതർക്കും വേണ്ടി ജീവൻ സമർപ്പിക്കാൻ ഫാ. സ്റ്റാൻ സ്വമിയ്ക്ക് പ്രചോദനം ആയത്എന്ത്? രണ്ട്, ഫാ. സ്റ്റാനിന്റെ ജീവിത മാതൃകയും പ്രവർത്തനങ്ങളും ഭാരത സഭയ്ക്ക് പ്രത്യേകിച്ച് കേരള സഭയ്ക്ക് നൽകുന്ന സന്ദേശങ്ങൾ എന്ത്?

ഒന്നാമത്തെ വിഷയത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, 'ലൗവ് ഓഫ് ക്രൈസ്റ്റ്' അഥവാ ക്രിസ്തുവിനോടുള്ള സ്നേഹമാണ് അദ്ദേഹത്തിന് പ്രചോദനമായതെന്ന് കൃത്യമായി പറയാൻ സാധിക്കും. ബന്ധിതർക്കു മോചനവും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ സംവത്സരവും പ്രഘോഷിച്ചു കൊണ്ട് പാലസ്ഥീനായുടെ തെരുവു വീഥിയിലൂടെ നന്മ ചെയ്ത് ചുറ്റിസഞ്ചരിച്ച യേശു നാഥനെയാണ് ഫാ. സ്റ്റാൻ അനുകരിച്ചത്. ക്രിസ്തുവിനുവേണ്ടി ഞാൻ എന്തുചെയ്തു? എന്തുചെയ്യുന്നു? എന്തുചെയ്യും? എന്നുള്ള ചോദ്യങ്ങൾ ഉയർത്തുന്ന അസ്വസ്ഥതകൾ ഫാ. സ്റ്റാനിനെ ഉലച്ചിട്ടുണ്ട്. ഈ ചോദ്യങ്ങളോടുള്ള പ്രത്യുത്തരമായിരുന്നു വാസ്തവത്തിൽ ആദിവാസികൾക്കും ദളിതർക്കും വേണ്ടി അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ. അതുകൊണ്ട് ഫാ. സ്റ്റാനിന്റെ ഐഡന്റിറ്റി ക്രിസ്തുവിന്റെ ഐഡന്റിറ്റി തന്നെയാണ്. ഒരു പുരോഹിതൻ എന്ന നിലയിൽ ക്രിസ്തുവിന്റെ സ്നേഹം ജീവിതത്തിൽ ഉടനീളംഅദ്ദേഹം കാത്തുസൂക്ഷിച്ചു.

രണ്ടാമതായി അദ്ദേഹത്തിന് പ്രചോദനം നൽകിയത് സാമൂഹ്യ-രാഷ്ട്രീയ വിശകലനത്തിന്റെ വെളിച്ചത്തിൽ ലഭിച്ച ചില തെളിവുകളും ഉൾക്കാഴ്ചകളുമാണ്. ഫാ. സ്റ്റാൻ ഒരു സോഷ്യൽ സയന്റിസ്റ്റായിരുന്നു. ഫിലിപ്പൈൻസിലെ മനില യൂണിവേഴ്സ്റ്റിയിൽ നിന്ന് സോഷ്യോളജിയിൽ മാസ്റ്റേഴ്സ് പൂർത്തിയാക്കിയതിനു ശേഷം ബെൽജിയത്തിൽ അദ്ദേഹം ഉപരിപഠനം നടത്തി. ഇതെല്ലാം കഴിഞ്ഞാണ് ഇന്ത്യൻ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് ബാംഗ്ലൂരിൽ അദ്ദേഹം ട്രെയിനറായും ഡയറക്ടറായും സേവനം അനുഷ്ഠിച്ചത്. ഏകദേശം പതിനഞ്ചു വർഷംകൊണ്ട് നൂറുകണക്കിന് ആളുകളെ അദ്ദേഹം ട്രെയിൻ ചെയ്തു. മാത്രമല്ല ഭാരതത്തിന്റെ പച്ചയായ ജീവിത യാഥാർത്ഥ്യങ്ങളെ ഗവേഷണവിധേയമാക്കി ഒരു നേരറിവ് അദ്ദേഹം സമ്പാദിച്ചിരുന്നു. ആ ബോധ്യങ്ങളുടെ വെളിച്ചത്തിലാണ് അദ്ദേഹം ജാർഖണ്ഡിലേക്ക് പോകുന്നത്.

അദ്ദേഹത്തിന്റെ പഠനങ്ങളിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്, ജാർഖണ്ഡിലെ ആദിവാസികളിൽ 40 ശതമാനത്തിലധികം ദാരിദ്ര്യരേഖക്കു താഴെയാണ് എന്നാണ്. എന്നാൽ ഇന്ത്യയുടെ 40 ശതമാനത്തോളം ധാതു സമ്പത്ത് ജാർഖണ്ഡിലാണ് താനും. വനംകൊള്ളയെക്കുറിച്ചും ഖനന മാഫിയയുടെ ആദിവാസി ചൂഷണത്തേയും കുടയൊഴിപ്പിക്കലിനെപ്പറ്റിയുമുള്ള വ്യക്തമായ ചിത്രം ഫാ. സ്റ്റാനിനുണ്ടായിരുന്നു. അതിനോടുള്ള പ്രത്യുത്തരമായിട്ടാണ് ആദിവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി അദ്ദേഹം ജാർഖണ്ഡിലേക്കു തിരിച്ചത്. ആദിവാസികൾക്ക് അവരുടെ സ്വയം ഭരണാവകാശം ലഭിക്കുന്നതിനു വേണ്ടിയുള്ള പോരാട്ടത്തിന് ഫാ. സ്റ്റാൻ പിന്തുണ നൽകിയത് ഇത്തരത്തിലുള്ള സാമൂഹ്യ-രാഷ്ട്രീയ ഗവേഷണ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ്.



മൂന്നാമതായി, ഫാ. സ്റ്റാനിന്റെ ജസ്യൂട്ട് ട്രെഡീഷനാണ് ആദിവാസികൾക്കു വേണ്ടി, ദളിതർക്കു വേണ്ടി ജീവിതം ഒഴിഞ്ഞുവയ്ക്കാൻ അദ്ദേഹത്തിനു ശക്തി നല്കിയത് എന്ന് ഈശോ സഭക്കാരനായ എനിക്ക് പറയാൻ സാധിക്കും. കാരണം ദളിതർക്കുവേണ്ടിയും ആദിവാസികൾക്കു വേണ്ടിയും ദശാബ്ദങ്ങളായി ഫാ. സ്റ്റാനിനും എത്രയോകാലങ്ങൾക്കു മുമ്പേ ഈശോ സഭക്കാർ പ്രവർത്തിച്ചുവരുന്നു. പ്രത്യേകിച്ച് ഉത്തരേന്ത്യയിൽ ഈശോസഭയുടെ ആരംഭം മുതൽ, ഇഗ്നേഷ്യസ് ലയോളയുടെ കാലഘട്ടം മുതൽ സാമൂഹിക പ്രവർത്തനങ്ങളിൽ ഇടപെടുന്നവരായിരുന്നു ജസ്യൂട്ട്സ്. ഫാ. സ്റ്റാനിന്റെ പ്രവർത്തനങ്ങളെ കേവലം ഒരു മനുഷ്യവകാശപ്രവർ

www.malankaralibrary.com

ത്തനമായി ചിത്രീകരിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. മറിച്ച് അദ്ദേഹത്തിന്റെ പ്രവർത്തനം വലിയൊരു പാരമ്പര്യത്തിന്റെ തുടർച്ചയാണ്. ഒരു പ്രതിബദ്ധതയുടെ ഭാഗമാണ്. അത് വ്യവസ്ഥകളില്ലാത്ത ഒരു കമ്മിറ്റ്മെന്റാണ്. അത് ഉൾക്കൊള്ളാൻ സർക്കാരും ഭരണകൂടവും നിയമസംവിധാനങ്ങളും മറന്നുപോയി. അല്ലെങ്കിൽഅവർക്ക് അതിനു സാധിച്ചില്ല എന്നുള്ളതാണ് ദൗർഭാഗ്യകരം.

കേരളസഭ ദേശീയ കാഴചപ്പാടിലേക്ക് വളരണം വളരേണ്ടതുണ്ട് എന്നുള്ള ഒർമ്മിപ്പിക്കലാണ് ഫാ. സ്റ്റാനിന്റെ ജീവിതവും മാതൃകയും. പലപ്പോഴും നമ്മുടെ ചർച്ചകൾ പലതും നമ്മിലേക്ക് മാത്രമായി ഒതുങ്ങിപോകാറുണ്ട്. അത് ചിലപ്പോഴൊക്കെ നമ്മുടെ സുരക്ഷിതത്വത്തിനുവേണ്ടി മാത്രമാകുന്നു. കേരളസഭക്കു പുറത്തുള്ള ഭാരതസഭ വലിയൊരു പരിധിവരെ ആദിവാസികളുടെയും ദളിതരുടെയും സഭയാണ്. പ്രത്യേകിച്ച് ഉത്തരേന്ത്യയിൽ. പാവപ്പെട്ട ആദിവാസികളുടെ പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ നൊമ്പരങ്ങൾ ദശാബ്ദങ്ങളായി തുടരുന്ന ഒരു പ്രക്രിയയാണ്. സാമൂഹിക വിഷയങ്ങളിൽ നമ്മൾ അന്തർമുഖരാകാതെ ദേശീയ കാഴ്ചപ്പാടുകളിലേക്കു വളരേണ്ടതുണ്ട്. അതിന് നമ്മൾ ആ സ്ഥലവും സാഹചര്യവും മനസ്സിലാക്കണം. നമ്മളിൽ എത്രപേർ ഉത്തരേന്ത്യയിലെ സേവനമേഖലകളിൽ മനസ്സിലാക്കിയിട്ടുണ്ട് എന്നത് സംശയമാണ്. ഇതോടൊപ്പം ഭാരതസഭക്ക് ഏറ്റവും കൂടുതൽ മിഷനറിമാരെ സംഭാവന ചെയ്തിരിക്കുന്നത് കേരളസഭയാണ്.

കുറച്ചുകൂടി വിശാലമായ ക്യാൻവാസിൽ ആദിവാസികളുടെ, ദളിതരുടെ, അടിച്ചമർത്തപ്പെട്ടവരുടെ ജീവിതങ്ങളെ മനസ്സിലാക്കാൻ നാം ശ്രമിക്കണം. നിങ്ങൾ ഒരു പത്തു ദിവസം മധ്യപ്രദേശിലെ ചിത്വാങ് ജില്ലയിൽ ആദിവാസികൾക്കിടയിൽ വന്നുതാമസിക്കൂ, അപ്പോൾ കാഴ്ചപ്പാട് മാറും ലോകവീക്ഷണം മാറുംഎന്നാണ് ദയാബായ് ഒരിക്കൽ സംസാരിച്ചപ്പോൾ പറഞ്ഞത്.




സാമൂഹികവും രാഷ്ട്രീയവുമായ വിശകലനത്തിന്റെ ശകതമായ അടിത്തറ നമുക്ക് വേണമെന്നാണ് ഫാ. സ്റ്റാൻ നമ്മെ പഠിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ രീതിശാസ്ത്രം അതുതന്നെയാണ്. ശാസ്ത്രപരമായ ഗവേഷണം നടത്തുക, ജനതയെബോധവത്ക്കരിക്കുക, അവരുടെ അവകാശങ്ങളെക്കുറിച്ച് പറഞ്ഞ് മനസ്സിലാക്കികൊടുക്കുക, നിയമപരമായ നടപടികൾ സ്വീകരിക്കുക. എനിക്ക്,തോന്നുന്നത് ഈ ഒരു രീതി ഏതൊരു സാഹചര്യത്തിലും അതുകേരളമാകട്ടെ ഇതരസംസ്ഥാനങ്ങളിലാകട്ടെ നമുക്ക് അനുവർത്തിക്കാവുന്നതാണ്.

കേരളത്തിലും ആദിവാസികൾ ഉണ്ട്, പാർശ്വവത്ക്കരിക്കപ്പെട്ടവരുണ്ട്. അതുപോലെ പല ജനവിഭാഗങ്ങൾ മത്സ്യത്തൊഴിലാളികൾ, ദളിതർ ഇവർക്കൊക്കെവേണ്ടി നിലപാടുകളെടുക്കാൻ ഇനിയും നാം കൂടുതൽ ആർജ്ജവം കാട്ടേണ്ടതുണ്ട്. യഥാർത്ഥത്തിൽ സെക്കൻഡ് വത്തിക്കാൻ കൗൺസിൽഇത്തരത്തിലുള്ള ചില വാതായനങ്ങൾ തുറന്നിടുന്നുണ്ട്. അഞ്ചുദശാംബ്ദം മുമ്പ് പോൾ ആറാമൻ മാർപാപ്പ ഓക്ടോജസിമ അഡ്വേനിയൻസ് (Octogesima adveniens)എന്ന തിരുവെഴുത്തിലൂടെ ഒരു പ്രധാനപ്പെട്ട കാര്യം പറഞ്ഞുവയ്ക്കുകയുണ്ടായി. ഫ്രം ദ ഇക്കണോമിക്കൽ ഫോർ ദ പൊളിറ്റിക്കൽ എന്നാണ് അദ്ദേഹം സൂചിപ്പിച്ചത്. അനീതിപരമായ പ്രവർത്തനങ്ങൾക്കെതിരെ നമ്മളുടെ ഉപവി പ്രവർത്തനങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളും മാത്രം പകരം വയ്ക്കാൻ പറ്റില്ല, അതുകൊണ്ട് സാമ്പത്തിക അനീതിക്കെതിരെ പോരാടുമ്പോൾ രാഷ്ട്രീയത്തേകൂടി കണക്കിലെടുക്കണം. അത് കക്ഷിരാഷട്രീയമല്ല.


അവസാനമായി ഫാ. സ്റ്റാൻ മുമ്പോട്ടു വയ്ക്കുന്ന അല്ലെങ്കിൽ പകർന്നുതരുന്ന ഒരു മാതൃക കൊളാബ്രേഷന്റെയും നെറ്റുവർക്കിന്റെയുമാണ്. പൗരോഹിത്യത്തിന് മതാത്മതയുടെയും മതനിരപേക്ഷതയുടെയും മാനം നല്കാൻ ഫാ. സ്റ്റാൻ സ്വാമിക്കുകഴിഞ്ഞു. ഫാ. സ്റ്റാനിന്റെ ഭൗതികശരീരം കാണാൻ നാനാജാതിമതസ്ഥരാണ് കടന്നുവന്നത്. നിരീശ്വരവാദികൾ പോലും അവിടെ കടന്നുവരുന്നതു ഞാൻ കണ്ടു. ഫാ. സ്റ്റാൻ ക്രൈസ്തവരുടെ കുത്തകയല്ല എന്നുവേണമെങ്കിൽ നമുക്കു പറയാം. ഒരു ക്രൈസ്തവന് ഇതരമതവിഭാഗങ്ങളെ മാനവികതയുടെ ഭാഷയിലൂടെ എങ്ങനെ തന്നിലേക്കും ക്രിസ്തുവിലേക്കും നീതിബോധത്തിലേക്കും ആകർഷിക്കാം എന്നതിന്റെ ഉത്തമ മാതൃകയാണ് ഫാ. സ്റ്റാൻ നല്കിയത്. അതുകൊണ്ട് ഫാ. സ്റ്റാൻ നിലകൊണ്ടത് സുവിശേഷ മൂല്യങ്ങൾക്കുവേണ്ടിയാണ്. ചുരുക്കത്തിൽ ഫാ. സ്റ്റാൻ സ്വമിയുടെ ജീവിതം ഒരു പാഠമാണ്. സുവിശേഷത്തിന്റെയും ഭരണഘടനയുടെയും കണ്ണാടിയിലൂടെ നമ്മുടെ അനുദിന ജീവിതാനുഭവങ്ങൾ നോക്കി കാണാനും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കുവേണ്ടി നിലപാടുകൾ സ്വീകരിക്കാനുമുള്ള ഊർജ്ജം നൽകുന്ന പാഠം. പാവപ്പെട്ടവരോടും നീതി നിഷേധിക്കപ്പെട്ടവരോടും പക്ഷം ചേരാനുള്ള മനോഭാവവും ജീവിതശൈലിയുമാകണം ഈ പാഠത്തിൽ നിന്ന് നാം ഉൾക്കൊള്ളേണ്ടത്.

■

www.malankaralibrary.com

# “സ്റ്റാൻ സ്വാമിയുടെ മാതൃക സമരസപ്പെടലിന്റേത് മാത്രമായിരുന്നില്ല, കലഹിക്കേണ്ടിടത്ത് അദ്ദേഹം കലഹിച്ചു”

**- ഡോ. വിനോദ് കെ ജോസ്**



**ഫാ.** സ്റ്റാൻ സ്വാമിയെക്കുറിച്ചോർക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രവൃത്തിമണ്ഡലമാണ് മനസ്സിൽ വരുന്നത്. വർഷങ്ങൾക്ക് മുമ്പ് ഏകദേശം ഒരു മാസത്തോളം ജാർഖണ്ഡ്, ഛത്തീസ്ഗഡ് കാടുകൾക്കുള്ളിൽ ഞങ്ങൾ കുറച്ച് ഫോറിൻ കറസ്പോണ്ടൻസ്, ആദിവാസികൾക്കൊപ്പം അവർ കഴിക്കുന്ന ഭക്ഷണം കഴിച്ച് അവരുടെ കുടിലിൽ താമസിച്ച് റിപ്പോർട്ട് ചെയ്തു. ആ സമയത്താണ് ഒരു സിസ്റ്റവും സമൂഹവും അവരോടു കാണിക്കുന്ന ക്രൂരത അടുത്തറിയാൻ സാധിക്കുന്നത്. 1950 കളിൽ ഇന്ത്യാ ഗവൺമെന്റ് വിദേശ ഗവൺമെന്റുകളുമായുണ്ടാക്കിയ കരാറും അന്നു നിശ്ചയിച്ച റേറ്റുകളും അനുസരിച്ചാണ് ഇന്നും കോർപറേറ്റുകളും ഓർഗനൈസേഷനുകളും അവിടെ മൈനിങ്ങ് നടത്തുന്നത്.



വീടുകളിൽ നിന്ന് പഴയ ഇരുമ്പ് എടുത്തുകൊണ്ടു പോകുമ്പോൾ 10, 15 രൂപയൊക്കെ നമുക്കു കിട്ടാറുണ്ട്. പക്ഷെ അവ രു ടെ മണ്ണിൽ നിന്ന് കുഴിച്ചെടുക്കുന്ന ഇരുമ്പിന് അവർക്ക് ലഭിക്കുന്നത് കിലോയ്ക്ക് 5 രൂപയാണ്. കാലാകാലങ്ങളിൽ മാറിവരുന്ന രാഷ്ട്രീയ പാർട്ടികളും ഈ ചൂഷണത്തിന് ഒത്താശ ചെയ്യുന്നു. നീതിനിഷേധം പല രൂപത്തിൽ ഓരോ ദിവസവും അവർ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. സെക്യൂരിറ്റി ഫോഴ്സിനാൽ റെയ്പ്പ് ചെയ്യപ്പെട്ട് അതു പുറത്ത് പറയാനാകാതെ വിങ്ങിജീവിക്കുന്ന ഒരു സ്ത്രീ സമൂഹം അവിടെയുണ്ട്. ജേർണലിസ്റ്റുകൾ പലപ്പോഴും ഈ മേഖലകളിൽ ചെല്ലാറില്ല. ഉണ്ടെങ്കിൽ തന്നെ സെക്യൂരിറ്റി ഫോഴ്സിന്റെകൂടെ അവരുടെ പ്രൊട്ടക്ഷനിലാണ് എത്താറുള്ളത്. അപ്പോൾ ഒരു സൈഡിൽ നടക്കുന്ന അതിക്രമം അതായത് സെക്യൂരിറ്റി ഫോഴ്സിൽ നിന്നുണ്ടാകുന്ന അതിക്രമം പുറത്തുവരാറില്ല. ഈ ഒരു സാമൂഹിക അന്തരീക്ഷത്തിലായിരുന്നു ഫാ. സ്റ്റാൻ സ്വാമി പ്രവർത്തിച്ചിരുന്നത്. അതുകൊണ്ട് തന്നെ ഫാ. സ്റ്റാൻ സ്വാമിയുടെ പ്രവർത്തനങ്ങളിൽ എതിർപ്പുള്ള നിരവധി പേർ അവിടെ ഉണ്ടായിരുന്നു.

പ്രാക്ടിക്കലായിട്ടുള്ള രീതിയിൽ വന്നിട്ടില്ലെങ്കിൽ കൂടി ലെജിസ്ലേഷനുകൾ ഇപ്പോൾ കുറെയൊക്കെ ആദിവാസികളെ സഹായിക്കുന്ന രീതിയിൽ വന്നിട്ടുണ്ട്. ഇപ്പോൾ ലോക്കൽ പഞ്ചായത്തിന്റെ അനുവാദത്തോടുകൂടി മാത്രമേ മൈനിങ്ങ് കമ്പനികൾക്ക് അവിടെ ഖനനം നടത്താൻ പറ്റുകയുള്ളൂ. എങ്കിൽകൂടിയും ജാർഖണ്ഡിനെ സംബന്ധിച്ചിടത്തോളം അവിടത്തെ മുഖ്യവരുമാനം ഈ മൈനിങ്ങ് കോർപറേറ്റുകൾ കൊടുക്കുന്ന പണമാണ്. അവരുടെ ഇലക്ഷൻ ഫണ്ടിങ്ങ് എന്നുപറയുന്നതും ഈ മൈനിങ്ങ് കോർപറേഷൻസ് കൊടുക്കുന്ന സംഭാവനയാണ്. അപ്പോൾ ഒരു സൈഡിൽ വലിയൊരു മണിപവറിന്റെ സാന്നിധ്യം കാണാം. ഈ മണിപവർ കൈയാളുന്നവർ ഫാ. സ്റ്റാൻ സ്വാമിയെപ്പോലുള്ള ആളുകൾക്ക് ശത്രുപരിവേഷമല്ലാതെ മറിച്ചൊന്നും നൽകില്ല. കാരണം, ഒന്ന് അദ്ദേഹത്തിന് വിദ്യാഭ്യാസമുണ്ട്, രണ്ട് അദ്ദേഹത്തിന്റെ കമ്മിറ്റ്മെന്റ് വളരെ ആഴത്തിലുള്ളതാണ്, മൂന്നാമതായി, ഈ നീതിന്യായവ്യവസ്ഥയിലെ എല്ലാ സംവിധാനങ്ങളും ഉപയോഗിച്ചുകൊണ്ട് സത്യം പുറത്തുകൊണ്ടുവരാൻ ശ്രമിക്കുന്ന ഒരാളാണ്.

മറ്റൊന്ന്, മാറിവരുന്ന രാഷ്ട്രീയ അന്തരീക്ഷമാണ്. ഹിന്ദു മെജോറിറ്റേറിയൻ നാഷണലിസം എന്ന രീതിയിൽ ഇന്ത്യയിലെ ഇന്നത്തെ രാഷ്ട്രീയ പരിതസ്ഥിതി മാറിക്കൊണ്ടിരിക്കുകയാണ്. ചരിത്രത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കിയാൽ, ഏതു ഭരണഘടനയാണ് നമ്മുടെ രാഷ്ട്ര ശിൽപികൾ വിഭാവനം ചെയ്തത്? അന്ന് ലൂസിങ്ങ് സൈഡായിരുന്ന ആളുകളാണ് ഇന്ന് കാര്യങ്ങൾ തീരുമാനിക്കുന്നത്. ഇന്ന് ഇന്ത്യയിൽ നടക്കുന്ന ഡിബേറ്റ് 95 വർഷം മുമ്പ് ഇന്ത്യയിൽ നടന്ന അതേ ഡിബേറ്റാണ്. നേരാണ്, ഗാന്ധിയും അംബേദ്കറും നെഹ്റുവും തമ്മിൽ വലിയ ഡിബേറ്റുകൾ അങ്ങോട്ടുമിങ്ങോട്ടും നടന്നിരുന്നു. പക്ഷെ ബ്രിട്ടീഷുകാർ വിട്ടുപോകുന്ന ഇന്ത്യ വിവിധ ഭാഷ, മതം, ഭക്ഷണ രീതികൾ ഇതൊക്കെ ഫോളോ ചെയ്യുന്ന ഒരുപറ്റം ആളുകൾ കോൺസ്റ്റിറ്റ്യൂഷൻ എന്ന ഒരു കോൺട്രാക്റ്റിനുള്ളിൽ ഒത്തുവരുന്ന ഒരു സമൂഹമായിരിക്കും എന്നുള്ള കാര്യത്തിൽ അവരെല്ലാം ഏക അഭിപ്രായക്കാരായിരുന്നു. 1952ൽ അധികാരത്തിൽ വന്ന ആളുകൾ, ഭരണഘടന കത്തിച്ചവർ, ഇന്ത്യൻ ദേശീയപതാക കത്തിച്ചവർ ഇന്ന് ഓരോ ഇൻസ്റ്റിറ്റ്യൂഷനിലും മീഡിയയിലും നീതിന്യായവ്യവസ്ഥയിലും ബ്യൂറോക്രസിയിലും ഇരുന്നുകൊണ്ട് ഈ ഭരണഘടനയെ മൊത്തം

www.malankaralibrary.com

പൊളിച്ചിടുന്ന രീതിയാണ് നടക്കുന്നത്.

ഈ ഒരു രാഷ്ട്രീയ സാമൂഹിക അന്തരീക്ഷത്തിൽ ഫാ. സ്റ്റാൻ സ്വാമിയെപ്പോലുള്ള ആളുകൾ അവരുടെ ജീവിതം കൊണ്ട് വലിയ മാതൃക കാണിച്ചു തരുന്നുണ്ട്. ഈ ഒരു രാഷ്ട്രീയ കാലാവസ്ഥയിൽ നമ്മൾ ഓരോരുത്തരും എവിടെയായിരിക്കണം എന്ന വളരെ വലിയ ചോദ്യം ഫാ. സ്റ്റാൻസ്വാമി അവശേഷിപ്പിച്ചിട്ടാണ് പോയത്. ഒരു സൈഡിൽ നേരത്തെ സൂചിപ്പിച്ചതുപോലെ കോർപറേറ്റ്, പൊളിറ്റിക്കൽ ഇവ രണ്ടും കൂടി ഒരുമിച്ച് ചേരുന്ന സമയത്ത് ഇത് ഡെഡ്‌ലിഫോഴ്സായി മാറുന്നു. അതുകൊണ്ടുതന്നെ ഒരു പൗരനെന്ന നിലയിൽ ചിന്തിക്കേണ്ട കാര്യങ്ങളും ഒരു ക്രിസ്ത്യൻ മൈനോരിറ്റി എന്ന നിലയിൽ ചിന്തിക്കേണ്ട കാര്യങ്ങളുമുണ്ട്. ഒരു പക്ഷെ എല്ലാത്തിനോടും സമരസപ്പെട്ട് മുന്നോട്ടു പോകാം എന്നുചിന്തിക്കുന്ന ആളുകളുണ്ട്. അങ്ങനെ ചിന്തിച്ചാൽ ഒരു സമൂഹത്തിനും ഒരുകൂട്ടത്തിനും പിന്നീട് പേരുദോഷം വരികയും വരും തലമുറകളോട് മാപ്പ് പറയേണ്ടി വരികയും ചെയ്യും.

സമരസപ്പെടുന്ന ഒരു രീതി ഫാ. സ്റ്റാൻ സ്വാമി സ്വീകരിച്ചിരുന്നെങ്കിൽ അദ്ദേഹത്തെ ഇന്ന് ലോകം അറിയില്ലായിരുന്നു. ഫാ. സ്റ്റാൻ സ്വാമിയുടെ മാതൃക സമരസപ്പെട്ടുപോകലിന്റേതായിരുന്നില്ല. പകരം പറയേണ്ട കാര്യങ്ങൾ പറയുകയും ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുകയും അതിന് ജയിലിൽ പോകുകയും ഒടുവിൽ രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. സ്നേഹത്തോടുകൂടി ജീവത്യാഗം ചെയ്ത, അതും ക്രൂശിക്കുന്ന ആളുകളോട് പൊറുത്തുകൊണ്ടു തന്നെ ജീവത്യാഗം ചെയ്യാൻ തയ്യാറായ വലിയ ഒരു മോഡലാണ് യേശുക്രിസ്തു. ആ ഒരു മാതൃക വളരെ സന്തോഷത്തോടുകൂടി സ്വീകരിച്ചു എന്നുള്ളതാണ് ഫാ. സ്റ്റാൻ സ്വാമി പകർന്നു പോകുന്ന നിത്യ പൈതൃകം.

രണ്ടോ രണ്ടരയോ ശതമാനം മാത്രമേ ഇന്ത്യൻ പോപ്പുലേഷനിൽ ക്രിസ്ത്യൻ സമൂഹം വരുന്നുള്ളു. ഒരു പക്ഷെ ഇന്ത്യൻ ഗവൺമെന്റ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഇൻസ്റ്റിറ്റ്യൂഷൻസ് നടത്തുന്നത് ഈ രണ്ടര ശതമാനം ജനസംഖ്യയിലുള്ള ആളുകളാണ്. ഈ ഒരു സമൂഹത്തിന്റെ റീച്ചും ഇംപാക്ടും ലീഡർഷിപ്പും നമ്മൾ വിചാരിക്കുന്നതിലും വളരെ കൂടുതലാണ്. അതിനാൽ 21-ാം നൂറ്റാണ്ടിലെ പുതിയ ദിശാബോധം സ്റ്റാൻ സ്വാമിയുടെ ഈ ഒരു രക്തസാക്ഷിത്വത്തിലൂടെ എല്ലാവർക്കും കിട്ടട്ടെ എന്നാശംസിക്കുന്നു. സ്റ്റാൻസ്വാമി ഉയർത്തുന്ന വലിയചോദ്യങ്ങൾ അതു കൂടുതൽ തെളിമയോടെ നമ്മൾ ഓരോരുത്തരിലുമുണ്ടാകട്ടെ. അത് ഇന്ത്യയുടെ മുന്നോട്ടുള്ള പോക്കിൽ ഈ ഒരു സമൂഹത്തിന് വലിയകാര്യങ്ങൾ ചെയ്യാൻ പ്രചോദനമാകട്ടെ. ■

## വാർത്തകൾ

### ക്രിസ്ത്യൻ നാടാർവിഭാഗത്തെ ഒബിസി ലിസ്റ്റിൽ ഉൾപ്പെടുത്തിയതിനു സ്റ്റേ

കൊച്ചി: ക്രിസ്ത്യൻ നാടാർവിഭാഗത്തെ ഒബിസി ലിസ്റ്റിൽഉൾപ്പെടുത്തിയ സംസ്ഥാന സർക്കാരിന്റെ നടപടി ഹൈക്കോടതി സ്റ്റേ ചെയ്തു. ഹിന്ദു നാടാർ, സൗത്ത് ഇന്ത്യൻ യുണൈറ്റഡ്ചർച്ച് (എസ്ഐയുസി) എന്നീ നാടാർവിഭാഗങ്ങൾക്കാണ് നേരത്തേ സംവരണം ഉണ്ടായിരുന്നത്. ക്രിസ്ത്യൻ നാടാർ വിഭാഗങ്ങളെക്കൂടി ഒബിസി പട്ടികയിൽ ഉൾപ്പെടുത്തി സംവരണം അനുവദിച്ച സർക്കാർ ഉത്തരവിനെതിരേ എസ് കുട്ടപ്പൻ ചെട്ടിയാർ, അക്ഷയ് എസ് ചന്ദ്രൻ എന്നിവർ നൽകിയഹർജിയിലാണുജസ്റ്റീസ് പി ബി സുരേഷ്കുമാറിന്റെ ഇടക്കാല ഉത്തരവ്. (ദീപിക, 07/8/2021)

### മൂല്യബോധനത്തിന്റെ കാവൽഭടന്മാരാണ് അധ്യാപകർ ബിഷപ്പ് ജോഷ്വ മാർ ഇഗ്നാത്തിയോസ്

കൊച്ചി: സാമൂഹിക ഗതിവിഗതികളെ തിരിച്ചറിഞ്ഞ് മൂല്യസംസ്കാരത്തിന്റെ കാവൽഭടന്മാരായി വർത്തിക്കേണ്ടവരാണ് അധ്യാപകർ. ശരിയായി രൂപീകരിക്കപ്പെട്ട മന:സാക്ഷിയുടെ സ്വരം തിരിച്ചറിഞ്ഞാണ് അധ്യാപകർ ഈ ധർമ്മം നിർവ്വഹിക്കേണ്ടത്. ക്രിസ്തുവിൽ കേന്ദ്രീകൃതമായ ഒരു പ്രവർത്തനശൈലി നാം രൂപപ്പെടുത്തണം. മൂല്യങ്ങളെക്കുറിച്ച് അറിവും പരിശീലനവും നേടേണ്ടതുമുണ്ട്. സമൂഹത്തിലെ തിന്മകൾക്കെതിരെ പ്രതികരിക്കാനും പ്രവർത്തിക്കാനും അധ്യാപകർക്ക് കടമയുണ്ട്, ഉത്തരവാദിത്വമുണ്ട് എന്ന കാര്യം അധ്യാപകർ മറന്നുപോകരുതെന്ന് ബിഷപ്പ് വ്യക്തമാക്കി. കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന വാർഷിക സമ്മേളനം പാലാരിവട്ടം പിഒസി യിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു കെസിബിസി വിദ്യാഭ്യാസകമ്മീഷൻ ചെയർമാൻ ഡോ. ജോഷ്വ മാർ ഇഗ്നാത്തിയോസ്. സംസ്ഥാനപ്രസിഡന്റ് സാലു പതാലിൽ അധ്യക്ഷനായി. പിഒസി. ഡയറക്ടർ ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി മുഖ്യസന്ദേശം നൽകി. സംസ്ഥാന ഡയറക്ടർ ഫാ. ചാൾസ് ലെയോൺ സംസ്ഥാന ജനറൽ സെക്രട്ടറി ജോഷി വടക്കൻ, ട്രഷറർ ജോസ് ആന്റണി എന്നിവർ പ്രസംഗിച്ചു. ആവേ മരിയ അക്കാദമി കൊച്ചിൻ സിഇഒ ഷിന്റോ സെബാസ്റ്റ്യൻ 'വിദ്യാർത്ഥികളുടെ സ്വഭാവം, തൊഴിൽ, ഇവയുടെ രൂപവൽക്കരണം - പുതിയ ദേശീയ വിദ്യാഭ്യാസനയത്തിന്റെ വെളിച്ചത്തിൽ ഒരു പുനർ വിചിന്തനം' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു.

തുടർന്നുള്ള ചർച്ചയിൽ പതിനൊന്നാം ശമ്പള പരിഷ്കരണ ശുപാർശകൾ എയ്ഡഡ് മേഖലയോട് കാണിക്കുന്ന അവഗണനയും സംശയദൃഷ്ടിയോടെയുള്ള സമീപനവും പ്രതിഷേധാർഹമാണെന്ന് സമ്മേളനം വിലയിരുത്തി. പരിഷ്കരണ ശുപാർശകൾ വിദഗ്ദരുമായി ചർച്ച ചെയ്ത് സർക്കാരിന് മെമ്മോറാണ്ടം നൽകുന്നതാണെന്ന് കമ്മീഷൻ സെക്രട്ടറി ഫാ. ചാൾസ് ലെയോൺ സമ്മേളനത്തെ അറിയിച്ചു. ഓൺലൈൻ പഠന രീതി വളരെ അപ്രതീക്ഷിതമായി സംഭവിച്ചതാണെന്നും എത്രയും വേഗം സ്കൂളുകൾ തുറക്കുന്നതിന് സർക്കാർ സ്വീകരിച്ച തീരുമാനത്തെ സമ്മേളനം സ്വാഗതം ചെയ്തു. സംരക്ഷിത അധ്യാപക നിയമനവുമായി ബന്ധപ്പെട്ട് 26-02-2021 ൽ പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങൾ ചില സ്ഥലങ്ങളിൽ പ്രാവർത്തികമാക്കാതിരിക്കുന്നതിൽ സമ്മേളനം ഉൽക്കണ്ഠ രേഖപ്പെടുത്തി.

വാർഷിക പൊതുയോഗത്തിൽ കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ 2021-24 കാലയളവിലുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. സംസ്ഥാന പ്രസിഡന്റായി കണ്ണൂർ രൂപതാംഗം ബിജു ഒളാട്ടുപുറവും സംസ്ഥാന ജനറൽ സെക്രട്ടറിയായി മാവേലിക്കര രൂപതാംഗമായ സി.റ്റി. വർഗ്ഗീസിനെയും സംസ്ഥാന ട്രഷററായി തലശ്ശേരി അതിരൂപതാംഗമായ മാത്യു ജോസഫിനെയും തെരഞ്ഞെടുത്തു. കൂടാതെ 3 വൈസ് പ്രസിഡന്റുമാർ, 3 സെക്രട്ടറിമാർ, മേഖലാതല ഭാരവഹികൾ എന്നിവരെയും തെരഞ്ഞെടുത്തു. കേരളത്തിലെ 32 രൂപതകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. (20/9/2021)

www.malankaralibrary.com

# പ്രണയക്കൊലകൾക്ക് ഒരന്ത്യം വേണ്ടേ?

അഡ്വ. മനു ജെ വരാപ്പള്ളി



2017 -ൽ ഗാന്ധിനഗർ SME കോളേജിൽ വച്ച് ചുട്ടെരിയപ്പെട്ട വിദ്യാർത്ഥിനിയിൽ നിന്ന് 2021 - ൽ കോതമംഗലത്ത് വെടിവച്ച് വീഴ്ത്തപ്പെട്ട പെൺകുട്ടിയിലേക്കും സഹപാഠിയാൽ മൃഗതുല്യമായി കഴുത്തറക്കപ്പെട്ട പാലാ സെന്റ് തോമസ് കോളേജിലെ വിദ്യാർത്ഥിനിയിലേക്കും ഒക്കെ കേരളം എത്തി നിൽക്കുമ്പോൾ എന്തേ കേരളം ഇങ്ങനെയാകുന്നു എന്ന് നാം ചിന്തിച്ചിട്ടുണ്ടോ?

പ്രണയത്തിന്റെ പേരിലുള്ള നിഷ്ഠൂരമായ കൊലപാതകങ്ങളും ആത്മഹത്യകളും കേരളത്തിൽ തുടർക്കഥയാവുകയാണ്. പാലാ സംഭവം ആസൂത്രിതമാണെന്നാണ് പോലീസിന്റെ നിരീക്ഷണം. മൂന്നുമാസം മുമ്പ് പെരിന്തൽമണ്ണയിലും സമാനമായ ഒരു സംഭവം നടന്നിരുന്നു. കേരളത്തിൽ പ്രണയം മൂലം ആത്മഹത്യകളിലേയ്ക്ക് നയിക്കപ്പെടുന്നവരുടെ എണ്ണവും കുത്തനെ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ദിവസം പോലീസ് പുറത്തുവിട്ട കണക്കുകൾ പ്രകാരം രണ്ടുവർഷത്തിനിടെ 180 പേർ പ്രണയത്തിന്റെ പേരിൽ കേരളത്തിൽ ആത്മഹത്യ ചെയ്തിട്ടുണ്ട്. അതിൽ മോശമല്ലാത്ത എണ്ണം പ്രണയ നൈരാശ്യത്തെക്കാൾ കാമുകന്റെയോ കാമുകിയുടെയോ നിർബന്ധം മൂലം ആത്മഹത്യയിലേക്ക് തള്ളിവിടപ്പെട്ടതാണ് എന്നതിനാൽ, കൊലപാതകങ്ങൾ തന്നെ എന്നു പറയാം. ഞങ്ങൾ മരിക്കും എന്ന് ഫേസ് ബുക്കിൽ പോസ്റ്റ് ചെയ്ത ശേഷം കാമുകിയുടെ കൈ മുറിച്ച് കൊക്കയിൽ ചാടിയ കാമുകന്റെ കഥ പത്രത്താളുകളിൽ വന്ന് പോയിട്ട് അധികം ദിവസം കഴിഞ്ഞിട്ടില്ല. കാമുകന്റെ മനോനില മുൻകൂട്ടി അറിഞ്ഞ കാമുകി കൈയ്യിൽ മുറിവേറ്റിട്ടും ഓടി രക്ഷപ്പെട്ടതിനാൽ ആത്മഹത്യാ കണക്കിൽ പെടുമായിരുന്ന ഒരു മരണം ഒഴിവായി!

കേരളം തിരിച്ചറിയേണ്ട ഒന്നുണ്ട്, പ്രണയം പിടിച്ചു വാങ്ങാൻ കത്തിയും തോക്കും ആത്മഹത്യ ഭീഷണിയും അക്രമവും ഒക്കെ അഴിച്ചു വിടുന്ന ഒരു തലമുറ ഇവിടെ രൂപംകൊണ്ടിരിക്കുന്നു! പണ്ട് മറുനാടുകളിൽ മാത്രം കേട്ടിരുന്നത് ഇന്ന് കേരളത്തിൽ സാധാരണമായി മാറുന്നു. യുവതലമുറയുടെ മാനസിക നിലവാരം എങ്ങോട്ട് എന്ന് ഗൗരവമായി നാം ചിന്തിക്കേണ്ടിയിരിക്കുന്നു. കുറ്റകൃത്യം ചെയ്യാൻ തയ്യാറായ, മനസ്സ് മരവിച്ച ഈ തലമുറയ്ക്ക് പിന്നിൽ പല ഘടകങ്ങൾ ഉണ്ട് എന്ന് പരിശോധിച്ചാൽ മനസ്സിലാകും. കുടുംബ പശ്ചാത്തലവും സമൂഹ സാഹചര്യങ്ങളും ഒക്കെ പലപ്പോഴും ചർച്ച ചെയ്യുമ്പോഴും ഇതിന്റെ പിന്നിലെ പ്രധാനപ്പെട്ട പലതും ചർച്ച ചെയ്യാതെ പോകുന്നു. മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരിയുടെ ഉപയോഗം, അക്രമ വാസന പോത്സാഹിപ്പിക്കുന്ന മൊബൈൽ ഗെയിമുകൾ, ആക്രമങ്ങളെയും അരാജകത്വങ്ങളെയും മഹത്വവൽക്കരിക്കുകയും സ്വതന്ത്ര ജീവിതത്തിന്റെ ഭാഗമായി അവതരിപ്പിക്കുകയും എന്ത് വയലൻസും റേറ്റിങ്ങ് കൂട്ടാൻ വേണ്ടി ഉപയോഗിക്കുകയും ചെയ്യുന്ന മാധ്യമ നവ മാധ്യമ ലോകം, മൂല്യബോധം സമൂഹത്തിൽ പകർന്നു കൊടുക്കാൻ താൽപര്യമുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും സാമൂഹിക നേതൃത്വങ്ങളുടെയും അഭാവം, മാനസിക ആരോഗ്യ പ്രശ്നങ്ങളിൽ ചികിത്സ തേടാനുള്ള മലയാളികളുടെ വൈമനസ്യം തുടങ്ങി പലതാണ് കാരണങ്ങൾ.

മനുഷ്യത്വം മരവിച്ച പല കുറ്റകൃത്യങ്ങളുടെയും പുറകിൽ മയക്കുമരുന്ന് ഉൾപ്പെടെയുള്ള ലഹരിയുടെ പങ്ക് വളരെ വലുതാണ് എന്ന് പലപ്പോഴും നേരിട്ട് ബോധ്യപ്പെട്ടിട്ടുണ്ട്. മനുഷ്യ മനസ്സാക്ഷിയെ ഇല്ലാതാക്കുകയും ഒരു വ്യക്തിയുടെ മാനുഷികതയെ കൊല്ലുകയും ചെയ്യുന്ന മയക്കുമരുന്നു പോലുള്ള രഹസ്യ ലഹരികളും അക്രമ വീഡിയോ ഗെയിംമുകൾ പോലുള്ള സാങ്കേതിക ലഹരികളും സാമൂഹിക - മാനസിക ആരോഗ്യത്തിന് വരുത്തുന്ന ക്ഷതവും ഇത്തരം വയലൻസുകളുടെ വർദ്ധനയും തമ്മിൽ നേരിട്ട് ബന്ധമുണ്ടാകാനുള്ള സാധ്യത കൂടുതലാണ്. പക്ഷെ മാധ്യമ കാഴ്ചയിലും പൊതുജന ബോധത്തിലും പല കുറ്റകൃത്യങ്ങളെയും വെറും പ്രണയ നൈരാശ്യവും പകയും മാത്രമായി ഒതുക്കും. അങ്ങനെ ഇതിന്റെ ഒക്കെ യഥാർത്ഥ പ്രതിവിധി ഒരിക്കലും ചർച്ച ചെയ്യപ്പെടാതെ പോവുകയും, മനോനില തെറ്റിയ അനേകർക്ക് വീണ്ടും നാം ജന്മം കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യും. ഈ കുറ്റകൃത്യങ്ങളുടെ ഒക്കെ അടിസ്ഥാന കാരണങ്ങൾ വിശദമായി പഠന വിഷയമാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ആരോഗ്യമുള്ള മനസ്സോടു കൂടിയ ഒരു യുവതലമുറ വളർന്ന് വരാൻ അത് അത്യന്താപേക്ഷിതമാണ്. കേരള മാതൃക ഉണ്ടാകേണ്ടത് അതിനാണ്. ■



www.malankaralibrary.com



*ഡൽഹിയിൽ ദൈവാലയം തകർത്ത സംഭവം പ്രതിഷേധാർഹം*

# ഭരണകൂടങ്ങളുടെ ക്രൈസ്തവ വിരുദ്ധ നിലപാടുകൾക്കെതിരേ വിശ്വാസികൾ ഒറ്റക്കെട്ടായി നിലകൊള്ളണം

ഡൽഹി ലാഡോസറായി അന്ധേരിയ മോഡിലുള്ള സീറോമലബാർ ദേവാലയം കഴിഞ്ഞ ജൂലൈ 12ന തകർത്തതിനെതിരെയുള്ള പ്രതിഷേധം വ്യാപകമായിരുന്നു. ഒപ്പം, ദൗർഭാഗ്യകരമായ ആ സംഭവത്തെ ന്യായീകരിച്ചുകൊണ്ടുള്ള വിശദീകരണങ്ങളും പ്രചരിക്കുകയുണ്ടായി. ഇത്തരം രണ്ട് ആശയ പ്രചാരണങ്ങളും തമ്മിലുള്ള ഏറ്റുമുട്ടൽ കത്തോലിക്കാ സമൂഹത്തിൽ തന്നെ പല രീതിയിൽ നടക്കുന്നതായി കാണുന്നത് വളരെ ദുഃഖകരമാണ്. അത്തരം പ്രചാരണങ്ങളും വാഗ്വാദങ്ങളും പലപ്പോഴും സഭയുടെ ഐക്യത്തെയും നിഷ്പക്ഷ നിലപാടുകളെയും ചോദ്യം ചെയ്യുന്നതായി കാണുന്നതും ആശങ്ക ജനിപ്പിക്കുന്നു.



ലാഡോസറായി ലിറ്റിൽ ഫ്ളവർ ഇടവക ആ ഭൂമി പണംകൊടുത്ത് വാങ്ങിയതായിരുന്നില്ല എന്നത് വാസ്തവം തന്നെയാണെങ്കിലും അവിടെ ആരാധനയ്ക്കായി ഇടവക ജനം ഒത്തുകൂടിയിരുന്നത് എല്ലാവിധത്തിലും നിയമാനുസൃതമായിത്തന്നെയായിരുന്നു. 1982 മുതൽ ഫിലിപ്പോസ് ജോൺ എന്ന വ്യക്തിക്ക് കൈവശാവകാശമുണ്ടായിരുന്ന പ്രസ്തുത സ്ഥലം, 2005ൽ ദൈവാലയത്തിനായി പൂർണ്ണ സന്തോഷത്തോടെ താൻ വിട്ടു നൽകുകയായിരുന്നു എന്ന് അദ്ദേഹം തന്നെ പറയുന്നു. ഫാ. ജോസ് ചോലിക്കരയായിരുന്നു അന്നത്തെ ഇടവക വികാരി. തുടർന്ന് താൽക്കാലികമായി ഒരു ദേവാലയം അവിടെ നിർമ്മിച്ച് വിശുദ്ധ കുർബ്ബാനയർപ്പണം ആരംഭിച്ച് ഇതുവരെയും എല്ലാവിധ നികുതികളും ഇടവക അടച്ചിട്ടുണ്ട്.

ഫിലിപ്പോസ് ജോൺ പറയുന്നതു പ്രകാരം, ഗ്രാമസഭയുടെ ഉടമസ്ഥതയിലായിരുന്ന ഭൂമി 1975ൽ പൗൾട്രി ഫാമേഴ്സിന് വിട്ടു നൽകുകയും തുടർന്ന് കുറച്ച് വർഷങ്ങൾക്കുശേഷം അവർ പലർക്കായി കൈമാറ്റം ചെയ്യുകയുമാണ് ഉണ്ടായിട്ടുള്ളത്. നാൽപ്പത് വർഷമായി കൈവശം വച്ച് ഉപയോഗിച്ചുവരുന്ന ഈ സ്ഥലത്തിന് പുറമെ, ഈ പ്രദേശത്തുള്ള മറ്റുള്ള കുറേയേറെപ്പേർ കൈവശം വച്ച് വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്ന ഭൂമിയും ഇതേ ലീഗൽ സ്റ്റാറ്റസിലുള്ളതാണ്. നിരവധി അമ്പലങ്ങൾ, മസ്ജിദുകൾ, വീടുകൾ, വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങിയവ ഇത്തരത്തിൽ പരിസര പ്രദേശങ്ങളിലുണ്ട്. അവർക്കാർക്കുമില്ലാത്ത കുടിയിറക്ക് ഭീഷണിയാണ് ഈ കത്തോലിക്കാ ദേവാലയത്തിനും ഇടവകയ്ക്കും ഉണ്ടായിട്ടുള്ളത്. അതിനാലാണ് ഈ നീക്കം കത്തോലിക്കാ സമൂഹത്തിനെതിരെയുള്ള നീക്കമാണെന്ന് സംശയിക്കപ്പെടുന്നതും പ്രതിഷേധമുയർന്നതും.

കുറച്ച് വർഷങ്ങൾക്ക് മുമ്പ് ഇടവകയുടെ കൈവശമുള്ള ഈ സ്ഥലം മാത്രം ഒഴിപ്പിച്ചെടുക്കുന്നതിനായുള്ള നീക്കം ഉണ്ടായപ്പോൾ ഹൈക്കോടതിയിൽനിന്നും അതിനെതിരെയുള്ള വിധി ഇടവകക്കാർ സമ്പാദിച്ചിരുന്നു. സമീപത്തുള്ള മറ്റാരെയും ഒഴിപ്പിക്കാൻ ഉദ്ദേശ്യമില്ലാത്തപക്ഷം ലാഡോസറായി ലിറ്റിൽ ഫ്ളവർ ഇടവകക്കാരുടെ ആരാധനാ സ്വാതന്ത്ര്യത്തെയും സ്ഥലത്തിന്റെ കൈവശാവകാശത്തെയും ചോദ്യം ചെയ്യാൻ പാടില്ല. അവർക്ക് നിയമ പരിരക്ഷ നൽകണം എന്നാണ് അന്ന് കോടതി നിർദേശിച്ചിരുന്നത്. ഇതേ നിർദ്ദേശം ദേശീയ മനുഷ്യാവകാശ കമ്മീഷനും നൽകിയിരുന്നു. ഈ ഉത്തരവുകൾ നിലനിൽക്കെയാണ് അപ്രതീക്ഷിതമായി, ശരിയായ മുന്നറിയിപ്പ് പോലും നൽകാതെയും മുൻകരുതൽ സ്വീകരിക്കാനുള്ള അവസരം നൽകാതെയും പള്ളി പൊളിച്ചുമാറ്റാൻ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ

www.malankaralibrary.com

തീരുമാനിക്കുന്നത്. ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ് സ്റ്റേറ്റ് ഗവണ്മെന്റിന്റെ കീഴിലാണെങ്കിലും, ഡൽഹി ഡവലപ്മെന്റ് അതോറിറ്റി കേന്ദ്ര സർക്കാരിന് കീഴിലാണ്. ഇത്തരം തീരുമാനങ്ങൾ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ സ്വതന്ത്രമായി സ്വീകരിക്കാനിടയില്ല എന്ന വസ്തുത കൂടി നാം മനസിലാക്കേണ്ടതുണ്ട്. അത്തരമൊരു തീരുമാനം ഉണ്ടായിരിക്കുന്നതിന് പിന്നിൽ രാഷ്ട്രീയ താല്പര്യങ്ങളുണ്ടെന്ന് ന്യായമായും സംശയിക്കാവുന്നതാണ്.



സ്ഥലത്തിന്റെ കൈവശാവകാശം സംബന്ധിച്ച തർക്കം എന്നതിലുപരി ഇതൊരു മനുഷ്യാവകാശ പ്രശ്നമാണ്. എന്തുകൊണ്ടാണ് നമ്മുടെ നാട്ടിൽ രണ്ടു രീതിയിൽ നീതി നടപ്പാക്കപ്പെടുന്നത് എന്നും, ചിലരെ എല്ലായ്പ്പോഴും ശത്രുപക്ഷത്ത് പ്രതിഷ്ഠിച്ച് ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്നതെന്നും നമുക്കിടയിൽ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. നിയമത്തിന്റെ നടപ്പാക്കലല്ല, നിയമത്തിന്റെ പഴുതുകൾ കണ്ടെത്തി അടിച്ചേൽപ്പിക്കാനുള്ള ത്വരയാണ് ഇവിടെ പ്രകടമാകുന്നത്. ആരാധന സ്വാതന്ത്ര്യവും മത സ്വാതന്ത്ര്യവും സംബന്ധിച്ച വിഷയങ്ങൾ വൈകാരികമായും അതിതീവ്ര സ്വഭാവത്തോടെയും കൈകാര്യം ചെയ്യപ്പെടുകയും, വലിയ പ്രശ്നങ്ങൾക്ക് അത് കാരണമാവുകയും ചെയ്യുന്ന ഈ രാജ്യത്ത്, തികച്ചും ഏകപക്ഷീയമായ കാരണങ്ങൾ സൃഷ്ടിച്ച് കത്തോലിക്കാ സമൂഹത്തിനെതിരെ നീക്കങ്ങളുണ്ടാകുമ്പോൾ അതിന് വേണ്ടത്ര ശ്രദ്ധ പൊതുമാധ്യമങ്ങൾ പോലും നൽകാത്തത് അപലപനീയമാണ്. സമാധാനം ആഗ്രഹിക്കുകയും എല്ലായ്പ്പോഴും അതിനായി നിലകൊള്ളുകയും ചെയ്യുന്ന കത്തോലിക്കാ സമൂഹത്തിന് നേരെ ഇത്തരം അതിക്രമങ്ങൾ പതിവാകുന്നതിനെതിരെ സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ പ്രതികരിക്കാനും പ്രതിഷേധിക്കാനും ക്രൈസ്തവ സമൂഹം ഒരുമിക്കേണ്ടതുണ്ട്. രാഷ്ട്രീയ അഭിമുഖ്യങ്ങളിൽ കടന്നുകൂടുന്ന മാറ്റങ്ങൾ സഭയോടുള്ള പ്രതിബദ്ധതയെ സ്വാധീനിക്കാതിരിക്കാൻ ഓരോരുത്തരും ശ്രദ്ധിക്കേണ്ടതുണ്ട്. ■



www.malankaralibrary.com

### ഡൽഹിയിൽ കത്തോലിക്കാ ദേവാലയം ഇടിച്ചുനിരത്തി

ന്യൂഡൽഹി: ഡൽഹി അന്ധേരി മോഡിലെ സീറോമലബാർ ലിറ്റിൽ ഫ്ളവർ കത്തോലിക്കാ ദൈവാലയം ഇടിച്ചു നിരത്തി. സംഭവത്തിൽ പ്രതിഷേധിച്ചു നൂറുകണക്കിനു വിശ്വാസികളുടെ നേതൃത്വത്തിൽ തകർത്ത ദൈവാലയത്തിനു മുന്നിൽ പ്രാർഥന നടത്തി. രോഷാകുലരായ ഇടവക ജനങ്ങൾ പിന്നീട് അരമണിക്കൂറിലേറെ പ്രധാന റോഡ് ഉപരോധിച്ചു. 13 വർഷമായി ദിവ്യബലിയും മറ്റ് ആരാധനകളും നടന്നുവരുന്ന പള്ളിയും പള്ളിയുടെ അനുബന്ധകെട്ടിടങ്ങളുംവേണ്ടത്ര മുന്നറിയിപ്പുപോലുമില്ലാതെയാണ് ഇടിച്ചുനിരത്തിയത്. (ദീപിക, 17/7/2021)

### ദേവാലയം തകർത്ത സംഭവം: വിശ്വാസികളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ആർച്ചുബിഷപ്പ് മാർ കുര്യാക്കോസ് ഭരണിക്കുളങ്ങര

ന്യൂഡൽഹി: ഡൽഹിയിലെ അന്ധേരിയ മോഡിൽ തകർത്ത പള്ളിയുടെ പരിസരത്ത് ഫരീദാബാദ് രൂപത ആർച്ചു ബിഷപ്പ് മാർ കുര്യാക്കോസ് ഭരണികുളങ്ങര വിശുദ്ധ ബലി അർപ്പിച്ച് വിശ്വാസി സമൂഹത്തെ അഭിസംബോധന ചെയ്തു. പള്ളി തകർത്ത നിർഭാഗ്യകരമായ സംഭവത്തിൽ അദ്ദേഹം വേദന പ്രകടിപ്പിച്ചു. അധികൃതരുടെ അതിക്രമങ്ങൾ നിമിത്തം പള്ളി നഷ്ടപ്പെട്ട വിശ്വാസി സമൂഹത്തോട് അദ്ദേഹം ഐക്യദാർഢ്യം പ്രകടിപ്പിച്ചു. (ദീപിക, 18/8/2021)

### ഡൽഹിയിൽ തകർത്ത ദേവാലയം പുനർനിർമിക്കും: മുഖ്യമന്ത്രി അരവിന്ദ്കേജരിവാൾ

ന്യൂഡൽഹി: ഡൽഹി ഛത്തർപൂർ അന്ധേരിയമോഡിൽ ക്രൈസ്തവദൈവാലയം തകർത്ത സംഭവത്തിൽ അന്വേഷണം നടത്തി പുനർനിർമാണം അടക്കമുള്ള നടപടികൾ സ്വീകരിക്കുമെന്ന്മുഖ്യമന്ത്രി അരവിന്ദ് കേജരിവാൾ. ഫരീദാബാദ് രൂപത ആർച്ചുബിഷപ് മാർകുര്യാക്കോസ് ഭരണികുളങ്ങരയുടെ നേതൃത്വത്തിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് മുഖ്യമന്ത്രി ഉറപ്പുനൽകിയത്. (ദീപിക, 17/7/2021)

## പ്രസ്താവനകൾ

### ഫരിദാബാദ് ഡൽഹി രൂപതയുടെ ഇടവക ദൈവാലയം തകർത്തത് അന്വേഷണ വിധേയമാക്കണം: കെസിബിസി

സീറോ മലബാർ ഫരിദാബാദ് ഡൽഹി രൂപതയുടെ ഇടവകയായ ലാഡോസരായി അന്ധേരിയ മോഡ് ലിറ്റിൽ ഫ്ളവർ ദേവാലയം പൂർണമായും നശിപ്പിക്കപ്പെട്ടതിൽ അതിയായ നടുക്കവും ഖേദവുമറിയിക്കുന്നു.

സീറോ മലബാർ ഫരിദാബാദ് ഡൽഹി രൂപതയുടെ ഇടവകയായ ലാഡോസരായി അന്ധേരിയ മോഡ് ലിറ്റിൽ ഫ്ളവർ ദേവാലയം ജൂലൈ 12-ാം തീയതി രാവിലെ പത്തു മണിയോടുകൂടി ഒരു കൂട്ടം ആളുകൾ ബി ഡി ഓ യുടെ പേരിൽ ജെസിബിയോടുകൂടി പള്ളിയങ്കണത്തിൽ പ്രവേശിച്ച് ബഹുമാനപ്പെട്ട വികാരിയച്ചനെയും മറ്റ് ഇടവക ജനങ്ങളെയും പുറത്താക്കി പോലീസ് സന്നാഹത്തോടെ ദേവാലയം പൂർണമായും നശിപ്പിച്ചതായാണ് അറിയുന്നത്.

ദേവാലയം ഇരിക്കുന്ന പ്രസ്തുത സ്ഥലം 1982 മുതൽ ഒരു വ്യക്തിയുടേതായിരുന്നുവെന്നും ഇടവക അംഗം കൂടിയായിരുന്ന അദ്ദേഹം ഈ സ്ഥലം ദേവാലയം പണിയുന്നതിനുവേണ്ടി ഇഷ്ടദാനമായി നല്കുകയായിരുന്നുവെന്നുമാണ് മനസ്സിലാക്കുന്നത്. ഈ സ്ഥലത്തിന്റെ ആവശ്യമായ എല്ലാ രേഖകളും - വെള്ളക്കരം, വൈദ്യുതി ബിൽ, പ്രോപ്പർട്ടി ടാക്സ് എന്നിവയടക്കം കൃത്യമായി അടച്ചിരുന്നതായും അറിയുന്നു. ആവശ്യമായ എല്ലാ കൈവശാവകാശ രേഖകളും കൃത്യമായി ഉണ്ടായിരുന്ന ഈ ഭൂമിയിൽ പ്രവേശിച്ച് ദേവാലയം തകർത്തത് തികച്ചും ദുഃഖകരമായ ഒന്നാണ്.

രണ്ടായിരത്തോളം വരുന്ന പ്രവാസികളായ സീറോ മലബാർ വിശ്വാസികളുടെ ഈ ആരാധന ആലയം യാതൊരു മുന്നറിയിപ്പുമില്ലാതെ പൊളിച്ചതിനെ കുറിച്ച് ഗൗരവമായ അന്വേഷണം നടത്തണമെന്ന് കെസിബിസി ഡൽഹി സർക്കാരിനോട് അഭ്യർത്ഥിച്ചു. (13/7/2021)

### റവ. ഡോ. ജേക്കബ് പ്രസാദ് ജനറൽ എഡിറ്റർ



മാർപാപ്പായുടെ ചാക്രികലേഖനങ്ങളുടെയും മറ്റ് പ്രബോധനങ്ങളുടെയും കത്തോലിക്കാ സഭയുടെ ഔദ്യോഗിക രേഖകളുടെയും മലയാള വിവർത്തകനായും അവയുടെ പ്രസാധനത്തിന്റെ ജനറൽ എഡിറ്ററുമായി പുനലൂർ രൂപതാംഗമായ റവ. ഡോ. ജേക്കബ് പ്രസാദിനെ കേരള കത്തോലിക്കാ മെത്രാൻ സമിതി നിയമിച്ചു. മൂന്നുവർഷത്തേക്കാണ് നിയമനം. റോമിലെ പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് ബൈബിൾ വിജ്ഞാനീയത്തിൽ ലൈസൻഷ്യേറ്റും ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റും കരസ്ഥമാക്കിയ റവ. ഡോ. ജേക്കബ് പ്രസാദ് ദീർഘകാലം ആലുവ കാർമ്മൽഗിരി മേജർ സെമിനാരിയിൽ അധ്യാപകനായിരുന്നു. പിന്നീട് പ്രസ്തുത സെമിനാരിയുടെ റെക്ടറായും ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിഡന്റായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ കെസിബിസി ബൈബിൾ റിവിഷൻ കോർ കമ്മറ്റി അംഗമായി പ്രവർത്തിക്കുന്നു.

www.malankaralibrary.com

# നിരാലംബരെ പൂർണ്ണമായി അവഗണിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ലജ്ജാകരം

ഫാ. ജേക്കബ് പാലക്കാപ്പിള്ളി
ഡെപ്യൂട്ടി സെക്രട്ടറി, കെസിബിസി

**കേ**രളത്തിലെ നൂറുകണക്കിന് ചാരിറ്റി ഹോമുകളിലായി ജീവിക്കുന്ന നിരാലംബരും രോഗികളും വികലാംഗരും വൃദ്ധരുമായവർക്ക് സാമൂഹ്യക്ഷേമ പെൻഷൻ നൽകേണ്ടതില്ല എന്ന കേരളസർക്കാരിന്റെ തീരുമാനം അമ്പരപ്പുളവാക്കുന്നതാണ്. അനാഥാലയങ്ങളിലും വൃദ്ധ സദനങ്ങളിലും അഭയം തേടിയിരിക്കുന്നവർക്ക് ഏതെങ്കിലും ഒരു പെൻഷന് അർഹതയുണ്ടെന്ന സാമൂഹ്യ നീതിവകുപ്പിന്റെ 2016 ലെ ഉത്തരവിനെ അട്ടിമറിച്ചുകൊണ്ടാണ് കഴിഞ്ഞ ജൂലൈ 28ന് ധനവകുപ്പിന്റെ ഉത്തരവ് ഇറങ്ങിയിരിക്കുന്നത്. പരാതിപറയാൻ പോലും കഴിയാത്ത പതിനായിരക്കണക്കിന് പേരോടുള്ള സർക്കാരിന്റെ അവഗണന ലജ്ജാകരമാണ്. ആരോരുമില്ലാത്ത ഇത്തരക്കാർക്കുവേണ്ടി സംസാരിക്കാൻ ആരും തയ്യാറാകുന്നില്ല എന്ന ഇന്നത്തെ പരിതഃസ്ഥിതി അതിലേറെ വേദനാജനകവുമാണ്. അൽപ്പമെങ്കിലും മനുഷ്യത്വം ഉള്ളിൽ അവശേഷിച്ചിട്ടുള്ളവർക്ക് പോലും വേദന തോന്നുന്ന ഇത്തരം അനീതി നിറഞ്ഞ നിലപാടുകൾ ചർച്ച ചെയ്യാൻ മുഖ്യധാരാ മാധ്യമങ്ങൾ മടി കാണിക്കുന്നതും ചിന്തനീയമാണ്.



ഏതെങ്കിലും വിധത്തിൽ ന്യായീകരിക്കാൻ കഴിയുന്നതാണ് ധനകാര്യവകുപ്പിന്റെ ഇത്തരമൊരു നടപടി എന്ന് കരുതാൻ വയ്യ. കാലങ്ങളായി അനാഥാലയങ്ങളോടും വൃദ്ധമന്ദിരങ്ങളോടും തുടരുന്ന സർക്കാർ അവഗണനയ്ക്ക് ഒരു പരിഹാരമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദുവിനെ കണ്ട് ചർച്ച നടത്തിയ ഓർഫനേജ് അസോസിയേഷൻ അംഗങ്ങൾ, തങ്ങളുടെ നിവേദനത്തിന് ഫലമുണ്ടാകും എന്ന് പ്രതീക്ഷിച്ചിരിക്കെയാണ് ഇരുട്ടടിപോലെ ധനകാര്യവകുപ്പിന്റെ പുതിയ ഉത്തരവ് ഇറങ്ങുന്നത്.

ധനകാര്യ വകുപ്പ് പുറത്തിറക്കിയിരിക്കുന്ന ഉത്തരവിൽ, അനാഥ/ അഗതി/ വൃദ്ധ മന്ദിരങ്ങളിൽ ജീവിക്കുന്നവർ പ്രസ്തുത സ്ഥാപനങ്ങളുടെ സംരക്ഷണയിലാണ് കഴിയുന്നത് എന്നതിനാൽ അവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യമില്ല എന്ന വിചിത്രമായ നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. അത്തരത്തിൽ കേരളത്തിലുള്ള നൂറുകണക്കിന് സ്ഥാപനങ്ങളിൽ 'അർഹതയുള്ളവയ്ക്ക്' സർക്കാർ ഗ്രാന്റ് നൽകുന്നുണ്ട് എന്നും ഉത്തരവിൽ പരാമർശിച്ചിരിക്കുന്നു. ഭൂരിപക്ഷം സ്ഥാപനങ്ങൾക്കും സർക്കാർ ധനസഹായം അനുവദിക്കപ്പെട്ടിട്ടില്ല എന്നും, അനുവദിക്കപ്പെട്ടിട്ടുള്ളവയ്ക്ക് പോലും ശരിയായ രീതിയിൽ ഗ്രാന്റ് ലഭിക്കുന്നില്ല എന്നുമുള്ള യാഥാർത്ഥ്യം കൂടി മനസിലാക്കുമ്പോഴാണ് ഈ സർക്കാർ ഉത്തരവിന് പിന്നിലെ അനീതിയും മനുഷ്യാവകാശ നിഷേധവും വ്യക്തമാകുന്നത്. ഗ്രാന്റ് ലഭിക്കാത്ത സ്ഥാപനങ്ങളിൽ ജീവിക്കുന്നവർക്ക് സർക്കാർ സഹായത്തിന് അർഹതയുണ്ട് എന്ന നിലപാട് സ്വീകരിക്കാൻ പോലും ധനവകുപ്പ് തയ്യാറായിട്ടില്ല എന്നുള്ളത് ഒരു വിഭാഗത്തെ മുഴുവനായി അവഗണിക്കാനുള്ള തീരുമാനമാണിത് എന്നത് വ്യക്തമാക്കുന്നു. 2014 നുശേഷം രജിസ്റ്റർ ചെയ്യപ്പെട്ട അഞ്ഞൂറിൽ പരം സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്ന കാര്യത്തിൽ ഇനിയും സർക്കാർ തീരുമാനമുണ്ടായിട്ടില്ല എന്നതിനാൽ ആയിരക്കണക്കിന് അന്തേവാസികളുള്ള ആ സ്ഥാപനങ്ങൾക്ക് ഒരു രൂപപോലും സർക്കാർ സഹായം ലഭിക്കുന്നില്ല. പല കാരണങ്ങളാൽ ഗ്രാന്റ് നിഷേധിക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ വേറെയുമുണ്ട്. സർക്കാർ ഗ്രാന്റ് നൽകിവരുന്ന സ്ഥാപനങ്ങളിലെ അനുഭവങ്ങളും വിചിത്രമാണ്. പ്രസ്തുത സ്ഥാപനങ്ങളിലെ അന്തേവാസികളുടെ വിവിധ ആവശ്യങ്ങൾക്കായി (ഭക്ഷണം, മരുന്ന്, വസ്ത്രം) സ്ഥാപനം ചെലവാക്കിയ തുകയിൽ വർഷം കേവലം 1100 രൂപയാണ് നടപടിക്രമങ്ങൾ പൂർത്തിയാക്കി ധനലഭ്യതയ്ക്കനുസരിച്ച് റീഇമ്പേഴ്സ് ചെയ്ത് നൽകുന്നത്. എല്ലാ സർക്കാർ ക്ഷേമപെൻഷൻ പദ്ധതികളും 1600 രൂപയായിരിക്കെ ഇത്തരത്തിൽ ഗ്രാന്റ് ആയി നൽകുന്നത് ഒരു വ്യക്തിക്ക് 1100 രൂപ മാത്രമാണ്. കഴിഞ്ഞ ഏഴ് വർഷങ്ങൾക്കിടെ നൂറ് രൂപ മാത്രമാണ് ഗ്രാന്റിൽ വർദ്ധനവ് വരുത്തിയിട്ടുള്ളത്. അതേസമയം നിരവധി സ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ ഗ്രാന്റ് ആയി ലഭിക്കേണ്ട കോടിക്കണക്കിന് രൂപ കുടിശികയായി അവശേഷിക്കുന്നുമുണ്ട്. കോവിഡ് മഹാമാരി കാലയളവിൽ വലിയ സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്ന

www.malankaralibrary.com

സ്ഥാപനങ്ങൾക്ക് കഴിഞ്ഞ വർഷത്തെ കണക്ക് അനുസരിച്ച് നൽകേണ്ട ഗ്രാന്റിന്റെ 40 ശതമാനം മാത്രമാണ് ഇതിനകം വിതരണം ചെയ്തിട്ടുള്ളത്. ചില വിഭാഗം സ്ഥാപനങ്ങൾക്ക് ഒരുരൂപപോലും നൽകിയിട്ടുമില്ല.

അഗതിമന്ദിരങ്ങളോടുള്ള സർക്കാരിന്റെ അനാസ്ഥയും കെടുകാര്യസ്ഥതയും അവഗണനയും ഇത്തരത്തിൽ തുടരുമ്പോഴാണ് സമൂഹത്തിൽ ഒറ്റപ്പെട്ടവരും ഭവനങ്ങളിൽനിന്ന് പുറന്തള്ളപ്പെട്ടവരും അനാഥരുമായ ഒരു വലിയ വിഭാഗത്തിന് നാമമാത്രമായെങ്കിലും സർക്കാർ നൽകിയിരുന്ന സഹായം പിൻവലിച്ചുകൊണ്ട് ധനകാര്യവകുപ്പ് പുതിയ ഉത്തരവ് ഇറക്കിയിരിക്കുന്നത്. ആർക്കും വേണ്ടാത്തവരായി ഒറ്റപ്പെടുന്നവരോടും അവരെ സ്വന്തം കുടുംബാംഗങ്ങളെപ്പോലെ ഏറ്റെടുക്കാൻ മനസുകാണിക്കുന്നവരോടുമുള്ള ഇത്തരം അവഗണനകൾ ഒരു പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല. കേരളത്തിൽ എല്ലാവർക്കും കോവിഡ് കാലത്ത് സൗജന്യ കിറ്റുകൾ നൽകുന്ന സർക്കാർ, ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികൾ നാലുപേർക്ക് ഒന്ന് എന്ന കണക്കിൽ ഇതുവരെ മൂന്ന് തവണ മാത്രമാണ് കിറ്റ് നൽകിയിട്ടുള്ളത്. ഓണത്തിന് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള കിറ്റ് ലഭിക്കുന്നവരുടെ പട്ടികയിൽ ഇവർ ഉൾപ്പെടുത്തപ്പെട്ടിട്ടുമില്ല. ഇത്തരത്തിൽ കാലങ്ങളായി തുടരുന്ന അവഗണനയുടെ ആഴം പരിശോധിച്ചാൽ രോഗികളും വൃദ്ധരുമായ ഒരു വലിയവിഭാഗം ജനങ്ങളോട് സർക്കാർ കാണിക്കുന്ന ക്രൂരത വ്യക്തമാകും.

അനാഥാലയങ്ങൾ, ഭിന്നശേഷിക്കാരും വികലാംഗരുമായവർക്കുള്ള ഭവനങ്ങൾ, വൃദ്ധസദനങ്ങൾ എന്നിങ്ങനെ കേരളത്തിലെ എല്ലാ ജില്ലകളിലുമായി നിരാലംബരായ പതിനായിരങ്ങൾക്കുവേണ്ടി പ്രവർത്തിച്ചുവരുന്നത് രണ്ടായിരത്തിലേറെ സ്ഥാപനങ്ങളാണ്. അവയിൽ ഏറിയപങ്കും കത്തോലിക്കാ സഭയുടെ സാമൂഹിക സേവന പ്രവർത്തനങ്ങളുടെ ഭാഗമായി ആരംഭം കുറിച്ചിട്ടുള്ളവയാണ്. വിവിധ രൂപതകളും സന്യാസ സമൂഹങ്ങളും നേരിട്ട് നടത്തുന്നവയാണ് കൂടുതലും. കത്തോലിക്കരായ വ്യക്തികളും ചില കത്തോലിക്കാ സംഘടനകളും നടത്തുന്ന സ്ഥാപനങ്ങളും മറ്റ് ക്രൈസ്തവ വിഭാഗങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളും ഏറെയുണ്ട്. ഒന്നേകാൽ ലക്ഷത്തിലേറെ അന്തേവാസികളാണ് ഇത്തരം ഭവനങ്ങളിൽ അഭയം തേടിയിട്ടുള്ളത് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അവരിൽ ബഹുഭൂരിപക്ഷവും ഇതുപോലുള്ള ഇടങ്ങളിൽ എത്തിപ്പെടുന്നത് പോലീസ്, മെഡിക്കൽ ഓഫീസർമാർ, സാമൂഹ്യ നീതിവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ വഴിയാണ്. വാസ്തവത്തിൽ സർക്കാരിന്റെ വലിയ ബാധ്യതയായ ഇത്തരം പതിനായിരക്കണക്കിന് പേരുടെ സുരക്ഷിതത്വ ചുമതലയെ യാതൊരു വിലപേശലുകളും ഡിമാന്റുകളും കൂടാതെ ഏറ്റെടുക്കാൻ സന്മനസ് കാണിക്കുകയാണ് കത്തോലിക്കാസഭയും മറ്റ് അനേകരും ചെയ്തിരിക്കുന്നത്.

ദുർബലരും രോഗികളും വൃദ്ധരുമായ അനാഥരുടെ സംരക്ഷണ ചുമതലയിൽ സർക്കാരിനൊപ്പം കൂട്ടുത്തരവാദിത്തം ഏറ്റെടുക്കാൻ തയ്യാറായി മുന്നോട്ടുവന്നിരിക്കുന്നവരാണ് അനാഥാലയങ്ങളുടെയും വൃദ്ധസദനങ്ങളുടെയും മറ്റ് സ്പെഷ്യൽ ഹോമുകളുടെയും നടത്തിപ്പുകാർ. സമൂഹത്തിന് അളക്കാനാവാത്ത സേവനം ചെയ്യുകയും സർക്കാരിനെ നിർണ്ണായകമായ രീതിയിൽ പിന്തുണയ്ക്കുകയും ചെയ്യുന്ന ഈ സ്ഥാപനങ്ങൾക്ക് കഴിയാവുന്ന രീതിയിലെല്ലാം പിന്തുണയും പിൻബലവും നൽകാനുള്ള ചുമതല ഭരണകർത്താക്കൾക്കുണ്ട്. കോവിഡ് മഹാമാരിയുടെ ഈ കാലത്ത് വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഘട്ടത്തിൽ പരിമിതമായെങ്കിലും അനുവദിച്ചിരുന്ന സാമ്പത്തിക സഹായം പോലും പിൻവലിക്കാൻ സർക്കാർ എടുത്ത തീരുമാനം പുനഃപരിശോധിക്കേണ്ടതാണ്. മാത്രമല്ല, തുടർന്നുള്ള നാളുകളിൽ ഇത്തരം സ്ഥാപനങ്ങൾക്ക് കൂടുതൽ പരിഗണന നൽകിക്കൊണ്ട് ഈ വലിയ വിഭാഗത്തിന് സാമൂഹ്യനീതി ഉറപ്പുവരുത്തുകയും വേണം. കേരളത്തിലെ മതേതര സമൂഹം ഇക്കാര്യത്തിൽ ഒറ്റക്കെട്ടായി നിന്ന് ശബ്ദമുയർത്തേണ്ടതും മാധ്യമങ്ങൾ ശക്തമായി ഇടപെടേണ്ടതും ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഒപ്പം, കടുത്ത മനുഷ്യാവകാശ ലംഘനം കൂടിയാണ് ഈ നീതിനിഷേധം എന്നതിനാൽ ഇത്തരം കാര്യങ്ങളിൽ ഇപ്പോഴും തുടർന്നും മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടലുകളും ഉണ്ടാവേണ്ടതുണ്ട്. ■



www.malankaralibrary.com



### സീറോമലബാർ സിനഡ് തീരുമാനങ്ങൾ: അസത്യ പ്രചാരണങ്ങൾ അപലപനീയം: മാധ്യമ കമ്മീഷൻ

കൊച്ചി: സീറോമലബാർ സിനഡിന്റെ തീരുമാനങ്ങളെയും നടപടിക്രമങ്ങളെയും കുറിച്ച് തെറ്റിദ്ധാരണ ജനിപ്പിക്കുന്ന അഭിപ്രായങ്ങൾ ഉയരുന്നത് അപലപനീയമാണെന്ന് സഭയുടെ മാധ്യമ കമ്മീഷൻ അഭിപ്രായപ്പെട്ടു.സിനഡാനന്തര ഇടയലേഖനവും പ്രസ്താവനയും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ചില വ്യക്തികളും ഗ്രൂപ്പുകളും തെറ്റിദ്ധാരണ പരത്തുന്ന വാർത്തകൾ പ്രചരിപ്പിക്കുകയാണെന്ന് മാധ്യമ കമ്മീഷൻ പറഞ്ഞു. (ദീപിക, 1/9/2021)

### മുന്നറിയിപ്പുമായി പാല രൂപത: വൈദികരെന്ന വ്യാജേന സ്ത്രീകളെ കെണിയിൽ വീഴ്ത്താൻ സംഘങ്ങൾ

പാലാ: വൈദികരെന്ന വ്യാജേന പെൺകുട്ടികളെഫോൺ വിളിച്ച് ചില സംഘങ്ങൾ വലയിലാക്കാൻ ശ്രമിക്കുന്നതായി പാലാ രൂപതയുടെ മുന്നറിയിപ്പ്. അടുത്തകാലത്ത് ഇത്തരം തന്ത്രവുമായി ചിലർ രംഗത്തിറങ്ങിയത് ശ്രദ്ധയിൽപ്പെട്ടതായി രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് വ്യക്തമാക്കി. (മംഗളം, 29/8/2021)

### ക്രൈസ്തവ സഭകളുടെ ഒരുമ കാലഘട്ടത്തിന്റെ ആവശ്യം: ലെയ്റ്റി കൗൺസിൽ

കൊച്ചി: ഇന്ത്യയിലെ വിവിധ ക്രൈസ്തവ സഭാവിഭാഗങ്ങൽ തമ്മിലും സഭാസംവിധാനങ്ങൾക്കുള്ളിലും വിശ്വാസീ സമൂഹത്തിലും കൂടുതൽ ഒരുമയും അച്ചടക്കവും അനുസരണവും ഊട്ടിയുറപ്പിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് സിബിസിഐ ലെയ്റ്റികൗൺസിൽ സെക്രട്ടറി ഷെവ. അഡ്വ. വി സി സെബാസ്റ്റ്യൻ. ആഗോളതലത്തിൽ ക്രൈസ്തവരെ തുടച്ചുനീക്കാൻ ശ്രമിക്കുന്ന ഭീകര-തീവ്രവാദ പ്രസ്ഥാനങ്ങളുടെആസൂത്രിത അജണ്ടകളും സഭാ സംവിധാനങ്ങളെയും ക്രൈസ്തവ കുടുംബങ്ങളെയും ലക്ഷ്യംവെച്ചുള്ളനുഴഞ്ഞുകയറ്റ സാധ്യതകളും വിശ്വാസീ സമൂഹം അതീവഗൗരവമായി കാണണം. (ദീപിക, 29/8/2021)

### നൈജീരിയയിൽ 37 ക്രൈസ്തവരെ ജിഹാദികൾ കൊലപ്പെടുത്തി

അബൂജ: ആഫ്രിക്കൻ രാജ്യമായ നൈജീരിയയിൽ 37 ക്രൈസ്തവരെ ഇസ്ലാമിക ഭീകരർ കൊലപ്പെടുത്തി. യോൽവാൻ സൻഗം പ്രവശ്യയിലാണ് ക്രൈസ്തവരെ ഫുലാനി ഭീകരർ കൂട്ടക്കൊലചെയ്തത്. നൈജീരിയയിൽ ക്രൈസ്തവർ ഏറ്റവുമധികം ഭീഷണി നേരിടുന്നത് ഫുലാനി ഭീകരരിൽ നിന്നാണ്. ലോകത്ത്ഏറ്റവുമധികം ക്രൈസ്തവർ കൊല്ലപ്പെടുന്ന രാജ്യം നൈജീരിയയാണ്. (ദീപിക, 27/8/2021)

### അഫ്ഗാനിസ്ഥാനിലെ ക്രൈസ്തവർ ആശങ്കയിൽ

കാബൂൾ: അഫ്ഗാനിസ്ഥാൻ ഇസ്ലാമിക മതതീവ്രവാദികളായ താലിബാന്റെ നിയന്ത്രണത്തിലായതോടെ രാജ്യത്തെ ക്രൈസ്തവ സമൂഹം കടുത്ത ആശങ്കയിൽ. വീടുകളിൽത്തന്നെ കഴിയാനാണ് ആളുകളോടു നിർദ്ദേശിച്ചിരിക്കുന്നതെന്നും പൊതുമാപ്പ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ക്രൈസ്തവർ ആക്രമിക്കപ്പെടുമെന്ന ഭയമുണ്ടെന്നും ഒരു ക്രിസ്ത്യൻ നേതാവ് പറഞ്ഞു. ഇസ്ലാം മതത്തിൽനിന്നും പരിവർത്തനം ചെയ്തവരാണ് അഫ്ഗാനിസ്ഥാനിലെ ക്രൈസ്തവർ. ഇസ്ലാം മതത്തിൽനിന്നു പരിവർത്തനം ചെയ്യുന്നത് അഫ്ഗാനിസ്ഥാനിൽ വലിയ കുറ്റമായാണ് കണക്കാക്കുന്നത്. അതിനാൽ പലപ്പോഴും ക്രൈസ്തവർ ഇവിടെ ആക്രമണത്തിനിരയാകാറുണ്ട്. (ദീപിക 19/8/2021)

### വിശ്വാസവിരുദ്ധ ഗൂഢാലോചനകൾ അപകടകരം: ആർച്ചു ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്

കൊച്ചി: സമീപകാലത്ത് കത്തോലിക്ക സഭയ്ക്കുനേരേ അപകടകരമായ ഗൂഢാലോചനകൾ മാധ്യമങ്ങളിലൂടെ നടക്കുന്നുവെന്നും സമൂഹം അതിൽ ജാഗ്രതപാലിക്കണമെന്നും തൃശ്ശൂർ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ്താഴത്ത്. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മാധ്യമങ്ങളിലൂടെ ചിലകേന്ദ്രങ്ങൾ തങ്ങളുടെ രഹസ്യ അജണ്ട നടപ്പിലാക്കാൻ ശ്രമിക്കുകയാണ്. സിനിമകളിലൂടെയും നവ സാമൂഹ്യ മാധ്യമങ്ങളിലൂടെയും ആസൂത്രിതമായി വിശ്വാസവിരുദ്ധ പ്രചാരണങ്ങൾ നടത്തുന്നു. ചാനൽ ചർച്ചകളിൽസഭയുമായി ബന്ധപ്പെട്ട കാര്യങ്ങൾ തുടർച്ചയായി ഏകപക്ഷീയമായി അവതരിപ്പിച്ച് നിക്ഷിപ്ത താത്പര്യങ്ങൾ അടിച്ചേൽപ്പിക്കുന്നത് പ്രതിഷേധാർഹമാണ്.
വിശ്വാസത്തെ അവഹേളിക്കുന്ന ചിത്രീകരണങ്ങൾ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ സിനിമകളിലൂടെ അവതരിപ്പിക്കുന്നത് ഒരു സമൂഹത്തെ വ്രണപ്പെടുത്തുന്നുവെന്ന യാഥാർഥ്യം തിരിച്ചറിയണം. നവ മാധ്യമങ്ങളിലൂടെ സംഘടിതമായി ചിലവ്യക്തികൾ വ്യാജ മേൽവിലാസത്തിൽ പോലുംസഭയുടെ പ്രവർത്തനങ്ങളെ അവഹേളിക്കുന്നത് ഗൂഢാലോചനകളുടെ ഭാഗമാണെന്നുംഅദ്ദേഹം പറഞ്ഞു. (ദീപിക, 19/8/2021)

### ചർച്ചകളിലൂടെ പരിഹാരംകാണണം: ഫ്രാൻസിസ് മാർപാപ്പ

വത്തിക്കാൻസിറ്റി: അഫ്ഗാനിസ്ഥാനിലെ സ്ഥിതികളിൽ ആശങ്ക അറിയിച്ച് മാർപാപ്പ. ആയുധങ്ങൾ താഴെ വച്ച് ചർച്ചകളിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണമെന്നും എന്നാൽ മാത്രമേ രാജ്യത്തെ ജനതയ്ക്ക് സമാധാനപൂർണമായ ജീവിതത്തിലേക്ക് മടങ്ങാനാകൂ എന്നും വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ചത്വരത്തിലേക്ക് തുറന്ന ജനാലയ്ക്കൽനിന്നുള്ളആശിർവാദച്ചടങ്ങിൽ ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു. (ദേശാഭിമാനി, 19/8/2021)

www.malankaralibrary.com



# ഇന്ധനവിലനിർണ്ണയം: സാധാരണക്കാരന്റെ നടുവൊടിക്കുന്ന സർക്കാർ നയത്തിൽ മാറ്റം അനിവാര്യം

**പെ**ട്രോളിയം ഉപയോഗത്തിന്റെ കാര്യത്തിൽ ലോകത്തിൽ മൂന്നാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. അമേരിക്കയും, ചൈനയും മാത്രമാണ് പ്രതിദിന ഇന്ധന ഉപഭോഗത്തിൽ ഇന്ത്യയ്ക്ക് മുന്നിലുള്ള രാജ്യങ്ങൾ. അമ്പത് ലക്ഷത്തോളം ബാരൽ ക്രൂഡ് ഓയിലാണ് ഇന്ത്യയിലെ ഒരു ദിവസത്തെ ഇന്ധന ഉപയോഗമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 33.5 കോടി ലിറ്റർ പെട്രോളും 18.6 കോടി ലിറ്റർ ഡീസലും ആനുപാതികമായി മറ്റ് പെട്രോളിയം ഉൽപ്പന്നങ്ങളും പ്രതിദിനം ഇന്ത്യയിൽ വിറ്റഴിക്കുന്നുണ്ട്. ലഭ്യമായ വിവരങ്ങൾ അനുസരിച്ച്, 55 ശതമാനത്തിലേറെ വിവിധ നികുതികൾ പെട്രോൾ-ഡീസൽ വിലയിൽ ചുമത്തപ്പെടുന്നുണ്ട്. 28 ശതമാനം ജിഎസ്ടി ഈടാക്കിയാൽപ്പോലും ഇപ്പോഴുള്ളതിലും നാൽപ്പത് രൂപയെങ്കിലും കുറച്ച് വിൽക്കാനാകും എന്നിരിക്കെയാണ് ഇന്ധനത്തിന്റെ പേരിൽ സമാനതകളില്ലാത്ത പകൽക്കൊള്ള ഇവിടെ നടക്കുന്നത്. നനഞ്ഞിടം കുഴിക്കുക എന്ന ചൊല്ലിനെ അന്വർത്ഥമാക്കുന്ന, തികച്ചും അശാസ്ത്രീയവും മനുഷ്യത്വ രഹിതവുമായ ഈ ഭരണകൂട നയം ചെറുക്കപ്പെടേണ്ടതുണ്ട്. ഓരോ ദിവസവും 1500 കോടിയിലേറെ രൂപ വരുന്ന അധികവരുമാനം മുന്നിൽക്കണ്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾ അധാർമ്മികമായി പിടിച്ചുവാങ്ങുന്ന കനത്ത നികുതി സാധാരണക്കാരുടെ ജീവിതത്തെ അത്യന്തം ദുസ്സഹമാക്കിക്കൊണ്ടിരിക്കുകയാണ്. ലോക കമ്പോളത്തിൽ ക്രൂഡ് ഓയിലിന്റെ വില താഴ്ന്നുകൊണ്ടിരിക്കുന്നതിന്റെയുൾപ്പെടെ യാതൊരുവിധ ആനുകൂല്യങ്ങളും വർഷങ്ങളായി ഇന്ത്യൻ ജനതയ്ക്ക് ലഭിക്കുന്നില്ല. പകരം, പലവിധ നികുതികൾ അധികമായി ചുമത്തപ്പെടുന്നത് മൂലം കൂടുതൽ ബാധ്യതകളാണ് അവർക്ക് ഏറ്റെടുക്കേണ്ടതായി വരുന്നത്.



തികഞ്ഞ നിയമലംഘനവും കുത്തക കമ്പനികൾ പോലും ചെയ്യാത്ത അനീതിയുമാണ് ഇന്ധന വിലനിർണ്ണയത്തിൽ സ്വന്തം പൗരന്മാരോട് നമ്മുടെ ഭരണകൂടങ്ങൾ ചെയ്തുവരുന്നത് എന്ന യാഥാർത്ഥ്യം തുറന്നു ചർച്ച ചെയ്യേണ്ടിവരുന്നത് പോലും ലജ്ജാകരമാണ്. വാസ്തവത്തിൽ, 1934 ലെ പെട്രോളിയം ആക്ട്, 2006 ലെ പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് ആക്ട് തുടങ്ങിയവ വ്യവസ്ഥ ചെയ്യുന്ന ഭരണകൂടങ്ങൾക്കുള്ള അടിസ്ഥാന ഉത്തരവാദിത്തങ്ങളുടെ നഗ്നമായ ലംഘനമാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. കച്ചവട താൽപ്പര്യങ്ങൾക്ക് അതീതമായി രാജ്യത്തിന്റെ പരമാധികാരത്തിനും പൗരൻമാരുടെ സുരക്ഷിതത്വത്തിനും വിദേശ രാജ്യങ്ങളുമായുള്ള ബന്ധത്തിനും പ്രാധാന്യം നൽകിക്കൊണ്ട് കാലാനുസൃതമായ നയങ്ങൾ സ്വീകരിക്കാനും ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം ബന്ധപ്പെട്ട സംവിധാനങ്ങൾക്ക് നൽകി നീതി ഉറപ്പുവരുത്താനും ഇന്ത്യൻ ഭരണഘടനയും വിവിധ നിയമങ്ങളും നൽകുന്ന അനുശാസനങ്ങൾ ഇവിടെ അവഗണിക്കപ്പെടുന്നു. തൽഫലമായി, നിയന്ത്രണാതീതമായ വിലക്കയറ്റം, മറ്റ് ജീവിത ചെലവുകളുടെ വർദ്ധനവ്, ഗതാഗത മേഖലകളിൽ ഉൾപ്പെടെ പ്രവർത്തന നിരതരായ അനേക ലക്ഷം മനുഷ്യരുടെ വരുമാനത്തിൽ ഗണ്യമായ കുറവ് തുടങ്ങിയവ ഗുരുതരമായ വിധത്തിൽ നമുക്കിടയിൽ പ്രകടമാണ്. പ്രത്യേകിച്ച് കോവിഡ് രോഗബാധയുടെ പശ്ചാത്തലത്തിൽ ജീവിതം വഴിമുട്ടിയ അനേകരിലേക്ക് കണ്ണോടിച്ചാൽ ഇന്ധന വിലവർദ്ധനവിന്റെ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഏറ്റവും രൂക്ഷമായ രീതിയിൽ പലരുടെയും ജീവിതങ്ങളിൽ പ്രതിഫലിക്കുന്നത് തിരിച്ചറിയാം. ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന എൽപിജിക്ക് കാലങ്ങളായി കൊടുത്തുവന്നിരുന്ന സബ്സിഡി എടുത്തുമാറ്റി അമ്പതുശതമാനത്തോളം നികുതി ചുമത്തിയിരിക്കുന്നു എന്ന വാസ്തവവും അതീവ ലജ്ജാകരമാണ്. ഒരു സാധാരണ കുടുംബത്തിന്റെ ദൈനംദിന ചെലവുകളിൽ പ്രത്യക്ഷമായി എൽപിജി വിലക്കയറ്റത്തിന്റെ രൂപത്തിലും, പരോക്ഷമായി അവശ്യവസ്തുക്കളുടെ വിലക്കയറ്റത്തിന്റെയും മറ്റ് ജീവിത ചെലവുകളുടെ വർദ്ധനവിന്റെ രൂപത്തിലും സർക്കാരിന്റെ പെട്രോളിയം വിലനയം കനത്ത ആഘാതമേൽപ്പിക്കുന്നത് അവഗണിക്കാൻ കഴിയാത്ത ഒരു യാഥാർഥ്യമാണ്.


www.malankaralibrary.com

ചില കണക്കുകളിലേയ്ക്ക്: 2008 ലാണ് ലോകചരിത്രത്തിൽ ക്രൂഡ് ഓയിലിന് ഏറ്റവുമധികം വില ഉയർന്നത്. അക്കാലത്ത് പരമാവധി അമ്പത് രൂപയായിരുന്നു ഇന്ത്യയിലെ പെട്രോൾ വില. ഇന്ന് ക്രൂഡ് ഓയിലിന് അന്നത്തെ വിലയുടെ പകുതിയിലും താഴെ (ഏകദേശം 72 ഡോളർ/ ബാരൽ) വിലയുള്ളപ്പോൾ ഇന്ത്യയിലെ പെട്രോൾ വില നൂറ് രൂപയ്ക്ക് മുകളിലാണ്. അതേസമയം അയൽരാജ്യങ്ങളായ പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, മ്യാന്മർ, ശ്രീലങ്ക, ഭൂട്ടാൻ തുടങ്ങിയ രാജ്യങ്ങളിലെ ഇപ്പോഴുള്ള പെട്രോൾ വില ഇന്ത്യൻ രൂപയിൽ അമ്പത്തഞ്ചിനും എഴുപതിനും ഇടയിൽ മാത്രമാണ്. ഇന്ത്യയിൽനിന്ന് ക്രൂഡ് ഓയിൽ വാങ്ങുന്ന രാജ്യമാണ് ഭൂട്ടാൻ എന്നിരിക്കിലും, ഇന്ത്യയിലെ പെട്രോൾ വിലയേക്കാൾ മുപ്പത്തഞ്ചോളം രൂപ കുറവാണ് അവിടെ എന്നൊരു കൗതുകവുമുണ്ട്. ഏറ്റവും കൂടുതൽ പെട്രോളിയം ഉപഭോഗമുള്ള അമേരിക്കയിൽ പെട്രോളിന് ഇപ്പോഴുള്ള വില ലിറ്ററിന് 70 രൂപയാണ്.

പലകാരണങ്ങളാൽ ഇന്ത്യയേക്കാൾ കൂടുതൽ വില പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ചില രാജ്യങ്ങളുണ്ട്. അന്താരാഷ്ട്ര കരാറുകൾ മുതൽ രാജ്യങ്ങളുടെ ആഭ്യന്തര സാഹചര്യങ്ങൾ വരെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയെ സ്വാധീനിക്കുന്നു. ആളോഹരി വരുമാനം വളരെ കൂടുതലുള്ള രാജ്യങ്ങളിലും ചില ദരിദ്ര രാജ്യങ്ങളിലും പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില ഉയർന്നു നിൽക്കുന്നതായി കാണാം. ആളോഹരി വരുമാനവും പെട്രോൾ ഡീസൽ വിലയും തമ്മിലുള്ള അനുപാതത്തിന്റെ കാര്യത്തിൽ ലോക രാജ്യങ്ങൾക്കിടയിൽ ഇന്ത്യയുടെ സ്ഥാനം 129 ആണ്. ഇന്ധന വില അതാത് രാജ്യത്തിലെ പൗരന്മാർക്ക് എത്ര മാത്രം ഭാരമാണ് എന്ന് മനസ്സിലാക്കാൻ ഈ റേറ്റിങ് ഉപകരിക്കും. ചില ദരിദ്ര രാഷ്ട്രങ്ങൾ മാത്രമാണ് ഈ പട്ടികയിൽ ഇന്ത്യക്ക് ഒപ്പമോ, അതിന് താഴെയോ ഉള്ളത്. ഇന്ത്യയ്ക്ക് തൊട്ടു മുകളിലും താഴെയുമുള്ളത് സുഡാൻ, എത്യോപ്യ എന്നീ ദരിദ്ര രാജ്യങ്ങളാണ്. ആ പട്ടികയിൽ ഒന്നാം സ്ഥാനമുള്ള രാ



ജ്യം ഖത്തറും രണ്ടും മൂന്നും സ്ഥാനങ്ങളിൽ യഥാക്രമം ഇറാനും അമേരിക്കയുമാണ്.




അനീതി നിറഞ്ഞതും, അശാസ്ത്രീയവുമായ ഇന്ധന വിലനിർണ്ണയം കാലങ്ങളായി തുടർന്നുപോരുന്ന ഇന്ത്യയിൽ 2017 മുതൽ വിലനിർണ്ണയം പ്രത്യക്ഷത്തിൽ സർക്കാരുകളല്ല നടത്തുന്നത് എന്ന് വാദിക്കാമെങ്കിലും, ഉയർന്ന വിലയുടെ ഗുണഭോക്താക്കൾ പ്രധാനമായും കേന്ദ്ര സംസ്ഥാന സർക്കാരുകളാണ്. ഒപ്പം, എണ്ണ കമ്പനികളും കൊള്ളലാഭം ഊടാക്കുന്നു. സർക്കാരുകൾ മനുഷ്യത്വ വിരുദ്ധമായ നയങ്ങൾ പിന്തുടരുന്ന കാലം വരെയും കമ്പനികളെ തിരുത്താനോ നിയന്ത്രണങ്ങൾ നിശ്ചയിക്കാനോ കഴിയില്ല എന്ന് തീർച്ച. ഘട്ടംഘട്ടമായെങ്കിലും ഇന്ത്യൻ ജനത ഒന്നടങ്കം അഭിമുഖീകരിക്കുന്ന ഈ വലിയ പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാരുകൾ ഉറച്ച തീരുമാനമെടുക്കേണ്ടതുണ്ട്. പശ്ചിമ ബംഗാൾ, രാജസ്ഥാൻ, ഛത്തീസ്ഗഡ്, നാഗാലാൻഡ് തുടങ്ങിയ സംസ്ഥാനങ്ങൾ ഇന്ധനത്തിന് മുകളിലുള്ള നികുതി കുറയ്ക്കാൻ തീരുമാനിച്ചത് മാതൃകാപരമാണ്. അതേ മാതൃക കേരളസർക്കാരും പിന്തുടരേണ്ടതാണ്. മറ്റ് വരുമാന മാർഗ്ഗങ്ങൾ വളർത്തിക്കൊണ്ടുവന്ന് പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് മേലുള്ള അമിത നികുതി പൂർണ്ണമായും നീക്കാനുള്ള, മനുഷ്യപക്ഷത്ത് നിന്നുള്ള ശാസ്ത്രീയപഠനങ്ങൾ നടത്തി യുക്തമായ നയരൂപീകരണങ്ങൾ നടത്താൻ സർക്കാരുകൾ അടിയന്തിര നടപടി സ്വീകരിക്കണം ■

www.malankaralibrary.com



# പ്രതികരണങ്ങളും ക്രിസ്തീയ സാക്ഷ്യവും

കഴിഞ്ഞ ചില ദിവസങ്ങളിലായി സോഷ്യൽമീഡിയയിലെ ചില പ്രതികരണങ്ങളെപ്പറ്റിയുള്ള ചർച്ചകൾ പലയിടങ്ങളിലായി കാണുന്നുണ്ട്. ക്രൈസ്തവരുടെ പ്രതികരണരീതികളെപ്പറ്റി ആശങ്കയോടെ പ്രതികരിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നു. വിഷയത്തിലുള്ള ഭിന്നാഭിപ്രായങ്ങൾ നമുക്കിടയിൽ വിഭാഗീയതയ്ക്ക് കാരണമാകുന്നു എന്നുള്ളതാണ് പ്രധാനപ്പെട്ട മറ്റൊരു വസ്തുത. നമുക്ക് ഹിതകരമല്ലാത്ത ഒന്ന് സംഭവിച്ചാൽ പ്രതികരിക്കേണ്ടതില്ലേ എന്നതാണ് ഇവിടെ ഒരുചോദ്യം. പ്രതികരിക്കേണ്ടതുണ്ടെങ്കിൽ എപ്രകാരമാണ് പ്രതികരിക്കേണ്ടത് എന്നുള്ളത് മറ്റൊരു വിഷയം. ഈ രണ്ടു ചോദ്യങ്ങൾക്കുള്ള വ്യത്യസ്ത ഉത്തരങ്ങളാണ് നമുക്കിടയിൽ പലപ്പോഴും പരസ്പരം ഏറ്റുമുട്ടിക്കൊണ്ടിരിക്കുന്നത്. അത്തരം ഏറ്റുമുട്ടലുകൾ ചിലപ്പോഴെങ്കിലും കൂടുതൽ ദോഷകരമാണ് എന്നുള്ള കാര്യം നാം തിരിച്ചറിയേണ്ടതുണ്ട്.




‘ഈശോ’ എന്ന ചലച്ചിത്രവുമായി ബന്ധപ്പെട്ട വിവാദങ്ങൾ പുതിയ ചർച്ചകളിലേയ്ക്ക് വഴിമാറിയിരിക്കുന്നു. ഈ വിഷയം പലകാരണങ്ങൾക്കൊണ്ടും നമുക്കിടയിൽ ചർച്ച ചെയ്യപ്പെടേണ്ടിയിരുന്നു എന്നുള്ളത് നിസ്തർക്കമാണ്. ക്രൈസ്തവരുടെ വിശ്വാസത്തിന്റെ ഭാഗമായത് എന്ന നിലയിൽ മാത്രമല്ല, ഒരു മതത്തിൽപ്പെട്ടവരുടെയും നിഷ്കളങ്കമായ വിശ്വാസ വിഷയങ്ങളിൽ അവർക്ക് അസ്വസ്ഥത തോന്നുന്ന രീതിയിൽ പ്രത്യക്ഷമായോ പരോക്ഷമായോ കൈകടത്തുന്നത് നല്ലതല്ല. കല ആത്യന്തികമായി മനുഷ്യരെ ഒരുമിപ്പിക്കാനുള്ളതായിരിക്കണം, അസ്വസ്ഥതകൾക്ക് അത് ഇടയാക്കിക്കൂടാ. മതപരമായ യാതൊന്നും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതാണ് എന്നല്ല ഈ പറഞ്ഞതിന്റെ അർത്ഥം. ആവിഷ്കാര സ്വാതന്ത്ര്യത്തിന് അതിന്റേതായ പ്രസക്തി ഇവിടെയുണ്ട്. എന്നാൽ, വിലകുറഞ്ഞ തമാശകൾ സൃഷ്ടിക്കാനോ, ശ്രദ്ധ കിട്ടാനോ വേണ്ടി ഒരു വിഭാഗത്തെ വേദനിപ്പിക്കുന്ന പ്രവണത ഒഴിവാക്കപ്പെടേണ്ടതാണ്.

കേവലം പൊതുജന ശ്രദ്ധ ലഭിക്കുന്നതിനായി ‘ഈശോ’ എന്ന പേര് ഒരു സിനിമയ്ക്കും ആ സിനിമയിലെ നായകനും നൽകിയിരിക്കുന്നു എന്നുള്ളതാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. മനസ്സിലാക്കാൻ സാധിച്ചതനുസരിച്ച്, ഒരു ത്രില്ലർ ആയി ഒരുക്കിയിരിക്കുന്ന പ്രസ്തുത ചലച്ചിത്രത്തിനും അതിലെ നായകനും ‘ഈശോ’ എന്ന പേര് നൽകിയില്ലെങ്കിലും ഒന്നും സംഭവിക്കാൻ പോകുന്നില്ല. അതേസമയം, സിനിമയുടെ ഉള്ളടക്കത്തിൽ ക്രൈസ്തവ വിരുദ്ധമായ ആശയങ്ങളൊന്നും ഉൾപ്പെട്ടിട്ടില്ല എന്ന സംവിധായകന്റെ ഉറപ്പിനെ അവിശ്വസിക്കേണ്ട കാര്യവുമില്ല.

**മലയാള സിനിമയിലെ ക്രൈസ്തവ വിരുദ്ധത**

മലയാള സിനിമയിൽ ക്രൈസ്തവ വിരുദ്ധത ചിത്രീകരിക്കപ്പെടുന്നത് അപൂർവമല്ല എന്നുള്ളത് ഏവരും മനസ്സിലാക്കിയിരിക്കുന്ന ഒരു കാര്യമാണ്. ക്രൈസ്തവ സമൂഹവും കത്തോലിക്കാ സഭയും ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളെ അപ്പാടെ തള്ളിക്കളഞ്ഞുകൊണ്ട് ക്രിസ്തീയതയ്ക്ക് തികച്ചും വ്യാജമായ മറ്റൊരു ഭാഷ്യം നൽകുന്ന സിനിമകൾ പോലും ഇവിടെ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ‘പാപം ചെയ്യാത്തവർ കല്ലെറിയട്ടെ’, റോമൻസ് തുടങ്ങിയ സിനിമകൾ ഉദാഹരണങ്ങളാണ്. ക്രൈസ്തവർ അമൂല്യമായി കരുതുന്ന കൂദാശകൾ, വിശ്വാസ പ്രമാണങ്ങൾ മുതലായവയെ വിലകുറഞ്ഞ തമാശകൾ സൃഷ്ടിക്കുന്നതിനായി ഉപയോഗിക്കുന്ന രീതിയും സമീപകാലങ്ങളിലായി പതിവായി കാണപ്പെടുന്നുണ്ട്. അത്തരം പ്രവണതകൾ തികച്ചും പ്രതിഷേധാർഹവും ഒഴിവാക്കപ്പെടേണ്ടതുമാണ്.

ഇത്തരത്തിലുള്ള പ്രവണതകൾ വർദ്ധിച്ചുവരുന്നതുമായി ബന്ധപ്പെട്ട അസ്വസ്ഥതകൾ ക്രൈസ്തവ സമുദായത്തിൽ പലകോണുകളിലായി പുകഞ്ഞുകൊണ്ടിരിക്കുകയും, ഇത്തരം പ്രവർത്തനങ്ങൾക്ക് പിന്നിൽ ചില ആസൂത്രിത ശ്രമങ്ങൾ ഉണ്ടെന്ന ആരോപണങ്ങൾ ശക്തിപ്പെടുകയും ചെയ്തിരിക്കുന്ന പ്രത്യേക സാഹചര്യത്തിലാണ് ഒരേ സംവിധായകന്റെ രണ്ടു സിനിമകളെക്കുറിച്ചുള്ള വാർത്തകൾ പുറത്തുവരുന്നത്. ആ രണ്ടു സിനിമകളുടെയും പേരുകൾക്ക് ക്രൈസ്തവ വിശ്വാസവുമായി ബന്ധമുണ്ടായിരുന്നു എന്നുള്ളത് കുറേപ്പേരെ പ്രകോപിതരാക്കുകയും പതിവിലേറെ പ്രതിഷേധം ആ ചിത്രങ്ങളുമായി ബന്ധപ്പെട്ട് ഉയരുകയും ചെയ്തു.

www.malankaralibrary.com

ഇത്തരം വിഷയങ്ങളിൽ പ്രതികരിക്കേണ്ടതേയില്ല എന്ന വാദഗതി യുക്തമല്ല. എന്നാൽ, ക്രൈസ്തവ പ്രതികരണങ്ങൾ ക്രിസ്തീയവും മാതൃകാപരവുമായിരിക്കണം എന്നുള്ളതിൽ സംശയമില്ലതാനും. സോഷ്യൽമീഡിയയിലും സമൂഹത്തിലും ചില പ്രത്യേക വിഭാഗങ്ങൾ അക്രമസ്വഭാവത്തോടെ പ്രതികരിക്കുന്നു എന്നതിനാൽ, ആ രീതി ക്രൈസ്തവർ സ്വീകരിക്കുന്നത് ആശാസ്യമല്ല. ശത്രുക്കളായി കണ്ട് യുദ്ധം ചെയ്ത് തോൽപ്പിക്കാനല്ല, വിവേകത്തോടെ പ്രതികരിച്ച് ശാശ്വത പരിഹാരം നേടാനാണ് നാം പരിശ്രമിക്കേണ്ടത്. പ്രതികരണങ്ങൾക്കൊണ്ട് ശത്രുക്കളെ സൃഷ്ടിക്കുന്ന രീതി ക്രിസ്തീയമാണെന്ന് കരുതാനാവില്ല.

### ബാഹ്യ ഇടപെടലുകളെ സൂക്ഷിക്കണം

ഇത്തരം വിഷയങ്ങളിൽ അതിവൈകാരികത സൃഷ്ടിച്ച് വർഗീയ വിദ്വേഷം വിതയ്ക്കാൻ ശ്രമിക്കുന്ന ബാഹ്യശക്തികളുടെ ഇടപെടലുകളുണ്ടോ എന്നും സംശയിക്കേണ്ടതുണ്ട്. രൂക്ഷപ്രതികരണങ്ങളുമായി രംഗപ്രവേശംചെയ്ത ചിലരുടെയെങ്കിലും ഉദ്ദേശ്യശുദ്ധി നല്ലതാണെന്ന് കരുതാനാവില്ല. പ്രശസ്തിക്കോ രാഷ്ട്രീയ നേട്ടങ്ങൾക്കോ ഇത്തരം അവസരങ്ങളെ ഉപയോഗിക്കാൻ കരുതിയിരിക്കുന്ന വ്യക്തികളെയും സംഘടനകളെയും തിരിച്ചറിഞ്ഞ് മാറ്റിനിർത്താനുള്ള ഉത്തരവാദിത്തവും എല്ലാവർക്കുമുണ്ട്. അതോടൊപ്പം, ഇത്തരത്തിൽ സൃഷ്ടിക്കപ്പെടുന്ന വിവാദങ്ങൾ വിപരീതമായ ഫലങ്ങൾ ഉളവാക്കുന്ന അവസ്ഥ സംജാതമാകുന്നതിനെക്കുറിച്ചും നാം ജാഗരൂകരാകണം. സിനിമയുടെ നിർമ്മാതാക്കളെ സംബന്ധിച്ചിടത്തോളം ഏതുതരത്തിലുള്ള വിവാദങ്ങൾ സൃഷ്ടിക്കപ്പെടുന്നതും, അത് സിനിമയുടെ റിലീസിന് തടസമായി മാറുന്നില്ലെങ്കിൽ പ്രചാരണത്തിന് നല്ലതാണ്. അത്തരത്തിൽ അനർഹമായ നെഗറ്റീവ് പബ്ലിസിറ്റി സമ്പാദിച്ചുകൊടുക്കുവാൻ അതിരുവിട്ട ചർച്ചകൾ കാരണമായേക്കാം. അമിതവൈകാരികത പ്രകടിപ്പിക്കുന്ന ചർച്ചകൾ തീവ്രവാദപരമായി മാറുന്നത് ക്രൈസ്തവ സമൂഹത്തിന്റെ പൊതുവായ സൽപ്പേരിനും സാമാന്യ ജനതയ്ക്കിടയിലുള്ള സ്വീകാര്യതയ്ക്കും കോട്ടം വരുത്തിയേക്കാം എന്നുള്ള അപകടവുമുണ്ട്.

### പ്രതികരണങ്ങളെക്കുറിച്ചുള്ള തർക്കങ്ങൾ

ഇത്തരം പ്രതികരണങ്ങൾക്കുമേലുള്ള തുടർചർച്ചകൾ കൂടുതൽ രൂക്ഷമായി മാറുന്നതാണ് സോഷ്യൽമീഡിയയിലെ മറ്റൊരു പ്രതിഭാസം. വിഭാഗീയതയെ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിയുള്ള യാഥാർഥ്യബോധത്തോടെയുള്ള സമീപനം പലപ്പോഴും നമുക്ക് കൈമോശം വന്നുപോകുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പ്രതികരണത്തിന്റെ ശൈലിയെക്കുറിച്ചുള്ള അഭിപ്രായവ്യത്യാസം ശത്രുതയിലേക്കല്ല, സംവാദത്തിലേക്കും സമവായത്തിലേക്കുമാണ് നമ്മെ നയിക്കേണ്ടത്. തങ്ങൾ ചിന്തിക്കുന്നത് മാത്രമാണ് ശരി എന്ന വിധത്തിലുള്ള ചിന്തകളുടെ പ്രാമുഖ്യം സോഷ്യൽ മീഡിയയുടെ അതിപ്രസരത്തിന്റെ പശ്ചാത്തലത്തിൽ നമുക്കിടയിൽ വളർന്നുവരുന്നുണ്ട്. ഒരു വിഷയത്തിന്റെ



വിവിധ വശങ്ങൾ വിവേകപൂർവ്വം വിശകലനം ചെയ്ത് സന്തുലിതവും സ്വീകാര്യവുമായ നിലപാടുകൾ സ്വീകരിക്കാനാണ് എല്ലാവരും കൂടുതൽ ശ്രദ്ധിക്കേണ്ടത്.

ക്രൈസ്തവ സമൂഹത്തിൽ സമീപകാലങ്ങളായി വളർന്നുവന്ന സമുദായബോധത്തിന് ഒട്ടേറെ സദ്ഗുണങ്ങളുണ്ട്. ഒരുമിച്ചു മുന്നേറണമെന്നും അതിക്രമങ്ങളെയും കടന്നുകയറ്റങ്ങളെയും ഒരുമിച്ചുനിന്ന് പ്രതിരോധിക്കണമെന്നുമുള്ള തിരിച്ചറിവ് മോശമല്ലാത്ത ഒരു വിഭാഗം ക്രൈസ്തവരിൽ രൂപപ്പെട്ടിരിക്കുന്നത് കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണ്. അത്തരം കാഴ്ചപ്പാടുകളുടെ നന്മയും കാലികപ്രസക്തിയും മനസ്സിലാക്കി പ്രതികരിക്കുവാൻ എല്ലാവരും ബാധ്യസ്ഥരാണ്. അതോടൊപ്പം, ആൾക്കൂട്ടത്തിന്റെ ആക്രോശങ്ങൾക്കപ്പുറം വിവേകവും ബുദ്ധിയും വിനിയോഗിച്ചുകൊണ്ടുള്ള ക്രിസ്തീയമായ ഇടപെടലുകളിലേക്ക് സമുദായബോധവും പ്രതികരണശൈലിയും മാറ്റപ്പെടേണ്ടതും അത്യന്താപേക്ഷിതമാണ്. ■

www.malankaralibrary.com



# ചർച്ചയാകാതെപോകുന്ന പുസ്തകങ്ങളും വെളിപ്പെടുത്തലുകളും

2021 സെപ്റ്റംബറിൽ, താമരശ്ശേരി രൂപതയുടെ മതബോധന വിഭാഗം കുട്ടികൾക്കായി പ്രസിദ്ധീകരിച്ച ഒരു ഉപപാഠപുസ്തകം വലിയ വിവാദമായിരുന്നു. പ്രണയക്കെണികളിലും മയക്കുമരുന്നിലും മറ്റും യുവജനങ്ങളെ അകപ്പെടുത്തുന്ന ചില പദ്ധതികൾക്കെതിരെയുള്ള ജാഗ്രതാ നിർദ്ദേശത്തിന്റെ ഭാഗമായി, ചുറ്റും സംഭവിക്കുന്ന കാഴ്ചകളുടെ വെളിച്ചത്തിൽ ചില വസ്തുതകൾ അതിൽ വെളിപ്പെടുത്തിയിരുന്നതാണ് വിവാദമായി മാറിയത്. പാലാ രൂപതാ മെത്രാനായ മാർ ജോസഫ് കല്ലറങ്ങാട്ട് തന്റെ പ്രസംഗത്തിൽ പരാമർശിച്ച സൂചനകളെ തുടർന്നുണ്ടായ വിവാദങ്ങൾക്ക് സമാനമായി താമരശ്ശേരി രൂപതയുടെ പുസ്തകവും വലിയ കോലാഹലങ്ങൾക്ക് വഴിവച്ചു. തുടർന്ന് ഇസ്‌ലാം നേതൃത്വവുമായി ചർച്ചയ്ക്ക് തയ്യാറായ താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ പിതാവ് പുസ്തകത്തിൽ ചെറിയ ചില മാറ്റങ്ങൾ വരുത്തുവാൻ സന്നദ്ധനാവുകയും ചെയ്തു. എന്നാൽ, കത്തോലിക്കാ സഭ ആസൂത്രിതമായി വർഗീയത പ്രചരിപ്പിക്കുന്നു എന്നാണ് ഈ അവസരങ്ങളിലെല്ലാം സഭയ്ക്ക് അകത്തുനിന്നും പുറത്തുനിന്നും ആരോപണങ്ങൾ ഉയർന്നത്.




കേരളം മുമ്പ് കണ്ടിട്ടില്ലാത്തവിധത്തിലുള്ള വലിയ വിവാദങ്ങൾ ഇത്തരം കാര്യങ്ങളെ ചൊല്ലി നടക്കുമ്പോഴും, ഗൗരവമുള്ള ചില വിഷയങ്ങളും ഗ്രന്ഥങ്ങളും മറ്റും പൊതുസമൂഹത്തിൽ യാതൊരു ചർച്ചയ്ക്കും ഇടയാകാതെ പോകുന്നു എന്നുള്ളത് ശ്രദ്ധേയമാണ്. അടുത്ത നാളുകളിലായി സമൂഹമാധ്യമങ്ങളിൽ ചിലർ പരാമർശിച്ചു കണ്ട 'വിജയത്തിന്റെ വാതിൽ, വാളിന്റെ തണലിൽ' എന്ന ഗ്രന്ഥം ഒരു ഉദാഹരണമാണ്. ഇബ്‌ൻ നുഹാസ് എന്ന് അറിയപ്പെടുന്ന ഈജിപ്ഷ്യൻ ഇമാം അഹമ്മദ് ഇബ്രാഹിം മുഹമ്മദ് അൽ ദിമാഷ്കി അൽ ദുമയത്തി പതിനഞ്ചാം നീറ്റാണ്ടിൽ രചിച്ച 'മഷാറി അൽ അഷാക് ഇലാ മസാരി അൽ ഉഷാക്' എന്ന പുസ്തകത്തിൻറെ പരിഭാഷയാണ് ഇത്. ദേശദ്രോഹപരവും മതതീവ്രവാദപരവും ആയ ഉള്ളടക്കങ്ങൾ ഉള്ള, മതവിദ്വേഷം പരത്തുന്ന ഈ പുസ്തകം യുവാക്കളെ വഴിതെറ്റിക്കുമെന്നും തീവ്രവാദ സംഘടനകളിൽ ചേരാൻ കാരണമാകുമെന്നുമുള്ളതിനാൽ അത് നിരോധിക്കണമെന്ന് മുൻ ഡിജിപി ലോക്നാഥ് ബെഹ്റയും, ഇപ്പോഴത്തെ ഡിജിപി അനിൽ കാന്തും സംസ്ഥാന സർക്കാരിനോട് ശിപാർശ ചെയ്തിട്ടുള്ളതാണ്. 2020 ഡിസംബർ 23നാണ് ഈ ഗ്രന്ഥം നിരോധിക്കണമെന്ന് ബെഹ്റ സർക്കാരിനോട് ആവശ്യപ്പെട്ടത്. 2021 ജൂലൈ 21ന് അനിൽ കാന്തും അതേ ആവശ്യം ഉന്നയിക്കുകയുണ്ടായി. രണ്ടു ഡിജിപിമാരുടെ ശിപാർശ ഉണ്ടായിട്ടും ഇനിയും വ്യക്തമായൊരു തീരുമാനമെടുക്കാൻ സർക്കാർ തയ്യാറായിട്ടില്ല. ആ പുസ്തകത്തെക്കുറിച്ച് അന്വേഷിക്കാൻ കാലാവധി വ്യക്തമാക്കാതെ ഒരു കമ്മീഷനെ നിയോഗിക്കുക മാത്രമാണ് സർക്കാർ നിലവിൽ ചെയ്തിരിക്കുന്നത്.

മുന്നൂറിൽപരം പേജുകളുള്ള ഈ ഗ്രന്ഥം പിഡിഎഫ് രൂപത്തിലും അല്ലാതെയും ലഭ്യമാണ്. മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് ആരാണെന്നത് വ്യക്തമല്ല. ഒരു പണ്ഡിതൻ എന്നതിനൊപ്പം, മുജാഹിദും (ജിഹാദ് ചെയ്യുന്നവൻ) റോമൻ സൈന്യവുമായുള്ള ഏറ്റുമുട്ടലിൽ പതിനഞ്ചാം നൂറ്റാണ്ടിൽ കൊല്ലപ്പെട്ട വ്യക്തിയുമാണ് ഈ ഗ്രന്ഥത്തിന്റെ രചയിതാവായ ഇമാം നുഹാസ്. ജിഹാദിനെക്കുറിച്ച് എഴുതപ്പെട്ട ഏറ്റവും മികച്ച ഗ്രന്ഥമായാണ് 20ാം നൂറ്റാണ്ടിൽ ജിഹാദി പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിച്ച ഷെയ്ക്ക് അബ്ദുള്ള അസാം ഇതിനെ ചിത്രീകരിച്ചിട്ടുള്ളത്. എന്താണ് ജിഹാദ് എന്നും എങ്ങനെയാണ് അത് ചെയ്യേണ്ടതെന്നും അതെങ്ങനെയാണ് ഇസ്‌ലാം മതവിശ്വാസികളുടെ കടമയാകുന്നതെന്നും തുടങ്ങിയ വിഷയങ്ങൾ ഖുറാൻ വചനങ്ങളുടെയും മറ്റ് ഇസ്‌ലാമിക പ്രബോധനങ്ങളുടെയും, മുൻകാലങ്ങളിൽ ജീവിച്ചിരുന്ന ഇസ്‌ലാമിക പണ്ഡിതരുടെ വാക്കുകളിലൂടെയും വ്യക്തമായി വിവരിച്ചിരിക്കുന്ന ആ ഗ്രന്ഥം ഇന്ന് ഈ ലോകത്തിൽ നടക്കുന്ന ഇസ്‌ലാമിക ഭീകര പ്രവർത്തനങ്ങൾക്ക് കൃത്യമായ ഉത്തരം നൽകുന്നുണ്ട്. അതോടൊപ്പം, ഇസ്‌ലാം വിശ്വാസികളെ ഭീകര പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുന്നതുമാണ് ഇതിന്റെ ഉള്ളടക്കം. ഇതേ കാരണത്താലാണ് ഈ ഗ്രന്ഥം നിരോധിക്കണമെന്ന് പോലീസ് മേധാവിമാർ ആവശ്യപ്പെട്ടിട്ടുള്ളത്.

മുൻവർഷങ്ങളിലും സമാനസ്വഭാവമുള്ള ചില പുസ്തകങ്ങൾക്കെതിരെ പോലീസ് സർക്കാരിന്

www.malankaralibrary.com

റിപ്പോർട്ട് നൽകുകയും അപൂർവ്വമായ ചില നടപടികൾ സ്വീകരിക്കുകയും ഉണ്ടായിട്ടുണ്ട്. ഓരോ കാലങ്ങളിലും കേരളത്തിൽ നടന്നിട്ടുള്ള വിവിധ ഭീകര പ്രവർത്തനങ്ങൾക്ക് (തടിയൻറവിട നസീറിൻറെ നേതൃത്വത്തിൽ കാഷ്മീരിലേക്കു തീവ്രവാദികളെ തിരഞ്ഞെടുത്ത സംഭവം, കോഴിക്കോട്ട് നടന്ന ഇരട്ട ബോംബ് സ്ഫോടനം, പ്രൊഫ. ജോസഫിന്റെ കൈവെട്ട് തുടങ്ങിയവ) പ്രചോദനമായത് ഇത്തരം ചില പുസ്തകങ്ങളാണ് എന്ന വിലയിരുത്തലിൽ അതത് കാലങ്ങളിൽ പോലീസ് എത്തിച്ചേർന്നിട്ടുണ്ട്. അത്തരം അന്വേഷണങ്ങളുടെ വെളിച്ചത്തിൽ ചില റെയ്ഡുകൾ നടക്കുകയും പുസ്തകങ്ങൾ പിടിച്ചെടുത്ത് പ്രസാധകർക്കെതിരെ കേസെടുക്കുകയുമുണ്ടായിട്ടുണ്ട്. 2013 സെപ്റ്റംബർ നാലിന് പോലീസ് തിരൂരങ്ങാടിയിലെ ഒരു ബുക്ക് സ്റ്റാൾ റെയ്ഡ് ചെയ്ത് 'ദാവത്തും ജിഹാദും' എന്ന പുസ്തകം പിടിച്ചെടുത്തിരുന്നു. എന്നാൽ, ഇത്തരത്തിലുള്ള പുസ്തകങ്ങൾ വ്യാപകമായി സമൂഹത്തിൽ പ്രചരിക്കുന്നുണ്ട് എന്നത് വ്യക്തമായിട്ടും, അതെക്കുറിച്ച് വിശദമായ അന്വേഷണം നടത്താനോ നടപടികൾ സ്വീകരിക്കാനോ സർക്കാർ തയ്യാറായിട്ടില്ല. ഇത്തരം വിഷയങ്ങളിൽ മുഖ്യധാരാ മാധ്യമങ്ങളും പൂർണ്ണ നിശബ്ദതയാണ് എക്കാലവും പുലർത്തുന്നത് എന്നുള്ളതും കൗതുകകരമാണ്.

ഇത്തരത്തിൽ കേരളസമൂഹത്തിൽ വർദ്ധിച്ചുവരുന്ന തീവ്രവാദ പ്രവർത്തനങ്ങളെക്കുറിച്ച് കത്തോലിക്കാ സഭാനേതൃത്വം വിശ്വാസികൾക്ക് മുന്നറിയിപ്പ് നൽകുമ്പോൾ മാത്രമാണ് പലപ്പോഴും വിവാദങ്ങൾ ഉണ്ടാകാറുള്ളത് എന്നുള്ളതാണ് വിചിത്രമായ കാര്യം. അതേസമയം, മറ്റുചില പ്രധാന വ്യക്തിത്വങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ ഇക്കാര്യം പറയുമ്പോൾ വാർത്തകൾ പോലുമാകാതെ പോവുകയും ചെയ്യുന്നു. ഇസ്ലാമിക ഭീകരവാദത്തിന്റെയും തീവ്രവാദികളുടെയും സാന്നിധ്യം കേരളസമൂഹത്തിലുണ്ട് എന്ന് വിരമിക്കുന്നതിന് തൊട്ടുമുമ്പ് മുൻ ഡിജിപിയും വിരമിച്ചതിന് ശേഷമാണെങ്കിൽ പോലും, ചുരുങ്ങിയത് മൂന്ന് മുൻ ഡിജിപിമാരും വ്യക്തമാക്കിയിട്ടുണ്ട്. അത്തരം വെളിപ്പെടുത്തലുകൾ സാധാരണയായി പലരും അവഗണിക്കുകയാണ് ഇതുവരെയും ചെയ്തിട്ടുള്ളത്. പാലാ രൂപതാദ്ധ്യക്ഷൻ ഒരു ദേവാലയത്തിൽ വിശ്വാസികളോട് മാത്രമായി പറഞ്ഞതും, ലോകം മുഴുവൻ തിരിച്ചറിയുന്നതുമായ ചില വസ്തുതകളെ ചൊല്ലി വലിയ വിവാദങ്ങൾക്കും പ്രതിഷേധപരമ്പരകൾക്കും തിരികൊളുത്തിയ വ്യക്തികളും സംഘടനകളും തുടങ്ങി ആരും തന്നെ മേൽപ്പറഞ്ഞ വെളിപ്പെടുത്തലുകളോട് പ്രതികരിച്ചുകണ്ടിട്ടില്ല. ഇത്തരം വിചിത്രമായ നിലപാടുകളും പ്രതികരണ ശൈലികളിലെ കൗതുകകരമായ വ്യത്യാസങ്ങളും മാധ്യമങ്ങളുടെയും രാഷ്ട്രീയക്കാരുടെയും ഈ വിഷയങ്ങളിലെ ഇരട്ടത്താപ്പുകളും പലതും പറയാതെ പറയുന്നുണ്ട്. ബുദ്ധിയും വിവേകവുമുള്ളവർ അതൊക്കെ മനസ്സിലാക്കുന്നുണ്ട് എന്നുള്ളത് നിശ്ചയം. ■

പ്രസ്താവനകൾ

# കെസിബിസി ആഗസ്റ്റ് സമ്മേളനം

*കേരള കത്തോലിക്കാ മെത്രാന്മാരുടെ വാർഷിക ധ്യാനവും കെ.സി.ബി.സി സമ്മേളനവും ആഗസ്റ്റ് 2 മുതൽ 6 വരെ ഓൺലൈൻ ആയി നടന്നു. വിവിധ ആനുകാലിക വിഷയങ്ങളെക്കുറിച്ചും കേരളത്തിലെ ക്രൈസ്തവ സമൂഹത്തെ പ്രത്യേകമായി ബാധിക്കുന്ന വിഷയങ്ങളെക്കുറിച്ചും വിശദമായ ചർച്ചകൾ സമ്മേളനത്തിൽ നടന്നു.*

**1. മനുഷ്യ ജീവന്റെ മഹത്വം**

കുടുംബങ്ങളുടെ ഭദ്രതയെയും കുഞ്ഞുങ്ങളുടെ ജനനനിരക്കിനെയും കുറിച്ചുള്ള ചർച്ചകൾ സമീപകാലത്ത് കേരളസമൂഹത്തിൽ സജീവമായിരുന്നല്ലോ. ഗർഭധാരണ നിമിഷം മുതൽ മനുഷ്യജീവൻ ആദരിക്കപ്പെടണം എന്നതാണ് കത്തോലിക്കാസഭയുടെ ധാർമ്മിക നിലപാട്. വികസനനയങ്ങളിലെ വൈകല്യങ്ങൾ മൂലമുണ്ടാകുന്ന സാമൂഹിക പ്രതിസന്ധികൾക്ക് ജനസംഖ്യ കുറയ്ക്കുക മാത്രമാണ് പരിഹാരം എന്ന നിലപാട് യുക്തിസഹമല്ല. കുഞ്ഞുങ്ങളുടെ ജനന നിരക്ക് കുത്തനെ കുറച്ച വികസിത രാജ്യങ്ങളും ചൈനയും അതിന്റെ തിക്തഫലങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നപ്പോൾ മാറി ചിന്തിക്കാൻ നിർബന്ധിതരായിരിക്കുകയാണ്. മനുഷ്യ വിഭവശേഷിയുടെ ശരിയായ സാമൂഹിക അനുപാതം വികസനത്തിന് അനിവാര്യമാണെന്ന സത്യം പരിഷ്കൃത സമൂഹം അംഗീകരിച്ചിട്ടുള്ളതാണ്. സ്വാഭാവിക ജനനനിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചു വ്യക്തമായ ബോധവൽക്കരണം നൽകിക്കൊണ്ടു സർക്കാരിന്റെ ജനസംഖ്യാ നിയന്ത്രണസംരംഭങ്ങളോടു ക്രിയാത്മകമായി സഹകരിച്ച ചരിത്രമാണ് ക്രൈസ്തവ സഭകൾക്കുള്ളത്. എന്നാൽ, നിലനില്പുതന്നെ അപകടത്തിലാകത്തക്കവിധം ക്രൈസ്തവരുടെ ഇടയിലെ ജനനനിരക്കു കുറയുന്നത് ആശങ്കാജനകമാണ്. 1950-കളിൽ കേരളത്തിലെ ജനസംഖ്യയിൽ 24.6 ശതമാനമുണ്ടായിരുന്ന ക്രൈസ്തവർ ഇന്ന് കേവലം 17.2 ശതമാനമായി കുറഞ്ഞിരിക്കുന്നു. കുഞ്ഞുങ്ങളുടെ ജനനനിരക്ക് ഏറ്റവും കുറഞ്ഞ സമുദായമായി ക്രൈസ്തവർ (1.8%) കേരളത്തിൽ മാറിയിരിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് കൂടുതൽ കുഞ്ഞുങ്ങളുള്ള കുടുംബങ്ങൾക്ക് കൈത്താങ്ങാകുന്ന പദ്ധതികളുമായി വിവിധ രൂപതകൾ മുന്നോട്ടു വന്നത്. ഈ വിഷയത്തിൽ തികച്ചും തെറ്റിദ്ധാരണാജനകമായ വാർത്തകൾ പ്രചരിപ്പിക്കാൻ ശ്രമിച്ചവർ തെറ്റുമനസ്സിലാക്കി സ്വയം തിരുത്തുന്നതായി കാണുന്നത് ആശാവഹമാണ്.

www.malankaralibrary.com



**2. തീരദേശത്തിന്റെ ആശങ്കകൾ**

കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ജീവിച്ചുകൊണ്ടു മത്സ്യബന്ധനത്തിലും അനുബന്ധ തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്ന തീരദേശസമൂഹത്തിന്റെ സങ്കടങ്ങൾ സർക്കാർ ഗൗരവമായി പരിഗണിക്കണം. അവർ നേരിടുന്ന പ്രതിസന്ധികളെ അതിജീവിക്കാനാവശ്യമായ സംവിധാനങ്ങൾ ഒരുക്കി നല്കാൻ സർക്കാർ തയ്യാറാകണം. തീരശോഷണംമൂലം കിടപ്പാടവും ജീവനോപാധികളുമാണ് ഇവർക്ക് നഷ്ടമായിരിക്കുന്നത്. തീരശോഷണം ഇല്ലാതാക്കാനാവശ്യമായ ആധുനിക സാങ്കേതിക സംവിധാനങ്ങൾ വിദഗ്ദ്ധപഠനത്തിന്റെ വെളിച്ചത്തിൽ ക്രമീകരിക്കാൻ സർക്കാർ മുന്നോട്ടുവരണം. കടൽക്ഷോഭം അതിരൂക്ഷമായ ചെല്ലാനംപോലുള്ള സ്ഥലങ്ങളിൽ പുലിമുട്ടുകൾ അടിയന്തരമായി നിർമ്മിച്ച് തീരവാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം ഒരുക്കണം. കൊച്ചിൻ തുറമുഖത്ത് ആഴം കൂട്ടുമ്പോൾ (Drudging) ലഭിക്കുന്ന മണ്ണ് തീരശോഷണം അനുഭവിക്കുന്ന പ്രദേശങ്ങളിൽ നിക്ഷേപിച്ചുകൊണ്ട് തീരങ്ങളുടെ നിലനില്പ് ഉറപ്പുവരുത്താവുന്നതാണ്. രാജ്യത്തിന് ഏറെ വിദേശനാണ്യം നേടിത്തരുന്ന തീരവാസികളുടെ ന്യായമായ ആവശ്യങ്ങളെ കൂടുതൽ അനുഭാവപൂർവ്വം പരിഗണിക്കാൻ സർക്കാർ തയ്യാറാകണം.

**3. സാമൂഹ്യനീതിയുടെ സംരക്ഷണം**

ഈശോ സഭാംഗമായ ഫാ. സ്റ്റാൻ ലൂർദ് സ്വാമിയുടെ അറസ്റ്റും അദ്ദേഹത്തിന് ജയിലിൽ വച്ച് അനുഭവിക്കേണ്ടിവന്ന അവഗണനയും തുടർന്ന് ജാമ്യം ലഭിക്കാതെ അദ്ദേഹം ആശുപത്രിയിൽ മരിക്കാൻ ഇടയായ സാഹചര്യവും അത്യന്തം ദുഖകരമാണ്. ജനാധിപത്യത്തിൽ വിശ്വസിക്കുന്ന സകല പൗരന്മാരെയും ആശങ്കപ്പെടുത്തുന്ന നടപടിയായിട്ടാണ് ഈ സംഭവം വിലയിരുത്തപ്പെടുന്നത്. ദളിതരെയും ആദിവാസികളെയും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുവാനായി ജീവിതം സമർപ്പിച്ച വ്യക്തിയായിരുന്നു ഫാ. സ്റ്റാൻ സ്വാമി. സമൂഹത്തിലെ ഏറ്റവും അവഗണിക്കപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി അദ്ദേഹം എടുത്ത ധീരമായ നിലപാടുകളും ചൂഷണത്തിനെതിരെ അദ്ദേഹം നടത്തിയ സമരങ്ങളും ഏറെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. തന്റെ ജീവിതസാക്ഷ്യവും മരണവുംവഴി ഇന്ത്യയിലെ ആദിവാസികൾ അഭിമുഖീകരിക്കുന്ന ചൂഷണങ്ങളെ സമൂഹമധ്യത്തിൽ ചർച്ചാവിഷയമാക്കുവാൻ ഫാ. സ്റ്റാൻ സ്വാമിക്ക് കഴിഞ്ഞു. അദ്ദേഹത്തിനെതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങളുടെ നിജസ്ഥിതി പൊതുസമൂഹത്തിനു മുമ്പിൽ വെളിപ്പെടുത്താൻ ഭരണകൂടത്തിന് ഉത്തരവാദിത്തമുണ്ട്. ഇതിനാവശ്യമായ നിയമനടപടികൾ സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

**4. ആരാധനാ സ്വാതന്ത്ര്യം**

ഭാരതത്തിന്റെ ഭരണഘടന ഉറപ്പുതരുന്ന ആരാധനാ സ്വാതന്ത്ര്യം ഹനിക്കപ്പെടുന്ന രീതിയിൽ ആരാധനാലയങ്ങൾ തകർക്കപ്പെടുന്നത് മതേതരരാജ്യമായ ഇന്ത്യയുടെ യശസ്സിനു കളങ്കം വരുത്തുന്നതാണ്. ഡൽഹിയിൽ കത്തോലിക്കാപള്ളി പൊളിച്ചുമാറ്റിയ നടപടി അത്യന്തം ദുഃഖകരവും പ്രതിഷേധാർഹവുമാണ്. മതവികാരങ്ങളെ മുറിപ്പെടുത്തുന്ന ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ജനാധിപത്യ മതേതര സർക്കാരുകൾ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഉചിതവും നീതിയുക്തവുമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**5. ആവിഷ്ക്കാര സ്വതന്ത്ര്യവും മതവിശ്വാസവും**

കലാ മാധ്യമ രംഗങ്ങളിൽ ക്രൈസ്തവ വിരുദ്ധ വികാരം സമീപകാലത്ത് വർദ്ധിച്ചുവരുന്നതായി യോഗം വിലയിരുത്തി. കലാരംഗത്തെ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം അംഗീകരിക്കുമ്പോൾത്തന്നെ അത് മതവികാരങ്ങളെ മുറിപ്പെടുത്തുന്ന വിധത്തിൽ ഉപയോഗിക്കാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളെയും കൂദാശകളെയും പൗരോഹിത്യത്തെയും ക്രൈസ്തവ പ്രതീകങ്ങളെയും അവഹേളിക്കുന്ന പ്രവണത കലാരംഗത്ത് വിശേഷിച്ചും ചലച്ചിത്ര മേഖലയിൽ വർദ്ധിച്ചുവരുന്നുണ്ട്. ഒരു സമൂഹത്തിന്റെ മതവിശ്വാസങ്ങളെയും വിശുദ്ധ ബിംബങ്ങളെയും ബോധപൂർവ്വം അവമതിക്കുന്നതും അവഹേളനാപരമായി ചിത്രീകരിക്കുന്നതും സംസ്കാരസമ്പന്നമായ സമൂഹത്തിന് ഭൂഷണമല്ല. ഉത്തരവാദപ്പെട്ടവർ ഇക്കാര്യത്തിൽ ക്രൈസ്തവ സമൂഹത്തിനുള്ള ആശങ്കകൾ തിരിച്ചറിഞ്ഞ് വേണ്ട തിരുത്തലുകൾ വരുത്തുമെന്ന് പ്രതീക്ഷിക്കുന്നു. ഇത്തരം സംഭവങ്ങളോടുള്ള പ്രതികരണങ്ങൾ പ്രതിപക്ഷ ബഹുമാനത്തോടെയും ക്രിസ്തീയ ചൈതന്യത്തിനു ചേർന്ന മാന്യതയോടെയുമായിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

**6. കോവിഡ് പ്രതിസന്ധി**

കോവിഡ് ക്രമാതീതമായി വർദ്ധിച്ചുവരുന്നതിലും മൂന്നാം തരംഗം ആസന്നമാണെന്ന മുന്നറിയിപ്പിലും ജനങ്ങൾ വേണ്ടത്ര ഗൗരവത്തോടെ ജാഗ്രത പാലിക്കണം. ഇക്കാര്യത്തിൽ സർക്കാരും ആരോഗ്യ വിദഗ്ദ്ധരും നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിൽ നമ്മുടെ സ്ഥാപനങ്ങൾ മാതൃകയാകണം. ശാസ്ത്രീയമായ പഠനങ്ങളുടെ വെളിച്ചത്തിൽ ലോക്ഡൗണിന്റെ നിബന്ധനകൾ ക്രമീകരിക്കാൻ സർക്കാർ സന്നദ്ധമാകണം. ജനങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്ന നടപടികൾ അവരുടെ ഉപജീവനമാർഗങ്ങളെ തടസ്സപ്പെടുത്തുന്നതാകാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. സ്ഥലസൗകര്യങ്ങൾക്കനുസരിച്ച് ദൈവാലയങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കൂടുതൽപേർക്ക് ആരാധന നടത്താൻ സാധിക്കുന്നവിധം അനുവാദം നല്കാനും സർക്കാർ താൽപര്യമെടുക്കണം. (09/08/2021)

www.malankaralibrary.com

# തളരുന്ന കൃഷിയും തകരുന്ന കർഷകരും



**അലക്സ് ഒഴുകയിൽ**
ചെയർമാൻ, കിഫ

**മു**ൻപെങ്ങുമില്ലാത്ത വിധം അതിരൂക്ഷമായ പ്രതിസന്ധിയിലൂടെയാണ് കേരളത്തിലെ കർഷകർ കടന്നു പോയ്ക്കൊണ്ടിരിക്കുന്നത്. ഒരുവശത്ത് ഉൽപന്നങ്ങളുടെ വിലത്തകർച്ചയും, വർധിച്ച വളം, കൂലി ചിലവുകളും കർഷകരെ ശ്വാസം മുട്ടിക്കുമ്പോൾ മറുവശത്തു വന്യമൃഗ ശല്യവും കൃഷിയിടത്തിൽ വന നിയമങ്ങൾ അടിച്ചേൽപ്പിക്കുന്നതും കാർഷിക വൃത്തി അസാധ്യമാക്കുന്ന തരത്തിലേക്ക് വളർന്നിരിക്കുന്നു. 1960 ൽ കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 53 ശതമാനം കാർഷിക മേഖലയുടെ സംഭാവനയായിരുന്നു. 2020 ൽ അത് 8 ശതമാനമായി ചുരുങ്ങിയിരിക്കുന്നു. ജനങ്ങളിൽ എത്ര പേര് കാർഷിക വൃത്തിയെ ആശ്രയിച്ചു ജീവിക്കുന്നു എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. 1960 ൽ മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 53 ശതമാനം കാർഷിക മേഖല സംഭാവന ചെയ്തിരുന്ന സമയത്തു കേരളത്തിലെ 53 ശതമാനം ആളുകൾ കാർഷികവൃത്തിയെ ആശ്രയിച്ചായിരുന്നു ജീവിച്ചിരുന്നത്. എന്നാൽ നിലവിൽ കാർഷിക മേഖലയുടെ സംഭാവന 8 ശതമാനമായി കുറഞ്ഞപ്പോഴും കേരളത്തിലെ ജനങ്ങളുടെ 25 ശതമാനം ആളുകളും ഇപ്പോഴും കാർഷിക വൃത്തിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. അതായത് മൊത്തം ആഭ്യന്തര ഉല്പാദനത്തിൽ കാർഷിക മേഖലയുടെ പങ്ക് ആറിൽ ഒന്നായി കുറഞ്ഞപ്പോൾ കാർഷിക മേഖലയെ ആശ്രയിച്ചു ജീവിക്കുന്നവരുടെ എണ്ണം പകുതി മാത്രമേ കുറഞ്ഞിട്ടുള്ളൂ. ഇതിന്റെ അർത്ഥം കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നവരുടെ പ്രതിശീർഷ വരുമാനത്തിൽ ഗണ്യമായ കുറവ് കഴിഞ്ഞ 60 വർഷം കൊണ്ട് ഉണ്ടായിട്ടുണ്ട് എന്നതാണ്.



എന്തുകൊണ്ട് കേരളത്തിൽ കൃഷി നഷ്ടമാകുന്നു എന്നുള്ളതിന്റെ നേർചിത്രമാണ് കഴിഞ്ഞ 60 വർഷം കൊണ്ട് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട കൃഷിയായ തേങ്ങയുടെ വിലയിലുണ്ടായ വർദ്ധനയും കൂലിച്ചെലവിലുണ്ടായ വർദ്ധനയും തമ്മിലുള്ള താരതമ്യം. 1960 ലെ സാമ്പത്തിക സർവ്വേ പ്രകാരം, ഒരു കാർഷിക തൊഴിലാളിയുടെ ശരാശരി ദിവസക്കൂലി 1 രൂപ മുതൽ 1.5 രൂപ വരെയായിരുന്നു. ഇതേ റിപ്പോർട്ട് പ്രകാരം, ഒരു തേങ്ങയുടെ ശരാശരി വില 20 പൈസയും ആയിരുന്നു. എന്നുവെച്ചാൽ 6 തേങ്ങാ വിറ്റാൽ ഒരു ദിവസത്തെ പണിക്കൂലി നല്കാൻ സാധിക്കുമായിരുന്നു. ഇന്ന് ഒരു തേങ്ങയ്ക്കു കർഷകന് ലഭിക്കുന്ന ശരാശരി വില 15 രൂപയും ഒരു ദിവസത്തെ പണിക്കൂലി 800 രൂപയുമാണ്. അതായത് 1960 ൽ 6 തേങ്ങാ വിറ്റാൽ എടുപ്പിക്കാൻ കഴിയുന്ന പണിയെടുപ്പിക്കാൻ ഇന്ന് 63 തേങ്ങാ വിൽക്കണം (കേരളത്തിലെ ഒരു തെങ്ങിൽ നിന്നുള്ള ശരാശരി ഉത്പാദനം വർഷത്തിൽ 60 തേങ്ങയാണ്. അത് മുഴുവൻ വിറ്റാലേ ഒരു ദിവസം പണിയെടുപ്പിക്കാൻ പറ്റൂ എന്നർത്ഥം)

1960 കളിൽ 8 ലക്ഷം ഹെക്ടർ സ്ഥലത്ത് കേരളത്തിൽ നെൽകൃഷി ഉണ്ടായിരുന്നു. ഇന്ന് അത് 2 ലക്ഷം ഹെക്ടറിലേക്ക് കുറഞ്ഞിരിക്കുന്നു. എന്തുകൊണ്ട് കേരളത്തിലെ കർഷകർ നെൽകൃഷി ഉപേക്ഷിക്കുന്നു എന്നതിന്റെ കാരണം നെൽകൃഷിയിലെ ചെലവും വരുമാനവും തമ്മിൽ താരതമ്യം ചെയ്താൽ വ്യക്തമായി മനസ്സിലാകും. കേരളത്തിൽ നെൽകൃഷിയിൽ നിന്നുള്ള ശരാശരി ഉത്പാദനം ഏക്കറിന് 12 ക്വിന്റൽ നെല്ലാണ്. ഒരു ക്വിന്റൽ നെല്ലിന് സർക്കാർ നൽകുന്ന താങ്ങുവില 2800 രൂപയാണ് (ഇത് പോലും സമയത്തു നൽകാത്തത് കൊണ്ട് സ്വകാര്യ മില്ലുകൾക്ക് ഇതിലും കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ കർഷകർ നിർബന്ധിതരാകുന്നുണ്ട്)

സർക്കാർ റേറ്റ് പ്രകാരം ഒരേക്കർ നെൽകൃഷിയിൽ നിന്നും ലഭിക്കുന്നത് 33,600 രൂപയാണ്. ഇതിൽ ഏറ്റവും കുറഞ്ഞത് 15000 രൂപ ചെലവ് വരും. ബാക്കി കർഷകന് ലഭിക്കുന്നത് 18600 രൂപ. കേരളത്തിലെ ഭൂരിഭാഗം നെൽകർഷകരും വർഷത്തിൽ ഒരിക്കൽ മാത്രം കൃഷി ചെയ്യുന്നവരാണ്. എന്നുവച്ചാൽ, ഒരു ഏക്കർ നെൽകൃഷിയുള്ള കർഷകന്റെ ഒരു വർഷത്തെ മുഴുവൻ വരുമാനം 18600 രൂപയും, ഒരു മാസത്തിൽ 1550 രൂപയും ഒരു ദിവസം 52 രൂപയുമാണ്. 4 പേരുള്ള ഒരു കുടുംബമാണെങ്കിൽ ആ കുടുംബത്തിലെ ഒരാൾക്ക് ഒരുദിവസം ലഭിക്കുന്ന വരുമാനം 13 രൂപയാണ്. കേരള

www.malankaralibrary.com

ത്തിലെ മിക്കവാറും സ്ഥലങ്ങളിൽ ചായക്കടയിൽ നിന്ന് ഒരു ചായ കുടിക്കണമെങ്കിൽ കുറഞ്ഞത് 10 രൂപ ചെലവാകും. എന്നുവച്ചാൽ ഒരേക്കർ മാത്രം നെൽകൃഷിയുള്ള ഒരു കർഷക കുടുംബത്തിലെ ഓരോരുത്തർക്കും ഒരു ദിവസം മൂന്നു നേരം ഭക്ഷണം കഴിക്കാൻ പോയിട്ട് രണ്ടു ചായ കുടിക്കാനുള്ള പണം പോലും ഒരേക്കർ നെൽകൃഷിയിൽ നിന്നും ലഭിക്കില്ല എന്നർത്ഥം. റബ്ബർ അടക്കമുള്ള കേരളത്തിലെ പ്രധാനപ്പെട്ട മറ്റ് എല്ലാ വിളകൾക്കും സമാനമായ നഷ്ടത്തിന്റെ കണക്കുകളാണ് പറയാനുള്ളത്.

**വന്യമൃഗങ്ങളുടെ ആക്രമണം**

ഇത്തരത്തിൽ കൃഷിയും കാർഷികമേഖലയിൽ ഊന്നിയുള്ള ജീവിതവും വലിയൊരു ചോദ്യചിഹ്നമായി നിൽക്കുന്ന കർഷകരുടെ ജീവിതത്തിലേക്കാണ് ഇടിത്തീ പോലെ മുൻപെങ്ങുമില്ലാത്ത രീതിയിൽ വന്യമൃഗങ്ങളുടെ ആക്രമണം ഉണ്ടാകുന്നത്. കേരളത്തിലെ കാർഷിക മേഖല ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നായി വന്യമൃഗശല്യം മാറിയിരിക്കുന്നു. പണ്ടുകാലങ്ങളിൽ മലയോരമേഖലയിൽ മാത്രം ഒതുങ്ങി നിന്നിരുന്ന വന്യമൃഗശല്യം ഇപ്പോൾ മലയോരമെന്നോ ഇടനാടെന്നോ തീരപ്രദേശമെന്നോ പോലും വ്യത്യാസമില്ലാതെ എല്ലാ മേഖലകളിലേക്കും എത്തിയിരിക്കുന്നു. 2008 മുതൽ 2018 വരെയുള്ള 10 വർഷത്തിനുള്ളിൽ മാത്രം കേരളത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടത് 996 മനുഷ്യരാണ്. 3585 ആളുകൾക്ക് പരിക്കേൽക്കുകയും 38994 കർഷകർക്ക് കൃഷി നാശം വരുത്തുകയും ചെയ്തു.

ഓരോ വർഷം കഴിയുന്തോറും ഈ പ്രശ്നം കൂടി വരുന്നു എന്നല്ലാതെ കുറയുന്ന ലക്ഷണം കാണുന്നില്ല. 2007 ൽ 13 പേർ കൊല്ലപ്പെട്ടപ്പോൾ 2017 ൽ 168 പേരാണ് വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടത്. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന ഏറ്റവും പ്രാഥമികമായ മൗലികാവകാശമായ ജീവനും ജീവനോപാധിക്കുമുള്ള അവകാശം വന്യമൃഗങ്ങൾ നിർദ്ദയം ചവിട്ടിയരച്ചിട്ടും ഉത്തരവാദപ്പെട്ടവർ തുടരുന്ന മൗനവും അലംഭാവവും ഭീതികരമാണ്. ഇതിനെതിരേ കേരളത്തിലെ കർഷകരും പൊതുസമൂഹവും പ്രതികരിച്ചേ മതിയാവൂ.

വന്യമൃഗങ്ങൾ ഉണ്ടാക്കുന്ന എല്ലാ നാശനഷ്ടങ്ങൾക്കും ആശ്വാസ ധനസഹായം നല്കാൻ 1980 ലെ The Kerala Rules for Payment of Compensation to Victims of Attack by Wild Animals എന്ന നിയമപ്രകാരം വ്യവസ്ഥയുണ്ട്. വന്യമൃഗങ്ങൾ ഉണ്ടാക്കിയ നഷ്ടത്തിന് പരിഹാരം ചോദിച്ചു ഫോറസ്റ്റോഫീസിൽ ചെല്ലുമ്പോൾ, ഇതിനൊന്നും നഷ്ടപരിഹാരം തരാൻ നിയമമില്ല എന്നുപറഞ്ഞ് പാവപ്പെട്ട കർഷകരെ ഫോറസ്റ്റ് ഉദ്യോഗസ്ഥർ മടക്കി അയച്ചിട്ടുള്ള നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. നിയമത്തെപ്പറ്റിയുള്ള കർഷകരുടെ അജ്ഞത മുതലെടുക്കുകയാണ് ഇവിടെ സംഭവിക്കുന്നത്.

നടപടിക്രമങ്ങളുടെ ബാഹുല്യംകൊണ്ടും, നൽകുന്നത് തുച്ഛമായ തുകയായതുകൊണ്ടും പൊതുവെ കർഷകർ നഷ്ടപരിഹാരത്തിന് അപക്ഷിക്കാറില്ല. ഇത് തികച്ചും തെറ്റായ പ്രവണതയാണ്. വനംവകുപ്പ് ഉന്നത അധികാരികൾ ഓരോ പ്രദേശത്തുമുള്ള വന്യമൃഗശല്യത്തിന്റെ രൂക്ഷത അളക്കുന്നതും ഫെൻസിങ് അടക്കമുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കു പണം അനുവദിക്കുന്നതും ഓരോ റേഞ്ചിന് കീഴിലും എത്ര പരാതികൾ വന്നിട്ടുണ്ട് എന്നു നോക്കിയാണ്. ഇപ്പോൾ ഇത്തരം പരാതികൾ ഓൺലൈൻ ആയി സമർപ്പിക്കാനുള്ള സൗകര്യവും ഉണ്ട്. അതുകൊണ്ടുതന്നെ എല്ലാ കർഷകരും ഈ സൗകര്യം പ്രയോജനപ്പെടുത്തി പരമാവധി പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി അവരെ ബോധവൽക്കരിക്കേണ്ടതുണ്ട്.

*വന്യമൃഗശല്യം അവസാനിപ്പിക്കാൻ സർക്കാർ അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ*

1. International Union for Conservation of Nature (IUCN) Conservation Status പ്രകാരം LEAST CONCERN വിഭാഗത്തിൽ പെടുന്ന വന്യ മൃഗങ്ങളെ (ഉദാഹരണം: കാട്ടുപന്നി , കുരങ്ങ്) ഒരു വർഷത്തേക്ക് ക്ഷുദ്രജീവിയായി (VERMIN) പ്രഖ്യാപിക്കുവാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടുക. അങ്ങനെ ക്ഷുദ്ര ജീവികളായി പ്രഖ്യാപിക്കുന്നതു വരെ വന്യജീവി സംരക്ഷണ നിയമത്തിലെ 11 (1b) വകുപ്പുകൾ പ്രകാരം അവയെ ഉപാധിരഹിതമായി കൊല്ലുവാനുള്ള അനുവാദം കർഷകർക്ക് നൽകുക.

2. വനത്തിന്റെ CARRYING CAPACITY നിർണയം അന്താരാഷ്ട്ര ഏജൻസികളെക്കൊണ്ട് നടത്തി പ്രസിദ്ധീകരിക്കുകയും, ഏതെങ്കിലും വന്യജീവി വർഗം CARRYING CAPACITY ക്കു അതീതമായി പെറ്റു പെരുകുന്നുണ്ടോ എന്ന് സ്ഥിരമായി നിരീക്ഷിച്ചു അങ്ങനെ പെരുകുന്നവയുടെ എണ്ണം ശാസ്ത്രീയമായ CULLING ലൂടെ ക്രമീകരിക്കുക. അമേരിക്കയിലെ അരിസോണ സംസ്ഥാനത്തു Grand Canyon മേഖലയിൽ കാട്ടുപോത്തുകളെ culling നടത്തുന്നതുമായി ബന്ധപെട്ടു 2020 മെയ് മാസം BBC റിപ്പോർട്ട് ചെയ്ത വാർത്തയുടെ ലിങ്ക് ഇതോടൊപ്പം കൊടുക്കുന്നു: https://www.bbc.com/news/world-us-canada-57017028

3. കേരളത്തിൽ അതിരൂക്ഷമായി തുടരുന്ന വന്യജീവി ശല്യം നിയന്ത്രിക്കാൻ വനാതിർത്തിയിൽ നിന്നും 500 മീറ്റർ ഉള്ളിലേക്ക് Human Sensitive Zone (HSZ) സ്ഥാപിക്കുകയും വന്യമൃഗങ്ങളെ HSZ അതിർത്തിയിൽ തടയുകയും ചെയ്യുക.

4. വന്യജീവി ശല്യം നേരിടാൻ ആവശ്യമായ പുതിയ തോക്കു ലൈസൻസുകൾ ഉടനടി അനുവദിക്കുകയും, പുതുക്കാത്ത ലൈസൻസുകൾ പുതുക്കി നൽകുകയും ഇപ്പോൾ പോലീസ് സ്റ്റേഷനുകളിൽ ഏല്പിച്ചിരിക്കുന്ന തോക്കുകൾ ഉടനടി മടക്കി നൽകുകയും ചെയ്യുക.

5. WPC No 12496 OF 2021 (J)



www.malankaralibrary.com

കേസിൽ 2021 ജൂലൈ 23 നു കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം കൃഷിക്കും ജീവനും ഭീഷണിയാകുന്ന കാട്ടുപന്നികളെ ഉപാധിരഹിതമായി വേട്ടയാടാനുള്ള അവകാശം 6 കർഷകർക്ക് ലഭിച്ചിട്ടുണ്ട്. ഈ അവകാശം കേരളത്തിലെ മുഴുവൻ കർഷകർക്കും നൽകുക.

6. വന്യജീവികൾ വസിക്കേണ്ടത് വനത്തിലായതുകൊണ്ടും, അതിന്റെ പരിപൂർണമായ ഉത്തരവാദിത്തം ഫോറസ്റ്റ് വകുപ്പിനും സംസ്ഥാന സർക്കാരിനും ആയതുകൊണ്ടും, സർക്കാർ ആ ഉത്തരവാദിത്തം നിറവേറ്റാതെ വന്യജീവികൾ കൃഷിയിടത്തിൽ ഇറങ്ങിയാൽ, അത്തരം വന്യജീവികളെ ഏതു മാർഗം ഉപയോഗിച്ചും നേരിടുവാനും സ്വന്തം ജീവനും കൃഷിയും സംരക്ഷിക്കാനുള്ള ഭരണഘടനാപരമായ അവകാശം (Article 21) കർഷകർക്കു ഉറപ്പു വരുത്തുക.

7. മനുഷ്യ ആവാസ വ്യവസ്ഥയിൽ കടന്നു കയറുന്ന ആന, കടുവ, പുലി , കാട്ടുപോത്ത് ഇത്യാദി മൃഗങ്ങൾക്കു റേഡിയോ കോളർ ഘടിപ്പിക്കുകയും അവ വീണ്ടും മനുഷ്യവാസ മേഖലയിൽ കടന്നു കൂടുന്ന പക്ഷം പിടികൂടി ബന്ധനത്തിലാക്കുകയും ചെയ്യുക.

8. ഇത്തരം മൃഗങ്ങൾ മനുഷ്യജീവന് ഹാനിയുണ്ടാകുന്ന പക്ഷം വന്യജീവി സംരക്ഷണ നിയമം സെക്ഷൻ 11 (1a) പ്രകാരം അവയെ വേട്ടയാടാൻ ഉടനടി ഉത്തരവിടുക.

9. വന്യമൃഗ ആക്രമണത്തിൽ കൊല്ലപെടുന്നവർക്കും പരിക്കേൽക്കുന്നവർക്കും ഇപ്പോൾ നൽകുന്ന തുച്ഛമായ ആശ്വാസ ധനത്തിനു പകരം മോട്ടോർ ആക്സിഡന്റ് നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്നതു പോലെ ഓരോ കേസും പ്രത്യേകമായി എടുത്തുകൊണ്ട്, ഓരോരുത്തരുടെയും പ്രായം, ആശ്രയിച്ചു ജീവിക്കുന്നവരുടെ എണ്ണം തുടങ്ങിയ മാനദണ്ഡങ്ങൾ വെച്ചുകൊണ്ട് ന്യായമായ നഷ്ടപരിഹാരം ഉറപ്പു വരുത്തുകയും സമയബന്ധിതമായി അത് നൽകുകയും ചെയ്യുക

10. കാട്ടുപന്നിയെ വെർമിൻ ആയി പ്രഖ്യാപിക്കണമെന്ന കേരളത്തിന്റെ ആവശ്യത്തിന് മറുപടിയായി 2020 ഡിസംബറിൽ കേന്ദ്ര സർക്കാർ കേരളത്തിനു അയച്ച 831/2020WL നമ്പർ കത്തിൽ വളരെ വ്യക്തമായി കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത് പ്രകാരം, കാട്ടുപന്നി ശല്യം നേരിടാനായി പഞ്ചായത്തുകളുടെ സേവനം തേടുകയും പഞ്ചായത്തു പ്രസിഡന്റുമാരെ ഓണററി വൈൽഡ് ലൈഫ് വാർഡന്മാരായി നിയമിക്കുകയും ചെയ്യുക. തെലങ്കാന അടക്കമുള്ള സംസ്ഥാനങ്ങൾ ഈ നിർദേശം നടപ്പാക്കി കഴിഞ്ഞു. കേരളവും ഉടനടി നടപ്പാക്കുക. കാട്ടുപന്നിക്കൊപ്പം കുരങ്ങിനെ നേരിടുവാനുള്ള അധികാരവും ഇത്തരത്തിൽ പഞ്ചായത്തുകൾക്ക് നൽകുക.

11. വന്യമൃഗങ്ങൾ ഉണ്ടാക്കുന്ന വിളനാശത്തിനു ഇപ്പോൾ നൽകുന്ന തുച്ഛമായ ആശ്വാസ ധനം മാറ്റി , കൃഷി വകുപ്പിന്റെ എസ്റ്റിമേറ്റ് പ്രകാരം, ഓരോ വിളയ്ക്കും അവയിൽ നിന്നും നിലവിൽ കിട്ടുന്ന വരുമാനവും , ഭാവിയിൽ കിട്ടാനിടയുള്ള വരുമാനവും കണക്കാക്കി ന്യായമായ നഷ്ടപരിഹാരം ശാസ്ത്രീയമായി നിർണ്ണയിക്കുകയും ആയതു 90 ദിവസത്തിനുള്ളിൽ നൽകുകയും ചെയ്യുക

12. വനാതിർത്തിയിൽ താമസിക്കുന്ന മനുഷ്യരുടെ സഹകരണമില്ലാതെ വനത്തെയും വന്യജീവികളെയും സംരക്ഷിക്കാൻ സാധിക്കില്ല എന്ന ബാലപാഠം ഫോറസ്റ്റ് ഉദ്യോഗസ്ഥരെ പഠിപ്പിക്കുക.

13. വനം വകുപ്പിന്റെ വനഭൂമിയിലെ തോട്ടക്കൃഷിയുടെ വിസ്തീർണ്ണം ക്രമമായി കുറച്ചു തൽസ്ഥാനത്തു വന്യ മൃഗങ്ങൾക്ക് തീറ്റയും വെള്ളവും ഉറപ്പു വരുത്തുന്ന സ്വാഭാവിക ആവാസ വ്യവസ്ഥ ഒരുക്കുക. സ്വാഭാ



www.malankaralibrary.com

വിക വനം വെട്ടിമാറ്റി ആയിരക്കണക്കിന് ഹെക്ടർ തേക്ക് പോലുള്ള വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിരിക്കുന്നത് ഘട്ടം ഘട്ടമായി വെട്ടിമാറ്റി സ്വാഭാവിക വനാന്തരീക്ഷം തിരികെ കൊണ്ടുവരിക.

14. കേരളത്തിലെ മുഴുവൻ വനം റവന്യു അതിർത്തി ജോയിന്റ് സർവേയുടെ അടിസ്ഥാനത്തിൽ അളന്നു തിരിച്ചു ഗസറ്റ് വിജ്ഞാപനം ഇറക്കുക.

**പരിസ്ഥിതി നിയമങ്ങളുടെ അടിച്ചേൽപ്പിക്കലുകൾ**

വന്യമൃഗശല്യത്തോപടൊപ്പം കേരളത്തിലെ കർഷകർ നേരിടാൻപോകുന്ന വലിയൊരു വെല്ലുവിളിയാണ് വന്യജീവി സങ്കേതങ്ങൾക്കു ചുറ്റും വരുന്ന ഇക്കോളജിക്കലി സെൻസിറ്റീവ് സോൺ (ESZ) അഥവാ ബഫർ സോൺ. കേരളത്തിലെ വന്യജീവിസങ്കേതങ്ങളുടേയും, ദേശീയ ഉദ്യാനങ്ങളുടേയും, (ആകെ 24) ചുറ്റും ബഫർ സോൺ എന്ന ഓമനപ്പേരിൽ മൂന്ന് ലക്ഷത്തി എൺപത്തി രണ്ടായിരം ഏക്കർ ഭൂമി പരിസ്ഥിതിലോലമായി പ്രഖ്യാപിച്ചുകൊണ്ട് അപ്രഖ്യാപിത കുടിയിറക്ക് നടത്തുന്നതിന്റെ ആദ്യഘട്ടത്തിന് തുടക്കം കുറിച്ചിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ബഫർ സോൺ പ്രഖ്യാപനം അതിനുള്ളിൽ വരുന്ന കർഷകരുടെയും മറ്റ് എല്ലാ വിഭാഗം ജനങ്ങളുടെയും ആവാസവ്യവസ്ഥിതിയുടെ മരണമണിയാണ്. ആരും ആരേയും നിർബന്ധപൂർവ്വം ഇറക്കിവിടുന്നില്ല. എന്നാൽ ഇതിന്റെ പിന്നിലുള്ള ചതിയുടെ ചരിത്രം മനസ്സിലാക്കി ഇന്ന് പ്രതികരിക്കാതിരുന്നാൽ വന്യമൃഗശല്യവും, കൃഷി നാശവും, വനം പരിസ്ഥിതി നിയമങ്ങളുടെ കൂച്ചുവിലങ്ങുകളും താങ്ങാനാവാതെ മനസ്സു മടുത്ത് എവിടേക്കെങ്കിലും പലായനം ചെയ്യുന്നവരുടെ കൂട്ടത്തിൽ നാമും ഉണ്ടാകും; അതും സമീപഭാവിയിൽ തന്നെ.

**എന്താണ് പരിസ്ഥിതിലോല പ്രദേശം അഥവാ ഇക്കോളജിക്കലി സെൻസിറ്റീവ് സോൺ (ESZ)?**

രാജ്യത്തെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും മറ്റും സുരക്ഷയ്ക്കും നിലനിൽപ്പിനും എന്ന പേരിൽ രാജ്യമെമ്പാടും ഇങ്ങനെയുള്ള കേന്ദ്രങ്ങളുടെ അതിർത്തിക്ക് പുറത്ത് 0 മുതൽ 10 കി.മീ. വരെ പ്രദേശങ്ങൾ പരിസ്ഥിതി ലോലമായി പ്രഖ്യാപിച്ചു കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. ബഫർ സോണായി പ്രഖ്യാപിക്കപ്പെടുന്ന പ്രദേശങ്ങളിൽ റവന്യൂ നിയമങ്ങൾ പാലിച്ചുപോരുന്ന ജനവാസ മേഖലകളാണെങ്കിൽപ്പോലും വനനിയമങ്ങൾ കൂടി ബാധകമാകുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ വന്യമൃഗങ്ങളെ സംരക്ഷിക്കാൻ നാടിനെ കാടായും നാട്ടുകാരെ കാട്ടുവാസികളായും മാറ്റുന്ന ഒരു നിഗൂഢ ഏർപ്പാട്. കർഷകർ കൈവശം വെച്ച് കൃഷി ചെയ്തു വരുന്ന ഒരിഞ്ചുഭൂമി പോലും ESZ ൽ ഉൾപെടരുത് എന്ന നിലപാടാണ് നാം സ്വീകരിക്കേണ്ടത്.

എന്തൊക്കെയാണ് ഈ ബഫർ പ്രദേശത്തു വരാൻ പോകുന്ന നിയന്ത്രണങ്ങൾ എന്ന് നോക്കാം. ബഫർ സോൺ (ESZ) പരിധിയിൽ ഉള്ള ജനങ്ങൾക്ക് അവിടെ താമസിക്കുന്നതിന് നിയമപരമായി തടസങ്ങളില്ല. പക്ഷെ സാധാരണ നിലയിലുള്ള ജനജീവിതം അസാധ്യമാക്കുന്ന തരത്തിലുള്ള നിയന്ത്രണങ്ങളാണ് മേഖലയിൽ നിർദേശിച്ചിരിക്കുന്നത്.

**കൃഷിയുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ**

1. കൃഷിക്കാർക്ക് നിലവിലുള്ള കൃഷികൾ ഉപാധികളോടെ തുടർന്ന് പോകാം. (Permitted as per the applicable laws for use of locals, item 4.19 in restricted list). നാട്ടുകാരായ കൃഷിക്കാർക്ക് സ്വന്തം ആവശ്യത്തിനുള്ള കൃഷികൾ മാത്രമേ അനുവദിക്കപ്പെടൂ. കേരളത്തിലെ മലയോര മേഘലകളിൽ കൃഷി ചെയ്യുന്ന വിളകളിൽ ഭൂരിപക്ഷവും കർഷകർ സ്വന്തം ആവശ്യത്തിനല്ല കൃഷി ചെയ്യുന്നത്. അപ്പോൾ ഈ കാര്യം പറഞ്ഞ് ഇത്തരം കൃഷികൾ നിരോധിക്കപെടാൻ സാധ്യതയുണ്ട്. ഏതൊക്കെ കൃഷികൾ എങ്ങനെയൊക്കെ നിയന്ത്രിക്കണം അല്ലെങ്കിൽ നിരോധിക്കണം എന്ന് വൈൽഡ് ലൈഫ് വാർഡൻ മുഖ്യ അധികാരിയായ മോണിറ്ററിങ് കമ്മിറ്റി തീരുമാനിക്കും.




2. കർഷകർക്ക് സ്വന്തം സ്ഥലത്തെ മരങ്ങൾ മുറിക്കുന്നതിനും ഫോറസ്റ്റ് ഉദ്യോഗസ്ഥർ മുഖ്യ അധികാരികളായ മോണിറ്ററിങ് കമ്മിറ്റികളുടെ മുൻകൂർ അനുമതി ആവശ്യമാണ്.

3. നിലവിലുള്ള വനം നിയമങ്ങൾ ബാധകമായിരിക്കും. കേരള വനംവകുപ്പ് അഡ്മിസ്ട്രേറ്റീവ് റിപ്പോർട്ട് 2018 പ്രകാരം 36 നിയമങ്ങളും ചട്ടങ്ങളുമാണ് കേരള വനം വകുപ്പ് നടപ്പിലാക്കുന്നത്. ഈ നിയമങ്ങളിൽ ഏതു

www.malankaralibrary.com

വേണമെങ്കിലും അവിടുത്തെ ജനങ്ങൾക്കെതിരെ പ്രയോഗിക്കാൻ ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് കഴിയും. ചുരുക്കിപ്പറഞ്ഞാൽ പ്രസ്തുത ബഫർ സോൺ പ്രദേശത്ത് പ്രയോഗിക്കമായി വനത്തിനു സമാനമായ നിയന്ത്രണങ്ങൾ എല്ലാക്കാര്യങ്ങൾക്കും വരും.

4. മലഞ്ചെരിവുകളിൽ ഉള്ള കാർഷിക പ്രവൃത്തികൾ നിയന്ത്രണവിധേയമാണ്. എന്താണ് നിയന്ത്രണങ്ങൾ എന്ന് വ്യക്തമായി പറയുന്നില്ല. പക്ഷേ കപ്പയും, ചേനയും, ഇഞ്ചിയും അടക്കമുള്ള എല്ലാവിധ തന്നാണ്ടു കൃഷികളും നിരോധിക്കപ്പെടാം.

5. കാർഷികാവശ്യത്തിനുള്ള കിണറുകളും കുളങ്ങളും കുഴിക്കുന്നതിനു കർശനമായ നിയന്ത്രണങ്ങൾ വരും. പുതിയ കിണറുകളും കുളങ്ങളു, ബോർവെല്ലുകളും കുഴിക്കുന്നതിനും ഫോറസ്റ്റ് ഉദ്യോഗസ്ഥർ മുഖ്യ അധികാരിയായ മോണിറ്ററിങ് കമ്മിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്.

6. കൃഷി ചെയ്യാത്ത ഭൂമികളെയും അതിന്റെ ആവാസ വ്യവസ്ഥകളെയും വീണ്ടെടുക്കും എന്ന് പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട് (part 3 (1) b). എന്നുവെച്ചാൽ കൃഷി ചെയ്യാത്ത കൃഷി സ്ഥലങ്ങളും, കാട് കയറിക്കിടക്കുന്ന കൃഷി ഭൂമികളും 2003 ലെ EFL ആക്ട് പ്രകാരം ഒരു രൂപ പോലും നഷ്ടപരിഹാരം നൽകാതെ സർക്കാരിലേക്ക് പിടിച്ചെടുക്കുകയോ അവയെല്ലാം വനമായി മാറുകയോ ചെയ്യാം.

**അടിസ്ഥാന വികസനവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ**

1. അടിസ്ഥാന സൗകര്യ വികസനം പൂർണമായും നിയന്ത്രിക്കപ്പെട്ടിരിക്കുന്നു.

2. തദ്ദേശ വാസികൾക്ക് താമസത്തിനായുള്ള വീട് പണിയുന്നതിന് പോലും ഫോറസ്റ്റ് ഉദ്യോഗസ്ഥർ മുഖ്യ അധികാരിയായ മോണിറ്ററിങ് കമ്മിറ്റിയുടെ മുൻകൂർ അനുമതി ആവശ്യമാണ്.

3. ഈ പ്രദേശത്ത് താമസിക്കുന്ന ആദിവാസി വിഭാഗങ്ങൾ പോലും ഈ നിയന്ത്രണങ്ങളെല്ലാം പാലിക്കേണ്ടതുണ്ട്. ഇത് 2006 ലെ വനാവകാശ നിയമത്തിന്റെ പൂർണ്ണമായ ലംഘനമാണ്.

4. വാണിജ്യ ആവശ്യങ്ങൾക്കുള്ള ഒരുതരം കെട്ടിടങ്ങളും ഈ പരിധിയിൽ അനുവദിക്കുന്നതല്ല. എന്നുവെച്ചാൽ ESZ ൽ ഉൾപ്പെട്ടിരിക്കുന്ന പ്രദേശങ്ങളിൽ കോമേഷ്യൽ കാറ്റഗറി (കടമുറി) കെട്ടിടങ്ങൾ പണിയാൻ സാധ്യമല്ലാതാകും.

5. സിഎൻജി അല്ലെങ്കിൽ എൽപിജി ഗ്യാസ് ഉപയോഗിച്ച് ഓടുന്ന വാഹനങ്ങൾ പ്രോത്സാഹിപ്പിക്കണം എന്ന് പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട് . ഇതിന്റെ മറവിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഡീസൽ പെട്രോൾ വാഹനങ്ങൾ മുഴുവനും നിരോധിക്കപ്പെടാം.

6. പുതിയ റോഡ് നിർമാണവും നിലവിൽ ഉള്ളവയുടെ വീതി കൂട്ടലും ബലപ്പെടുത്തലും നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. പുതിയ റോഡുകൾ പണിയുന്നതിന് നിയന്ത്രണം ഉണ്ട് എന്ന് മാത്രമല്ല നിലവിൽ ഉള്ളത് റീടാറിങ് ചെയ്യണമെങ്കിൽ പോലും ഫോറസ്റ്റ് വകുപ്പ് കനിയണം എന്നർത്ഥം.

7. വൈദ്യുതി, ടെലികമ്മ്യൂണിക്കേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടും. പുതിയ വൈദ്യുതി ലൈനുകൾ വലിക്കുന്നതും പുതിയ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതും നിരോധിക്കപെടുകയോ നിയന്ത്രിക്കപ്പെടുകയും ചെയ്യും.

8. എല്ലാ തരത്തിലുള്ള ഉച്ചഭാഷിണി ഉപയോഗവും നിരോധിക്കപ്പെടും.

9. പുതിയതായി വ്യവസായ യൂണിറ്റുകൾ ഒന്നുംതന്നെ (ചെറുതായാലും വലുതായാലും) അനുവദിക്കുന്നതല്ല. എന്തൊക്കെയാണ് വ്യവസായങ്ങളുടെ ലിസ്റ്റിൽ വരുന്നത് എന്ന് വ്യക്തമല്ല.

10. വാണിജ്യാടിസ്ഥാനത്തിലുള്ള വാഹനഗതാഗതം നിയന്ത്രണവിധേയമാണ്. ബസ്, ഓട്ടോ, ലോറി, ടാക്സി എന്നിവ നിയന്ത്രണ വിധേയമാണ് (എന്നുവച്ചാൽ ഇതൊക്കെ ഓടണോ വേണ്ടയോ എന്ന് അതാതു സ്ഥലത്തെ DFO തീരുമാനിക്കും)

11. നിയന്ത്രണങ്ങളുടെ ഭാഗമായി ബഫർ സോൺ പ്രദേശത്തിനുള്ളിലൂടെയുള്ള രാത്രി യാത്രപോലും നിരോധിക്കപ്പെട്ടേക്കാം. (ബഫർ സോൺ പ്രദേശങ്ങളിലുള്ളവർ എപ്പോൾ യാത്ര ചെയ്യണമെന്ന് വനംവകുപ്പ് തീരുമാനിക്കുന്ന ഗതികേടിലേക്ക് കാര്യങ്ങൾ എത്തും).

12. പരിസ്ഥിതി സംരക്ഷണ നിയമം അനുസരിച്ചു മുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ ലംഘിക്കുന്ന ആളുകൾക്കെതിരെ കേസ് എടുക്കുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും വനം വകുപ്പിന് അധികാരം ഉണ്ടായിരിക്കും.

ഏതൊക്കെ സ്ഥലങ്ങൾ ബഫർ സോൺ പരിധിയിൽ വരുന്നുണ്ട് എന്നത് ഇപ്പോൾ നൽകിയിരിക്കുന്ന മാപ്പിൽ നിന്നും വ്യക്തമല്ല. കൃത്യമായി ഗ്രൗണ്ട് ട്രൂത്തിങ് നടത്തി ബഫർ സോണിന്റെ അതിരുകൾ ഗ്രൗണ്ടിൽ അടയാളപ്പെടുത്തിയാൽ മാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരുകയുള്ളൂ. ഫൈനൽ നോട്ടിഫിക്കേഷൻ ഇറക്കുന്നതിന്റെ മുൻപ് പോലും ഇതിന്റെ അതിരുകൾ കൃത്യമായി അടയാളപ്പെടുത്തി ജനങ്ങളെ ബോധ്യപെടുത്തിയില്ല എന്നത് തന്നെ ഇതിന്റെ പിന്നിലുള്ള ഗൂഢാലോചനയ്ക്ക് ഏറ്റവും വലിയ തെളിവാണ്.


ഈ വിജ്ഞാപനത്തിലെ സെക്ഷൻ 4 പ്രകാരം, നിലവിൽ റവന്യൂ നിയമങ്ങൾ മാത്രം ബാധകമായ നമ്മുടെ കൃഷിസ്ഥലങ്ങളിലും ജനവാസ കേന്ദ്രങ്ങളിലും 1980 ലെ ഫോറസ്റ്റ് കൺസെർവഷൻ ആക്ട്, 1927 ലെ ഇന്ത്യൻ ഫോറസ്റ്റ് ആക്ട്, 1972 ലെ വന്യജീവി സംരക്ഷണ നിയമം തുടങ്ങിയ വന നിയമങ്ങൾ അടിച്ചേൽപ്പിച്ചുകൊണ്ടു ജനജീവിതം പൂർണമായും ദുസ്സഹമാക്കുകയും അതുവഴി അപ്രഖ്യാപിത കുടിയിറക്ക് നടത്തി വന്യജീവി സങ്കേതത്തിനു വിസ്തീർണം കൂട്ടുകയും ചെയ്യുക എന്ന ലക്ഷ്യം ഈ നീക്കത്തിന് പിന്നിൽ ഉണ്ട് എന്ന് നിസംശയം പറയാം. അതുകൊണ്ടുതന്നെ ESZ ൽ കൃഷി ഭൂമിയും ജനവാസ കേന്ദ്രങ്ങളും ഉൾപ്പെടാൻ പാടില്ല എന്നുള്ള നമ്മുടെ ആവശ്യത്തിന് പ്രസക്തിയേറുകയാണ് . ഈ ആവശ്യത്തിനായി സമരം ചെയ്യുന്ന കേരളത്തിലെ എല്ലാ കർഷക സഹോദരങ്ങൾക്കും നമ്മുടെ ഐക്യദാർഢ്യം അറിയിക്കുകയും പിന്തുണ നൽകുകയും വേണം. കൂട്ടായ പരിശ്രമത്തിലൂടെയേ ഇത്തരം ഗൂഢാലോചനകളെ നമുക്ക് തകർക്കാൻ കഴിയൂ. ■

## 21-ാമത് ആഗോള ലോഗോസ് ക്വിസ് മത്സരം ഡിസംബർ 19 ന്

കെസിബിസി ബൈബിൾ കമ്മീഷന്റെ കീഴിലുള്ള കേരള കാത്തലിക് ബൈബിൾ സൊസൈറ്റി സംഘടിപ്പിക്കുന്ന 21-ാമത്തെ ആഗോള ലോഗോസ് ബൈബിൾ ക്വിസ് ഡിസംബർ 19 ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് കൊറോണ പ്രോട്ടോക്കോൾ പ്രകാരം സംഘടിപ്പിക്കപ്പെടുന്നു. മലയാളം, ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകളിലായാണ് മത്സരം. കൊറോണമൂലം നീട്ടിവച്ച ഈ ബൈബിൾ പഠനക്വിസിൽ പങ്കെടുക്കാൻ ഒക്ടോബർ 31 വരെ രജിസ്ട്രേഷൻ സൗകര്യമുണ്ടായിരിക്കുമെന്ന് ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ. ജോൺസൺ പുതുശ്ശേരി അറിയിച്ചു.

രജിസ്ട്രേഷൻ ഫീസ്: 10 രൂപ.
പാഠഭാഗങ്ങൾ: നിയമാവർത്തനം 22-34; പ്രഭാഷകൻ 18-22; മർക്കോസ് 18; 1 കോറിന്തോസ് 18.
ഭാഷ: മലയാളം, തമിഴ്, ഇംഗ്ലീഷ്

(മലയാളത്തിന് പിഒസി ബൈബിളും, ഇംഗ്ലീഷിന് NRSV ബൈബിളും തമിഴിന് TNBCLCയുടെ തിരുവിവിലിയവും)




## കുടുംബങ്ങൾക്ക് വേണ്ടി ഓൺലൈൻ മത്സരങ്ങൾ

കൊച്ചി: കുടുംബ വർഷാചരണ സമാപനത്തിന്റെ ഭാഗമായി കെസിബിസി ഫാമിലി കമ്മീഷൻ, കെസിബിസി മീഡിയ കമ്മീഷനുമായി സഹകരിച്ച് 2021 ഒക്ടോബർ മുതൽ 2022 മെയ് വരെ തുടർച്ചയായി കുടുംബങ്ങൾക്ക് വേണ്ടി ഓൺലൈൻ മത്സരങ്ങൾ നടത്തുന്നു. ഇതിൽ കുടുംബത്തിലെ പരമാവധി അംഗങ്ങളുടെ പങ്കെടുക്കലിനാണ് പ്രാധാന്യം നൽകേണ്ടത്. ഓരോ മാസത്തിലും മൂന്ന് മത്സരങ്ങൾ വീതം ഉണ്ടാകും. എല്ലാ മാസവും വിജയികളെ പ്രഖ്യാപിക്കുന്നതും, കുടുംബ വർഷ സമാപനത്തിൽ സമ്മാനങ്ങൾ നൽകുന്നതുമായിരിക്കും. എല്ലാവരും ഇതിൽ ആത്മാർത്ഥമായി സഹകരിക്കണമെന്നും, പരമാവധി കുടുംബങ്ങളെ പങ്കെടുപ്പിക്കണമെന്നും കെസിബിസി ഫാമിലി കമ്മീഷൻ സെക്രട്ടറി ഫാ. പോൾസൺ സിമേതി അറിയിച്ചു.

### മത്സരങ്ങൾ:

**എന്റെ ജപമാല:** ജപമാല ചൊല്ലി ഒരാളെ എങ്കിലും രക്ഷപ്പെടുത്തിയ ഒരു കഥ എങ്കിലും നമുക്ക് പറയാൻ ഉണ്ടാകും.നിങ്ങളുടെ അനുഭവ കഥ മൂന്ന് മിനിറ്റ് വിഡിയോ എടുത്ത് അയക്കുക.
*നിബന്ധനകൾ:* പക്ഷെ ഒരു കുടുംബത്തിൽ നിന്ന് ഒരു എൻടി മാത്രം, വീഡിയോ മൂന്ന് മിനിറ്റിൽ കൂടുതൽ ആകരുത്

**ജപമാല പരസ്യം:** ജപമാലയുടെ ശക്തിയെ കുറിച്ചോ ഫലത്തെ കുറിച്ചോ ഒരു പരസ്യം ചെയ്യുക.
*നിബന്ധനകൾ:* ഒരു കുടുംബത്തിനിന്നു ഒരു എൻട്രി മാത്രം, അറുപത് സെക്കൻഡിൽ കൂടുതൽ ആവരുത്, വീട്ടുകാർ മാത്രം പങ്കെടുക്കുക.

**റോസറി ക്രാഫ്റ്റ്:** വ്യത്യസ്തമായ ഒരു ജപമാല ഉണ്ടാക്കി അതിന്റെ ഒരു ഫോട്ടോ എടുത്ത് അയക്കുക
*നിബന്ധനകൾ:* ഏത് വസ്തുക്കൾ കൊണ്ടും കൊന്ത ഉണ്ടാക്കാം; ഒരു കുടുംബത്തിൽ നിന്നും ഒരു എൻട്രി മാത്രം, ക്രീയേറ്റിവിറ്റിക്കും ഭംഗിക്കും ആയിരിക്കും മുൻഗണന.

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9496982972**

www.malankaralibrary.com

# സന്യസ്തരുടെ ശമ്പളനികുതി ദൈവത്തിനുള്ളതോ, സീസറിനുള്ളതോ?

പി. വി. ചാക്കോ

മരിച്ചുപോയ കന്യസ്ത്രീയുടെ ഗ്രാറ്റിവിറ്റി കൈപ്പറ്റേണ്ടത് ആര് എന്നതു സംബന്ധിച്ചു കേരള ഹൈക്കോടതിയിൽ ഒരു കേസ് നടന്നിരുന്നു. കാഞ്ഞിരമറ്റം അഡോറേഷൻ കോൺവെന്റ് മദർ സുപ്പീരിയറും കോട്ടയം ഡിഇഒയും കക്ഷികളായാണ് കേസ്. മരിച്ചുപോയ കന്യാസ്ത്രീയുടെ ഗ്രാറ്റിവിറ്റി കൈപ്പറ്റേണ്ടത് അവർ താമസിച്ചിരുന്ന മഠത്തിന്റെ സുപ്പീരിയറാണെന്നും അല്ലാതെ അവരുടെ വീട്ടുകാരല്ലെന്നുമാണ് കേസിന്റെ രത്നച്ചുരുക്കം. ഈ തിരിച്ചറിവിലേക്ക് നമ്മെ നയിക്കുന്ന വിധിയുടെ നാലാം പാരഗ്രാഫ് ശ്രദ്ധേയമാണ്.

**സന്യാസത്തിലേക്ക്**



സന്യാസവ്രതവാഗ്ദാനം എന്നാൽ, ഒരാൾ ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ മൂന്ന് വ്രതങ്ങൾ അധികാരികളുടെ മുമ്പാകെ ഏറ്റുപറഞ്ഞുകൊണ്ട് സന്യാസാവസ്ഥ തെരഞ്ഞെടുത്തതായി പ്രഖ്യാപിക്കുകയാണ്. സന്യാസാധികാരി, ഈ വാഗ്ദാനം സ്വീകരിക്കുന്നതോടെ സഭയും നവസന്യാസിയുമായി ബന്ധപ്പെട്ട് ഒരു കാരാർ ഉണ്ടാവുകയാണ്. ഈ ബന്ധം ഒറ്റ ദിവസംകൊണ്ട് ഉണ്ടാകുന്നതല്ല, സന്യാസസഭയിൽ അംഗമാകാനാഗ്രഹിക്കുന്ന വ്യക്തി ആദ്യം സന്യാസാർത്ഥിയായി ഏതാനും വർഷം സഭയിൽ കഴിയണം. പിന്നീട് നോവിഷ്യേറ്റ് എന്ന പരിശീലന കളരിയിലേക്കു കടക്കുന്നു. തുടർന്നാണ് അർത്ഥിപൂർണമനസ്സോടെ, പൂർണ സ്വാതന്ത്ര്യത്തോടെ, പൂർണ ബോധ്യത്തോടെ സന്യാസാവസ്ഥ തെരഞ്ഞെടുക്കുന്നത്.

അങ്ങനെ ബോധ്യപ്പെട്ടാൽ സന്യാസാർത്ഥിക്ക് മൂന്നു വർഷത്തേക്കുള്ള ഒരു പ്രാഥമിക വ്രതവാഗ്ദാനം നടത്താം. ഈ കാലഘട്ടത്തിനു ശേഷം സന്യാസാർത്ഥിക്ക് സഭയിൽ പൂർണമായ അംഗത്വം നൽകുവാൻ യോഗ്യത ഉണ്ട് എന്ന് അധികാരികൾക്ക് ബോധ്യപ്പെടുന്ന പക്ഷം നിത്യവ്രതവാഗ്ദാനം ചെയ്യാൻ അനുവദിക്കുന്നതാണ്. അങ്ങനെ ചെയ്യുന്നതിനു മുമ്പായി സന്യാസാർത്ഥി തനിക്ക് അന്നേദിവസം വരെ അവകാശപ്പെട്ട സർവ്വ വിധ സ്വത്തുകളും കുടുംബത്തിലെ ആർക്കു വേണമെങ്കിലോ, ഇഷ്ടപ്പെട്ട മറ്റൊരാൾക്കോ, എഴുതി നൽകേണ്ടതാണ്. അതോടെ ലൗകിക ജീവിതത്തോടും അതിന്റെ കെട്ടുപാടുകളോടും വിട പറയുകയാണ്. ആ സന്യാസിയുടെ പേരിൽ ഭാവിയിൽ വന്നുചേരുന്ന എല്ലാ വിധ വസ്തുവകകൾക്കും പിന്നീട് അവകാശി സന്യാസസഭയായിരിക്കും. ജസ്റ്റീസ് വിശ്വനാഥ അയ്യരും ജസ്റ്റീസ് പുരാടിയും ഈ കേസിൽ മേൽപ്പറഞ്ഞ നിരീക്ഷണത്തിന് അധാരമാക്കിയതായി പറയുന്നത്, Pollock and Maitland's History of English Law vol. (page 434) ആണ്.

**പിന്നീട് നേടുന്നതെല്ലാം സന്യാസ സമൂഹത്തിന്**

സന്യാസിയാകുന്നതോടെ, വ്യക്തി തന്റേതായ കുടുംബ ബന്ധങ്ങളിൽനിന്നും പൂർണമായി മുക്തി നേടുകയാണ്. ആ വ്യക്തി പിന്നീട് നേടുന്ന വസ്തുക്കളെല്ലാം അദ്ദേഹം ചേർന്ന സന്യാസ സമൂഹത്തിനുള്ളതാണ്. അതൊന്നും അദ്ദേഹത്തിന്റെ കുടുംബത്തിലെ അംഗങ്ങൾക്കൊന്നും അവകാശപ്പെടാൻ പറ്റില്ല. സന്യാസസഭയാകുന്ന ആത്മീയ പിൻഗാമിക്കുള്ളതാണ് അവയെല്ലാം. നിയമത്തിന്റെ ആലങ്കാരിക ഭാഷയിൽ പറഞ്ഞാൽ അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു സിവിൽ ഡെത്ത് ഉണ്ടായിരിക്കുന്നു. വാഹനാപകടത്തിൽ മരിച്ച പെരുവന്താനം എസ് എച്ച് കോൺവെന്റിലെ കന്യാസത്രീയുടെ നഷ്ടപരിഹാരം സംബന്ധിച്ച കേസിലും നഷ്ടപരിഹാരം മഠത്തിന് ലഭ്യമാക്കിയതും ഇതേ ന്യായം കൊണ്ടു തന്നെയാണ്.

അധ്യാപകരായോ ആതുര ശുശ്രൂഷകരായോ ഒക്കെ സേവനം ചെയ്യുന്ന സന്യസ്തർക്ക് ശമ്പളം കൈപ്പറ്റേണ്ടിവരും. എന്നാൽ അത് അവർക്ക് സ്വന്തം നിലയ്ക്ക് അനുഭവിക്കാനുള്ളതല്ല. മറിച്ച് അത് അവരുടെ സന്യാസഭവനത്തിൽ എത്തേണ്ടതാണ്. അവർ ശമ്പളം കൈപ്പറ്റുന്നുണ്ടെങ്കിലും അത് അവരുടെ സ്വന്തമല്ല. അവർ നേരത്തേ സഭയുമായി ഏർപ്പെട്ട നിത്യവ്രത വാഗ്ദാനമെന്ന ഉടമ്പടി അനുസരിച്ച് സഭയ്ക്കുള്ളതാണ്. തന്നെയുമല്ല അവർ 'സിവിൽ ഡെത്ത്' ആയിട്ടുള്ളവരാണ് അവർ ശമ്പളം കൈയിൽവച്ച് ഇഷ്ടം പോലെ ഉപയോഗിച്ചാൽ ദാരിദ്ര്യവ്രതം പോകുമെന്നു മാത്രമല്ല സഭയിലെ മറ്റുള്ളവരെ സംരക്ഷിക്കാനുള്ള ധനാഗമ മാർഗം ഇല്ലാതാകുകയും ചെയ്യും, ഒപ്പം ഈ പണം ഉപയോഗിച്ചു ചെയ്യേണ്ടതായ ധർമ പ്രവർത്തനങ്ങൾക്കും മങ്ങലേൽക്കും.

**ശമ്പളത്തിൽനിന്നു നികുതി**

ഇപ്പോഴുണ്ടായിരിക്കുന്ന കോടതിവിധിക്കാധാ

www.malankaralibrary.com

രമായ കേസിലെ പ്രധാന വിഷയം സന്യാസിമാർ സർക്കാർ ജോലിയിൽ കൈപ്പറ്റുന്ന ശമ്പളത്തിന് മുൻകൂർ ആദായ നികുതി (ട്രിഡിഎസ്) പിടിക്കുന്നത് നിയമപരമാണോ എന്നതാണ്. ശമ്പളത്തിന്റെ കാര്യത്തിൽ ആദായനികുതിനിയമം 192(1) പറയുന്നത്, Any person responsible for paying any income chargeable under the head "salaries" TDS പിടിക്കണമെന്നാണ്. രണ്ട് കാര്യങ്ങളാണ് ഇവിടെ പ്രസക്തം. Any person responsible for paying any 'amount' എന്നല്ല any 'income' എന്നാണ് പറഞ്ഞിരിക്കുന്നത്. സന്യാസി, സർക്കാർ ശമ്പളം കൈപ്പറ്റുന്നുണ്ടെങ്കിലും അത് സന്യാസിയുടെ income അല്ല; സഭയുടെ income ആണ്. രണ്ടാമത്തെ കാര്യം income chargeable under the head "salaries" അല്ലെങ്കിൽ ടിഡിഎസ് പിടിക്കേണ്ട എന്നാണ്, എന്നാൽ സന്യാസിക്ക് അത് 'income from property held under Trust' എന്ന head ലാണ് chargeable ആകുന്നത്. ആദായ നികുതി നിയമം വകുപ്പ് 11 ൽ പറയുന്നത് അങ്ങനെയാണ്.

സാധാരണ ഒരാൾക്ക് കിട്ടുന്ന ശമ്പളത്തിൽ നിന്നും കുറയ്ക്കാവുന്ന ആനുകൂല്യങ്ങൾ ഉണ്ട്. എൽഐസി പ്രീമിയം, പ്രോവിഡന്റ് ഓഹരി, മക്കളുടെ വിദ്യാഭ്യാസച്ചെലവ് തുടങ്ങി പലതരം ഇളവുകൾ. അതെല്ലാം കുറച്ചിട്ടാണ് ബാക്കി തുകയ്ക്ക് വർഷാവസാനം ശരിയായ നികുതി കണക്കാക്കുക. പക്ഷേ ഇതൊന്നും ഒരു സന്യസ്തൻ കൈപ്പറ്റുന്ന ശമ്പളത്തെ ബാധിക്കുകയില്ല. സന്യസ്തന്റെ ശമ്പളം സഭാസ്ഥാപനം മുഴുവനായി വരവുവച്ച് മതധർമ്മ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചതിന്റെ കണക്ക് കൊടുക്കണം. ആ ചെലവ് വരവിന്റെ 85 ശതമാനം എങ്കിലും ഇല്ലെങ്കിൽ നികുതി കൊടുക്കണം.



**സ്വന്തം അക്കൗണ്ടില്ല**

ഒരു സന്യാസിയുടെ ശമ്പളത്തിൽ നിന്ന് ടിഡിഎസ് പിടിച്ചാലോ? സന്യാസി സ്വന്തം പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങി ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്യണം. റീഫണ്ട് ഉണ്ടെങ്കിൽ ആ അക്കൗണ്ടിലൂടെയെ ലഭിക്കൂ. അപ്പോൾ മറ്റൊരു പ്രശ്നമുണ്ട്. ഏത് രീതിയിൽ റിട്ടേൺ ഫയൽ ചെയ്യും? ഇൻകം സഭയുടേതാണെന്നും അതുകൊണ്ട് അത് സഭയ്ക്ക് കൊടുത്തു എന്നും പറഞ്ഞ് റിട്ടേൺ ഫയൽ ചെയ്യണോ അതോ വ്യക്തിത്വം കാണിച്ച് അനുവദനീയമായ ഇളവുകളും ചേർത്ത് ബാങ്ക് അക്കൗണ്ട് തുടങ്ങാൻ ഇപ്പോഴും നിലവിലുള്ള സഭകളുടെ നിയമാവലി അനുസരിച്ച് സന്യാസിക്കു സാധ്യമല്ല. എന്നാൽ റിട്ടേൺ ഫയൽ ചെയ്യാതിരുന്നാലോ? ദൈവത്തിനുള്ളത് സീസർ കൊണ്ടുപോകില്ലേ?

**മുൻ സർക്കുലറുകൾ**

ഈവക പ്രശ്നങ്ങളൊക്കെ മുൻപിൽ കണ്ടുകൊണ്ടാണ് 1944ൽ തന്നെ ആദായ നികുതി അധികാരികൾക്ക് "മിഷനറിമാർക്ക്" കൊടുക്കുന്ന ഫീസിൽനിന്ന് ടിഡിഎസ് പിടിക്കേണ്ട എന്നു സർക്കുലർ ഇറക്കിയത്. തുടർന്നു വിഷയങ്ങളെല്ലാം സമഗ്രമായി പഠിച്ച് ആദ്യ നികുതി നിയമം 1961 പുതിയത് വന്നതനുസരിച്ച് സെൻട്രൽ ബോർഡ് ഓഫ് ഡയറക്ട് ടാക്സസ് (സിബിഡിടി) പുതിയ സർക്കുലർ ഇറക്കി. അതിന്റെ ആമുഖത്തിൽ പറയുന്നത് "Representations have been received from members of religious congregations situtated all over India regarding the taxabiltiy of the fees received by them" എന്നാണ്. തുടർന്നു പറയുന്നത് "The Board have examined the issue and have decided that since, the fees received by the missionaries are to be made over to the congregation concerned, there is an over ridingx title to the fees which wourld entide to exemption from payment of Income Tax. Hence such fees or earnings are not taxable in their hand". തീർന്നില്ല, സർക്കുലറിന്റെ അവസാനം സിബിഡിടി ഒരു നോട്ട് ചേർത്തിട്ടുണ്ട്. അത് ഇപ്രകാരമാണ്. "Note": This exemption is only to the individual missionary and not to the income of the missionary per sc. Taxabiltiy of such an incomegetst ransferred to the institution from the individual, provide the entire income for the misssionary is assessed with the income of the institution and satisfics all the rules governing. Income Tax exemption given to the institution under section 12 A,. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടത് സിബിഡിടി വിഷയം ഗൗരവമായി പഠിച്ചു എന്നും സന്യാസ സഭയുടെ കണക്കിൽ ചേർക്കപ്പെട്ട, സെക്ഷൻ 12 എ പ്രകാരവും സെക്ഷൻ 11 പ്രകാരവും ഉള്ള നടപടികൾ കൈക്കൊള്ളുന്നവർക്ക് ലഭിക്കുന്ന ശമ്പളത്തിന് ടിഡിഎസ് പിടിക്കേണ്ടതില്ല എന്നു തന്നെയാണ്. മറിച്ചുള്ള വൈദികരുടെയൊ കന്യാസ്ത്രീകളുടെയൊ ശമ്പളം ടിഡിഎസിന് വിധേയമായിരിക്കും.

**കോടതിയലക്ഷ്യം**

1944ലെയും 1977ലെയും സർക്കുലറുകളെ സംബന്ധിച്ച് സിബിഡിടിയുടെ ഇപ്പോഴത്തെ നിലപാട് അറിയിക്കാൻ ഹൈക്കോടതി ആവശ്യപ്പെട്ടു. എന്നാൽ മുൻനിലപാടിനു വിരുദ്ധമായി സിബിഡിടി ഒരു സത്യവാങ്മൂലത്തിലൂടെ ടിഡിഎസ് പിടിക്കേണ്ടതാണ് എന്നുപറഞ്ഞ് മറുപടി നൽകി. ഇത്തരത്തിൽ കോടതിയെ തെറ്റിദ്ധരിപ്പിച്ചതു വഴിയാണ് ടിഡിഎസ് പിടിക്കണമെന്ന വിധിയുണ്ടായത്. അതിനാൽ ഹൈക്കോടതിയെ തെറ്റിദ്ധരിപ്പിച്ച സിബിഡിടിക്കെതിരേ കോടിയലക്ഷ്യത്തിന് നടപടി എടുക്കേണ്ടതാണ്.

(ദീപിക ദിനപ്പത്രത്തിൽ പ്രസിദ്ധീകരിച്ചത്)


■

www.malankaralibrary.com

## ലോകമിഷൻ ഞായർ 2021

# ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

***"ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതിനെ സംബന്ധിച്ച് നിശ്ശബ്ദരായിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല" (അപ്പ. 4:20)***




*പ്രിയ സഹോദരീസഹോദരന്മാരേ,*

ദൈവത്തിനുള്ള സ്നേഹത്തിന്റെ ശക്തി നാം അനുഭവിക്കുകയും നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ ഒരു പിതാവ് എന്ന നിലയിൽ അവിടത്തെ സാന്നിധ്യം തിരിച്ചറിയുകയും ചെയ്യുമ്പോൾ നമ്മൾ കാണുകയും കേൾക്കുകയും ചെയ്തതിനെപ്പറ്റി പ്രഘോഷിക്കുകയും പങ്കുവയ്ക്കുകയും ചെയ്യാതിരിക്കാൻ നമുക്കു സാധ്യമല്ല. യേശുവിന് അവിടത്തെ ശിഷ്യരുമായിട്ടുള്ള ബന്ധം, മനുഷ്യാവതാര രഹസ്യത്തിലും അവിടത്തെ സുവിശേഷത്തിലും പെസഹായിലും വെളിപ്പെടുത്തിയ അവിടത്തെ മനുഷ്യത്വം, മനുഷ്യവർഗത്തെ ദൈവം എത്രമാത്രം സ്നേഹിക്കുന്നുവെന്നും നമ്മുടെ സന്തോഷങ്ങളും സഹനങ്ങളും നമ്മുടെ ആഗ്രഹങ്ങളും ഉത്കണ്ഠകളും അവിടന്ന് തന്റേതാക്കുന്നുവെന്നും കാണിച്ചുതരുന്നു (2-ാം വത്തിക്കാൻ കൗൺസിൽ, ഗാവുദിയും ഏത്ത് സ്പെസ്, 22). ക്രിസ്തുവിലുള്ള സർവകാര്യങ്ങളും നമ്മെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു; നമ്മൾ ജീവിക്കുന്ന ലോകവും വീണ്ടെടുക്കപ്പെടുകയെന്ന അതിന്റെ ആവശ്യവും അവിടത്തേക്ക് അപരിചിതമല്ല. അത് അവിടത്തെ മിഷനിൽ സജീവഭാഗഭാഗിത്വം വഹിക്കാൻ നമ്മെ ക്ഷണിക്കുന്നു: "നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം ക്ഷണിക്കുക" (മത്താ 22:9). ആരും അന്യനല്ല. ഒരുവനും അന്യനായിട്ടോ സഹാനുഭൂതിയുടെ ഈ സ്നേഹത്തിൽ നിന്ന് വിദൂരത്തായിട്ടോ തോന്നാനാവുകയില്ല.

### അപ്പസ്തോലന്മാരുടെ അനുഭവം


ഓരോ വ്യക്തിയെയും വിളിക്കുകയും അയാൾ എവിടെയായാലും അയാളുമായി ഒരു സൗഹൃദസംവാദം നടത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന കർത്താവിനെ വികാരാവേശത്തോടെ അന്വേഷിച്ചുകൊണ്ടാണ് സുവിശേഷവത്കരണത്തിന്റെ ചരിത്രം തുടങ്ങുന്നത് (രള. യോഹ 15:12-17). അപ്പസ്തോലന്മാരാണ് ഇക്കാര്യം ആദ്യമായി നമ്മോടു പറയുന്നത്. അവർ അവിടത്തെ സമീപിച്ച ദിവസവും സമയവും പോലും ഓർമ്മിച്ചുകൊണ്ട് അവർ അങ്ങനെ ചെയ്യുന്നു. "അപ്പോൾ ഉച്ചകഴിഞ്ഞ് ഏകദേശം

www.malankaralibrary.com

പത്താം മണിക്കൂർ ആയിരുന്നു" (യോഹ 1, 39). രോഗികളെ ശുശ്രൂഷിക്കുകയും പാപികളോടുകൂടി ഭക്ഷിക്കുകയും ദരിദ്രരെ തീറ്റിപ്പോറ്റുകയും ഭ്രഷ്ടരാക്കപ്പെട്ടവരെ സമീപിക്കുകയും അശുദ്ധിയുള്ളവരെ സ്പർശിക്കുകയും ആവശ്യത്തിൽപ്പെട്ടവരുമായി സ്വയം താദാത്മ്യപ്പെടുത്തുകയും, സൗഭാഗ്യങ്ങളിലേക്കു ക്ഷണിക്കുകയും പുതിയ രീതിയിലും പൂർണമായ അധികാരത്തോടുകൂടിയും പഠിപ്പിക്കുകയും ചെയ്ത കർത്താവുമായുള്ള സൗഹൃദബന്ധം മായ്ക്കാനാവാത്ത മുദ്ര പതിപ്പിക്കുന്നു. അതാകട്ടെ, അളവറ്റ വിസ്മയത്തെയും വ്യാപകവും സ്വതന്ത്രവുമായ സന്തോഷത്തെയും ഉദ്ദീപിപ്പിക്കാൻ കഴിവുള്ളതാണ്. ജറമിയാ പ്രവാചകൻ പറഞ്ഞതുപോലെ ഈ അനുഭവം നമ്മെ മിഷനിലേക്കു തള്ളിവിടുന്നതും നമ്മുടെ ഹൃദയത്തിലുള്ളതുമായ അവിടത്തെ സജീവ സാന്നിധ്യത്തിന്റെ ജ്വലിക്കുന്ന അഗ്നിയാണ്, അത് ചിലപ്പോൾ ത്യാഗങ്ങൾ ആവശ്യപ്പെടുന്നതും തെറ്റിധാരണകൾക്ക് ഇടയാക്കുന്നതുമാണെങ്കിലും (cf. യോഹ 20:7-9). സ്നേഹം എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നു; ഏറ്റവും സുന്ദരവും പ്രത്യാശാപൂർണവുമായ പ്രഘോഷണത്തിലേക്കു നീങ്ങാൻ നമ്മെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. "ഞങ്ങൾ മിശിഹായെ കണ്ടു"(യോഹ 1:41) എന്നതാണ് ആ പ്രഘോഷണം.

യേശുവിനോടുകൂടി വ്യത്യസ്തങ്ങളായ കാര്യങ്ങളെ നാം കാണുകയും കേൾക്കുകയും തൊടുകയും ചെയ്തു. അവിടന്ന് ഭാവികാലങ്ങളെ ഇന്ന് ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. നമ്മുടെ മനുഷ്യപ്രകൃതിയുടെ സത്താപരമായ ഒരു സവിശേഷതയെ നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. അതാകട്ടെ പലപ്പോഴും വിസ്മരിക്കപ്പെട്ടതാണ്: "സ്നേഹത്തിൽ മാത്രം നേടാൻ കഴിയുന്ന പൂർണതയ്ക്കുവേണ്ടിയാണ് നമ്മൾ സൃഷ്ടിക്കപ്പെട്ടത്" (ചാക്രികലേഖനം, എല്ലാവരും സഹോദരങ്ങൾ, 68). പ്രാരംഭങ്ങൾക്ക് പ്രചോദനം നല്കാനും സമൂഹങ്ങളെ രൂപപ്പെടുത്താനും കഴിവുള്ള ഒരു വിശ്വാസത്തെ പ്രചോദിപ്പിക്കുന്ന പുതിയകാലം സ്വന്തം ദൗർബല്യത്തെയും മറ്റുള്ളവരെയും കൈകാര്യം ചെയ്യാൻ പഠിക്കുന്ന സ്ത്രീപുരുഷന്മാരെക്കൊണ്ടാണ് തുടങ്ങുന്നത്. അവർ സാഹോദര്യവും സാമൂഹിക സൗഹൃദവും വളർത്തുന്നവരാണ് (cf. ibid. 67). ആദ്യം കർത്താവു നമ്മെ സ്നേഹിച്ചുവെന്നു നന്ദിയോടെ ഓർമ്മിക്കുന്ന ഓരോ സമയത്തും സഭാത്മക സമൂഹം അതിന്റെ സൗന്ദര്യം പ്രദർശിപ്പിക്കുന്നു (cf. 1 യോഹ 4:19). "കർത്താവിന്റെ സ്നേഹപൂർണമായ പ്രത്യേക താത്പര്യം നമ്മെ വിസ്മയിപ്പിക്കുന്നു. അതു സ്വന്തമാക്കാനോ അടിച്ചേല്പിക്കാനോ നമുക്കു സാധ്യമല്ല...ഈ രീതിയിൽ മാത്രമേ ഔദാര്യത്തിന്റെ സ്വതന്ത്രമായ ആത്മദാനത്തിന്റെ അദ്ഭുതകൃത്യം വർധിക്കുകയുള്ളൂ. മിഷണറി തീക്ഷ്ണതപോലും ചിന്തിക്കലിന്റെയും കണക്കുകൂട്ടലിന്റെയും ഫലമായി ഒരിക്കലും നേടാനാവുകയില്ല. പരസ്പരം "മിഷന്റെ അവസ്ഥയിൽ" പ്രതിഷ്ഠിക്കുകയെന്നത് കൃതജ്ഞതയുടെ ഒരു വിചിന്തനമാണ്" (പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾക്കുള്ള സന്ദേശം, 21 മേയ് 2020).

എന്നിരുന്നാലും കാലനിർണയം എളുപ്പമായിരുന്നില്ല. ആദിമ ക്രൈസ്തവർ തങ്ങളുടെ വിശ്വാസജീവിതം ശത്രുതയുള്ളതും കഠിനവുമായ സാഹചര്യത്തിലാണ് തുടങ്ങിയത്. അരികുകളിലാക്കലിന്റെയും തടവിലാക്കലിന്റെയും കഥകൾ ആന്തരികവും ബാഹ്യവുമായ എതിർപ്പുമായി കൂട്ടിച്ചേർത്തിരുന്നു. അവ കാണുകയും കേൾക്കുകയും ചെയ്തതിനു അത് എതിരായി തോന്നി, നിഷേധിക്കലായിട്ടുപോലും തോന്നി. എന്നാൽ ഇത് പിന്നോട്ടു മാറാനോ അടച്ചുപൂട്ടിയിരിക്കാനോ പ്രേരിപ്പിക്കുന്ന പ്രയാസമോ തടസ്സമോ ആയിത്തീർന്നില്ല. പകരം, ഓരോ അസൗകര്യത്തെയും എതിർപ്പിനെയും പ്രയാസത്തെയും മിഷനുവേണ്ടിയുള്ള അവസരമാക്കി. പരിധികളും തടസ്സങ്ങളും കർത്താവിന്റെ പരിശുദ്ധാ



www.malankaralibrary.com

ത്മാവിനെക്കൊണ്ട് എല്ലാറ്റിനെയും എല്ലാവരെയും മയപ്പെടുത്താനുള്ള അനുയോജ്യമായ അവസരങ്ങളായി ത്തീർന്നു. വിമോചനം നല്കുന്ന പ്രഘോഷണത്തോട് ബന്ധപ്പെടാതെ നിലകൊള്ളാൻ യാതൊന്നിനും, ഒരു വ്യക്തിക്കും, സാധിച്ചില്ല.

അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകത്തിൽ ഇതിന്റെയെല്ലാം സജീവസാക്ഷ്യമുണ്ട്. മിഷണറിമാരായ ശിഷ്യന്മാർ എപ്പോഴും കൈയിൽ വച്ചുകൊണ്ടു നടക്കുന്ന ഒരു ഗ്രന്ഥമാണത്. സുവിശേഷത്തിന്റെ സുഗന്ധം അതു കടന്നുപോകുന്നിടത്ത്, പരിശുദ്ധാത്മാവിനു മാത്രം തരാൻ കഴിയുന്ന സന്തോഷത്തെ പ്രചോദിപ്പിച്ചുകൊണ്ട് എങ്ങനെ വ്യാപിച്ചുവെന്നും പറയുന്ന ഗ്രന്ഥമാണത്. അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകം ക്രിസ്തുവിനോട് ഒട്ടിച്ചേർന്നുകൊണ്ട് പരീക്ഷകളിൽ ജീവിക്കാൻ നമ്മെ പഠിപ്പിക്കുന്നു. "ഏതു സാഹചര്യത്തിലും, പരാജയങ്ങൾ എന്നു തോന്നിക്കുന്നവയുടെ മധ്യത്തിൽപോലും, ദൈവത്തിനു പ്രവർത്തിക്കാൻ കഴിയുമെന്ന അവബോധം പക്വത പ്രാപിക്കാൻ സഹായിക്കുന്നു. സ്നേഹത്തിനുവേണ്ടി സ്വയം സമർപ്പിക്കുകയും നല്കുകയും ചെയ്യുന്നവർ തീർച്ചയായും ഫലപൂർണരായിരിക്കും" എന്ന് ഉറപ്പുണ്ട് (cf. യോഹ 15:5) (ആഹ്വാനം സുവിശേഷത്തിന്റെ സന്തോഷം, 279).

നമ്മൾ അങ്ങനെയാണ്: ഇപ്പോഴത്തെ ചരിത്രപരമായ നിമിഷംപോലും എളുപ്പമുള്ളതല്ല. സർവവ്യാപകമായ സാംക്രമിക രോഗത്തിന്റെ അവസ്ഥ അനേകം ജനതകൾ പണ്ടേ സഹിച്ചുകൊണ്ടിരുന്ന വേദനയെയും ഏകാന്തതയെയും ദാരിദ്ര്യത്തെയും അനീതികളെയും ഉയർത്തിക്കാണിക്കുകയും വർധിപ്പിക്കുകയും ചെയ്തു. നമ്മുടെ മിഥ്യയായ സുരക്ഷിതത്വത്തെയും ഛിന്നഭിന്നമാക്കപ്പെടലിനെയും നമ്മെ നിശ്ശബ്ദതയോടെ വലിച്ചുകീറുന്ന ധ്രുവീകരണത്തെയും വെളിവാക്കുകയും ചെയ്തു. ഏറ്റവും ദുർബലരും മുറിവേല്ക്കപ്പെടാവുന്നവരും അവരുടെ ഭംഗുരതയും മുറിവേൽക്കപ്പെടാവുന്ന അവസ്ഥയും കൂടുതലായി അനുഭവിച്ചു. നമ്മൾ അധൈര്യപ്പെടലും താഴ്ത്തപ്പെടലും ക്ഷീണവും അനുഭവിച്ചു. പ്രത്യാശയെ എടുത്തുകളയുന്ന സമാനമായ കയ്പുപോലും നമ്മുടെ കണ്ണുകളെ മൂടി. എന്നാലും ഞങ്ങൾ ഉദ്ഘോഷിക്കുന്നത് "ഞങ്ങളെക്കുറിച്ചല്ല പ്രത്യുത, യേശുക്രിസതുവിനെ കർത്താവായും യേശുവിനുവേണ്ടി ഞങ്ങളെ നിങ്ങളുടെ ദാസന്മാരായും ആണ്" (2 കോറി 4:5). ഇതുകൊണ്ടാണ് "അവൻ ഇവിടെയില്ല, അവൻ ഉത്ഥാനം ചെയ്തു" (ലൂക്കാ 24:6) എന്നു നമ്മോടു പറഞ്ഞുകൊണ്ട് ജീവന്റെ വചനം നമ്മുടെ സമൂഹങ്ങളിലും കുടുംബങ്ങളിലും വീണ്ടും മുഴങ്ങുന്നതായും നമ്മുടെ ഹൃദയങ്ങളിൽ പ്രതിധ്വനിക്കുന്നതായും നാം കേൾക്കുന്നത്. എല്ലാ നിയതിവാദത്തെയും തകർക്കുന്ന പ്രത്യാശയുടെ വചനമാണത്. സ്പർശിക്കപ്പെടാൻ സ്വയം അനുവദിക്കുന്നവർക്ക് ഉറച്ചു നിന്ന് സജീവമായ സഹാനുഭൂതിയുടെ സാധ്യമായ സകല മാർഗങ്ങളും സർഗാത്മകമായി അന്വേഷിക്കാൻ അത്യാവശ്യമായ സ്വാതന്ത്ര്യവും ധീരതയും അതു നല്കുന്നു. ആരെയും വഴിയരുകിൽ ഉപേക്ഷിക്കാത്ത, ദൈവത്തിന്റെ നമ്മോടുള്ള സാമിപ്യത്തിന്റെ 'കൗദാശികത' ആണത്.

സാംക്രമിക രോഗത്തിന്റെ ഇക്കാലത്ത് ആരോഗ്യകരമായ സാമൂഹിക അകലത്തിന്റെ പേരിൽ ഉദാസീനതയെയും വികാരശൂന്യതയെയും പൊതിഞ്ഞുപിടിക്കാനും നീതിമത്കരിക്കാനുമുള്ള പ്രലോഭനം നേരിടുന്നു. അതുകൊണ്ട്, അത്യാവശ്യമായ അകല്ചയെ കണ്ടുമുട്ടാനും ശുശ്രൂഷിക്കാനും വളർത്താനുമുള്ള ഒരു സ്ഥാനമാക്കിത്തീർക്കുകയെന്നത് അടിയന്തരാവശ്യമാണ്. "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത്"(അപ്പ 4:20) നമ്മോടു പുലർത്തപ്പെട്ട കാരുണ്യമാണ്. "സമയവും സമർപ്പണവും വിഭവങ്ങളും നല്കി പരിപോഷിപ്പിക്കേണ്ട ഐക്യദാർഢ്യവും യോജിപ്പും ഉള്ള ഒരു സമൂഹം" (ചാക്രികലേഖനം എല്ലാവരും സഹോദരങ്ങൾ, 36) സൃഷ്ടിക്കാൻ ആവശ്യമായ സംഘാതാവേശം വീണ്ടെടുക്കാൻ നമ്മെ അനുവദിക്കുന്ന ഒരു പരാമർശകേന്ദ്രവും വിശ്വസനീയതയുടെ മാനദണ്ഡവുമായി പരിണമിച്ചിരിക്കുന്നതാണ് ആ കാരുണ്യം.

നമ്മെ അനുദിനം വീണ്ടെടുക്കുന്നതും "എല്ലാം അങ്ങനെ തന്നെ; ഒന്നും മാറാൻ പോകുന്നില്ല" എന്നു പറയുന്ന ഭീരുത്വം നിറഞ്ഞ സംശയവാദത്തിൽ നമ്മെ അടച്ചിടുന്ന ഒഴികഴിവുകളിൽ നിന്ന് നമ്മെ രക്ഷിക്കുന്നതും അവിടത്തെ വചനമാണ്. ഒരു ചോദ്യം നാം നേരിടുന്നുണ്ട്: സുപ്രധാനമായ അനന്തര ഫലമൊന്നും കാണാൻ കഴിയുന്നില്ലെങ്കിൽ എന്റെ സുരക്ഷിതത്വവും, ആശ്വാസവും സുഖങ്ങളും ഞാൻ എന്തിന് ഉപേക്ഷിക്കണം? എന്നതാണ് ആ ചോദ്യം. അതിനുള്ള ഉത്തരം എപ്പോഴും ഒന്നുതന്നെ."യേശുക്രിസ്തു പാപത്തെയും മരണത്തെയും കീഴടക്കി, അവിടന്നു ശക്തിപൂർണനാണ്" അവിടന്ന് സത്യമായും ജീവിക്കുന്നു (cf. സുവിശേഷത്തിന്റെ സന്തോഷം, 275). സജീവരായി സാഹോദര്യത്തോടെ ഈ പ്രത്യാശ സൂക്ഷിക്കാനും പങ്കുവയ്ക്കാനും ഇത് നമ്മോട് ആവശ്യപ്പെടുന്നു. ഇന്നത്തെ സാഹചര്യത്തിൽ, ഒരുവനും കർത്താവിനാൽ തന്നെത്തന്നെ രക്ഷിക്കുന്നില്ലെന്ന് പ്രവചനപരമായി ഓർമ്മിക്കാൻ കഴിവുള്ള, കർത്താവിനാൽ അഭിഷിക്തരായ പ്രത്യാശയുടെ മിഷണറിമാരുടെ അടിയന്തരമായ ആവശ്യമുണ്ട്.

അപ്പസ്തോലന്മാരെയും ആദിമ ക്രിസ്താനികളെയും പോലെ നമ്മളും നമ്മുടെ സർവശക്തിയോടും കൂടി പറയുന്നു: "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തവയെപ്പറ്റി നിശ്ശബ്ദരായിരിക്കാൻ ഞങ്ങൾക്കു സാ



www.malankaralibrary.com

ധിക്കുകയില്ല" (അപ്പ 4:20). നാം സ്വീകരിച്ചിട്ടുള്ളതെല്ലാം കർത്താവ് ക്രമേണ നമ്മുടെമേൽ വർഷിച്ചിട്ടുള്ളതാണ്. നാം അവ സൂക്ഷിച്ചുവയ്ക്കുകയും വിലവാങ്ങാതെ മറ്റുള്ളവർക്കു നല്കുകയും ചെയ്യുന്നു. യേശു നല്കുന്ന രക്ഷയെ കാണുകയും ശ്രദ്ധിച്ചുകേൾക്കുകയും സ്പർശിക്കുകയും ചെയ്ത അപ്പസ്തോലന്മാരെപ്പോലെ (cf. 1 യോഹ 1:1-4) ഇന്ന് നമുക്ക് അനുദിനജീവിതത്തിന്റെ ചരിത്രത്തിൽ ക്രിസ്തുവിന്റെ സഹനത്തെയും മഹത്ത്വപൂർണമായ ശരീരത്തെയും സ്പർശിക്കാൻ കഴിയും. ഓരോ വ്യക്തിക്കും പ്രത്യാശയും എങ്ങനെ കർത്താവിന്റെ കൂടെ ആയിരിക്കണമെന്ന് അറിയുന്നതിൽ നിന്ന് ഉയരുന്ന സംശയരഹിതമായ വിവരവും പങ്കുവച്ചുകൊടുക്കാനുള്ള ധീരതയും കണ്ടെത്താൻ കഴിയും. ക്രിസ്ത്യാനികളെന്ന നിലയിൽ നമുക്കു മാത്രമായി കർത്താവിനെ സൂക്ഷിക്കാൻ സാധ്യമല്ല. ലോകത്തെ രൂപാന്തരപ്പെടുത്തലിലും സൃഷ്ടിയുടെ സംരക്ഷിക്കലിലും സഭയുടെ സുവിശേഷവത്കരണ മിഷൻ അതിന്റെ സമഗ്രവും പരസ്യവുമായ മൂല്യത്തെ പ്രകാശിപ്പിക്കുന്നു.

**നമ്മിൽ ഓരോരുത്തർക്കുമുള്ള ക്ഷണം**

ഈ വർഷത്തെ ലോക മിഷൻ ദിനത്തിന്റെ പ്രമേയം "ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല" (അപ്പ 4:20). ഇത് നമ്മിൽ ഓരോരുത്തർക്കുമുള്ള ക്ഷണമാണ് - നമ്മൾ ഹൃദയത്തിൽ വഹിക്കുന്നതെന്തോ അതിന്റെ "ഉത്തരവാദിത്വം വഹിക്കാനും" അത് സുപ്രസിദ്ധമാക്കാനുമുള്ള ക്ഷണമാണ്. ഈ ദൗത്യം എന്നും സഭയുടെ തനിമയാണ്. എന്നും അങ്ങനെയായിരുന്നുതാനും. "അത് സുവിശേഷവത്കരിക്കാൻ വേണ്ടി നിലനില്ക്കുന്നു" (വിശുദ്ധ പോൾ 6-ാമൻ. ആഹ്വാനം, പ്രഘോഷിക്കപ്പെടേണ്ട സുവിശേഷം, 14). നമ്മുടെ വിശ്വാസജീവിതം വ്യക്തിപരമായ ഏകാന്തതയിൽ കഴിയുന്നതുകൊണ്ടോ ചെറിയ ഗ്രൂപ്പുകളിൽ അടച്ചുപൂട്ടിക്കഴിയുന്നതുകൊണ്ടോ ദുർബലമാകുന്നു. പ്രവാചകത്വവും വിസ്മയിക്കാനും കൃതജ്ഞത പ്രകാശിപ്പിക്കാനുമുള്ള ശക്തിയും നഷ്ടപ്പെടുകയും ചെയ്യുന്നു. ഓരോ വ്യക്തിയിലേക്കും എത്തിച്ചേരുകയും ആശ്ലേഷിക്കുകയും ചെയ്യാൻ കഴിവുള്ള വർധമാനമായ തുറവി അത് അതിന്റെ ചലനശക്തികൊണ്ടുതന്നെ ആവശ്യപ്പെടുന്നുണ്ട്.

ആദിമ ക്രിസ്ത്യാനികൾ വിശിഷ്ടജനങ്ങൾക്കിടയിൽ അടച്ചുപൂട്ടിക്കഴിയാനുള്ള പ്രലോഭനത്തിനു കീഴടങ്ങിയില്ല. അവർ കർത്താവിലേക്കും അവിടന്നു നല്കുന്ന പുതിയ ജീവിതത്തിലേക്കും ആകർഷിക്കപ്പെട്ടു. ജനങ്ങളുടെയിടയിലേക്കു പോകാനും തങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത "ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു" എന്ന യാഥാർത്ഥ്യത്തിന് സാക്ഷ്യം വഹിക്കാനും വേണ്ടിയാണ് ആ പുതുജീവിതം. തങ്ങളുടെ സമർപ്പണത്തിന്റെയും ത്യാഗത്തിന്റെയും ഫലം അപരർ ഭക്ഷിക്കുമെന്ന് അറിഞ്ഞുകൊണ്ട് വിതയ്ക്കുന്നവരെപ്പോലെ, ഔദാര്യത്തോടും കൃതജ്ഞതയോടും കുലീനതയോടും കൂടിയാണ് അവർ ഇതു ചെയ്തത്. അതുകൊണ്ട് ഇങ്ങനെ ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു: "ഏറ്റവും ദുർബലരും ഏറ്റവും പരിമിതിയുള്ളവരും മുറിവേറ്റവരുമായവർക്കുപോലും തങ്ങളുടെ രീതിയിൽ (മിഷണറിമാർ) ആയിരിക്കാൻ സാധിക്കും. എന്തെന്നാൽ നന്മ പങ്കുവയ്ക്കപ്പെടാൻ നാം എപ്പോഴും അനുവദിക്കണം, അതിനോടൊപ്പം അനേകം ദൗർബല്യങ്ങളുണ്ടെങ്കിലും." (അപ്പസ്തോലിക ആഹ്വാനം, ക്രിസ്തു ജീവിക്കുന്നു, 239).

ഓരോവർഷവും ഒക്ടോബർ മാസത്തിലെ അവസാനത്തേതിന്റെ തൊട്ടുമുമ്പുള്ള ഞായറാഴ്ച ലോക മിഷൻ ദിനം ആഘോഷിക്കുന്നു. സുവിശേഷത്തിന്റെ ഉദാരതയും സന്തോഷവുമുള്ള അപ്പസ്തോലന്മാരായിരിക്കാനുള്ള നമ്മുടെ മാമ്മോദീസാപരമായ സമർപ്പണത്തെ നവീകരിക്കാൻ സ്വന്തം ജീവിതസാക്ഷ്യംകൊണ്ട് സഹായിക്കുന്ന എല്ലാ ആളുകളെയും അത് കൃതജ്ഞതയോടെ ഓർമ്മിക്കുന്നു. അനുഗ്രഹത്തിനുവേണ്ടി ഏറെ മനുഷ്യർ ദാഹിക്കുന്ന ജനതകളുടെ കോണുകളിലേക്കും നഗരങ്ങളിലേക്കും താമസവും ഭയവും കൂടാതെ സുവിശേഷം എത്തിച്ചേരാൻവേണ്ടി ജന്മനാടും കുടുംബവും ഉപേക്ഷിച്ച് യാത്ര ചെയ്യാൻ കഴിഞ്ഞവരെ നമുക്കു സവിശേഷമായി ഓർമ്മിക്കാം.

അവരുടെ മിഷണറി സാക്ഷ്യത്തെപ്പറ്റിയുള്ള ധ്യാനം ധീരതയുള്ളവരായിരിക്കാനും "കൊയ്ത്തിനു വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട്" (ലൂക്കാ 10:2) നിർബന്ധ ബുദ്ധിയോടെ പ്രാർത്ഥിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നു. മിഷനിലേക്കുള്ള ദൈവവിളി ഭൂതകാലത്തെ ഒരു കാര്യമോ മറ്റുകാലങ്ങളിലെ റൊമാന്റിക് സ്മരണയോ അല്ലെന്ന് നമുക്ക് അറിവുണ്ട്. ലോകത്തിന്റെ അതിരുകളിലേക്കുപോകാനും സഹാനുഭൂതിയുടെ സന്ദേശവാഹകരും ഉപകരണങ്ങളും ആയിത്തീരാനും കഴിയുന്ന വിധത്തിൽ ദൈവവിളി യഥാർത്ഥ പ്രണയകഥപോലെ ജീവിക്കാൻ കഴിവുള്ള ഹൃദയങ്ങളെ യേശുവിന് ഇന്ന് ആവശ്യമുണ്ട്. അവിടന്ന് ഈ വിളി എല്ലാവരോടും നടത്തുന്നുണ്ട്-ഒരേ വിധത്തിലല്ലെങ്കിലും. നമ്മുടെയടുത്ത്, നഗരകേന്ദ്രത്തിൽ അല്ലെങ്കിൽ നിങ്ങളുടെ കുടുംബത്തിൽ, പ്രാന്തപ്രദേശങ്ങളുണ്ടെന്ന കാര്യം ഓർമ്മിക്കണം. സ്നേഹത്തിന് സാർവത്രിക തുറവിയുടെ ഒരു വശംകൂടിയുണ്ട്. അത് ഭൂമിശാസ്ത്രപരമല്ല, പിന്നെയോ അസ്തിത്വപരമാണ്. എല്ലായ്പ്പോഴും, പ്രത്യേകിച്ച് സാംക്രമികരോഗത്തിന്റെ ഇക്കാലത്ത് നമ്മുടെ വലയത്തെ വിപുലീകരിക്കാൻ അനുദിന കഴിവ് വർധിപ്പിക്കുക എന്നത് സുപ്രധാനമാണ്. നമ്മുടെ അടുത്തുള്ളവരാണെങ്കിലും "എന്റെ താത്പര്യങ്ങളുടെ ലോകത്തിന്റെ" ഭാഗമാണെന്ന് സ്വാഭാവികമായി തോന്നാത്തവരിലേക്ക് എത്തിച്ചേരാനാണത് (cf. ചാക്രികലേഖനം, എല്ലാവരും സഹോദരർ, 97). മിഷൻ ജീവിക്കുകയെന്നത് യേശുക്രിസ്തുവിനുള്ള അതേ വികാരം വളർത്താൻ പരിശ്രമിക്കുകയും എന്റെ അടുത്തുള്ളവർ എന്റെ സഹോദരനും സഹോദരിയും ആണെന്ന് അവിടത്തെപ്പോലെ വിശ്വസിക്കുകയും ചെയ്യുകയെന്നതാണ്. നമ്മുടെ ഹൃദയങ്ങളെ അവിടത്തെ സഹതാപത്തിന്റെ സ്നേഹം ഉണർത്തുകയും നമ്മെ എല്ലാവരെയും മിഷനറി ശിഷ്യന്മാർ ആക്കുകയും ചെയ്യട്ടെ!

ആദ്യത്തെ മിഷ്യനറി ശിഷ്യയായ കന്യകാമറിയം മാമ്മോദീസാ മുങ്ങിയ എല്ലാവരിലും, നമ്മുടെ പ്രദേശങ്ങളിലെ ഉപ്പും പ്രകാശവുമായിരിക്കാനുള്ള ആഗ്രഹം വളർത്തട്ടെ (cf. മത്താ 5:13-14).

*റോം, വി.ജോൺ ലാറ്ററൻ, 6 ജനുവരി 2021*
*കർത്താവിന്റെ എപ്പിഫനിത്തിരുനാൾ*
*ഫ്രാൻസിസ് പാപ്പാ.*

*പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം*
*കൊച്ചി - 682 025*

■

www.malankaralibrary.com

## നാടിന്റെ വികസന കാര്യങ്ങളിൽ ക്രൈസ്തവരുടെ ഉദാരത തുടരണം: കർദിനാൾ ജോർജ് ആലഞ്ചേരി

രാജ്യത്തിന്റെ വികസനത്തിനും പുരോഗതിക്കുമായി അതുല്യമായ സംഭാവനകൾ നൽകിയിട്ടുള്ള ക്രൈസ്തവസമൂഹം നാടിന്റെ സമകാലിക ആവശ്യങ്ങളിലും ഉദാരതയോടെ സഹകരിക്കണമെന്നു കെ.സി.ബി.സി. പ്രസിഡന്റും സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ്പുമായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി. ദേശീയപാതവികസനത്തിനു ഭൂമിയേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടു കേരളഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തോടു പ്രതികരിക്കുകയായിരുന്നു കേരള ഇന്റർ ചർച്ച് കൗൺസിൽ ചെയർമാൻ കൂടിയായ കർദിനാൾ ആലഞ്ചേരി.

രാജ്യത്തിന്റെ സമഗ്രവികസനത്തിനു വിവിധ സേവനമേഖലകളിൽ ക്രൈസ്തവസമൂഹം നല്കിയിട്ടുള്ളതും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതുമായ സംഭാവനകൾ ചരിത്രത്തിന്റ ഭാഗമാണ്. നാടിന്റെ വികസന ആവശ്യങ്ങളോട് എന്നും ക്രിയാത്മകമായി പ്രതികരിച്ചിട്ടുള്ളവരാണ് ഇന്നാട്ടിലെ ക്രൈസ്തവർ. ഭാരതത്തിന്റെ ബഹിരാകാശ ഗവേഷണകേന്ദ്രം നിർമിക്കാൻ തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ പള്ളിത്തുറ ഇടവക ദൈവാലയം സ്ഥിതിചെയ്യുന്ന സ്ഥലം വേണമെന്ന ആവശ്യമുയർന്നു. ബഹിരകാശ ശാസ്ത്രജ്ഞനായ വിക്രം സാരാഭായിയെ സാക്ഷിനിർത്തി അന്നത്തെ തിരുവനന്തപുരം രൂപതാദ്ധ്യക്ഷൻ ബിഷപ് പീറ്റർ ബർണാഡ് പെരേര നടത്തിയ ആഹ്വാനപ്രകാരം വി. മേരി മഗ്ദലേനയുടെ നാമത്തിലുള്ള ദൈവാലയം വിട്ടുകൊടുത്ത പള്ളിത്തുറ ഇടവക ജനം ക്രൈസ്തവരുടെ ഉദാരതയുടെ നേർസാക്ഷ്യമാണ്. മുൻ രാഷ്ട്രപതി ആദരണീയനായ എ. പി. ജെ. അബ്ദുൾകലാം തന്റെ പ്രസംഗങ്ങളിൽ ഇക്കാര്യം ആവർത്തിച്ചുപറഞ്ഞിട്ടുണ്ട്.

ദേശീയപാതയുടെ വികസനത്തിൽ മാത്രമല്ല, നാടിന്റെ വർദ്ധിച്ചുവരുന്ന ഗതാഗത ആവശ്യങ്ങൾക്കുവേണ്ടിയാണെങ്കിലും കുരിശടികളോ കപ്പേളകളോ ചെറിയ ആരാധനാലയങ്ങളോ മാറ്റി സ്ഥാപിക്കേണ്ടിവന്നാൽ എല്ലാ ക്രൈസ്തവസഭാവിഭാഗങ്ങളും അതിനു തയ്യാറാകണമെന്നു കർദിനാൾ ആലഞ്ചേരി ആഹ്വാനംചെയ്തു. ചരിത്ര പ്രാധാന്യമുള്ളവയും കൂടുതൽ വിശ്വാസികൾ പ്രയോജനപ്പെടുത്തുതുമായ ആരാധനാലയങ്ങളുടെ നിലനിൽപ്പിനെ ബാധിക്കാത്ത രീതിയിൽ വിവേകത്തോടെ വികസനപദ്ധതികൾ ആസൂത്രണം ചെയ്യാൻ സർക്കാർ ശ്രദ്ധിക്കേണ്ടതുമുണ്ട്. ആരാധനാലയങ്ങൾ മാറ്റി സ്ഥാപിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്യേണ്ടിവരുന്ന സാഹചര്യങ്ങളിൽ 2013-ലെ ഭൂമി ഏറ്റെടുക്കൽ നഷ്ടപരിഹാര പുനരധിവാസനിയമം കൃത്യമായും സമയബന്ധിതമായും നടപ്പിലാക്കുവാൻ ബന്ധപ്പെട്ട സർക്കാർ സംവിധാനങ്ങൾ ശ്രദ്ധിക്കണമെന്നും മാർ ആലഞ്ചേരി ആവശ്യപ്പെട്ടു. സ്വകാര്യവ്യക്തികളുടെ ഭൂമി ഏറ്റെടുക്കുമ്പോഴും ന്യായമായ നഷ്ടപരിഹാരം നൽകാൻ സർക്കാർ തയ്യാറാകണം.

ദേശീയപാത 66-ന്റെ വികസനത്തിനായി ക്ഷേത്രമിരിക്കുന്ന സ്ഥലം വിട്ടുകൊടുത്തു പൊതുസമൂഹത്തിനു നല്ല മാതൃക നൽകിയ കൊവ്വൽ അഴിവാതുക്കൽ ക്ഷേത്രഭാരവാഹികളെ അനുമോദിച്ച കർദിനാൾ സമാനമായ സാഹചര്യങ്ങളിൽ പൊതുനന്മ ലക്ഷ്യമാക്കി പ്രവർത്തിക്കാൻ എല്ലാവരും പ്രതിബദ്ധത കാണിക്കണമെന്നും പത്രക്കുറിപ്പിൽ ആഹ്വാനം ചെയ്തു. (13/7/2021)

---

## തീക്ഷ്ണമതിയായ മിഷനറിയായിരുന്നു ജേക്കബ് മാർ ബർണബാസ്: കർദിനാൾ മാർ ജോർജ് ആലഞ്ചേരി

മലങ്കര കത്തോലിക്കാ സഭയിലെ ഗുഡ്ഗാവ് രൂപതാധ്യക്ഷൻ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി തന്റെ ഇടയശുശ്രൂഷ പൂർത്തീകരിച്ച് ദൈവസന്നിധിയിലേക്ക് ചേർക്കപ്പെടുമ്പോൾ ഭാരത സഭയും പ്രത്യേകമായി മലങ്കര കത്തോലിക്കാ സഭയും വിടചൊല്ലുന്നത് ജീവിതമാതൃക കൊണ്ടും വിശ്വാസ തീക്ഷണത കൊണ്ടും അതുല്യമായ മിഷൻ പ്രവർത്തനങ്ങൾ കൊണ്ടും വ്യത്യസ്തനായ, പകരം വയ്ക്കാനാവാത്ത ഒരു ഇടയശ്രേഷ്ഠനോടാണ്. എക്യുമെനിക്കൽ രംഗത്തും സാമൂഹിക സേവനരംഗത്തും ഏറെ സമർപ്പണത്തോടെ പ്രവർത്തിച്ചിരുന്ന ഡോ. ജേക്കബ് മാർ ബർണബാസ് പിതാവിന്റെ നിര്യാണത്തിൽ കെസിബിസിയുടെ അനുശോചനം അറിയിക്കുന്നുവെന്ന് കെസിബിസി പ്രസിഡന്റ് കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി. തന്റെ ഇടയ ശുശ്രൂഷ കൊണ്ട് ആത്മീയ മേഖലയിലും ഭൗതിക മേഖലയിലും ആശ്വാസം പകരാൻ വന്ദ്യ പിതാവ് നൽകിയ ഇടപെടലുകൾ ബർണബാസ് എന്ന അദ്ദേഹത്തിന്റെ നാമത്തെ അർത്ഥപൂർണ്ണമാക്കുന്നു. വിശക്കുന്നവന് മുന്നിൽ അന്നം വിളമ്പുക എന്ന ക്രിസ്തുവിന്റെ അനുകമ്പയുടെ സുവിശേഷം അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അടിസ്ഥാനപ്രമാണമായിരുന്നു. അടുക്കളയിലെ തീയും പുകയും കൊണ്ട് തന്റെ സഹ പ്രവർത്തകർക്കൊപ്പം ആയിരങ്ങൾക്ക് അന്നം ഒരുക്കുകയും അതു പങ്കുവെക്കുകയും ചെയ്യുന്ന വന്ദ്യപിതാവിന്റെ കാരുണ്യത്തിന്റെ ചിത്രം സാമൂഹ്യമാധ്യമങ്ങളിലൂടെ നമുക്ക് സുപരിചിതമാണ്. മലങ്കര കത്തോലിക്കാ സഭയുടെ മിഷൻ സ്വപ്നങ്ങളെ നെഞ്ചിലേറ്റി കഴിഞ്ഞ ഒന്നര പതിറ്റാണ്ടുകളായി ഗുഡ്ഗാവ് കേന്ദ്രീകരിച്ച് അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ ഭാരതസഭയുടെ നൂറ്റാണ്ടുകൾ നീളുന്ന നിസ്വാർത്ഥ പ്രേക്ഷിത പ്രവർത്തനങ്ങളുടെ നവീനമായ ഓർമ്മപ്പെടുത്തലുകളാണ്. ലാളിത്യവും എളിമയും ആ ജീവിതത്തിന്റെ അലങ്കാരമായിരുന്നു. പാവപ്പെട്ടവർക്ക് മുന്നിൽ പദവിയുടെ ആഡംബരങ്ങൾ ഇല്ലാതെ, കൈകൂപ്പുവാനും അവരെ ബഹുമാനിക്കുവാനും മനസ്സു കാണിച്ചിരുന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. പ്രചോദന സോഷ്യൽ സർവീസ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ കോവിഡ് കാലത്ത് ഉൾപ്പെടെ നടത്തിയ പ്രവർത്തനങ്ങളും തെരുവിൽ കഴിയുന്നവർക്ക് ദിവസവും ഉച്ചഭക്ഷണം നൽകുന്ന പദ്ധതിയും ഏറെ സാമൂഹിക ശ്രദ്ധ നേടി. സ്വർഗ്ഗം കാത്തുവച്ച നിത്യ സമ്മാനം ഏറ്റു വാങ്ങുവാൻ ഇടയന്മാരുടെ തലവനായ ഈശോയുടെ

www.malankaralibrary.com


പക്കലേക്ക് അദ്ദേഹം യാത്രയാകുമ്പോൾ ബലഹീനമായ പ്രാർത്ഥനകൾ കൊണ്ട് നമുക്ക് അദ്ദേഹത്തെ യാത്രയാക്കാം. മറ്റുള്ളവരുടെ വേദന തന്റെ കൂടി വേദനയാണെന്ന് മനസിലാക്കി ജീവിച്ച പിതാവ് എന്നും ക്രൈസ്തവ സമൂഹത്തിന് ഉത്തമ മാതൃകയായിരുന്നുവെന്നും കെസിബിസി പ്രസിഡന്റ് തന്റെ അനുശോചന സന്ദേശത്തിൽ പറഞ്ഞു. (28/8/2021)

## ചെല്ലാനം പദ്ധതിക്കായി 344.2 കോടി രൂപ അനുവദിച്ച സർക്കാരിന് നന്ദി: കെസിബിസി-കെആർഎൽസിബിസി

ചെല്ലാനത്തെ തീരശോഷണവും അതിന്റെ പ്രത്യാഘാതമായി അനുഭവപ്പെടുന്ന കടൽകയറ്റവും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പരിഹരിക്കുന്നതിന് 344.2 കോടി രൂപ ചിലവു കണക്കാക്കുന്ന സമഗ്ര തീരസംരക്ഷണ പദ്ധതി പ്രഖ്യാപിക്കപ്പെട്ടതിൽ കേരള കത്തോലിക്ക മെത്രാൻ സമിതി (കെസിബിസി)യും, കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതി (കെആർഎൽസിബിസി)യും കേരള സർക്കാരിനെ അനുമോദിക്കുന്നുവെന്ന് കെസിബിസി പ്രസിഡന്റ് കർദിനാൾ ജോർജ് ആലഞ്ചേരിയും കെആർഎൽസിബിസി പ്രസി ഡന്റ് ബിഷപ് ഡോ. ജോസഫ് കരിയിലും അറിയിച്ചു. കാലവിളംബമില്ലാതെ ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് സർക്കാർ സംവിധാനങ്ങൾ ജാഗ്രത പുലർത്തണമെന്ന് ആവശ്യപ്പെടുന്നതോടൊപ്പം സാധ്യമായ സഹകരണങ്ങൾ നല്കുന്നതിലുള്ള സഭയുടെ സന്നദ്ധത സർക്കാരിനോട് അറിയിക്കുന്നതായും അവർ പറഞ്ഞു.

ചെല്ലാനത്തെ ജനങ്ങൾ കഴിഞ്ഞ നിരവധി വർഷങ്ങളായി നിരന്തരം പ്രക്ഷോഭത്തിലായിരുന്നു. ഈ പ്രക്ഷോഭങ്ങളോട് ആഭിമുഖ്യം പുലർത്തി കൊണ്ടാണ് കേരള ലത്തീൻ കത്തോലിക്ക മെത്രാൻ സമിതിയുടെ (കെആർഎൽസിബിസി) നേതൃത്വത്തിലുള്ള 'കടൽ' എന്ന സംഘടനയും കെആർഎൽസിസി യുടെ സഹകരണത്തോടെ കൊച്ചി, ആലപ്പുഴ എന്നീ രൂപതകളുടെ നേതൃത്വത്തിൽ രൂപീകരിച്ച കെയർ ചെല്ലാനവും പ്രശ്ന പരിഹാരത്തിന് ശ്രദ്ധേയമായ ഇടപെടൽ നടത്തിയിട്ടുള്ളത്. ജനപ്രതിനിധികളും ജനകീയ സംഘടനകളും ശക്തമായ സമ്മർദ്ദം ഉയർത്തിയിരുന്നു. എല്ലാവരെയും കെസിബിസിയും കെആർഎൽസിബിസിയും അഭിനന്ദിക്കുന്നു. പദ്ധതിയിൽ ഉൾപ്പെടാത്ത പ്രദേശങ്ങളുടെയും സംരക്ഷണം ഉറപ്പാക്കേണ്ടതുണ്ട്. ചെല്ലാനത്തു നടപ്പാക്കുന്നതുപോലെ കേരളത്തിന്റെ അപകടകരമായ മറ്റു തീരപ്രദേശങ്ങളിലും സംരക്ഷണ പദ്ധതികൾ നടപ്പിലാക്കണം. തീരവും കടലും മത്സ്യതൊഴിലാളികൾക്കും തീരവാസികൾക്കും അന്യമാക്കുന്ന വികസന പദ്ധതികളെക്കുറിച്ച് സർക്കാർ പുനരാലോചിക്കണം. പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെട്ട മത്സ്യവകുപ്പിന്റെ ഉത്തരവ് പിൻവലിക്കാൻ സർക്കാർ തയ്യാറാകണം. മാത്രമല്ല, മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപ്പെടുന്ന വസ്തുവകകളുടെ തോതനുസരിച്ച് നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്ന കാര്യത്തിലും സത്വരമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുണ്ടാകണമെന്നും അവർ ആവശ്യപ്പെട്ടു. (30/8/2021)

## കത്തോലിക്കാ സഭ ലക്ഷ്യമാക്കുന്നത് സാമുദായിക ഐക്യവും സഹവർത്തിത്വവും: കെസിബിസി

കൊച്ചി: കേരളം ഗൗരവതരമായ ചില സാമൂഹിക പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നു എന്നുള്ളത് വാസ്തവമാണ്. അതിൽ പ്രധാനപ്പെട്ട ചിലതാണ് തീവ്രവാദ പ്രസ്ഥാനങ്ങളുടെ സാന്നിധ്യവും മയക്കുമരുന്ന് ഉപഭോഗത്തിന്റെ അമ്പരപ്പിക്കുന്ന വർദ്ധനവും. മുഖ്യധാരാ മാധ്യമങ്ങൾ വേണ്ടത്ര പ്രാധാന്യം ഇത്തരം വിഷയങ്ങൾക്ക് നൽകുന്നില്ലെങ്കിൽ തന്നെയും ഓരോ ദിവസവും പുറത്തുവരുന്ന അനവധി വാർത്തകളിലൂടെ ഇത്തരം യാഥാർഥ്യങ്ങൾ വ്യക്തമാണ്. ഐസിസ് ഉൾപ്പെടെയുള്ള തീവ്രവാദ സംഘടനകൾക്ക് കേരളത്തിൽ കണ്ണികളുണ്ട് എന്ന മുന്നറിയിപ്പ് വിവിധ അന്വേഷണ ഏജൻസികൾ നൽകിയിട്ടും, ചുരുങ്ങിയ മാസങ്ങൾക്കുള്ളിൽ ആയിരക്കണക്കിന് കോടി രൂപയുടെ മയക്കുമരുന്ന് കേരളത്തിൽ പിടിക്കപ്പെട്ടിട്ടും ഇത്തരം സംഘങ്ങളുടെ പിന്നാമ്പുറങ്ങളെക്കുറിച്ച് വേണ്ട രീതിയിലുള്ള അന്വേഷണങ്ങൾ നടത്തിയിട്ടുള്ളതായി അറിവില്ല. മയക്കുമരുന്ന് കച്ചവടത്തിലൂടെ ലഭിക്കുന്ന പണം തീവ്രവാദ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കപ്പെടുന്നു എന്ന യാഥാർഥ്യം ഐക്യരാഷ്ട്രസഭയുടെ തന്നെ റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ പശ്ചാത്തലത്തിൽ, ചില സംഘടനകൾ കേരളത്തിൽ തീവ്രവാദ പ്രവർത്തനങ്ങൾ നടത്തുന്നു എന്ന ആശങ്ക പങ്കുവയ്ക്കുകയും അതേക്കുറിച്ച് യുവജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്ത പാലാ രൂപതാ മെത്രാനായ മാർ. ജോസഫ് കല്ലറങ്ങാട്ടിന്റെ വാക്കുകൾ വിവാദമാക്കുകയല്ല, പൊതുസമൂഹത്തിൽ ഉത്തരവാദിത്തത്തോടെ ചർച്ച ചെയ്യുകയാണ് യുക്തം.

തീവ്രവാദ നീക്കങ്ങളും മയക്കുമരുന്ന് മാഫിയയുടെ ഇടപെടലുകളും സംബന്ധിച്ച സാധാരണ ജനങ്ങളുടെ ആശങ്കകൾ ഉൾക്കൊണ്ട് അവയെക്കുറിച്ച് ശരിയായ അന്വേഷണങ്ങൾ നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. കേരളസമൂഹം നേരിടുന്ന ഇത്തരം കടുത്ത വെല്ലുവിളികൾ തുറന്നുപറയുന്നത് ഏതെങ്കിലും സമുദായത്തിനെതിരായ ആരോപണമല്ല. അത്തരം തുറന്നുപറച്ചിലുകൾ വർഗ്ഗീയ ലക്ഷ്യത്തോടെയാണെന്ന മുൻവിധി ആശാസ്യമല്ല. പകരം, ഇത്തരം അപചയങ്ങൾ പരിഹരിച്ച് സാമൂഹിക മൈത്രി നിലനിർത്താനുള്ള ചുമതല സമുദായ നേതൃത്വങ്ങൾ ഏറ്റെടുക്കണം. വർഗ്ഗീയ ധ്രുവീകരണമല്ല, സാമുദായിക ഐക്യവും സഹവർത്തിത്വവുമാണ് കത്തോലിക്കാ സഭ ലക്ഷ്യംവയ്ക്കുന്നത്. സാമൂഹിക സൗഹൃദം എന്ന വലിയ ലക്ഷ്യത്തിനായി എല്ലാ സമുദായ നേതൃത്വങ്ങളും ഒരുമിക്കുകയും സാമൂഹിക തിന്മകൾക്കെതിരെ ഒറ്റക്കെട്ടായി പോരാടുകയും വേണം. (12/9/2021)

www.malankaralibrary.com

# കാലാനുസൃതമായ ചുവടുവയ്പുകളുമായി കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ

കേരള കത്തോലിക്കാ മെത്രാൻ സമിതിക്ക് കീഴിൽ സഭാപരവും സാമൂഹികവുമായ ഐക്യവും ജാഗ്രതയും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കമ്മീഷനാണ് ഐക്യ ജാഗ്രതാ കമ്മീഷൻ. അതിസങ്കീർണ്ണവും പ്രശ്നകലുഷിതവുമായ ഈ കാലഘട്ടത്തിൽ കൂടുതൽ ജാഗ്രതയോടെയും വിവേകത്തോടെയും മുന്നേറാനുള്ള അവബോധം പൊതുസമൂഹത്തിനും ക്രൈസ്തവർക്കും നൽകാനുള്ള ഉത്തരവാദിത്തം കമ്മീഷനുണ്ട്. അതിന്റെ ഭാഗമായ വിവിധ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## വെബിനാറുകൾ

കെസിബിസിയുടെ വിവിധ കമ്മീഷനുകൾ, സംഘടനകൾ, സന്യസ്ത കൂട്ടായ്മ തുടങ്ങിയവരുമായി സഹകരിച്ച് സാമൂഹിക ജാഗ്രത ആവശ്യമുള്ള വിവിധ വിഷയങ്ങളിൽ വെബിനാറുകൾ നടത്തിവരുന്നു.

***ലഹരി:***

കെസിബിസി ജാഗ്രതാ കമ്മീഷൻ, മദ്യ വിരുദ്ധ കമ്മീഷനും, കേരള കത്തോലിക്കാ യുവജന സംഘടനയുമായി സഹകരിച്ച് സംഘടിപ്പിച്ച 'ഹരമായ് ലഹരി, ഇരയായ് കേരളം' എന്ന വെബിനാർ സെപ്റ്റംബർ 16ന് നടത്തപ്പെട്ടു. നാനൂറില്പരം പേർ പങ്കെടുത്ത പ്രസ്തുത വെബിനറിൽ മുഖ്യ പ്രഭാഷകനായെത്തിയത് മുൻ എക്സൈസ് കമ്മീഷണർ ഋഷിരാജ്സിംഗ് ഐപിഎസ് ആണ്.

കെസിബിസി ജാഗ്രത കമ്മീഷനും കെസിബിസി ഫാമിലി കമ്മീഷനും കെസിബിസി വനിതാ കമ്മീഷനും ചേർന്ന് കുടുംബങ്ങൾക്ക് വേണ്ടി സംഘടിപ്പിച്ച വെബിനാർ 'ലഹരി: തളരുന്ന കേരളവും തകരുന്ന കുടുംബങ്ങളും' സെപ്റ്റംബർ 26 ന് നടന്നു. മുൻ ഡിജിപി, ഡോ. സിബി മാത്യൂസ് ഐപിഎസ്, സൈക്കോളജിസ്റ്റ് ആയ ഡോ. ഫാ. ബിജു സെബാസ്റ്റ്യൻ, ഡോ. ചാക്കോ കാളാംപറമ്പിൽ തുടങ്ങിയവർ പ്രഭാഷകരായിരുന്നു. ഇരുനൂറിൽപരം കുടുംബങ്ങൾ പ്രോഗ്രാമിൽ പങ്കെടുത്തു.

***ലോക സമാധാന ദിനാചരണം:***

സെപ്റ്റംബർ 21 ലോക സമാധാന ദിനാചരണത്തോട് അനുബന്ധിച്ച് കെസിബിസി ഡയലോഗ് കമ്മീഷനും, കെസിബിസി ഡോക്ട്രിനൽ കമ്മീഷനും, കെസിബിസി മീഡിയ കമ്മീഷനുമായി സഹകരിച്ച് 'സമാധാനം മതദർശനങ്ങളിൽ' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു.

## സന്യസ്തർക്കുവേണ്ടിയുള്ള വെബിനാറുകൾ

സന്യസ്തരുടെ കൂട്ടായ്മയായ വോയ്സ് ഓഫ് നൺസ്, കെസിഎംഎസ് തുടങ്ങിയവരുടെ സഹകരണത്തോടെ സന്യസ്തർക്കായി വിവിധ വിഷയങ്ങളിൽ വെബിനാറുകൾ സംഘടിപ്പിച്ചുവരുന്നു. 'ക്രിസ്ത്യൻ അസ്തിത്വം: തനിമയും വ്യതിരക്തതയും' എന്ന വിഷയത്തിൽ ആഗസ്റ്റ് 29ന് നടന്ന വെബിനാറിൽ ഫാ. ബിബിൻ മഠത്തിൽ മുഖ്യ പ്രഭാഷകനായിരുന്നു. 'സന്യാസ ജീവിതവും മാനസിക പക്വതയും' എന്ന വിഷയത്തിൽ സെപ്റ്റംബർ 19 ന് സംഘടിപ്പിക്കപ്പെട്ട വെബിനാറിന് നേതൃത്വം നൽകിയത് ചങ്ങനാശേരി അതിരൂപത സഹായ മെത്രാനും പ്രമുഖ പ്രഭാഷകനുമായ മാർ തോമസ് തറയിൽ പിതാവ് ആണ്.

## ഐക്യജാഗ്രതാ കമ്മീഷന്റെ സാമൂഹ്യ മാധ്യമ ഇടപെടലുകൾ


സാമൂഹ്യ മാധ്യമങ്ങളുടെ വിവിധ സാദ്ധ്യതകൾ ഉപയോഗിച്ച് സഭയുടെ നിലപാടുകളും വിവിധ സംഭവങ്ങളുടെയും വ്യാജ പ്രചാരണങ്ങളുടെയും യാഥാർത്ഥ്യങ്ങളും പൊതുസമൂഹത്തിലേയ്ക്ക് എത്തിക്കുവാൻ ആവശ്യമായ നടപടികൾ കമ്മീഷൻ സ്വീകരിച്ചുവരുന്നു. നിരവധി വാട്ട്സാപ്പ് ഗ്രൂപ്പുകൾ, ഫേസ്ബുക്ക് പേജുകൾ, യൂട്യൂബ് ചാനലുകൾ തുടങ്ങിയവ ഈ ലക്ഷ്യങ്ങൾക്കായി ഐക്യജാഗ്രതാ കമ്മീഷന്റെ കീഴിലുള്ള കെസിബിസി ജാഗ്രത ഐടി മിഷൻ കൈകാര്യം ചെയ്തുവരുന്നു.

***കൂടുതൽ വിവരങ്ങൾ അറിയുവാൻ +917594900555 എന്ന വാട്ട്സാപ്പ് നമ്പരിൽ ബന്ധപ്പെടാവുന്നതാണ്***

To join the Whatsapp group of KCBC Jagratha Commission

To visit the Facebook page of KCBC Jagratha Commission

www.malankaralibrary.com



Let us remember Paul VI's words: "For the Catholic Church, no one is a stranger, no one is excluded, no one is far away" (Homily for the closing of the Second Vatican Council, 8 December 1965). Indeed, we are a single human family that is journeying on toward unity, making the most of solidarity and dialogue among peoples in the multiplicity of differences.

– Pope Francis

Published by: Secretary, KCBC Commission for Social Harmony and Vigilance
POC, Plarivattom, Kochi - 25